ചരിത്ര പാഠപുസ്തകം

ക്ലാസ് 12

# ഇന്ത്യാചരിത്രത്തിലെ പ്രമേയങ്ങൾ

## ഭാഗം 3



കേരള സർക്കാർ

പൊതുവിദ്യാഭ്യാസ വകുപ്പ്

തയാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി

കേരളം 2019

***First Edition***
*July 2007* *Sravana 1929*

***Reprinted***
*February 2008* *Magha 1929*
*January 2009* *Pausa 1930*
*January 2010* *Magha 1931*
*November 2010* *Kartika 1932*
*March 2013* *Phalguna 1934*
*November 2013* *Kartika 1935*
*December 2014* *Pausa 1936*
*January 2016* *Pausa 1937*
*February 2017* *Magha 1938*
*December 2017* *Pausa 1939*

**PD 100T HK**

***© National Council of Educational Research and Training, 2007***

**₹ 115.00**

*Printed on 80 GSM paper with NCERT watermark*

Published at the Publication Division by the Secretary, National Council of Educational Research and Training, Sri Aurobindo Marg, New Delhi 110 016 and printed at Babloo Binding House, Patna Cold Storage Shahganj, Patna 800 006

**ISBN 81-7450-651-9 (Part I)**
**81-7450-753-3 (Part II)**
**81-7450-770-1 (Part III)**

**ALL RIGHTS RESERVED**

- No part of this publication may be reproduced, stored in a retrieval system or transmitted, in any form or by any means, electronic, mechanical, photocopying, recording or otherwise without the prior permission of the publisher.
- This book is sold subject to the condition that it shall not, by way of trade, be lent, re-sold, hired out or otherwise disposed of without the publisher's consent, in any form of binding or cover other than that in which it is published.
- The correct price of this publication is the price printed on this page, Any revised price indicated by a rubber stamp or by a sticker or by any other means is incorrect and should be unacceptable.

**OFFICES OF THE PUBLICATION DIVISION, NCERT**

NCERT Campus
Sri Aurobindo Marg
**New Delhi 110 016** **Phone : 011-26562708**

108, 100 Feet Road
Hosdakere Halli Extension
Banashankari III Stage
**Bengaluru 560 085** **Phone : 080-26725740**

Navjivan Trust Building
P.O.Navjivan
**Ahmedabad 380 014** **Phone : 079-27541446**

CWC Campus
Opp. Dhankal Bus Stop
Panihati
**Kolkata 700 114** **Phone : 033-25530454**

CWC Complex
Maligaon
**Guwahati 781 021** **Phone : 0361-2674869**

**Publication Team**

| | | |
|---|---|---|
| Head, Publication Division | : | *M. Siraj Anwar* |
| Chief Editor | : | *Shweta Uppal* |
| Chief Business Manager | : | *Gautam Ganguly* |
| Chief Production Officer (Incharge) | : | *Arun Chitkara* |
| Editor | : | *Vijayam Sankaranarayanan* |
| Production Assistant | : | *Sunil Kumar* |

***Cover and Layout***
*Art Creations, New Delhi*

***Cartography***
*Cartographic Design Agency*

# ആമുഖം

ഏതു വിജ്ഞാനവും മാതൃഭാഷയിൽ പഠിക്കാനും പ്രകാശനം ചെയ്യാനും സാധിക്കും. അതിനുള്ള അവസരം പഠിതാക്കൾക്ക് ഒരുക്കേണ്ടത്, ഏതൊരു പഠന സമ്പ്രദായത്തിന്റെയും അനിവാര്യതയാണ്. അതിന്റെ തുടക്കമെന്ന നിലയ്ക്കാണ് ഹയർസെക്കന്ററി തലത്തിൽ ഭാഷേതര വിഷയങ്ങളിലെ പാഠപുസ്തകങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത്.

മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം, ജ്ഞാനസമ്പാദനത്തിനുള്ള സുഗമ മാർഗം എന്നതിനോടൊപ്പം സാംസ്കാരികത്തനിമയുടെ തിരിച്ചറിയൽ കൂടിയാണ്. അതുകൊണ്ടാണ് വികസിതരാജ്യങ്ങൾ മാതൃഭാഷയെ മുഖ്യ ബോധന മാധ്യമമായി സ്വീകരിച്ചിരിക്കുന്നത്. ഇന്ത്യയിലാകട്ടെ, ദേശീയതലത്തിലുള്ള പ്രധാന പരീക്ഷകളെല്ലാം പ്രാദേശിക ഭാഷകളിൽക്കൂടി നടത്തുന്നതിനുള്ള സംവിധാനവും ഉണ്ടായി വരികയാണ്. ഈയൊരു സാഹചര്യത്തിൽ നമ്മുടെ കുട്ടികളും മാതൃഭാഷയുടെ ശക്തിസൗന്ദര്യങ്ങൾ തിരിച്ചറിഞ്ഞ് വിവിധ വിഷയങ്ങളിൽ ജ്ഞാനനിർമിതിയിൽ ഏർപ്പെടേണ്ടതുണ്ട്. അതിന് അവരെ സജ്ജരാക്കുകയാണ് ഈ പാഠപുസ്തകങ്ങളുടെ മുഖ്യ ലക്ഷ്യം.

പരിഭാഷപ്പെടുത്തിയ പുസ്തകങ്ങളിൽ അതത് വിഷയങ്ങളിലെ സാങ്കേതിക പദങ്ങൾ പരമാവധി മലയാളത്തിലാക്കിയിട്ടുണ്ട്. നമ്മുടെ ഭാഷയിൽ ചിരപരിചിതമായ ഇംഗ്ലീഷ് പദങ്ങളെ അതേപടി സ്വീകരിച്ചിട്ടുമുണ്ട്. വിവർത്തനത്തിന് തീർത്തും വഴങ്ങാത്ത പദങ്ങളെ അതേരീതിയിൽ തന്നെ ഉപയോഗിച്ചിരിക്കുന്നു. മാതൃഭാഷയിൽ പഠിക്കുന്നവർക്ക് ആശയഗ്രഹണം സുഗമമാക്കുന്ന വിധത്തിലാണ് പാഠപുസ്തകരചന നടത്തിയിരിക്കുന്നത്. അതോടൊപ്പം മലയാളഭാഷയുടെ വളർച്ചയ്ക്കും ഈ പ്രവർത്തനം സഹായകമാകുമെന്ന് കരുതുന്നു.

പാഠപുസ്തകവിവർത്തന രംഗത്ത് നമ്മുടെ രാജ്യത്ത് നടന്ന വലിയൊരു കാൽവെപ്പാണ് ഇത്. പ്രഥമ സംരംഭമെന്ന നിലയിൽ പല പരിമിതികളും പരിഭാഷയിൽ വന്നിട്ടുണ്ടാകാം. ക്ലാസ്മുറിയിൽ പ്രയോഗത്തിൽ വരുമ്പോഴാണ് അവയെല്ലാം കൂടുതൽ ബോധ്യപ്പെടുക. തുടർന്ന് വരുന്ന ഘട്ടങ്ങളിൽ അവയൊക്കെ പരിഹരിക്കുന്നതിന് എല്ലാ അഭ്യുദയകാംക്ഷികളിൽ നിന്നും വിശിഷ്യ അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരിൽ നിന്നും അഭിപ്രായങ്ങളും നിർദേശങ്ങളും പ്രതീക്ഷിക്കുന്നു.

**ഡോ. ജെ. പ്രസാദ്**

ഡയറക്ടർ,

എസ്.സി.ഇ.ആർ.ടി. കേരളം

# FOREWORD

The *National Curriculum Framework* (NCF), 2005, recommends that children's life at school must be linked to their life outside the school. This principle marks a departure from the legacy of bookish learning which continues to shape our system and causes a gap between the school, home and community. The syllabi and textbooks developed on the basis of NCF signify an attempt to implement this basic idea. They also attempt to discourage rote learning and the maintenance of sharp boundaries between different subject areas. We hope these measures will take us significantly further in the direction of a child-centred system of education outlined in the *National Policy on Education* (1986).

The success of this effort depends on the steps that school principals and teachers will take to encourage children to reflect on their own learning and to pursue imaginative activities and questions. We must recognise that, given space, time and freedom, children generate new knowledge by engaging with the information passed on to them by adults. Treating the prescribed textbook as the sole basis of examination is one of the key reasons why other resources and sites of learning are ignored. Inculcating creativity and initiative is possible if we perceive and treat children as participants in learning, not as receivers of a fixed body of knowledge.

These aims imply considerable change in school routines and mode of functioning. Flexibility in the daily time-table is as necessary as rigour in implementing the annual calendar so that the required number of teaching days are actually devoted to teaching. The methods used for teaching and evaluation will also determine how effective this textbook proves for making children's life at school a happy experience, rather than a source of stress or boredom. Syllabus designers have tried to address the problem of curricular burden by restructuring and reorienting knowledge at different stages with greater consideration for child psychology and the time available for teaching. The textbook attempts to enhance this endeavour by giving higher priority and space to opportunities for contemplation and wondering, discussion in small groups, and activities requiring hands-on experience.

The National Council of Educational Research and Training (NCERT) appreciates the hard work done by the textbook development committee responsible for this book. We wish to thank the Chairperson of the advisory group in Social Sciences, Professor Hari Vasudevan, and the Chief Advisor for this book,

Professor Neeladri Bhattacharya, Centre for Historical Studies, Jawaharlal Nehru University, New Delhi for guiding the work of this committee. Several teachers contributed to the development of this textbook; we are grateful to their principals for making this possible. We are indebted to the institutions and organisations which have generously permitted us to draw upon their resources, material and personnel. We are especially grateful to the members of the National Monitoring Committee, appointed by the Department of Secondary and Higher Education, Ministry of Human Resource Development under the Chairpersonship of Professor Mrinal Miri and Professor G.P. Deshpande, for their valuable time and contribution. As an organisation committed to systemic reform and continuous improvement in the quality of its products, NCERT welcomes comments and suggestions which will enable us to undertake further revision and refinement.

*Director*
National Council of Educational
Research and Training

New Delhi
*20 November 2006*

# DEFINING THE FOCUS OF STUDY

What defines the focus of this book? What does it seek to do? How is it linked to what has been studied in earlier classes?

In Classes VI to VIII we looked at Indian history from early beginnings to modern times, with a focus on one chronological period in each year. Then in the books for Classes IX and X, the frame of reference changed. We looked at a shorter period of time, focusing specifically on a close study of the contemporary world. We moved beyond territorial boundaries, beyond the limits of nation states, to see how different people in different places have played their part in the making of the modern world. The history of India became connected to a wider inter-linked history. Subsequently in Class XI we studied *Themes in World History*, expanding our chronological focus, looking at the vast span of years from the beginning of human life to the present, but selecting only a set of themes for serious exploration. This year we will study *Themes in Indian History*.

The book begins with Harappa and ends with the framing of the Indian Constitution. What it offers is not a general survey of five millennia, but a close study of select themes. The history books in earlier years have already acquainted you with Indian history. It is time we explored some themes in greater detail.

In choosing the themes we have tried to ensure that we learn about developments in different spheres – economic, cultural, social, political, and religious – even as we attempt to break the boundaries between them. Some themes in the book will introduce you to the politics of the times and the nature of authority and power; others explore the way societies are organised, and the way they function and change; still others tell us about religious life and ritual practices, about the working of economies, and the changes within rural and urban societies.

Each of these themes will also allow you to have a closer look at the historians' craft. To retrieve the past, historians have to find sources that make the past accessible. But sources do not just reveal the past; historians have to grapple with sources, interpret them, and make them speak. This is what makes history exciting. The same sources can tell us new things if we ask new questions, and engage with them in new ways. So we need to see how historians read sources, and how they discover new things in old sources.

But historians do not only re-examine old records. They discover new ones. Sometimes these could be chance discoveries.

Archaeologists may unexpectedly come across seals and mounds that provide clues to the existence of a site of an ancient civilisation. Rummaging through the dusty records of a district collectorate a historian may trip over a bundle of records that contain legal cases of local disputes, and these may open up a new world of village life several centuries back. Yet are such discoveries only accidents? You may bump into a bundle of old records in an archive, open it up and see it, without discovering the significance of the source. The source may mean nothing to you unless you have relevant questions in mind. You have to track the source, read the text, follow the clues, and make the inter-connections before you can reconstruct the past. The physical discovery of a record does not simply open up the past. When Alexander Cunningham first saw a Harappan seal, he could make no sense of it. Only much later was the significance of the seals discovered.

In fact when historians begin to ask new questions, explore new themes, they have to often search for new types of sources. If we wish to know about revolutionaries and rebels, official sources can reveal only a partial picture, one that will be shaped by official censure and prejudice. We need to look for other sources – diaries of rebels, their personal letters, their writings and pronouncements. And these are not always easy to come by. If we have to understand experiences of people who suffered the trauma of partition, then oral sources might reveal more than written sources.

As the vision of history broadens, historians begin tracking new sources, searching for new clues to understand the past. And when that happens, the conception of what constitutes a source itself changes. There was a time when only written records were acknowledged as authentic. What was written could be verified, cited, and cross-checked. Oral evidence was never considered a valid source: who was to guarantee its authenticity and verifiability? This mistrust of oral sources has not yet disappeared, but oral evidence has been innovatively used to uncover experiences that no other record could reveal.

Through the book this year, you will enter the world of historians, accompany them in their search for new clues, and see how they carry on their dialogues with the past. You will witness the way they tease out meaning out of records, read inscriptions, excavate archaeological sites, make sense of beads and bones, interpret the epics, look at the stupas and buildings, examine paintings and photographs, interpret police reports and revenue records, and listen to the voices of the past. Each theme will explore the peculiarities and possibilities of one particular type of source. It will discuss what a source can tell and what it cannot.

This is the last part of *Themes in Indian History*.

NEELADRI BHATTACHARYA
*Chief Advisor, History*

# TEXTBOOK DEVELOPMENT COMMITTEE

**CHAIRPERSON, ADVISORY COMMITTEE**

Hari Vasudevan, *Professor,* Department of History, University of Calcutta, Kolkata

**CHIEF ADVISOR**

Neeladri Bhattacharya, *Professor,* Centre for Historical Studies, Jawaharlal Nehru University, New Delhi

**ADVISORS**

Kumkum Roy, *Associate Professor,* Centre for Historical Studies, Jawaharlal Nehru University, New Delhi

Monica Juneja, Guest Professor, Institut Furgeschichte, Viennna, Austria

**TEAM MEMBERS**

Jaya Menon, *Associate Professor,* Department of History, Aligarh Muslim University, Aligarh, UP (Theme 1)

Kumkum Roy (Theme 2)

Kunal Chakrabarti, *Professor,* Centre for Historical Studies, Jawaharlal Nehru University, New Delhi (Theme 3)

Uma Chakravarti, *Formerly Associate Professor in History,* Miranda House, University of Delhi, Delhi (Theme 4)

Farhat Hassan, *Associate Professor,* Department of History, Aligarh Muslim University, Aligarh, UP (Theme 5)

Meenakshi Khanna, *Associate Professor in History,* Indraprastha College, University of Delhi, Delhi (Theme 6)

Vijaya Ramaswamy, *Professor,* Centre for Historical Studies, Jawaharlal Nehru University, New Delhi (Theme 7)

Rajat Datta, *Professor,* Centre for Historical Studies, Jawaharlal Nehru University, New Delhi (Theme 8)

Najaf Haider, *Associate Professor,* Centre for Historical Studies, Jawaharlal Nehru University New Delhi (Theme 9)

Neeladri Bhattacharya (Theme 10)

Rudrangshu Mukherjee, *Executive Editor, The Telegraph,* Kolkata (Theme 11)

Partho Dutta, *Associate Professor,* Department of History, Zakir Hussain College (Evening Classes), University of Delhi, Delhi (Theme 12)

Ramachandra Guha, *freelance writer,* anthropologist and historian, Bangalore (Theme 13)

Anil Sethi (Theme 14)

Sumit Sarkar, *Formerly Professor of History,* University of Delhi, Delhi (Theme 15)

Muzaffar Alam, *Professor of South Asian History,* University of Chicago, Chicago, USA

C.N. Subramaniam, *Eklavya,* Kothi Bazar, Hoshangabad

Rashmi Paliwal, *Eklavya,* Kothi Bazar, Hoshangabad

Prabha Singh, *P.G.T. History,* Kendriya Vidyalaya, Old Cantt., Telliarganj, Allahabad, UP

Smita Sahay Bhattacharya, *P.G.T. History,* Blue Bells School, Kailash Colony, New Delhi

Beeba Sobti, *P.G.T. History,* Modern School, Barakhamba Road, New Delhi

**MEMBER-COORDINATORS**

Anil Sethi, *Professor,* DESS, NCERT, New Delhi

Seema Shukla Ojha, *Assistant Professor,* DESS, NCERT, New Delhi

# ACKNOWLEDGEMENTS

*Themes in Indian History, Part III* is the result of a collective effort of a large number of educationists, school teachers, historians, editors and designers. Each chapter was discussed and revised over months of intensive discussion. We thank all those who participated in the process.

Several people read the chapters and provided support. We thank in particular the members of the Monitoring Committee, Prof. J. S. Grewal and Shobha Bajpai for their useful comments on earlier drafts. Prof. Narayani Gupta, Prabhu Mohapatra and Tarun Saint offered valuable suggestions. Mahmood Farooqi suggested extracts for Chapter 11. Partha Shil, Akhila Yechuri and Sabyasachi Dasgupta gave research support.

Many institutions and individuals provided visual resources for the book: Victoria Memorial Museum and Library, Kolkata; Indira Gandhi National Centre for the Arts, New Delhi; Alkazi Foundation for the Arts, New Delhi; The Osian's Archive and Library Collection, Mumbai; CIVIC Archives, New Delhi; Photo Division, Government of India; South Asia Centre, University of Chicago. Chittaranjan Panda, Kaushik Bhowmik, Pratik Chakrabarty, and Rahab Alkazi took personal care in procuring visual material for illustrations. Juta and Jyotindra Jain opened up their vast collection of images with a generosity rare amongst collectors. We thank them all.

Shalini Advani and Shyama Warner did many rounds of editing with care and enthusiasm. Ritu Topa of Arrt Creations designed the book, working tirelessly to meet impossible deadlines. Albinus Tirkey provided technical support.

We have made every effort to acknowledge credits, but we apologise in advance for any omission that may have inadvertently taken place.

## പാഠപുസ്തക വിവർത്തനം

### ശിൽപ്പശാലയിൽ പങ്കെടുത്തവർ

**അജു എസ്.**
എച്ച്.എസ്.എസ്.ടി. ഹിസ്റ്ററി, ജി.എച്ച്.എസ്.എസ്., വെച്ചൂച്ചിറ കോളനി, പത്തനംതിട്ട
**ബിനോ പി. ജോസ്**
അസിസ്റ്റന്റ് പ്രൊഫസർ, സെന്റ് ഡൊമിനിക്സ് കോളേജ്, കാഞ്ഞിരപ്പള്ളി, കോട്ടയം
**പ്രൊഫ. എം. ജലാലുദ്ദീൻ** (റിട്ട.)
സി.കെ.ജി. മെമ്മോറിയൽ ഗവ.കോളേജ്, പേരാമ്പ്ര, കോഴിക്കോട്
**മടവൂർ ശശി**
**ഡോ. ബി.വി. നന്ദകുമാർ**
എച്ച്.എസ്.എസ്.ടി. ഹിസ്റ്ററി, ജി.വി.എച്ച്.എസ്.എസ്., ആര്യനാട്, തിരുവനന്തപുരം
**ഡോ. കെ.കെ. രാധ**
പ്രിൻസിപ്പൽ (റിട്ട.), ഗവ. കോളേജ് ഫോർ വിമിൻ, തിരുവനന്തപുരം
**സജീവ് ഡി.**
എച്ച്.എസ്.എസ്.ടി. ഹിസ്റ്ററി, ജി.എം.എച്ച്.എസ്.എസ്., വെഞ്ഞാറമൂട്, തിരുവനന്തപുരം
**സജീവ് കുമാർ ജി. എസ്.**
എച്ച്.എസ്.എസ്.ടി. ഹിസ്റ്ററി, ജി.എച്ച്.എസ്.എസ്., കടയ്ക്കൽ, കൊല്ലം
**യൂസഫ് കുമാർ എസ്. എം.**
എച്ച്.എസ്.എസ്.ടി. ഹിസ്റ്ററി, ജി.എച്ച്.എസ്.എസ്., പകൽക്കുറി, തിരുവനന്തപുരം
**വിനോദ് എം. എം.**
എച്ച്.എസ്.എസ്.ടി. ഹിസ്റ്ററി, ജി.ജി.എച്ച്.എസ്.എസ്., മാവേലിക്കര, ആലപ്പുഴ
**വിനോദ്കുമാർ. വി.**
എച്ച്.എസ്.എസ്.ടി. മലയാളം, ഗവ.എച്ച്.എസ്.എസ്., എളങ്കുന്നപ്പുഴ, എറണാകുളം

### അക്കാദമിക് കോർഡിനേറ്റർമാർ

**ചിത്രാ മാധവൻ**
അസിസ്റ്റന്റ് പ്രൊഫസർ, എസ്.സി.ഇ.ആർ.ടി.

**അഞ്ജന വി. ആർ. ചന്ദ്രൻ**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

## കുറിപ്പ്

### (ക്രമനമ്പരുകളിലെ മാറ്റം)

ഇന്ത്യാ ചരിത്രത്തിലെ പതിനഞ്ച് പ്രമേയങ്ങളാണ് മൂന്ന് പുസ്തകങ്ങളിലായി എൻ.സി.ഇ.ആർ.ടി പന്ത്രണ്ടാം ക്ലാസിനായി തയ്യാറാക്കിയിട്ടുള്ളത്. എൻ.സി.ഇ.ആർ.ടി. യുടെ പുസ്തകത്തിൽ കേരള ചരിത്രത്തിലെ പ്രമേയങ്ങൾ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ ഇന്ത്യാചരിത്രത്തിൽ ഉൾപ്പെടുന്നതും എന്നാൽ മറ്റു ചില വിഷയങ്ങളിൽ കുട്ടികൾ വിശദമായി പഠിക്കുന്നതുമായ ആശയങ്ങൾ ഉൾപ്പെടുന്ന രണ്ട് പ്രമേയങ്ങൾക്കു പകരം കേരള ചരിത്രത്തിലെ രണ്ട് പ്രമേയങ്ങൾ ഉൾപ്പെടുത്തി എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ നാലാമതൊരു പുസ്തകം പഠിപ്പിച്ചുവരുന്ന വിവരം അറിവുള്ളതാണല്ലോ.

ഇംഗ്ലീഷ് പതിപ്പുകൾ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയപ്പോൾ ഇന്ത്യാചരിത്രത്തിലെ പ്രമേയങ്ങളുടെ ക്രമനമ്പരുകൾ 1 മുതൽ 13 വരെ തുടർച്ചയായും തുടർന്ന് 14, 15 ക്രമനമ്പരുകൾ കേരളചരിത്ര പ്രമേയങ്ങൾക്കുമാണ് നൽകിയിട്ടുള്ളത് എന്നകാര്യം പഠിതാക്കളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഉള്ളടക്കം

Foreword
Defining the Focus of Study
ഈ പുസ്തകം എങ്ങനെ ഉപയോഗിക്കാം

## ഭാഗം 3

**പ്രമേയം പത്ത്**
കോളനിഭരണവും ഗ്രാമപ്രദേശങ്ങളും :
ഔദ്യോഗിക പുരാരേഖാ ശേഖരങ്ങളുടെ പരിശോധന

**പ്രമേയം പതിനൊന്ന്**
കലാപകാരികളും രാജും :
1857 ലെ കലാപവും അതിന്റെ ചിത്രീകരണങ്ങളും

**പ്രമേയം പന്ത്രണ്ട്**
മഹാത്മാഗാന്ധിയും ദേശീയവാദ പ്രസ്ഥാനവും :
നിയമലംഘനവും അതിനപ്പുറവും

**പ്രമേയം പതിമൂന്ന്**
വിഭജനത്തെ മനസിലാക്കൽ :
രാഷ്ട്രീയം, ഓർമ്മകൾ, അനുഭവങ്ങൾ

Z3G1Z6





## ഭാഗം 1

**പ്രമേയം ഒന്ന്**
**ഇഷ്ടികകൾ, മുത്തുകൾ, അസ്ഥികൾ**
ഹരപ്പൻ സംസ്കാരം

**പ്രമേയം രണ്ട്**
**രാജാക്കന്മാർ, കർഷകർ, പട്ടണങ്ങൾ**
ആദ്യകാല രാഷ്ട്രങ്ങളും സമ്പദ്‌വ്യവസ്ഥകളും
(ഏകദേശം ബി.സി.ഇ. 600 മുതൽ സി.ഇ.600 വരെ)

**പ്രമേയം മൂന്ന്**
**ബന്ധുത്വം, ജാതി, വർഗം**
ആദ്യകാല സമൂഹങ്ങൾ
(ഏകദേശം 600 ബി.സി.ഇ. മുതൽ 600 സി.ഇ. വരെ)



**പ്രമേയം നാല്**
**ചിന്തകരും വിശ്വാസങ്ങളും നിർമ്മിതികളും**
സാംസ്കാരിക വികാസങ്ങൾ
(ഏകദേശം 600 ബി.സി.ഇ. മുതൽ 600 സി.ഇ. വരെ)

## ഭാഗം 2

**പ്രമേയം അഞ്ച്**
**സഞ്ചാരികളുടെ കണ്ണുകളിലൂടെ :**
സമൂഹത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ
(പത്താം നൂറ്റാണ്ടുമുതൽ പതിനേഴാം നൂറ്റാണ്ടുവരെ)

**പ്രമേയം ആറ്**
**ഭക്തി - സൂഫി പാരമ്പര്യങ്ങൾ :**
മതവിശ്വാസങ്ങളിലും ഭക്തി ഗ്രന്ഥങ്ങളിലുമുള്ള മാറ്റങ്ങൾ
(ഏകദേശം എട്ട് മുതൽ പതിനെട്ടാം നൂറ്റാണ്ട് വരെ)

**പ്രമേയം ഏഴ്**
**ഒരു രാജകീയ തലസ്ഥാനം : വിജയനഗരം :**
(ഏകദേശം പതിനാലാം നൂറ്റാണ്ടുമുതൽ പതിനാറാം നൂറ്റാണ്ടുവരെ)

**പ്രമേയം എട്ട്**
**കർഷകരും, സെമിന്ദാർമാരും രാഷ്ട്രവും :**
കാർഷിക സമൂഹവും മുഗൾ സാമ്രാജ്യവും
(ഏകദേശം പതിനാറ് - പതിനേഴ് നൂറ്റാണ്ടുകൾ)

**പ്രമേയം ഒൻപത്**
**രാജാക്കന്മാരും ദിനവൃത്താന്തങ്ങളും :**
മുഗൾ രാജസഭ
(ഏകദേശം പതിനാറ് - പതിനേഴ് നൂറ്റാണ്ടുകൾ)

# ഈ പുസ്തകം എങ്ങനെ ഉപയോഗിക്കാം (How to use this book)

ഇത് *ഇന്ത്യാചരിത്രത്തിലെ പ്രമേയങ്ങളിലെ* ഒന്നാംഭാഗമാണ്. രണ്ടും മൂന്നും ഭാഗങ്ങൾ തുടർന്ന് വരും.

☑ പഠനത്തെ സുഗമമാക്കുന്നതിനായി ഓരോ അധ്യായവും നിരവധി ഭാഗങ്ങളായും ഉപവിഭാഗങ്ങളായും അക്കമിട്ടുതിരിച്ചിട്ടുണ്ട്.

☑ ബോക്സിൽ ഉള്ളടക്കം ചെയ്തിരിക്കുന്ന മറ്റുവിഭവങ്ങളും നിങ്ങൾക്കുകാണാം.

ഇത് ഉൾപ്പെടുന്നത് :

ചുരുക്കർഥങ്ങൾ

അധിക വിവരങ്ങൾ

കൂടുതൽ വിശദമായ വിവരണങ്ങൾ

ഇവയെല്ലാം പഠനപ്രവർത്തനത്തെ സഹായിക്കുവാനും പരിപോഷിപ്പിക്കുവാനുമാണ്, അല്ലാതെ ***മൂല്യനിർണയം ഉദ്ദേശിച്ചുള്ളവയല്ല.***

☑ ഓരോ അധ്യായവും ഒരുജോഡി *കാലരേഖ*യോടെയാണ് അവസാനിക്കുന്നത്. ഇതിനെ പശ്ചാത്തല വിവരമായാണ് കണക്കാക്കേണ്ടത്, ***മൂല്യനിർണയത്തിനു വേണ്ടിയല്ല.***

☑ ***ചിത്രങ്ങളും ഭൂപടങ്ങളും സ്രോതസ്സുകളും*** ഓരോ അധ്യായത്തിലും തുടർച്ചയായ നമ്പരിട്ട് നൽകിയിരിക്കുന്നു.

(a) **ചിത്രങ്ങളിൽ,** ചരിത്രകാരർ സ്രോതസ്സുകളായി ഉപയോഗിക്കുന്ന ദൃശ്യവിവരങ്ങളായ ഉപകരണങ്ങൾ, മൺപാത്രങ്ങൾ, മുദ്രകൾ, നാണയങ്ങൾ, ആഭരണങ്ങൾ തുടങ്ങിയ പുരാവശിഷ്ടങ്ങൾ, കൊത്ത്ലിപികൾ, ശില്പങ്ങൾ, ഛായാചിത്രങ്ങൾ, നിർമിതികൾ, പുരാവസ്തു സൈറ്റുകൾ, ജനങ്ങളുടെയും പ്രദേശങ്ങളുടെയും രൂപരേഖകൾ, ചിത്രങ്ങൾ എന്നിവയാണ് ഉൾപ്പെടുന്നത്.

(b) ചില അധ്യായങ്ങൾക്ക് **ഭൂപടങ്ങൾ** ഉണ്ട്.

സ്രോതസ്സുകൾ

(c) **സ്രോതസ്സുകൾ** പ്രത്യേകം ബോക്സുകളിലാണ് ഉള്ളടക്കം ചെയ്തിരിക്കുന്നത് : വൈവിധ്യമാർന്ന ഗ്രന്ഥങ്ങളിൽ നിന്നും പുരാലിഖിതങ്ങളിൽ നിന്നുമുള്ള ഏടുകളാണ് ഇതിൽ ഉൾപ്പെടുന്നത്. ചിത്രങ്ങളും ഗ്രന്ഥങ്ങളിൽ നിന്നുള്ള സ്രോതസ്സുകളും, ചരിത്രകാരർ ഉപയോഗിക്കുന്ന സൂചനകളെപ്പറ്റി അടുത്തറിയുവാൻ നിങ്ങളെ സഹായിക്കും. **ഈ സൂചനകളെ ചരിത്രകാരർ എങ്ങനെ വിശകലനം ചെയ്യുന്നുവെന്നും നിങ്ങൾക്കു കാണാം. ഇവയിൽ നിന്നുള്ള ഭാഗങ്ങൾ/അല്ലെങ്കിൽ അഭിന്നമായ/സമാനമായ വിഭവങ്ങൾ, അവസാന പരീക്ഷയിൽ ഉൾപ്പെടുത്താം. അത് ഇവയെ കൈകാര്യം ചെയ്യാൻ നിങ്ങൾക്ക് അവസരമൊരുക്കും.**

☑ *രണ്ടുതരം ചോദ്യങ്ങളാണ്* ***പുസ്തകത്തിലുള്ളത് :***

(എ) ***മൂല്യനിർണയത്തിനു***ള്ള പരിശീലനത്തിനായി ഉപയോഗിക്കാവുന്നവയാണ് മഞ്ഞ ചതുരത്തിലുള്ളത്.

(ബി) ➲ ചർച്ച ചെയ്യുക... എന്ന തലക്കെട്ടോടെ നൽകിയിരിക്കുന്ന ഭാഗങ്ങൾ ***മൂല്യനിർണയത്തിനുള്ളവയല്ല***

☑ ഓരോ അധ്യായത്തിന്റെയും അവസാനം ***നാലുതരത്തിലുള്ള*** പ്രവർത്തനനിർദേശങ്ങൾ നൽകിയിട്ടുണ്ട്.

 ലഘു ചോദ്യങ്ങൾ

 ലഘു ഉപന്യാസം

 ഭൂപട പ്രവർത്തനം

 പ്രൊജക്ടുകൾ

അന്തിമ വിലയിരുത്തലിനും മൂല്യനിർണയത്തിനുമുള്ള പരിശീലനാർഹമുള്ളതാണ് ഇവ.

*ഈ പുസ്തകം നിങ്ങൾ ആസ്വദിച്ചുപയോഗിക്കുമെന്ന് പ്രതീക്ഷിക്കുന്നു.*

**പ്രമേയം പത്ത്**

# കോളനിഭരണവും ഗ്രാമപ്രദേശങ്ങളും
## (Colonialism and the Countryside)
## ഔദ്യോഗിക പുരാരേഖാ ശേഖരങ്ങളുടെ പരിശോധന
### (Exploring Official Archives)

ഗ്രാമപ്രദേശങ്ങളിൽ ജീവിച്ചിരുന്നവർക്ക് കോളനിഭരണമെന്നാൽ എന്തായിരുന്നു എന്ന് ഈ അധ്യായത്തിൽ നിങ്ങൾക്ക് കാണാൻ കഴിയും. ഇവിടെ നിങ്ങൾക്ക് ബംഗാളിലെ സെമീന്ദാർമാരെ പരിചയപ്പെടാം. പിന്നീട് പഹരിയകളും സന്താളുകളും ജീവിച്ചിരുന്ന രാജ്മഹൽ കുന്നുകളിലൂടെ സഞ്ചരിക്കുകയും അതിനുശേഷം പടിഞ്ഞാറ് ഡക്കാനിലേക്ക് പോകുകയും ചെയ്യാം. ഏത് മാർഗത്തിലൂടെയാണ് ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി (ഇ.ഐ.സി.) ഗ്രാമപ്രദേശങ്ങളിൽ തങ്ങളുടെ ഭരണം സ്ഥാപിച്ചതെന്നും അവർ തങ്ങളുടെ നികുതിനയങ്ങൾ നടപ്പിലാക്കിയതെങ്ങനെയെന്നും ഈ നയങ്ങൾ വ്യത്യസ്ത ജനവിഭാഗങ്ങളെ എങ്ങനെ ബാധിച്ചുവെന്നും ദൈനംദിന ജീവിതത്തെ ഈ നയങ്ങൾ എങ്ങനെ മാറ്റിമറിച്ചെന്നും നിങ്ങൾക്ക് കാണാം.

രാഷ്ട്രം നടപ്പാക്കുന്ന നിയമങ്ങൾ ജനങ്ങളിൽ പ്രത്യാഘാതം സൃഷ്ടിക്കുന്നു: ഒരളവുവരെ ആരാണ് കൂടുതൽ സമ്പന്നരാകേണ്ടത്, ആരാണ് കൂടുതൽ ദരിദ്രരാകേണ്ടത്, പുതിയതായി ഭൂമി സ്വന്തമാക്കുന്നത് ആരാണ്, തങ്ങൾ അധിവസിച്ചിരുന്ന ഭൂമി ആർക്കൊക്കെ നഷ്ടമാകുന്നു, പണം ആവശ്യമുള്ളപ്പോൾ കർഷകർ എവിടെ പോകണം എന്നെല്ലാം തന്നെ. എന്നിരുന്നാലും ജനങ്ങൾ നിയമങ്ങളുടെ നടത്തിപ്പിന് വിധേയരാവുക മാത്രമല്ല നീതി പൂർവമെന്ന് തങ്ങൾക്ക് തോന്നിയ രീതിയിൽ പ്രവർത്തിച്ചുകൊണ്ട് അവർ നിയമങ്ങളെ ചെറുത്തുനിൽക്കുകയും ചെയ്തു. അങ്ങനെ നിയമങ്ങൾ നടപ്പിലാക്കുന്ന രീതി ജനങ്ങൾ നിർവചിക്കുകയും അതിലൂടെ അവയുടെ പ്രത്യാഘാതങ്ങളെ മയപ്പെടുത്തുകയും ചെയ്തു.

ഈ ചരിത്രങ്ങളെക്കുറിച്ച് നമ്മോടു പറയുന്ന സ്രോതസ്സുകളെക്കുറിച്ചും അവയെ വ്യാഖ്യാനിക്കുന്നതിൽ ചരിത്രകാരന്മാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും നിങ്ങൾക്ക് ഇതിലൂടെ അറിയാൻ കഴിയും. റവന്യൂ രേഖകൾ, സർവെകൾ, ആനുകാലികങ്ങൾ, സർവെയർമാരുടെയും സഞ്ചാരികളുടെയും വിവരണങ്ങൾ, അന്വേഷണക്കമ്മീഷനുകൾ തയാറാക്കിയ റിപ്പോർട്ടുകൾ എന്നിവയെക്കുറിച്ചും നിങ്ങൾ വായിക്കും.



*ചിത്രം 10.1*
*ഗ്രാമത്തിൽ നിന്ന് പരുത്തി (കോട്ടൺ) വണ്ടികളിലായി കൊണ്ടു പോകുന്നു.*
ഇല്ലസ്ട്രേറ്റഡ് ലണ്ടൻ ന്യൂസ്, 20 ഏപ്രിൽ 1861

Y8N7Y6

## 1. ബംഗാളും സെമീന്ദാർമാരും (BENGAL AND THE ZAMINDARS)

നിങ്ങൾക്കറിയാവുന്നതുപോലെ, കൊളോണിയൽ ഭരണം ആദ്യമായി സ്ഥാപിതമായത് ബംഗാളിലാണ്. ഗ്രാമീണ സമൂഹങ്ങളെ പുനക്രമീകരിക്കുന്നതിനും ഭൂഅവകാശങ്ങളുടെ ഒരു പുതിയ ഭരണക്രമവും ഒരു പുതിയ നികുതി സമ്പ്രദായവും ആവിഷ്കരിക്കുന്നതിനുമുള്ള ഏറ്റവും ആദ്യത്തെ ശ്രമങ്ങൾ നടത്തിയത് ഇവിടെയാണ്. കമ്പനിയുടെ (ഇ.ഐ.സി.) ഭരണത്തിന്റെ ആദ്യവർഷങ്ങളിൽ ബംഗാളിൽ എന്ത് സംഭവിച്ചുവെന്ന് നമുക്ക് നോക്കാം.

### 1.1 ബർദ്വാനിലെ ഒരു ലേലം (An auction in Burdwan)

1797 ൽ ബർദ്വാനിൽ (ഇന്നത്തെ ബർധമാൻ) ഒരു ലേലം നടന്നു. അത് വലിയൊരു പൊതുസംഭവമായിരുന്നു. ബർദ്വാനിലെ രാജയുടെ കൈവശം ഉണ്ടായിരുന്ന അനേകം *മഹലുകൾ (എസ്റ്റേറ്റുകൾ)* വിറ്റഴിക്കപ്പെടുകയായിരുന്നു. ശാശ്വത ഭൂനികുതി വ്യവസ്ഥ 1793 മുതൽ നിലവിലുണ്ടായിരുന്നു. ഓരോ സെമീന്ദാറും നൽകേണ്ട നികുതി എത്രയെന്ന് ഈസ്റ്റ് ഇന്ത്യാ കമ്പനി നിശ്ചയിച്ചിരുന്നു. വരുമാനം വീണ്ടെടുക്കുവാൻ നികുതി അടയ്ക്കാതിരുന്ന എസ്റ്റേറ്റുകൾ ലേലം ചെയ്യണമായിരുന്നു. വൻതോതിൽ കുടിശ്ശിക വരുത്തിയതിനാൽ രാജയുടെ എസ്റ്റേറ്റുകൾ ലേലത്തിനുവയ്ക്കുകയായിരുന്നു.

രാജ (അക്ഷരാർഥത്തിൽ രാജാവ്) എന്നത് പലപ്പോഴും ശക്തരായ സെമീന്ദാർമാരെ വിശേഷിപ്പിക്കാൻ ഉപയോഗിച്ചിരുന്ന പദമാണ്.

നിരവധി പേർ ലേലത്തിൽ പങ്കെടുക്കുകയും ഏറ്റവും ഉയർന്ന തുക ലേലം വിളിച്ചയാൾക്ക് എസ്റ്റേറ്റുകൾ വിൽക്കുകയും ചെയ്തു. എന്നാൽ ലേലത്തിനു തൊട്ടു പിന്നാലെ കഥയ്ക്ക് അപ്രതീക്ഷിതമായൊരു വഴിത്തിരിവ് കളക്ടർ കണ്ടെത്തുകയുണ്ടായി. ഭൂമി വാങ്ങിയ പലരും രാജയുടെ ദാസന്മാരും ഏജന്റുമാരുമായിരുന്നു; അവർ രാജക്ക് വേണ്ടിയായിരുന്നു ഭൂമി വാങ്ങിയത്. ലേലത്തിൽ നടന്ന വിൽപ്പനയുടെ തൊണ്ണൂറ്റിയഞ്ച് ശതമാനവും വ്യാജമായിരുന്നു. രാജയുടെ എസ്റ്റേറ്റുകൾ പരസ്യമായി വിൽക്കപ്പെട്ടുവെങ്കിലും തന്റെ സെമീന്ദാരിയുടെ നിയന്ത്രണം അദ്ദേഹം തന്നെ നിലനിർത്തി.

നികുതി അടയ്ക്കുന്നതിൽ രാജ പരാജയപ്പെട്ടത് എന്തുകൊണ്ട്? ലേലത്തിൽ ഭൂമി വാങ്ങിയവർ ആരായിരുന്നു? കിഴക്കൻ ഇന്ത്യയുടെ ഗ്രാമീണ മേഖലകളിൽ ആ സമയത്ത് നടക്കുന്ന കാര്യങ്ങളെക്കുറിച്ച് ഈ കഥ നമ്മോടു പറയുന്നത് എന്താണ്?

*ചിത്രം 10.2*
*കൽക്കട്ടയിലെ ഡയമണ്ട് ഹാർബർ റോഡിൽ സ്ഥിതി ചെയ്യുന്ന ബർദ്വാൻ രാജയുടെ വീടാണിത്*
പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ബംഗാളിലെ മിക്ക സെമീന്ദാർമാർക്കും നൃത്തശാലകൾ, വലിയ മൈതാനങ്ങൾ, ചിത്രത്തിൽ കാണുന്നതുപോലെയുള്ള കൊറിന്ത്യൻ ശൈലിയിലുള്ള തൂണുകൾ താങ്ങിനിർത്തുന്ന പൂമുഖം എന്നിവയിലുള്ള നഗരകൊട്ടാരങ്ങൾ ഉണ്ടായിരുന്നു.



### 1.2 നികുതിക്കുടിശ്ശികയിലെ പ്രശ്നങ്ങൾ (The problem of unpaid revenue)

പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാന വർഷങ്ങളിൽ വിറ്റഴിക്കപ്പെട്ടത് ബർദ്വാനിലെ രാജയുടെ എസ്റ്റേറ്റുകൾ മാത്രമായിരുന്നില്ല. ശാശ്വത ഭൂനികുതി വ്യവസ്ഥയ്ക്ക് ശേഷം എഴുപത്തിയഞ്ച് ശതമാനത്തിലധികം സെമീന്ദാരികൾ കൈമാറ്റപ്പെട്ടു.

ബംഗാളിനെ കീഴടക്കിയ കാലം മുതൽ തങ്ങൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക്, ശാശ്വത ഭൂനികുതിവ്യവസ്ഥ നടപ്പാക്കുന്നതോടെ പരിഹാരമാകുമെന്നു ബ്രിട്ടീഷ് ഉദ്യോഗസ്ഥർ പ്രത്യാശിച്ചു. അടിക്കടിയുള്ള ക്ഷാമവും കുറഞ്ഞുവരുന്ന കാർഷികോൽപ്പാദനവും 1770 കളോടെ ബംഗാളിലെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ പ്രതിസന്ധിയിലാക്കിയിരുന്നു. കാർഷികരംഗത്തെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിലൂടെ കൃഷിയും വ്യാപാരവും രാജ്യത്തിന്റെ റവന്യൂ വിഭവങ്ങളും എല്ലാം തന്നെ വികസിപ്പിച്ചെടുക്കാവുന്നതാണെന്ന് ഉദ്യോഗസ്ഥർക്ക് തോന്നി. സ്വത്തവ

കാശം നേടിയെടുക്കുന്നതിലൂടെയും നികുതി വിഹിതം സ്ഥിരമായി നിശ്ച യിക്കുന്നതിലൂടെയും ഇത് സാധ്യമാകും. രാജ്യത്തിന്റെ നികുതി വിഹിതം ശാശ്വതവ്യവസ്ഥയിൽ നിജപ്പെടുത്തുന്നതിലൂടെ കമ്പനിക്ക് ഒരു നിശ്ചിത വരുമാനം കൃത്യമായി ലഭിക്കുമെന്നും ഒപ്പം, നികുതിയിൽ മാറ്റം വരു ത്താതെയിരുന്നാൽ, സംരംഭകർക്ക് അവരുടെ നിക്ഷേപത്തിൽ നിന്ന് ലാഭം നേടാൻ കഴിയുമെന്ന തോന്നൽ ഉളവാകുകയും ചെയ്യുമെന്നും അവർ കരുതി. കൃഷി മെച്ചപ്പെടുത്താൻ മൂലധനവും സംരംഭകത്വവും നൽകാൻ കഴിവുള്ള സമ്പന്നഭൂവുടമകളുടെയും കാര്യക്ഷമതയുള്ള കർഷകരുടെയും കടന്നുവരവിന് ഈ പ്രക്രിയയിലൂടെ സാധിക്കുമെന്ന് ഉദ്യോഗസ്ഥർ പ്രതീക്ഷിച്ചു. ബ്രിട്ടീഷുകാർ വളർത്തിക്കൊണ്ട് വരുന്ന ഈ വർഗം കമ്പനിയോട് കൂറ് പുലർത്തുകയും ചെയ്യും.

എന്നിരുന്നാലും ഒരേസമയം കൃഷി വികസിപ്പിക്കുവാനും കരാറനു സരിച്ചുള്ള നിശ്ചിത നികുതി രാജ്യത്തിനു നൽകാനും കഴിയുന്ന വ്യ ക്തികളെ കണ്ടെത്തുക എന്നതായിരുന്നു പ്രശ്നം. കമ്പനിയുടെ ഉദ്യോ ഗസ്ഥർക്കിടയിൽ നടന്ന ദീർഘമായ ചർച്ചകൾക്കൊടുവിൽ ബംഗാളിലെ രാജാക്കൻമാരുമായും *താലൂക്ക്ദാർമാരുമായും* ശാശ്വത ഭൂനികുതി സമ്പ്രദായത്തെ വ്യവസ്ഥാപിതമാക്കി. ഇനി സെമീന്ദാർമാർ എന്ന വിഭാ ഗമായി പരിഗണിക്കപ്പെട്ട ഇവർ ശാശ്വതമായി നിശ്ചയിക്കപ്പെട്ട നികുതി നൽകണമായിരുന്നു. ഈ നിർവചനപ്രകാരം സെമീന്ദാർ, ഗ്രാമത്തിലെ ഒരു ഭൂവുടമയല്ല, മറിച്ച് സർക്കാരിനു വേണ്ടി നികുതി പിരിക്കുന്ന ഉദ്യോ ഗസ്ഥൻ മാത്രമായിരുന്നു.

സെമീന്ദാർമാർക്ക് കീഴിൽ നിരവധി ഗ്രാമങ്ങൾ (ചില സമയങ്ങളിൽ നാനൂറ് വരെയും) ഉണ്ടായിരുന്നു. കമ്പനിയുടെ കണക്കുകൾ അനുസരിച്ച് ഒരു സെമീന്ദാരിക്കകത്തു സ്ഥിതിചെയ്യുന്ന ഗ്രാമങ്ങൾ ഒരു റവന്യൂ എസ്റ്റേറ്റ് ആയി രൂപം കൊണ്ടു. ഒരു എസ്റ്റേറ്റിനു മുഴുവനായുള്ള നികുതി കമ്പനി നിശ്ചയിച്ചു. ഈ നികുതിയാണ് സെമീന്ദാർ കരാർ പ്രകാരം നൽകേണ്ടി യിരുന്നത്. സെമീന്ദാർ വിവിധ ഗ്രാമങ്ങളിൽ നിന്നും വാടക പിരിച്ചെടു ക്കുകയും കമ്പനിക്കു കൊടുക്കേണ്ട നികുതി നൽകുകയും ബാക്കി വരു ന്ന തുക സ്വന്തം വരുമാനമാക്കുകയും ചെയ്തു. സെമീന്ദാർ കമ്പനിക്ക് പതിവായി നികുതി നൽകണമായിരുന്നു. ഇതിൽ വീഴ്ച വരുത്തിയാൽ അയാളുടെ എസ്റ്റേറ്റ് ലേലം ചെയ്യുമായിരുന്നു.

### 1.3 സെമീന്ദാർമാർ നികുതി അടയ്ക്കുന്നതിൽവീഴ്ച വരു ത്തിയത് എന്തുകൊണ്ട് (Why zamindars defaulted on payments)

ഒരു സ്ഥിരനികുതി ആവശ്യപ്പെടുന്നതിലൂടെ സെമീന്ദാർമാർക്ക് ഒരു തര ത്തിലുള്ള സുരക്ഷിതത്വബോധം ലഭിക്കുമെന്നും തങ്ങളുടെ നിക്ഷേപ ത്തിൽ നിന്നുള്ള വരുമാനത്തിന് ഉറപ്പുള്ളതുകൊണ്ട് അത് അവരുടെ എസ്റ്റേറ്റുകൾ മെച്ചപ്പെടുത്താൻ അവരെ പ്രോത്സാഹിപ്പിക്കുമെന്നും കമ്പനി ഉദ്യോഗസ്ഥർ കരുതി. ശാശ്വത ഭൂനികുതി വ്യവസ്ഥയ്ക്ക് ശേഷ മുള്ള ആദ്യദശകങ്ങളിൽ, നികുതി നൽകുന്നതിൽ സെമീന്ദാർമാർ തുടർച്ച യായി വീഴ്ച വരുത്തുകയും തിരിച്ചടയ്ക്കാത്ത കുടിശ്ശിക കുമിഞ്ഞുകൂ ടുകയും ചെയ്തു.

ഈ പരാജയത്തിനുള്ള കാരണങ്ങൾ നിരവധിയായിരുന്നു. ഒന്നാമതായി: തുടക്കത്തിൽ നികുതി വളരെ ഉയർന്നതായിരുന്നു. എക്കാലത്തേക്കുമായി നികുതി നിശ്ചയിച്ചുകഴിഞ്ഞാൽ വില ഉയരുന്നതിന്റെയോ കൃഷി വ്യാപിക്കു ന്നതിന്റെയോ ഫലമായി ഉണ്ടാകാവുന്ന വരുമാന വർധനവിന്റെ പങ്ക്



*ചിത്രം 10.3 ൽ*
*ചാൾസ് കോൺവാലിസ് (1738 - 1805), വരച്ചത് തോമസ് ഗെയിൻസ്ബറോ, 1785*
അദ്ദേഹം അമേരിക്കൻ സ്വാതന്ത്ര്യസമരയുദ്ധസമയത്ത് ബ്രിട്ടീഷ് സേനയുടെ കമാന്ററും 1793 ൽ ശാശ്വത ഭൂനികുതിവ്യവസ്ഥ നിലവിൽവന്നപ്പോൾ ബംഗാളിലെ ഗവർണർ ജനറലും ആയിരുന്നു.

"ഒരു *താലൂക്ക്* കൈവശം വയ്ക്കുന്നയാൾ" അഥവാ അതുമായി ബന്ധപ്പെട്ടയാൾ എന്നാണ് *താലൂക്ദാർ* എന്ന പദത്തിന്റെ അക്ഷരാർഥം. പിന്നീട് *താലൂക്ക്* ഒരു നിശ്ചിത ഭൂപ്രദേശത്തെ സൂചിപ്പിക്കാൻ ഉപയോഗിച്ചു.

കമ്പനിക്ക് ഒരിക്കലും അവകാശപ്പെടാനാവില്ല എന്ന തോന്നലുണ്ടായിരുന്നതിനാലാണ് വളരെ ഉയർന്ന നികുതി തുടക്കത്തിലേ നിശ്ചയിച്ചത്. കാർഷിക ഉൽപ്പാദനം വർധിക്കുകയും വില ഉയർന്നുവരുകയും ചെയ്യുന്നതോടെ സെമീന്ദാർമാരുടെമേലുള്ള ഭാരം ക്രമേണ കുറയുമെന്ന് വാദിച്ചുകൊണ്ടാണ്, മുൻകൂട്ടിക്കണ്ട തങ്ങളുടെ നഷ്ടം കുറയ്ക്കുവാനായി, കമ്പനി നികുതി നിരക്ക് കുത്തനെ ഉയർത്തി നിശ്ചയിച്ചത്.

റയ്യത്ത് എന്ന പദം റയറ്റ് (Ryot) എന്നാണ് ബ്രിട്ടീഷ് രേഖകളിൽ കൃഷിക്കാരെ (കർഷകരെ) വിശേഷിപ്പിക്കാൻ എഴുതിയിരുന്നത്. ബംഗാളിലെ റയറ്റുകൾ ഭൂമി എല്ലായ്പ്പോഴും നേരിട്ട് കൃഷി ചെയ്തിരുന്നില്ല, മറിച്ച് ഉപ റയറ്റുകൾക്ക് അവ പാട്ടത്തിന് കൊടുത്തിരുന്നു.

രണ്ടാമതായി: ഈ ഉയർന്ന നിരക്ക് നിശ്ചയിച്ചത്, കാർഷിക ഉൽപന്നങ്ങളുടെ വിലകൾക്ക് മാന്ദ്യം അനുഭവപ്പെടുന്ന 1790 കളിലായിരുന്നതിനാൽ കർഷകർക്ക് തങ്ങളുടെ നികുതി വിഹിതം സെമീന്ദാർക്ക് അടയ്ക്കാൻ ബുദ്ധിമുട്ടായിരുന്നു. സെമീന്ദാർക്ക് വാടക പിരിച്ചെടുക്കാൻ കഴിഞ്ഞില്ലെങ്കിൽ, അദ്ദേഹത്തിന് എങ്ങനെ കമ്പനിക്കു പണം നൽകാൻ കഴിയും? മൂന്നാമതായി: നികുതി സ്ഥിരമായതിനാൽ, വിളവെടുപ്പുപോലും കണക്കിലെടുക്കാതെ കൃത്യമായി തുക അടയ്ക്കണമായിരുന്നു. വാസ്തവത്തിൽ, സൂര്യാസ്തമയ നിയമമനുസരിച്ച്, നിർദിഷ്ട തീയതിയിലെ സൂര്യാസ്തമയസമയത്തിന് മുൻപ് നികുതി അടച്ചില്ലെങ്കിൽ സെമീന്ദാരികളെ ലേലത്തിന് വിധേയമാക്കാമായിരുന്നു. നാലാമതായി: കർഷകരിൽ നിന്ന് വാടക പിരിച്ചെടുക്കാനും സെമീന്ദാരികൾ കൈകാര്യം ചെയ്യാനുമുള്ള സെമീന്ദാറുടെ അധികാരം ശാശ്വത ഭൂനികുതി വ്യവസ്ഥയുടെ ആരംഭത്തിൽ പരിമിതമാക്കിയിരുന്നു.

കമ്പനി സെമീന്ദാർമാരുടെ പ്രാധാന്യം അംഗീകരിച്ചിരുന്നുവെങ്കിലും കമ്പനിക്ക് അവരെ നിയന്ത്രിക്കുകയും ചിട്ടകൾക്ക് വിധേയരാക്കുകയും അവരുടെ അധികാരങ്ങൾ വെട്ടിക്കുറയ്ക്കുകയും സ്വയംഭരണാധികാരം ചുരുക്കുകയും വേണമായിരുന്നു. സെമീന്ദാർമാരുടെ പട്ടാളത്തെ പിരിച്ചുവിടുകയും കസ്റ്റംസ് തീരുവകൾ നിർത്തലാക്കുകയും അവരുടെ *"കച്ചേരികൾ" (കോടതികൾ)* കമ്പനി നിയമിച്ച ഒരു കളക്ടറുടെ മേൽനോട്ടത്തിൻ കീഴിലാക്കുകയും ചെയ്തു. പ്രാദേശികമായി നീതിപാലനവും നിയമപാലനവും നടത്തുവാനുള്ള അധികാരങ്ങൾ സെമീന്ദാർമാർക്ക് നഷ്ടപ്പെട്ടു. കാലക്രമേണ കളക്ടറേറ്റ് ഒരു ബദൽ അധികാരകേന്ദ്രമായി ഉയർന്നുവരുകയും സെമീന്ദാർമാർ ചെയ്യാവുന്ന കാര്യങ്ങൾ കർശനമായി വെട്ടിച്ചുരുക്കുകയും ചെയ്തു. ഒരിക്കൽ ഒരു രാജാ നികുതി നൽകുന്നതിൽ വീഴ്ച വരുത്തിയപ്പോൾ, വ്യക്തമായൊരു നിർദേശത്തോടെ സെമീന്ദാരിയിലേക്ക് കമ്പനി ഒരു ഉദ്യോഗസ്ഥനെ ഉടൻ അയച്ചു: "ആ ജില്ലയുടെ ചുമതല ഏറ്റെടുക്കുവാനും ഏറ്റവും ഫലപ്രദമായ മാർഗങ്ങളിലൂടെ രാജാവിന്റെയും അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥരുടെ സ്വാധീനവും അധികാരങ്ങളും പൂർണമായും തകർക്കാനും".

നികുതി പിരിവിന്റെ സമയമാകുമ്പോൾ, സെമീന്ദാറിന്റെ ഒരു ഉദ്യോഗസ്ഥൻ, സാധാരണയായി *അമ്‌ല* (amlah), ഗ്രാമത്തിലേക്ക് വരും. എന്നാൽ വാടക പിരിച്ചെടുക്കുന്നത് എല്ലാക്കാലത്തും ദുഷ്കരമായിരുന്നു. ചില അവസരങ്ങളിൽ മോശം വിളവെടുപ്പും കുറഞ്ഞവിലയും കാരണം കൃത്യമായി നികുതി നൽകാൻ കർഷകർക്കു കഴിഞ്ഞിരുന്നില്ല. ചിലപ്പോൾ കർഷകർ നികുതി നൽകുന്നതിൽ മനപ്പൂർവം താമസം വരുത്തിയിരുന്നു. സമ്പന്നകർഷകരും ഗ്രാമത്തലവന്മാരും – *ജോട്ട്ദാർമാരും മണ്ഡലുകളും* – സെമീന്ദാർമാർ കുഴപ്പത്തിൽപെടുന്നത് കാണുന്നതിൽ അങ്ങേയറ്റം സന്തോഷിച്ചിരുന്നു. അതുകൊണ്ടുതന്നെ അവരുടെ മേൽ തന്റെ അധികാരം പ്രയോഗിക്കാൻ സെമീന്ദാറിനു എളുപ്പമായിരുന്നില്ല. നികുതിയടയ്ക്കുന്നതിൽ വീഴ്ചവരുത്തുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കാൻ സെമീന്ദാർമാർക്ക് കഴിയുമായിരുന്നെങ്കിലും കോടതി വ്യവഹാരങ്ങളിലെ കാലതാമസം തിരിച്ചടിയായി. 1798 ൽ ബർദ്വാനിൽ മാത്രം നികുതിക്കുടിശ്ശിക വരുത്തിയവർക്കെതിരെയുള്ള മുപ്പതിനായിരത്തിലേറെ ഹർജികൾ തീർപ്പാകാതെ കെട്ടിക്കിടന്നിരുന്നു.

### 1.4 *ജോട്ടേദാർമാരുടെ* ഉദയം (The rise of the *jotedars*)

പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തിൽ നിരവധി സെമീന്ദാർമാർ പ്രതിസന്ധി നേരിടുന്ന സമയത്ത്, ഒരു കൂട്ടം സമ്പന്നകർഷകർ ഗ്രാമങ്ങളിൽ അവരുടെ സ്ഥാനം ഉറപ്പിക്കുകയായിരുന്നു. വടക്കൻ ബംഗാളിലെ ദീനജ്പൂർ ജില്ലയിൽ ഫ്രാൻസിസ് ബുക്കാനൻ നടത്തിയ സർവെയിൽ, *ജോട്ടേദാർമാർ* എന്നറിയപ്പെടുന്ന ഈ സമ്പന്നകർഷകരെക്കുറിച്ച് നല്ലൊരു വിവരണം നമുക്ക് ലഭ്യമാണ്. പത്തൊൻപതാം നൂറ്റാണ്ടിന്റെ തുടക്കത്തോടെ *ജോട്ടേദാർമാർ* വിശാലമായ ഭൂപ്രദേശങ്ങൾ - ചിലപ്പോൾ ആയിരക്കണക്കിന് ഏക്കർ ഭൂമി - സ്വന്തമാക്കിയിരുന്നു. പ്രദേശത്തെ പാവപ്പെട്ട കർഷകരുടെമേൽ ശക്തമായ അധികാരം ചെലുത്തിക്കൊണ്ട് അവർ പ്രാദേശിക വ്യാപാരത്തെയും പണം കടം കൊടുക്കലിനെയും നിയന്ത്രിച്ചു. അവരുടെ ഭൂമിയിൽ ഒരു വലിയ പങ്കും കൃഷി നടത്തിയിരുന്നത് പങ്കാളിത്തപാട്ടക്കാരെ (sharecroppers) (*അധിയാർ* അല്ലെങ്കിൽ *ബർഗദാർ*) ഉപയോഗിച്ചാണ്. തങ്ങളുടെ സ്വന്തം കലപ്പകൾ കൊണ്ടുവന്ന് കൃഷിയിടങ്ങളിൽ പണിയെടുത്ത ഇവർ, വിളവെടുപ്പിനുശേഷം മൊത്ത ഉൽപ്പാദനത്തിന്റെ പകുതി, *ജോട്ടേദാർ*മാർക്ക് കൈമാറിയിരുന്നു.

ഗ്രാമങ്ങൾക്കകത്ത്, *ജോട്ടേദാർമാരുടെ* അധികാരം സെമീന്ദാർമാരുടേതിനെക്കാൾ കൂടുതൽ പ്രഭാവം ഉള്ളതായിരുന്നു. പലപ്പോഴും നഗരപ്രദേശങ്ങളിൽ ജീവിച്ചിരുന്ന സെമീന്ദാർമാരിൽ നിന്ന് വ്യത്യസ്തമായി, ഗ്രാമങ്ങളിൽത്തന്നെ ജീവിച്ചിരുന്ന *ജോട്ടേദാർമാർക്ക്*, പാവപ്പെട്ട ഗ്രാമവാസികളിൽ ഗണ്യമായ ഒരു വിഭാഗത്തിനു മേൽ നേരിട്ടുള്ള നിയന്ത്രണം ഉണ്ടായിരുന്നു. ഗ്രാമത്തിലെ *ജമ* (നികുതി) വർധിപ്പിക്കാനുള്ള സെമീന്ദാർമാരുടെ ശ്രമങ്ങളെ ശക്തമായി അവർ എതിർക്കുകയും സെമീന്ദാരി ഉദ്യോഗസ്ഥരെ അവരുടെ ചുമതല നിർവഹിക്കുന്നതിൽ നിന്ന് തടയുകയും തങ്ങളെ ആശ്രയിക്കുന്ന കർഷകരെ അണിനിരത്തി സെമീന്ദാർമാർക്ക് നൽകേണ്ട നികുതി മനപ്പൂർവം വൈകിപ്പിക്കുകയും ചെയ്തു. വാസ്തവത്തിൽ, കൃത്യമായി നികുതി അടയ്ക്കാത്തതിൽ വീഴ്ച വരുത്തിയതിന്റെ പേരിൽ സെമീന്ദാർമാരുടെ എസ്റ്റേറ്റുകൾ ലേലത്തിനു വയ്ക്കുമ്പോൾ, പലപ്പോഴും വാങ്ങുന്നവരുടെ കൂട്ടത്തിൽ *ജോട്ടേദാർമാരും* ഉണ്ടായിരുന്നു.

സമ്പന്നകർഷകരും ഗ്രാമത്തലവരും ബംഗാളിന്റെ ഇതര ഭാഗങ്ങളിലെ ഗ്രാമപ്രദേശങ്ങളിൽ ശക്തരായി ഉയർന്നുവരികയായിരുന്നെങ്കിലും വടക്കൻ ബംഗാളിൽ *ജോട്ടേദാർ*മാരായിരുന്നു ഏറ്റവും ശക്തർ. ചില പ്രദേശങ്ങളിൽ *ഹവലദാർ (haoladars)* എന്നും മറ്റിടങ്ങളിൽ *ഗാന്റിദാർ (gantidars)* അല്ലെങ്കിൽ *മണ്ഡൽ (mandals)* എന്നും അവർ അറിയപ്പെട്ടിരുന്നു. അവരുടെ ഉയർച്ച അനിവാര്യമായും സെമീന്ദാരി അധികാരത്തെ ദുർബലപ്പെടുത്തി.

*ചിത്രം 10.4*
*ബംഗാളിലെ ഗ്രാമീണ ദൃശ്യം, ജോർജ് ചിന്നറി വരച്ച ചിത്രം, 1820*
23 വർഷം ഇന്ത്യയിൽ താമസിച്ച ചിന്നറി (1802 -1825) ഛായാചിത്രങ്ങൾ, പ്രകൃതിദൃശ്യങ്ങൾ, സാധാരണ ജനങ്ങളുടെ അനുദിന ജീവിതദൃശ്യങ്ങൾ എന്നിവ പകർത്തി. ഗ്രാമീണ ബംഗാളിലെ *ജോട്ടേദാർ*മാരും ഹുണ്ടിക്കാരും താമസിച്ചിരുന്നത് നിങ്ങൾ വലതുഭാഗത്ത് കാണുന്നതുപോലെയുള്ള വീടുകളിലാണ്.



*സ്രോതസ്സ് 1*

## ദീനജ്പൂരിലെ ജോട്ടേദാർമാർ (The *jotedars* of Dinajpur)

ഏതൊക്കെ മാർഗങ്ങളിലൂടെയാണ് ബംഗാളിലെ ദീനജ്പൂരിലെ *ജോട്ടേദാർ*മാർ, സെമീന്ദാർമാരുടെ അച്ചടക്കപ്പെടുത്തലിനെ ചെറുത്തു നിന്നതെന്നും അവരുടെ ശക്തിയെ ദുർബലപ്പെടുത്തിയതെന്നും ബുക്കാനൻ വിവരിക്കുന്നുണ്ട്:

> ഭൂവുടമകൾക്ക് ഈ വിഭാഗം ആളുകളെ ഇഷ്ടമല്ല, എന്നാൽ അവർ തികച്ചും അനിവാര്യരായിരുന്നു എന്ന് വ്യക്തമാണ്, അല്ലെങ്കിൽ ഭൂവുടമകൾ തന്നെ അവരുടെ കുടികിടപ്പുകാർക്ക് ആവശ്യമായ പണം മുൻകൂറായി നൽകണമായിരുന്നു....
>
> വലിയ അളവിലുള്ള ഭൂമി കൃഷിചെയ്യുന്ന *ജോട്ടേദാർമാർ* വഴങ്ങാത്തവരും സെമീന്ദാർമാർക്ക് തങ്ങളുടെ മേൽ അധികാരമില്ലെന്ന് അറിയുന്നവരുമാണ്. അവർക്ക് നിശ്ചയിക്കപ്പെട്ട നികുതിത്തുകയിൽ നിന്ന് കുറച്ചുരൂപ മാത്രം നൽകുകയും മിക്കവാറും എല്ലാ കിസ്ത് (തവണ) കളിലും കുടിശ്ശിക വരുത്തുകയും ചെയ്യും. *പോട്ട* (പട്ടയം) പ്രകാരം നിശ്ചയിക്കപ്പെട്ടതിനെക്കാൾ കൂടുതൽ ഭൂമി അവർ കൈവശം വച്ചിട്ടുണ്ട്. തൽഫലമായി സെമീന്ദാറിന്റെ ഉദ്യോഗസ്ഥർ അവരെ *കച്ചേരി*യിലേക്ക് (കോടതി) നേരിട്ട് വിളിപ്പിക്കുകയും ശാസിക്കുന്നതിനുവേണ്ടി ഒന്നോ രണ്ടോ മണിക്കൂർ തടവിൽ വയ്ക്കുകയും ചെയ്താൽ ഉടൻതന്നെ അവർ ഫൗജ്ദാരി താനെയിൽ (പോലീസ് സ്റ്റേഷൻ) തങ്ങളെ തടവിലാക്കിയെന്ന് പരാതിപ്പെടുകയും അപമാനിക്കപ്പെട്ടതിന് മുൻസിഫ് (കീഴ്ക്കോടതിയിലെ ഒരു നീതിന്യായ ഉദ്യോഗസ്ഥൻ) *കച്ചേരിയിൽ* പരാതി നൽകുകയും കേസുകൾ പരിഹരിക്കപ്പെടാതെ തുടരുന്നതിനിടയിൽ നികുതി അടയ്ക്കാതിരിക്കാൻ ചെറുകിട കർഷകരെ പ്രേരിപ്പിക്കുകയും ചെയ്യും.

➲ ഏതൊക്കെ മാർഗങ്ങളിലൂടെയാണ് *ജോട്ടേദാർമാർ* സെമീന്ദാർമാരുടെ അധികാരത്തെ ചെറുത്തുനിന്നത് എന്ന് വിവരിക്കുക.




- *സെമീന്ദാർമാരുടെ ഉത്തരവാദിത്വങ്ങളാണ്;*
  - എ) കമ്പനിക്ക് നികുതി നൽകുക
  - ബി) ഗ്രാമങ്ങളുടെ മേൽ നിശ്ചയിച്ച നികുതി (*ജമ*) തരംതിരിച്ച് അവരെ അറിയിക്കുക.
- ഓരോ ഗ്രാമീണകർഷകനും, വലുതായാലും ചെറുതായാലും, സെമീന്ദാർക്ക് പാട്ടം നൽകണം
- ജോട്ടേദാർമാർ മറ്റ് കർഷകർക്ക് വായ്പകൾ നൽകുകയും അവരുടെ ഉത്പന്നങ്ങൾ വിൽക്കുകയും ചെയ്തു.
- കൃഷിക്കാർ കുറച്ച് ഭൂമി കൃഷി ചെയ്യുകയും ബാക്കിയുള്ളവ ഉപകർഷകർക്ക് പാട്ടത്തിന് നൽകുകയും ചെയ്തു.
- ഉപകർഷകർ കർഷകർക്ക് പാട്ടം നൽകി.

*ചിത്രം 10.5*
*അധികാരം ഗ്രാമീണ ബംഗാളിൽ*

➲ ചിത്രം 10.5 ന് അനുബന്ധമായി ചേർത്തിരിക്കുന്ന വിവരണം ശ്രദ്ധാപൂർവം വായിക്കുക; അമ്പടയാളം ഉള്ള സ്ഥലങ്ങളിൽ ഇനിപ്പറയുന്ന പദങ്ങൾ യഥോചിതം ചേർക്കുക: വാടക, നികുതി, പലിശ, വായ്പ, ഉൽപ്പന്നം

### 1.5 സെമീന്ദാർമാരുടെ ചെറുത്തു നിൽപ്പ് (The zamindars resist)

എന്നിരുന്നാലും, ഗ്രാമപ്രദേശങ്ങളിൽ സെമീന്ദാർമാരുടെ പ്രാമാണ്യം തകർന്നില്ല. ഗവൺമെന്റിന്റെ അത്യധികം ഉയർന്ന നിരക്കിലുള്ള നികുതി ആവശ്യവും അത് നൽകാതെ വന്നാൽ സംഭവിച്ചേക്കാവുന്ന തങ്ങളുടെ എസ്റ്റേറ്റുകളുടെ ലേലവും അഭിമുഖീകരിക്കേണ്ടി വന്ന അവർ, സമ്മർദങ്ങളെ അതിജീവിക്കാനുള്ള വഴികൾ ആസൂത്രണം ചെയ്തു. പുതിയ സാഹചര്യങ്ങൾ പുതിയ തന്ത്രങ്ങൾക്ക് വഴിവച്ചു.

അവർ അവലംബിച്ച ഒരു തന്ത്രം വ്യാജവിൽപ്പന ആയിരുന്നു. അതിൽ ഒരു കൂട്ടം കൗശല തന്ത്രങ്ങൾ ഉപയോഗിക്കപ്പെട്ടു. ഉദാഹരണത്തിന് സ്ത്രീകളുടെ സ്വത്ത് പിടിച്ചെടുക്കുന്നതല്ല എന്ന് കമ്പനി ഉത്തരവിട്ടിരുന്നതിനാൽ ബർദ്‌വാനിലെ രാജ ആദ്യം തന്റെ സെമീന്ദാരികളിൽ ചിലത് സ്വന്തം മാതാവിന് കൈമാറി. രണ്ടാമത്തെ നീക്കത്തിലൂടെ, അദ്ദേഹത്തിന്റെ ഏജന്റുമാർ ലേലത്തിൽ കൃത്രിമം കാണിച്ചു. കമ്പനിക്കു കൊടുക്കേണ്ട നികുതി മനപ്പൂർവമായി പിടിച്ചുവയ്ക്കുകയും കുടിശ്ശിക കുന്നുകൂടാൻ അനുവദിക്കുകയും ചെയ്തു. എസ്റ്റേറ്റിന്റെ ഒരു ഭാഗം ലേലം ചെയ്യപ്പെട്ടപ്പോൾ, മറ്റുള്ളവരെക്കാൾ ഉയർന്ന ലേലത്തുക വിളിച്ച് സെമീന്ദാർമാരുടെ ആൾക്കാർ ആ ഭൂസ്വത്ത് വാങ്ങി. പിന്നീട് ലേലത്തുക നൽകാൻ അവർ വിസമ്മതിക്കുകയും അങ്ങനെ എസ്റ്റേറ്റ് പുനർവിൽപ്പന നടത്തേണ്ടി വരികയും ചെയ്തു. ഒരിക്കൽക്കൂടി സെമീന്ദാർമാരുടെ ഏജന്റുമാർ ഇത് വാങ്ങുകയും തുക പഴയതുപോലെ അടയ്ക്കാതിരിക്കുകയും പുനർലേലം നടത്തുകയും ചെയ്തു. ഈ പ്രക്രിയ അനന്തമായി ആവർത്തിയ്ക്കുകയും അധികാരികളും ലേലത്തിൽ പങ്കെടുക്കുന്ന മറ്റുള്ളവരും ക്ഷീണിതരാകു

കയും ചെയ്തു. അവസാനം, ഈ എസ്റ്റേറ്റുകൾ വളരെ കുറഞ്ഞവിലയ്ക്ക് സെമീന്ദാർമാർക്കു തന്നെ വിൽക്കപ്പെട്ടു. സെമീന്ദാർ ഒരിക്കലും കമ്പനി നിശ്ചയിച്ച നികുതി പൂർണമായും നൽകിയതുമില്ല; കുന്നുകൂടിയ നികുതിക്കുടിശ്ശിക കമ്പനി അപൂർവമായി മാത്രമെ വീണ്ടെടുത്തതുമുള്ളൂ.

അത്തരം ഇടപാടുകൾ വൻതോതിൽ സംഭവിക്കുകയുണ്ടായി. 1793 നും 1801 നും ഇടയിൽ ബർദ്വാൻ ഉൾപ്പെടെ ബംഗാളിലെ നാലു വലിയ സെമീന്ദാരികൾ, ആകെ 30 ലക്ഷം രൂപ വരുന്ന *ബിനാമി (benami)* ഇടപാടുകളാണ് നടത്തിയത്. ലേലങ്ങളിൽ നടന്ന ആകെ വിൽപ്പനയുടെ 15 ശതമാനത്തിലധികവും കെട്ടിച്ചമച്ചതായിരുന്നു.

ഭൂമി കൈമാറ്റത്തെ മറികടക്കുന്നതിന് മറ്റു പല ഉപായങ്ങളും സെമീന്ദാർമാർ അവലംബിച്ചിരുന്നു. സെമീന്ദാരിക്ക് പുറത്തുള്ള ആരെങ്കിലും ലേലത്തിലൂടെ എസ്റ്റേറ്റ് സ്വന്തമാക്കിയാൽ, ഭൂമി കൈവശപ്പെടുത്താൻ അവർക്ക് എല്ലായ്പ്പോഴും കഴിഞ്ഞിരുന്നില്ല. ചിലപ്പോൾ അവരുടെ ഏജന്റുമാർ മുൻ സെമീന്ദാറുകളുടെ വിശ്വസ്തരായ *ലാത്തിയാൾമാരാൽ (lathyals)* ആക്രമിക്കപ്പെടും. ചിലപ്പോൾ കർഷകർ പോലും പുറമേ നിന്നുള്ളവരുടെ വരവിനെ തടഞ്ഞു. തങ്ങളുടെ സ്വന്തം സെമീന്ദാറോട് തങ്ങൾ കടപ്പെട്ടിരിക്കുന്നുവെന്ന് അയാളോട് കൂറുള്ള കർഷകർ കരുതി. അയാളെ അധികാരത്തിന്റെ രൂപമായും തങ്ങളെ അയാളുടെ *പ്രജകളായും* (subjects) കാണുകയും ചെയ്തു. സെമീന്ദാരിയുടെ വിൽപ്പന അവരുടെ സ്വത്വബോധത്തെയും അഭിമാനത്തെയും അസ്വസ്ഥമാക്കി. അതിനാൽ സെമീന്ദാർമാരെ പുറത്താക്കൽ അനായാസമായിരുന്നില്ല.

പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ സാധന വിലകളിലുള്ള ഇടിവ് അവസാനിച്ചു. അങ്ങനെ 1790 കളിലെ ദുരിതങ്ങളെ അതിജീവിച്ചവർ തങ്ങളുടെ അധികാരം സുസ്ഥിരമാക്കി. നികുതി ഒടുക്കുന്നതിനുള്ള നിയമങ്ങളിലും ഏതാനും ഇളവുകൾ വന്നു. തൽഫലമായി, ഗ്രാമങ്ങളുടെ മേൽ സെമീന്ദാർക്കുള്ള അധികാരം ശക്തിപ്പെട്ടു. 1930 കളിലെ വലിയ മാന്ദ്യത്തിന്റെ കാലത്താണ് അവർ പൂർണമായും തകർന്നതും *ജോട്ടേദാർമാർ* ഗ്രാമപ്രദേശങ്ങളിൽ തങ്ങളുടെ അധികാരം ഉറപ്പിച്ചതും.



ചിത്രം 10.6
*മഹാരാജാ മെഹതാബ് ചന്ദ് (1820 - 79)*

ശാശ്വത ഭൂനികുതിവ്യവസ്ഥ നടപ്പിലാക്കിയപ്പോൾ തേജ്ചന്ദായിരുന്നു ബർദ്വാനിലെ രാജ. അനന്തരം മെഹതാബ് ചന്ദിനു കീഴിൽ എസ്റ്റേറ്റ് അഭിവൃദ്ധി പ്രാപിച്ചു. സന്താൾ കലാപത്തിലും 1857 ലെ കലാപത്തിലും ബ്രിട്ടീഷുകാരെ മെഹതാബ് ചന്ദ്, സഹായിച്ചു.

## 1.6 അഞ്ചാം റിപ്പോർട്ട് (The Fifth Report)

നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന പല മാറ്റങ്ങളും 1813 ൽ ബ്രിട്ടീഷ് പാർലമെന്റിന് സമർപ്പിക്കപ്പെട്ട ഒരു റിപ്പോർട്ടിൽ വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയിലെ ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ഭരണനിർവഹണത്തെയും പ്രവർത്തനങ്ങളെയും സംബന്ധിച്ച റിപ്പോർട്ടുകളുടെ പരമ്പരയിലെ അഞ്ചാമത്തേതായിരുന്നു അത്. അഞ്ചാം റിപ്പോർട്ട് എന്ന് മിക്കപ്പോഴും പരാമർശിക്കപ്പെട്ട ഇതിന്റെ 1002 പേജുകളിൽ 800 ലേറെ പേജുകളും അനുബന്ധങ്ങളായിരുന്നു. ഇതിൽ സെമീന്ദാർമാരുടെയും കർഷകരുടെയും പരാതികൾ, വിവിധ ജില്ലകളിൽ നിന്നുള്ള കളക്ടർമാരുടെ റിപ്പോർട്ടുകൾ, നികുതി വരുമാനത്തെക്കുറിച്ചുള്ള സ്ഥിതി വിവരപ്പട്ടികകൾ, ബംഗാളിലെയും മദ്രാസിലെയും (ഇന്നത്തെ തമിഴ്നാട്) റവന്യൂ നീതിന്യായ ഭരണത്തെക്കുറിച്ച് ഉദ്യോഗസ്ഥർ എഴുതിയ കുറിപ്പുകൾ എന്നിവ പുനരാവിഷ്കരിച്ചിരുന്നു.

ബംഗാളിൽ കമ്പനി ഭരണം സ്ഥാപിച്ച 1760 കളുടെ മധ്യം മുതൽ അതിന്റെ പ്രവർത്തനങ്ങൾ ഇംഗ്ലണ്ടിൽ സസൂക്ഷ്മം വീക്ഷിക്കപ്പെടുകയും ചർച്ചചെയ്യപ്പെടുകയും ചെയ്തിരുന്നു. ഇന്ത്യയും ചൈനയുമായുള്ള വ്യാപാരത്തിൽ ഈസ്റ്റ് ഇന്ത്യാ കമ്പനിക്ക് ഉണ്ടായിരുന്ന കുത്തകയിൽ ബ്രിട്ടനിലെ പല വിഭാഗങ്ങൾക്കും എതിർപ്പുണ്ടായിരുന്നു. കമ്പനിക്ക് കുത്തകാവകാശം നൽകിയ റോയൽ ചാർട്ടർ (Royal Charter/രാജകീയപ്രഖ്യാപനം) റദ്ദാക്ക

അജ്ഞാതൻ എന്ന് അക്ഷരാർഥമുള്ള *ബിനാമി* എന്ന വാക്ക് യഥാർഥഗുണഭോക്താവിന്റെ പേര് വെളിപ്പെടുത്താതെ തന്നെ, സാങ്കൽപ്പികമോ അല്ലെങ്കിൽ താരതമ്യേന അപ്രധാനിയോ ആയ ഒരു വ്യക്തിയുടെ പേരിൽ നടത്തുന്ന ഇടപാടുകൾക്ക് ഹിന്ദിയിലും മറ്റ് നിരവധി ഇന്ത്യൻ ഭാഷകളിലും ഉപയോഗിക്കുന്ന പദമാണ്.

*ലാത്യാൽ* അക്ഷരാർഥത്തിൽ ലാത്തിയോ വടിയോ പ്രയോഗിക്കുന്നവൻ, സെമിന്ദാറിന്റെ, കരുത്തനായ സഹായി ആയി പ്രവർത്തിക്കുന്നു.

ണമെന്ന് ഈ വിഭാഗങ്ങൾ ആഗ്രഹിച്ചു. ഇന്ത്യയുമായുള്ള വ്യാപാരത്തിൽ ഒരു പങ്കു വേണമെന്ന് ആശിക്കുന്ന സ്വകാര്യ വ്യാപാരികളുടെ എണ്ണം വർധിച്ചതിനൊപ്പം ഇന്ത്യൻ കമ്പോളം ബ്രിട്ടീഷ് ഉൽപ്പാദകർക്കുകൂടി തുറന്നു കിട്ടണമെന്ന ബ്രിട്ടീഷ് വ്യവസായികളുടെ താൽപ്പര്യവും വളർന്നു വന്നു. ബംഗാൾ പിടിച്ചടക്കിയത് കൊണ്ട് ബ്രിട്ടീഷ് രാജ്യത്തിന് മുഴുവനായല്ല, മറിച്ച് ഈസ്റ്റ് ഇന്ത്യ കമ്പനിക്ക് മാത്രമാണ് പ്രയോജനമെന്ന് പല രാഷ്ട്രീയ വിഭാഗങ്ങളും വാദിച്ചു. കമ്പനിയുടെ ദുർഭരണത്തെയും കെടുകാര്യസ്ഥതയെയും കുറിച്ചുള്ള വിവരങ്ങൾ ബ്രിട്ടനിൽ ചൂടേറിയ ചർച്ചകൾക്കു വഴിവയ്ക്കുകയും കമ്പനി ഉദ്യോഗസ്ഥരുടെ അത്യാർത്തിയുടെയും അഴിമതിയുടെയും കഥകൾ പത്രങ്ങൾ വ്യാപകമായി പ്രചരിപ്പിക്കുകയും ചെയ്തു. ഇന്ത്യയിലെ കമ്പനിഭരണത്തെ ക്രമപ്പെടുത്താനും നിയന്ത്രിക്കുവാനുമായി പതിനെട്ടാം നൂറ്റണ്ടിന്റെ അവസാനത്തിൽ ബ്രിട്ടീഷ് പാർലമെന്റ് നിയമങ്ങളുടെ ഒരു പരമ്പരതന്നെ പാസ്സാക്കുകയുണ്ടായി. ഇത് ഇന്ത്യയിലെ ഭരണനിർവഹണത്തെക്കുറിച്ച് കൃത്യമായി റിപ്പോർട്ടുകൾ സമർപ്പിക്കുവാൻ കമ്പനിയെ നിർബന്ധിതമാക്കുകയും കമ്പനിയുടെ വ്യവഹാരങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് കമ്മിറ്റികളെ നിയമിക്കുകയും ചെയ്തു. അത്തരത്തിൽ ഒരു സെലക്ട് കമ്മിറ്റി തയാറാക്കിയ റിപ്പോർട്ടാണ് അഞ്ചാം റിപ്പോർട്ട്. ഇത് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ഇന്ത്യയിലെ ഭരണരീതികളെക്കുറിച്ച് ബ്രിട്ടീഷ് പാർലമെന്റിൽ ചൂടേറിയ ചർച്ചകൾക്ക് കാരണമായിത്തീർന്നു.

*ചിത്രം 10.1*

*ആന്ദുൾ രാജ് പാലസ്*

ഒരു കാലഘട്ടത്തിന്റെ അന്ത്യത്തെ അനാവൃതമാക്കുന്ന സൂചകങ്ങളാണ് കൊട്ടാര അവശിഷ്ടങ്ങൾ. ആഭിജാത്യ സെമീന്ദാരി ജീവിതരീതിയുടെ തകർച്ചയെക്കുറിക്കുന്ന, സത്യജിത്ത് റായുടെ വിഖ്യാത ചലച്ചിത്രം *ജൽസാഘർ* ചിത്രീകരിച്ചത് ആന്ദുൾ രാജകൊട്ടാരത്തിലാണ്.



അഞ്ചാം റിപ്പോർട്ടാണ് പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാന ഘട്ടങ്ങളിൽ ഗ്രാമീണ ബംഗാളിൽ എന്ത് സംഭവിച്ചു എന്നതു സംബന്ധിച്ചുള്ള നമ്മുടെ ധാരണ ഒന്നര നൂറ്റാണ്ടിലധികകാലം രൂപപ്പെടുത്തിയത്. അഞ്ചാം റിപ്പോർട്ടിൽ അടങ്ങിയിട്ടുള്ള തെളിവുകൾ വിലമതിക്കാനാവാത്തതാണ്. എന്നാൽ ഇതുപോലുള്ള ഔദ്യോഗിക റിപ്പോർട്ടുകൾ ശ്രദ്ധാപൂർവം വായിക്കേണ്ടതാണ്. ഈ റിപ്പോർട്ടുകൾ ആരാണ് എഴുതിയതെന്നും എന്തുകൊണ്ടാണ് അവ എഴുതിയതെന്നും നാം അറിയേണ്ടതുണ്ട്. വാസ്തവത്തിൽ, സമീപകാല ഗവേഷണങ്ങൾ കാണിയ്ക്കുന്നത് അഞ്ചാം റിപ്പോർട്ടിൽ നൽകിയിരിക്കുന്ന വാദങ്ങളും തെളിവുകളും വിമർശനരഹിതമായി സ്വീകരിക്കാൻ കഴിയില്ല എന്നാണ്.

ഗ്രാമീണ ബംഗാളിലെ കൊളോണിയൽ ഭരണത്തിന്റെ ചരിത്രം എഴുതുന്നതിന് ബംഗാളിലെ കുറെ സെമീന്ദാർമാരുടെ പുരാരേഖാരേഖരങ്ങളും ജില്ലകളുടെ പ്രാദേശിക രേഖകളും ഗവേഷകർ ശ്രദ്ധാപൂർവം പരിശോധിക്കുകയുണ്ടായി. കമ്പനിയുടെ ദുർഭരണത്തെ വിമർശിക്കുക എന്ന ലക്ഷ്യത്തോടെ, പരമ്പരാഗത സെമീന്ദാരിശക്തിയുടെ അധികാര തകർച്ചയെ പെരുപ്പിച്ചു കാണിക്കുകയും സെമീന്ദാർമാർക്ക് നഷ്ടപ്പെട്ട ഭൂമിയുടെ അളവു വളരെ കൂട്ടിക്കാണിക്കുകയുമാണ് അഞ്ചാം റിപ്പോർട്ട് ചെയ്തത് എന്നാണ് അവ കാണിക്കുന്നത്. നമ്മൾ കണ്ടതുപോലെ, തങ്ങളുടെ സെമീന്ദാരികൾ നിലനിർത്താൻ സെമീന്ദാർമാർ വിദഗ്ധതന്ത്രങ്ങൾ ഉപയോഗിച്ചതിനാൽ സെമീന്ദാരികൾ ലേലം ചെയ്യപ്പെട്ട അവസരങ്ങളിൽപ്പോലും എല്ലായ്പ്പോഴും സെമീന്ദാർമാർ പുറത്താക്കപ്പെട്ടിരുന്നില്ല.

*സ്രോതസ്സ് 2*

## അഞ്ചാം റിപ്പോർട്ടിൽ നിന്ന്
## (From the Fifth Report)

സെമീന്ദാർമാരുടെ അവസ്ഥയെക്കുറിച്ചും ഭൂമിലേലത്തെക്കുറിച്ചും സൂചിപ്പിച്ചുകൊണ്ട്, അഞ്ചാം റിപ്പോർട്ട് പ്രസ്താവിക്കുന്നു:

നികുതി ക്രമമായി സ്വീകരിക്കപ്പെടാതിരിക്കുകയും ഓരോ സമയത്തും ഗണ്യമായ അളവു ഭൂമി ലേലം ചെയ്ത് വിൽക്കപ്പെടുകയും ചെയ്തു. പ്രാദേശിക വർഷം 1203 ൽ അതായത് 1796-97 വർഷത്തിൽ വിൽപനയ്ക്കായി പരസ്യപ്പെടുത്തിയ ഭൂമി 28, 70, 061 സിക്കാരൂപാ, മൊത്തം *ജുമ്മ* അഥവാ നികുതിത്തുക മതിക്കുന്നതും യഥാർഥത്തിൽ വിറ്റഴിക്കപ്പെട്ട ഭൂമി 14, 18, 756 *സിക്കാ* രൂപ, *ജുമ്മ* അഥവാ നികുതിത്തുകയ്ക്കുള്ളതും വിറ്റു കിട്ടിയ തുക 17, 90, 416 *സിക്കാ* രൂപയും ആയിരുന്നു. 1204 ൽ, അതായത് 1797 - 98 ൽ, ഭൂമി പരസ്യപ്പെടുത്തിയത് 26, 66, 191 *സിക്കാ* രൂപയ്ക്കും വിറ്റഴിക്കപ്പെട്ട ഭൂമി 22, 74, 076 *സിക്കാ* രൂപയ്ക്കുള്ളതും വിറ്റ വില 21,47,580 *സിക്കാ* രൂപയുമായിരുന്നു. വീഴ്ച വരുത്തിയവരുടെ കൂട്ടത്തിൽ രാജ്യത്തെ ഏറ്റവും പുരാതനമായ ചില കുടുംബങ്ങളുമുണ്ടായിരുന്നു. ഇപ്രകാരമുള്ളവരായിരുന്നു നദ്ദിയ, രാജേഷായ്, ബിഷെൻപൂർ എന്നിവിടങ്ങളിലെ രാജമാരും (എല്ലാവരും ബംഗാൾ ജില്ലയിൽ നിന്നുള്ളവർ)... മറ്റുള്ളവരും. വരും വർഷങ്ങളിലോരോന്നിലും ഇവരുടെ ഭൂമി ക്രമമായി നഷ്ടപ്പെടുകയും ഇവർ ദാരിദ്ര്യത്തിന്റെയും വിനാശത്തിന്റെയും ഭീഷണി അഭിമുഖീകരിക്കുകയും ചെയ്തു. ചിലപ്പോഴൊക്കെ പൊതു നികുതി പിരിവ് കുറയാതെ സൂക്ഷിക്കാൻ ശ്രമിച്ച നികുതി പിരിവുദ്യോഗസ്ഥർക്ക് ഇത് വൈഷമ്യങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

➲ തെളിവുരേഖകളുടെ സ്വരത്തിൽ നിന്ന്, ആഖ്യാനം ചെയ്യപ്പെടുന്ന വസ്തുതകളെക്കുറിച്ചുള്ള റിപ്പോർട്ടിന്റെ സമീപനം എന്താണെന്നാണ് നിങ്ങൾ കരുതുന്നത്? അക്കങ്ങളിലൂടെ ഈ റിപ്പോർട്ട് പറയാൻ ശ്രമിക്കുന്നതെന്താണ്? ഈ രണ്ടുവർഷത്തെ കണക്കുകൾ ആധാരമാക്കി ദീർഘകാലാടിസ്ഥാനത്തിലുള്ള പൊതുനിഗമനരൂപീകരണം നടത്തുന്നതിൽ എന്തെങ്കിലും പ്രശ്നം ഉണ്ടെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ?

➲ **ചർച്ച ചെയ്യുക...**

നിങ്ങൾ ഇവിടെ വായിച്ച സെമീന്ദാർമാരെക്കുറിച്ചുള്ള വിവരണങ്ങൾ എട്ടാം അധ്യായത്തിലുള്ള വിവരണങ്ങളുമായി താരതമ്യം ചെയ്യുക.

## 2. കൈക്കോട്ടും കലപ്പയും (THE HOE AND THE PLOUGH)

ബംഗാളിലെ ഈർപ്പനിലങ്ങളിൽ നിന്ന് വരണ്ട മേഖലകളിലേക്ക് നമുക്കിപ്പോൾ ശ്രദ്ധ തിരിക്കാം, അതായത് സുസ്ഥിര കൃഷി നിലനിന്നിരുന്ന പ്രദേശങ്ങളിൽ നിന്ന് മാറ്റക്കൃഷി നിലനിന്നിരുന്ന പ്രദേശങ്ങളിലേക്ക് നോക്കാം. മേച്ചിൽപ്പുറങ്ങളും രാജ്മഹൽ കുന്നുകളിലെ വനങ്ങളും വിഴുങ്ങിക്കൊണ്ട്, കർഷക സമ്പദ് വ്യവസ്ഥയുടെ അതിരുകൾ പുറത്തേക്ക് വ്യാപിച്ചപ്പോൾ വന്ന മാറ്റങ്ങൾ നിങ്ങൾക്കു മനസ്സിലാക്കാൻ കഴിയും. അതിനുപുറമെ ഈ മാറ്റങ്ങൾ എങ്ങനെയാണ് മേഖലയിൽ പലതരം സംഘർഷങ്ങൾ സൃഷ്ടിച്ചതെന്നും നിങ്ങൾക്കു കാണാൻ കഴിയും.

### 2.1 രാജ്മഹൽ കുന്നുകളിൽ (In the hills of Rajmahal)

പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ, ഫ്രാൻസിസ് ബുക്കാനൻ രാജ്മഹൽ കുന്നുകളിലൂടെ സഞ്ചരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ വിവരണത്തിൽനിന്ന് ഈ കുന്നുകൾ, ഉള്ളിലേക്ക് കയറാൻ തീർത്തും അസാധ്യമായതും സാഹസികയാത്രികർ പോകാൻ ധൈര്യപ്പെടാത്തതും അങ്ങേയറ്റം അപകടകരവുമായ പ്രദേശമായി തോന്നും. അദ്ദേഹം സഞ്ചരിച്ച സ്ഥലങ്ങളിലെല്ലാം ജനങ്ങൾ ശത്രുതയും ഉദ്യോഗസ്ഥരോട് ഭയപ്പാടും അവരോട് സംസാരിക്കാൻ വിമുഖതയും ഉള്ളവരായി കാണപ്പെട്ടു. പല അവസരങ്ങളിലും അവർ തങ്ങളുടെ ഗ്രാമങ്ങൾ ഉപേക്ഷിച്ച് രഹസ്യമായി കടന്നുകളയുകയും ചെയ്തിരുന്നു.

ആരായിരുന്നു ഈ ഗിരിവർഗക്കാർ? ബുക്കാനന്റെ സന്ദർശനത്തെ അവർ അത്രയ്ക്ക് ഭയപ്പെട്ടത് എന്തുകൊണ്ട്? പത്തൊൻപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഈ ഗിരിവർഗക്കാരെക്കുറിച്ച് ബുക്കാനന്റെ അനുദിനക്കുറിപ്പിലൂടെ വിസ്മയകരമായ ഒരു ഹ്രസ്വവീക്ഷണം നമുക്ക് ലഭിക്കുന്നു. ഡയറിയുടെ രൂപത്തിൽ എഴുതപ്പെട്ട ഈ കുറിപ്പിന്റെ ഉള്ളടക്കം, അദ്ദേഹം സന്ദർശിച്ച സ്ഥലങ്ങളും കണ്ടുമുട്ടിയ ജനങ്ങളും കണ്ട ആചാരങ്ങളുമാണ്. അത് നമ്മുടെ മനസ്സിൽ ചോദ്യങ്ങൾ ഉയർത്തുമെങ്കിലും എല്ലായ്പ്പോഴും ഉത്തരം കണ്ടെത്താൻ സഹായിക്കുന്നില്ല. അത് കാലത്തിന്റെ ഒരു പ്രത്യേക നിമിഷത്തെക്കുറിച്ച് നമ്മോടു പറയുന്നുവെങ്കിലും ജനങ്ങളുടെയും സ്ഥലങ്ങളുടെയും നീണ്ടചരിത്രം നമുക്കു നൽകുന്നില്ല. അതിന്, ചരിത്രകാരന്മാർ മറ്റ് രേഖകളിലേക്ക് തിരിയേണ്ടതുണ്ട്.

പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനകാലഘട്ടത്തിലെ റവന്യൂ രേഖകൾ പരിശോധിക്കുകയാണെങ്കിൽ, ഈ ഗിരിവർഗക്കാർ അറിയപ്പെട്ടിരുന്നത് പഹാരിയകൾ എന്നാണെന്ന് നമുക്കു മനസ്സിലാവും. അവർ രാജ്മഹൽ കുന്നുകൾക്കു ചുറ്റും വസിക്കുകയും ഉപജീവനത്തിനായി വനോൽപ്പന്നങ്ങളെ ആശ്രയിക്കുകയും മാറ്റക്കൃഷിയിൽ ഏർപ്പെടുകയും ചെയ്തു. കുറ്റിച്ചെടികൾ മുറിച്ചുമാറ്റിയും അടിക്കാടുകൾ കത്തിച്ചും അവർ വനത്തിന്റെ ചെറുഭാഗങ്ങൾ തെളിച്ചെടുത്തു. ചാരത്തിൽ അടങ്ങിയ പൊട്ടാഷ് കൊണ്ട് സമ്പുഷ്ടമായ ഈ തുണ്ടുകളിൽ അവർ ഉപഭോഗത്തിനുള്ള പല തരം പയറുവർഗങ്ങളും തിനയും വളർത്തി. കൈക്കോട്ട് കൊണ്ട് മണ്ണ് മെല്ലെ ഇളക്കി, തെളിച്ചെടുത്ത ഭൂമിയിൽ ഏതാനും വർഷത്തേക്ക് അവർ കൃഷിയിറക്കി. അതിനുശേഷം ഫലഫൂയിഷ്ഠത വീണ്ടെടുക്കാനായി അതിനെ തരിശ്ശാക്കിയിട്ട്, ഒരു പുതിയ പ്രദേശത്തേക്ക് നീങ്ങി.

അവർ വനങ്ങളിൽ നിന്ന് ആഹാരത്തിനായി *മഹുവയും* (ഒരു പുഷ്പം) വിൽപ്പനയ്ക്കായി പട്ടുനൂൽപ്പുഴുവിന്റെ കൂടുകളും, മരക്കറയും, മരക്കരി ഉൽപ്പാദിപ്പിക്കാനായി വിറകും ശേഖരിച്ചു. വൃക്ഷങ്ങൾക്ക് ചുവട്ടിൽ പായ പോലെ വ്യാപിച്ചു കിടന്ന പച്ചപ്പും തരിശ്ശായി ഉപേക്ഷിക്കപ്പെട്ട നിലങ്ങളിൽ വളർന്ന പുൽപ്പരപ്പുകളും കന്നുകാലികൾക്ക് മേച്ചിൽപ്പുറങ്ങൾ പ്രദാനം ചെയ്തു.

**ബുക്കാനൻ ആരായിരുന്നു ? (Who was Buchanan?)**

ഇന്ത്യയിലെത്തിച്ചേർന്ന് ബംഗാൾ മെഡിക്കൽ സർവീസിൽ (1794 മുതൽ 1815 വരെ) സേവനമനുഷ്ഠിച്ച ഒരു ഭിഷഗ്വരനായിരുന്നു ഫ്രാൻസിസ് ബുക്കാനൻ. ഇന്ത്യയുടെ ഗവർണർ- ജനറലായിരുന്ന വെല്ലസ്ലി പ്രഭുവിന്റെ സർജനായി കുറച്ചുകാലം അദ്ദേഹം പ്രവർത്തിക്കുകയുണ്ടായി. കൽക്കത്തയിൽ (ഇന്നത്തെ കൊൽക്കത്ത) താമസിച്ച സമയത്ത്, അദ്ദേഹം ഒരു മൃഗശാല സ്ഥാപിച്ചു; അത് കൽക്കത്ത ആലിപ്പൂർ മൃഗശാല എന്ന് പിന്നീട് അറിയപ്പെട്ടു. ഹ്രസ്വകാലത്തേക്ക് അദ്ദേഹം ബൊട്ടാണിക്കൽ ഗാർഡന്റെ ചുമതലയും വഹിക്കുകയുണ്ടായി. ബംഗാൾ സർക്കാറിന്റെ അഭ്യർഥന പ്രകാരം, ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ അധികാര പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ അദ്ദേഹം വിശദമായ സർവെകൾ നടത്തുകയുണ്ടായി. 1815 ൽ അദ്ദേഹം രോഗബാധിതനാവുകയും ഇംഗ്ലണ്ടിലേക്ക് മടങ്ങിപ്പോവുകയും ചെയ്തു. അദ്ദേഹത്തിന്റെ മാതാവിന്റെ മരണത്തെത്തുടർന്ന്, അദ്ദേഹത്തിന് അവരുടെ പാരമ്പര്യസ്വത്തും ഹാമിൽട്ടൺ എന്ന കുടുംബപ്പേരും ലഭിക്കുകയുണ്ടായി. അതിനാൽ അദ്ദേഹത്തെ പലപ്പോഴും ബുക്കാനൻ - ഹാമിൽട്ടൺ എന്ന് വിളിക്കുന്നു.



*ചിത്രം 10.8*
*രാജ്മഹൽ കുന്നിലെ ഒരു ഗ്രാമപ്രദേശത്തിന്റെ ദൃശ്യം, വരച്ചത് വില്യം ഹോഡ്ജസ്, 1782*

ഒരു ബ്രിട്ടീഷ് ചിത്രകാരനായിരുന്ന വില്യം ഹോഡ്ജസ് പസഫിക്കിലേക്കുള്ള (1772 - 75) രണ്ടാമത്തെ സമുദ്രപര്യടനത്തിൽ ക്യാപ്റ്റൻ കുക്കിനെ അനുഗമിക്കുകയും പിന്നീട് ഇന്ത്യയിലേക്ക് വരുകയും ചെയ്തു. 1781 ൽ അദ്ദേഹം ഭഗൽപുരിലെ കളക്ടറായിരുന്ന ക്ലീവ്ലാൻഡിന്റെ സുഹൃത്തായി. ക്ലീവ്ലാൻഡിന്റെ ക്ഷണപ്രകാരം 1782 ൽ ഹോഡ്ജസ് അദ്ദേഹത്തെ അനുഗമിച്ച് ജംഗൽ മഹലിലേയ്ക്ക് പോവുകയും ഒരു കൂട്ടം അക്വാറ്റിന്റുകൾ വരയ്ക്കുകയും ചെയ്തു. അക്കാലത്തെ മറ്റ് പല ബ്രിട്ടീഷ് ചിത്രകാരന്മാരെയുംപോലെ, ഹോഡ്ജും മനോഹര ദൃശ്യങ്ങൾക്ക് വേണ്ടി തിരഞ്ഞു. മനോഹര ദൃശ്യങ്ങൾക്കായി തിരഞ്ഞ കലാകാരന്മാർ, പ്രകൃതിയെ പ്രകീർത്തിക്കുകയും അതിന്റെ മഹത്വത്തെയും ശക്തിയെയും ആരാധിക്കുകയും ചെയ്യുന്ന ഒരു ചിന്താപാരമ്പര്യമായ കാൽപ്പനിക പ്രസ്ഥാനത്തിന്റെ ആശയങ്ങളാൽ പ്രചോദിതരാവുകയും ചെയ്തു. പ്രകൃതിയുമായി സംവദിക്കണമെങ്കിൽ കലാകാരന് പ്രകൃതിയെ ആധുനിക സംസ്കാരം കൊണ്ട് ദുഷിപ്പിക്കാത്ത ലളിതസുന്ദരമായ ഒന്നായി ചിത്രീകരിക്കേണ്ടിവരുമെന്നും, അറിയപ്പെടാത്ത ഭൂപ്രകൃതികൾ കണ്ടെത്തണമെന്നും വെളിച്ചത്തിന്റെയും നിഴലിന്റെയും ഉദാത്തമായ മാസ്മരികതയെ ആസ്വദിക്കണമെന്നും കാൽപ്പനിക വാദികൾക്ക് തോന്നിയിരുന്നു. ഈ അറിയപ്പെടാത്തതിനെ തേടിയാണ് ഹോഡ്ജ്, രാജ്മഹൽ കുന്നുകളിലേക്ക് പോയത്. പരന്ന ഭൂപ്രകൃതികൾ വിരസമായി അനുഭവപ്പെട്ട അദ്ദേഹം പരുപരുപ്പിലും ക്രമരാഹിത്യത്തിലും വൈവിധ്യത്തിലും സൗന്ദര്യം കണ്ടെത്തി. കൊളോണിയൽ ഉദ്യോഗസ്ഥർ അപകടകരവും വന്യവും പ്രക്ഷുബ്ധരായ ഗോത്രജനങ്ങൾ താമസിക്കുന്നതുമായി കണ്ട ഭൂപ്രകൃതികൾ, ഹോഡ്ജിന്റെ ചിത്രീകരണങ്ങളിൽ അസാധാരണവും ലളിതസുന്ദരവുമായ പ്രദേശങ്ങളായി കാണപ്പെടുന്നു.

➲ ചിത്രം നോക്കി മോഹനദൃശ്യപാരമ്പര്യത്തെ അത് ഏതൊക്കെവിധത്തിൽ പ്രതിനിധീകരിക്കുന്നു എന്നു കണ്ടെത്തുക.

വേട്ടക്കാർ, മാറ്റക്കൃഷിക്കാർ, ഭക്ഷണം ശേഖരിക്കുന്നവർ, മരക്കരി ഉൽപ്പാദകർ, പട്ടുനൂൽ പുഴുവളർത്തുകാർ എന്നീ നിലകളിൽ പഹാരിയകളുടെ ജീവിതം വനവുമായി ഗാഢമായി ബന്ധപ്പെട്ടതായിരുന്നു. പുളിമരത്തോട്ടങ്ങളിൽ കുടിൽകെട്ടി ജീവിച്ചിരുന്ന അവർ മാവിൻ ചുവട്ടിലെ തണലിൽ വിശ്രമിച്ചു. തങ്ങളുടെ സ്വത്വത്തിന്റെയും അതിജീവനത്തിന്റെയും അടിസ്ഥാനമായ ആ ഭൂപ്രദേശം മുഴുവനും അവരുടെ സ്വന്തമായാണ് അവർ കരുതിയത്. തങ്ങളുടെ പ്രദേശത്തേക്ക് അതിക്രമിച്ചു കയറുന്നവരെ അവർ ചെറുത്തു നിന്നു. അവരുടെ സംഘത്തിന്റെ ഐക്യം നിലനിർത്തിയിരുന്ന മുഖ്യൻമാർ, തർക്കങ്ങൾ തീർപ്പാക്കുകയും ഗോത്രയുദ്ധങ്ങളിൽ മറ്റ് ഗോത്രങ്ങൾക്കും സമതല നിവാസികൾക്കുമെതിരെ സ്വന്തം ഗോത്രത്തെ നയിക്കുകയും ചെയ്തു.

ആസിഡ് ഉപയോഗിച്ച് ഒരു ചെമ്പ് പാളി മുറിക്കുകയും അതിൽ ചിത്രങ്ങൾ ആലേഖനം നടത്തുകയും ചെയ്യുന്ന ചിത്രനിർമ്മാണ രീതിയാണ് അക്വാറ്റിന്റ്.



*ചിത്രം 10.9*
*ജംഗൽ തെറിയിലെ ഒരു ദൃശ്യം, വില്യം ഹോഡ്ജസ്*

ഇവിടെ വനമേഖലയായ താഴ്ന്ന കുന്നുകളും പാറക്കെട്ടുകൾ നിറഞ്ഞ രണ്ടായിരം അടിയിൽ ഒട്ടും കൂടാത്ത ഉയരമുള്ള മലനിരകളും നിങ്ങൾക്ക് കാണാൻ കഴിയും. കുന്നുകളെ കേന്ദ്രസ്ഥാനത്ത് വരച്ചും താഴെ നിന്ന് കാണുന്ന രീതിയിൽ വരച്ചും ഹോഡ്ജസ് അവയുടെ അപ്രാപ്യതയിലേക്ക് വിരൽ ചൂണ്ടുന്നു.

➲ ചിത്രം 10.8 ഉം ചിത്രം 10.9 ഉം കാണുക. ഗോത്രവർഗക്കാരും പ്രകൃതിയും തമ്മിലുള്ള ബന്ധം ചിത്രങ്ങൾ എങ്ങനെ പ്രതിനിധീകരിക്കുന്നുവെന്ന് വിവരിക്കുക.

കുന്നുകളെ അവരുടെ താവളങ്ങളാക്കിക്കൊണ്ട്, പഹാരിയകൾ സ്ഥിരകർഷകർ താമസിക്കുന്ന സമതലങ്ങളിലേക്ക് തുടർച്ചയായി മിന്നലാക്രമണങ്ങൾ നടത്തിയിരുന്നു. അതിജീവനത്തിന് ഇത്തരം മിന്നലാക്രമണങ്ങൾ ആവശ്യമായിരുന്നു, പ്രത്യേകിച്ചും ക്ഷാമകാലങ്ങളിൽ സ്ഥിരവാസിസമൂഹങ്ങളുടെ മേൽ അവരുടെ അധികാരം സ്ഥാപിക്കുന്നതിനും പുറത്തുള്ളവരുമായി രാഷ്ട്രീയ വിലപേശൽ നടത്തുന്നതിനുമുള്ള മാർഗം കൂടിയായിരുന്നു ഈ ആക്രമണങ്ങൾ. പലപ്പോഴും സമതലങ്ങളിൽ അധിവസിച്ചിരുന്ന സെമീന്ദാർമാർ ഗോത്രമുഖ്യർക്ക് കൃത്യമായി കപ്പം കൊടുത്തുകൊണ്ട് സമാധാനം വിലയ്ക്ക് വാങ്ങിയിരുന്നു. അതുപോലെ അവരുടെ നിയന്ത്രണത്തിലുള്ള ചുരങ്ങൾ ഉപയോഗിക്കാൻ അനുവാദം ലഭിക്കുന്നതിന് കച്ചവടക്കാർ ഗിരിവർഗക്കാർക്ക് ചെറിയൊരു സംഖ്യ നൽകിയിരുന്നു. ഒരിക്കൽ ചുങ്കം കൊടുത്തുകഴിഞ്ഞാൽ, പഹാരിയ മുഖ്യൻമാർ കച്ചവടക്കാരെ സംരക്ഷിക്കുകയും അവരുടെ ചരക്കുകൾ ആരും കൊള്ളയടിക്കില്ലെന്ന് ഉറപ്പ് വരുത്തുകയും ചെയ്തിരുന്നു.

എന്നാൽ വിലപേശിയുണ്ടാക്കിയ ഈ സമാധാനം ദുർബലമായിരുന്നു. സ്ഥിരകാർഷിക മേഖലയുടെ അതിരുകൾ കിഴക്കേ ഇന്ത്യയിൽ വൻതോതിൽ വികാസം പ്രാപിച്ചതോടെ പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനദശകങ്ങളിൽ ഈ സമാധാനം തകർന്നു. കാട് വെട്ടിത്തെളിക്കുന്നതിനെ ബ്രിട്ടീഷുകാർ പ്രോത്സാഹിപ്പിക്കുകയും സെമീന്ദാർമാരും *ജോട്ടേദാർമാരും* കൃഷിചെയ്തിട്ടില്ലാത്ത ഭൂമികളെല്ലാം നെൽപ്പാടങ്ങളാക്കി മറ്റുകയും ചെയ്തു. ബ്രിട്ടീഷുകാരെ സംബന്ധിച്ചിടത്തോളം ഭൂനികുതി വരുമാനത്തിന്റെ സ്രോതസ്സുകൾ വർധിപ്പിക്കുവാനും കയറ്റുമതിക്കാവശ്യമായ വിളകൾ ഉൽപ്പാദിപ്പിക്കുവാനും അതിലൂടെ സുസ്ഥിരവും വ്യവസ്ഥാപിതവുമായ ഒരു സമൂഹം കെട്ടിപ്പടുക്കാനും സ്ഥിരകൃഷിയുടെ വ്യാപനം ആവശ്യമായിരുന്നു. അവർ വനങ്ങളെ വന്യതയുമായി ബന്ധപ്പെടുത്തുകയും വനവാസികളെ കാട്ടാളരും അച്ചടക്കമില്ലാത്തവരും പ്രാകൃതരും ഭരിക്കാൻ ബുദ്ധിമുട്ടുള്ളവരുമായി കണക്കാക്കുകയും ചെയ്തു. അതുകൊണ്ട് കാടുകൾ വെട്ടിത്തെളിക്കണമെന്നും സ്ഥിരകൃഷി ആരംഭിച്ച്, വനവാസികളെ ഇണക്കി പരിഷ്കൃതരാക്കണമെന്നും വേട്ടയാടൽ ഉപേക്ഷിക്കാൻ പ്രേരിപ്പിച്ച് കലപ്പ ഉപയോഗിച്ചുള്ള കൃഷിയിലേക്ക് തിരിക്കണമെന്നും അവർക്ക് തോന്നി.

സ്ഥിരകൃഷി വ്യാപിക്കാൻ തുടങ്ങിയപ്പോൾ, വനപ്രദേശങ്ങളും മേച്ചിൽപ്പുറങ്ങളും ചുരുങ്ങി. ഇത് ഗിരിവർഗക്കാരും സ്ഥിരകർഷകരും തമ്മിലുള്ള സംഘർഷങ്ങൾക്ക് മൂർച്ചകൂട്ടി. ധാന്യങ്ങളും കന്നുകാലികളും കവർന്നുകൊണ്ടുള്ള ഗിരിവർഗക്കാരുടെ സ്ഥിരമായ മിന്നലാക്രമണങ്ങൾ അധിവാസഗ്രാമങ്ങളിൽ വർധിച്ചുവന്നു. പ്രകോപിതരായ കോളനി ഉദ്യോഗസ്ഥർ പഹാരിയകളെ നിയന്ത്രി

ക്കാനും കീഴ്പ്പെടുത്താനും കിണഞ്ഞുശ്രമിച്ചു. എന്നാൽ ആ ജോലി അത്ര എളുപ്പമല്ല എന്നവർ കണ്ടെത്തി.

1770 കളിൽ ബ്രിട്ടീഷുകാർ ഉന്മൂലനത്തിന്റെ ക്രൂരമായ ഒരു നയം നടപ്പിലാക്കി, പഹാരിയകളെ വേട്ടയാടിപ്പിടിച്ച് കൊന്നൊടുക്കി. പിന്നീട് 1780 കളിൽ, ഭഗൽപ്പൂരിലെ കളക്ടറായിരുന്ന അഗസ്റ്റസ് ക്ലീവ്ലാന്റ് അനുരഞ്ജനത്തിന്റെ ഒരു നയം മുന്നോട്ട് വച്ചു. പഹാരിയ തലവന്മാർക്ക് വാർഷികബത്ത നൽകുകയും തങ്ങളുടെ ആളുകളെ അടക്കി നിർത്താൻ അവരെ ചുമതലപ്പെടുത്തുകയും ചെയ്തു. മുഖ്യന്മാർ തങ്ങളുടെ പ്രദേശങ്ങളിൽ ക്രമസമാധാനം സ്ഥാപിക്കുകയും അവരുടെ തന്നെ ജനങ്ങളെ അടക്കി നിർത്തുകയും ചെയ്യണമായിരുന്നു. പല പഹാരിയാ മുഖ്യന്മാരും ഈ തുകകൾ നിരസിച്ചു. അത് സ്വീകരിച്ചവർക്ക് മിക്കപ്പോഴും സ്വസമുദായത്തിനുള്ളിലെ അധികാരം നഷ്ടപ്പെട്ടു. കോളനി സർക്കാറിന്റെ പ്രതിഫലം വാങ്ങുന്നവർ എന്ന രീതിയിൽ, അവർ കീഴ്ജീവനക്കാർ അല്ലെങ്കിൽ ധനസഹായം പറ്റുന്ന മുഖ്യന്മാരായി വീക്ഷിക്കപ്പെട്ടു.

അനുരഞ്ജന ശ്രമങ്ങൾ തുടരുമ്പോഴും പഹാരിയകൾ പർവതപ്രദേശങ്ങളുടെ ഉൾഭാഗത്തേക്ക് പിൻവലിയുകയും ശത്രുക്കളിൽനിന്ന് സ്വയം അകന്ന് നിൽക്കുകയും പുറമേ നിന്നുള്ളവരുമായി യുദ്ധം തുടരുകയും ചെയ്തു. അങ്ങനെ 1810–11 ലെ ശൈത്യകാലത്ത് ഫ്രാൻസിസ് ബുക്കാനൻ ആ പ്രദേശത്തിലൂടെ സഞ്ചരിച്ചപ്പോൾ പഹാരിയകൾ സ്വാഭാവികമായും അദ്ദേഹത്തെ വീക്ഷിച്ചത് സംശയത്തോടെയും അവിശ്വാസത്തോടെയുമാണ്. അനുരഞ്ജന ശ്രമങ്ങളുടെ അനുഭവവും ക്രൂരമായ അടിച്ചമർത്തലിന്റെ ഓർമ്മകളുമാണ് പ്രദേശത്ത് ബ്രിട്ടീഷുകാരുടെ കടന്നുകയറ്റത്തെക്കുറിച്ചുള്ള അവരുടെ കാഴ്ചപ്പാടിനെ രൂപപ്പെടുത്തിയത്. ഓരോ വെള്ളക്കാരനും പഹാരിയകളുടെ ജീവിതരീതിയെയും അതിജീവനമാർഗങ്ങളെയും തകർക്കാനും അവരുടെ, വനങ്ങളുടെയും ഭൂമിയുടെയും മേലുള്ള നിയന്ത്രണത്തെ തട്ടിയെടുക്കാനും വന്ന അധികാരത്തിന്റെ രൂപമാണെന്ന് അവർക്ക് തോന്നി.

ആ സമയത്തിനുള്ളിൽ, യഥാർഥത്തിൽ പുതിയ വിപത്തിന്റെ സൂചനകളും അവരെ കാത്തിരുന്നു. സന്താളുകൾ ആ പ്രദേശത്തേക്ക് കടന്നുകയറുകയും വനങ്ങൾ വെട്ടിത്തെളിക്കുകയും മരങ്ങൾ മുറിക്കുകയും ഭൂമി ഉഴുതുമറിച്ച് നെല്ലും പരുത്തിയും കൃഷി നടത്തുകയും ചെയ്തു. താഴ്ന്ന കുന്നിൻ പ്രദേശങ്ങൾ സന്താളുകൾ കയ്യടക്കിയപ്പോൾ, പഹാരിയകൾ രാജ്മഹൽ കുന്നുകളുടെ കൂടുതൽ ഉൾഭാഗങ്ങളിലേക്കു പിൻവാങ്ങി. മാറ്റക്കൃഷിക്ക് ഉപയോഗിച്ചിരുന്ന കൈക്കോട്ട് പഹാരിയകളുടെ ജീവിതത്തിന്റെ പ്രതീകമായിരുന്നെങ്കിൽ, കുടിയേറ്റക്കാരെ പ്രതിനിധീകരിച്ചത് കലപ്പയുടെ ശക്തിയാണ്. കൈക്കോട്ടും കലപ്പയും തമ്മിലുള്ള ഈ പോരാട്ടം ദീർഘകാലം നീണ്ടുനിന്നു.

### 2.2 സന്താളുകൾ: ആദ്യത്തെ കുടിയേറ്റക്കാർ (The Santhals: Pioneer settlers)

1810 ന്റെ അവസാനത്തിൽ, ബുക്കാനൻ രാജ്മഹൽ കുന്നുകളുടെ ഭാഗമായ ഗഞ്ചുറിയ പഹർ കടന്ന് അതിനപ്പുറത്തെ പാറക്കെട്ടുകൾ നിറഞ്ഞ നാടും കടന്ന് ഒരു ഗ്രാമത്തിലെത്തിച്ചേർന്നു. അത് പുരാതനമായ ഒരു ഗ്രാമമായിരുന്നു; എങ്കിലും ചുറ്റുമുള്ള പ്രദേശങ്ങൾ അടുത്തകാലത്ത് കൃഷി വ്യാപിപ്പിക്കുന്നതിനായി വെട്ടിത്തെളിച്ചിരുന്നു. "മനുഷ്യാധ്വാനം ഫലപ്രദമായി പ്രയോജനപ്പെടുത്തി" ക്കൊണ്ട് ഈ ഭൂപ്രദേശത്തെ മാറ്റിയെടുത്തതിന്റെ തെളിവുകൾ ഭൂപ്രകൃതി നിരീക്ഷിച്ച ബുക്കാനൻ കണ്ടെത്തി. അദ്ദേഹം ഇങ്ങനെ എഴുതി : "ഇതിനെ എത്ര മഹത്തായ രാജ്യമാക്കി മാറ്റാൻ സാധിക്കും എന്നു കാണിച്ചുതരാൻ ആവശ്യമായത്രയും കൃഷിയുണ്ട് ഗഞ്ചുറിയയിൽ. അതിന്റെ സൗന്ദര്യവും സമ്പത്തും പ്രപഞ്ചത്തിലെ ഏതു പ്രദേശത്തിനും ഒപ്പം നിൽക്കുന്നതാക്കി മാറ്റാൻ കഴിയുമെന്ന് ഞാൻ കരുതുന്നു". ഇവിടുത്തെ മണ്ണ് ശിലാമയമായിരുന്നെങ്കിലും "അസാധാരണമായി നല്ലതായിരുന്നു". ഇത്രയും മികവുറ്റ പുകയിലയും കടുകും ബുക്കാനൻ മറ്റൊരിടത്തും കണ്ടിരുന്നില്ല. ഇവിടെ കൃഷിയുടെ അതിരുകൾ വികസിപ്പിച്ചത് സന്താളുകൾ ആയിരുന്നുവെന്ന് അദ്ദേഹം അന്വേഷിച്ചപ്പോൾ കണ്ടെത്തി. 1800 കളോടെ അവർ ഈ പ്രദേശത്തേക്ക് വരുകയും ഈ താഴ്‌വരകളിൽ താമസിച്ചിരുന്ന ഗിരിവർഗക്കാരെ പുറത്താക്കുകയും കാടുകൾ വെട്ടിത്തെളിച്ച് ഈ ഭൂമിയെ കൃഷിയോഗ്യമാക്കിത്തീർക്കുകയും ചെയ്തു.

സന്താളുകൾ എങ്ങനെയാണ് രാജ്മഹൽ കുന്നുകളിൽ എത്തിച്ചേർന്നത്? 1780 കളിലാണ് സന്താളുകൾ ബംഗാളിൽ എത്തിച്ചേരാൻ തുടങ്ങിയത്. കാടുകൾ വെട്ടിത്തെളിക്കാനും കൃഷി വ്യാപിപ്പിക്കാനുമായി സെമീന്ദാർമാർ അവരെ വാടകയ്ക്കെടുത്തു. ബ്രിട്ടീഷ് ഉദ്യോഗസ്ഥർ അവരെ ജംഗൽ മഹലുകളിൽ അധിവസിക്കുവാൻ ക്ഷണിച്ചു.പഹാരിയാകളെ മെരുക്കി സ്ഥിരകൃഷിക്കാരാക്കുന്നതിൽ പരാജയപ്പെട്ടതിനെത്തുടർന്ന്, ബ്രിട്ടീഷുകാർ സന്താളുകളിലേക്ക് തിരിഞ്ഞു. പഹാരിയകൾ വനങ്ങൾ വെട്ടിത്തെളിക്കാൻ വിസമ്മതിക്കുകയും കലപ്പ ഉപയോഗിക്കുന്നതിനെ ചെറുക്കുകയും കുഴപ്പങ്ങൾ സൃഷ്ടിക്കുന്നവരായി തുടരുകയും ചെയ്തു. ഇതിൽ നിന്ന് വ്യത്യസ്തരായി സന്താളുകൾ കാടുകൾ വെട്ടിത്തെളിക്കുകയും കലപ്പ ഉപയോഗിച്ച് ഊർജ്ജസ്വലതയോടെ ഭൂമി ഉഴുതു മറിയ്ക്കുകയും ചെയ്തുകൊണ്ട് മികച്ച കുടിയേറ്റക്കാരായി കാണപ്പെട്ടു.

ചിത്രം 10.10
സന്താൾ ദേശത്തെ മലയോരഗ്രാമങ്ങൾ, ഇല്ലസ്ട്രേറ്റഡ് ലണ്ടൻ ന്യൂസ്, 23 ഫെബ്രുവരി 1856
രാജ്മഹൽ കുന്നുകളിലെ താഴ്‌വരകളിലെ ഈ ഗ്രാമത്തിന്റെ രേഖാചിത്രം 1850 കളുടെ തുടക്കത്തിൽ വാൾട്ടർ ഷേർവിൽ വരച്ചത്.
ഗ്രാമം സമാധാനപരവും ശാന്തവും സുന്ദരവുമായി കാണപ്പെടുന്നു. ഇവിടത്തെ ജീവിതത്തെ പുറംലോകം സ്പർശിക്കാത്തതായി തോന്നുന്നു.

➲ സന്താൾ ഗ്രാമത്തിന്റെ ഈ രേഖാചിത്രത്തെ ചിത്രം 10.12 മായി താരതമ്യം ചെയ്യുക.



സന്താളുകൾക്ക് ഭൂമി നൽകുകയും രാജ്മഹൽ കുന്നുകളുടെ താഴ്വരകളിൽ അധിവസിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തു. 1832 ഓടെ ഒരു വലിയ ഭൂപ്രദേശം ദാമിൻ-ഇ-കോഹ് (Damin-i-Koh) ആയി വേർതിരിക്കപ്പെട്ടു. ഇത് സന്താളുകളുടെ ഭൂമിയായി പ്രഖ്യാപിക്കപ്പെട്ടു. അവർ അതിനകത്ത് ജീവിച്ച്, കലപ്പ ഉപയോഗിച്ച് കൃഷിശീലിച്ച്, അധിവാസ കർഷകരായി മാറണമായിരുന്നു. ആദ്യത്തെ പത്തു വർഷത്തിനുള്ളിൽ തങ്ങൾക്ക് ലഭിച്ച ഭൂമിയുടെ പത്തിലൊന്നുഭാഗം വെട്ടിത്തെളിച്ച് കൃഷിയിറക്കണമെന്ന് സന്താളുകൾക്ക് ഭൂദാനരേഖയിൽ വ്യവസ്ഥ ചെയ്തിരുന്നു. ഈ പ്രദേശം അളന്ന് തിട്ടപ്പെടുത്തുകയും അതിന്റെ ഭൂരേഖ തയ്യാറാക്കുകയും ചെയ്തു. അതിർത്തികൾ തൂണുകൾ സ്ഥാപിച്ച് അടച്ചുകെട്ടി, ഒരേസമയം സമതലങ്ങളിലെ അധിവാസകൃഷിക്കാരുടെ ലോകത്തുനിന്നും മലകളിലെ പഹാരിയകളിൽ നിന്നും ഈ പ്രദേശം വേർതിരിക്കപ്പെടുകയും ചെയ്തു.

ദാമിൻ-ഇ-കോഹ് വേർതിരിക്കപ്പെട്ടശേഷം, സന്താളുകളുടെ അധിവാസകേന്ദ്രങ്ങൾ ദ്രുതഗതിയിൽ വികസിച്ചു. 1838 ൽ നാല്പതു സന്താൾ ഗ്രാമങ്ങൾ ഉണ്ടായിരുന്ന ഈ പ്രദേശത്ത്, 1851 ഓടെ ആയിരത്തി നാനൂറ്റി എഴുപത്തി മൂന്ന് ഗ്രാമങ്ങൾ ഉയർന്നുവന്നു. ഇതേ കാലഘട്ടത്തിൽ തന്നെ, സന്താൾ ജനതയുടെ ജനസംഖ്യ കേവലം മൂവായിരത്തിൽ നിന്ന് എൺപത്തിരണ്ടായിരമായി വർധിച്ചു. കൃഷിയുടെ വ്യാപനത്തോടെ, കമ്പനിയുടെ ഖജനാവിലേക്ക് വർധിത അളവിൽ വരുമാനം ഒഴുകിയെത്തി.

പത്തൊൻപതാം നൂറ്റാണ്ടിലെ സന്താളുകളുടെ ഐതിഹ്യങ്ങളും പാട്ടുകളും ഒരു സുദീർഘമായ യാത്രയുടെ ചരിത്രത്തെക്കുറിച്ച് ആവർത്തിച്ചു പരാമർശിക്കുന്നു: അവ സന്താളുകളുടെ ഭൂതകാലത്തെ തങ്ങൾക്കധിവസിക്കാനുള്ള ഒരു പ്രദേശത്തിനു വേണ്ടിയുള്ള അക്ഷീണമായ അന്വേഷണവുമായി നിരന്തരം സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ഒന്നായി ചിത്രീകരിക്കുന്നു. ഇവിടെ ദാമിൻ - ഇ - കോഹിൽ അവരുടെ സഞ്ചാരത്തിന് വിരാമമായി എന്ന തോന്നലുണ്ടായി.

രാജ്മഹൽ കുന്നുകളുടെ പ്രാന്തപ്രദേശങ്ങളിൽ സന്താളുകൾ താമസമാരംഭിച്ചപ്പോൾ, പഹാരിയകൾ ചെറുത്തുനിന്നെങ്കിലും ആത്യന്തികമായി അവർ കുന്നുകളുടെ ഉൾഭാഗങ്ങളിലേക്ക് പിൻമാറാൻ നിർബന്ധിതരായി. താഴ്ന്നകുന്നുകളിലേക്കും താഴ്വാരങ്ങളിലേക്കും നീങ്ങുന്നതിനുള്ള സ്വാതന്ത്ര്യം നിയന്ത്രിക്കപ്പെട്ടതോടെ, അവർ വരണ്ട ഉൾപ്രദേശങ്ങളിലും കൂടുതൽ തരിശും പാറക്കെട്ടുകൾ നിറഞ്ഞതുമായ ഉയരം കൂടിയ കുന്നുകളിലുമായി ഒതുങ്ങിക്കൂടി. ഇത് അവരുടെ ജീവിതത്തെ സാരമായി ബാധിക്കുകയും പിൽക്കാലത്ത് ദാരിദ്ര്യത്തിലേക്ക് നയിക്കുകയും ചെയ്തു. കൃഷി ഇറക്കാനായി പുതിയ ഭൂമിയിലേക്ക് മാറാനുള്ള കഴിവിനെയും മണ്ണിന്റെ സ്വാഭാവിക ഫലഭൂയിഷ്ഠത പ്രയോജനപ്പെടുത്തുന്നതിനെയും ആശ്രയിച്ചാണ് മാറ്റക്കൃഷി നിലനിൽക്കുന്നത്. ദാമിന്റെ ഭാഗമായി മാറിയ ഏറ്റവും ഫലഭൂയിഷ്ഠമായ മണ്ണ് അപ്രാപ്യമായതോടെ സന്താളുകൾക്ക് അവരുടെ കൃഷിരീതി ഫലപ്രദമായി തുടരാൻ കഴിയാതെ വന്നു. ഈ പ്രദേശങ്ങളിലെ വനങ്ങൾ, കൃഷിക്കായി വെട്ടിത്തെളിച്ചപ്പോൾ അവർക്കിടയിലെ വേട്ടക്കാർക്കും പ്രശ്നങ്ങൾ നേരിടേണ്ടി വന്നു. ഇതിൽനിന്ന് വ്യത്യസ്തമായി സന്താളുകൾ അവരുടെ അലഞ്ഞുതിരിഞ്ഞുള്ള ആദ്യകാല ജീവിതം ഉപേക്ഷിക്കുകയും ഒരിടത്ത് സ്ഥിരതാമസമുറപ്പിക്കുകയും വിപണി ലാക്കാക്കിയുള്ള വാണിജ്യവിളകളുടെ ഒരു നിരതന്നെ കൃഷി ചെയ്യുകയും വ്യാപാരികളുമായും ഹുണ്ടികക്കാരുമായും വ്യവഹാരത്തിൽ ഏർപ്പെടുകയും ചെയ്തു.

എന്നിരുന്നാലും അധികം വൈകാതെ, തങ്ങൾ കൃഷിയിറക്കിയിരുന്ന ഭൂമി അവരുടെ കൈകളിൽ നിന്ന് വഴുതിപ്പോകുന്നതായി സന്താളുകൾ തിരിച്ചറി



ചിത്രം 10.11
സിദ്ദു മാഞ്ചി, സന്താൾ കലാപത്തിന്റെ നേതാവ്

ഞ്ഞു. സന്താളുകൾ വെട്ടിത്തെളിച്ച ഭൂമിയിൽ നിന്ന് ഗവൺമെന്റ് അമിതമായി ഭൂനികുതി ചുമത്തിക്കൊണ്ടിരുന്നു; ഹുണ്ടികക്കാർ (*dikus*/ദിക്കുകൾ) അവരിൽ നിന്ന് ഉയർന്ന പലിശനിരക്ക് ഈടാക്കുകയും കടം തിരിച്ചടയ്ക്കാതെ വന്നപ്പോൾ ഭൂമി പിടിച്ചെടുക്കുകയും സെമീന്ദാർമാർ ദാമിൻ പ്രദേശത്ത് നിയന്ത്രണം സ്ഥാപിക്കുകയും ചെയ്തുകൊണ്ടിരുന്നു.

1850കളോടെ സന്താളുകൾക്ക് അവർ ഭരിക്കുന്ന ഒരാദർശലോകം സൃഷ്ടിക്കുന്നതിനായി സെമീന്ദാർമാർക്കും ഹുണ്ടികക്കാർക്കും കോളനി ഗവൺമെന്റിനുമെതിരെ കലാപം നടത്തേണ്ട സമയം എത്തിച്ചേർന്നിരിക്കുന്നതായി തോന്നി. സന്താൾ കലാപത്തിനുശേഷമാണ് (1855–56), ഭഗൽപൂർ, ബിർഭം എന്നീ ജില്ലകളിൽനിന്ന് അയ്യായിരത്തി അഞ്ഞൂറ് ചതുരശ്രമൈൽ വേർതിരിച്ചെടുത്ത് സന്താൾ പർഗാന രൂപീകരിച്ചത്. സന്താളുകൾക്ക് വേണ്ടി ഒരു പുതിയ ഭൂപ്രദേശം സൃഷ്ടിക്കുന്നതിലൂടെയും അതിനകത്ത് ചില പ്രത്യേക നിയമങ്ങൾ നടപ്പിലാക്കുന്നതിലൂടെയും സന്താളുകളെ അനുനയിപ്പിക്കാമെന്ന് കോളനി ഭരണകൂടം പ്രതീക്ഷിച്ചു.



ചിത്രം 10.12
സന്താളുകൾ ബ്രിട്ടീഷ് രാജിന്റെ ശിപായിമാരോട് പോരാടുന്നു, ഇല്ലസ്ട്രേറ്റഡ് ലണ്ടൻ ന്യൂസ്, 23 ഫെബ്രുവരി 1856
കലാപം സന്താളുകളെക്കുറിച്ചുള്ള ബ്രിട്ടീഷുകാരുടെ കാഴ്ചപ്പാടുകളെ മാറ്റി മറിച്ചു. മുൻപ് ശാന്തരും സമാധാനപരരുമായി കാണപ്പെട്ടിരുന്ന ഗോത്രങ്ങൾ (ചിത്രം 10.10) ഇപ്പോൾ അക്രമത്തിന്റെയും ക്രൂരകൃത്യങ്ങളുടെയും ചിഹ്നങ്ങളായി കാണപ്പെട്ടു തുടങ്ങി.



➲ ഇംഗ്ലണ്ടിലെ ഇല്ലസ്ട്രേറ്റഡ് ലണ്ടൻ ന്യൂസിന്റെ ഒരു വായനക്കാരനാണ് നിങ്ങളെന്ന് സങ്കൽപ്പിക്കുക. ചിത്രം 10.12 ലും 10.13 ലും 10.14 ലും വരച്ചിരിക്കുന്ന ചിത്രീകരണങ്ങളോട് നിങ്ങൾ എങ്ങനെ പ്രതികരിക്കും? സന്താളുകളെക്കുറിച്ചുള്ള എന്ത് പ്രതിച്ഛായയാണ് ഈ ചിത്രങ്ങൾ നിങ്ങളുടെ മനസ്സിൽ സൃഷ്ടിക്കുന്നത്?

*ചിത്രം 10.13*
*സന്താൾ ഗ്രാമങ്ങൾ അഗ്നിക്കിരയാക്കുന്നു.* ഇല്ലസ്ട്രേറ്റഡ് ലണ്ടൻ ന്യൂസ്, 23 *ഫെബ്രുവരി* 1856

കലാപം അമർച്ച ചെയ്തതിനുശേഷം, പ്രദേശത്ത് തിരച്ചിൽ നടത്തുകയും സംശയം തോന്നിയവരെ തിരഞ്ഞുപിടിക്കുകയും ഗ്രാമങ്ങൾ അഗ്നിക്കിരയാക്കുകയും ചെയ്തു. അഗ്നിക്കിരയാക്കിയ ഗ്രാമങ്ങളുടെ ചിത്രങ്ങൾ ഇംഗ്ലണ്ടിൽ പൊതുജനസമക്ഷം പ്രദർശിപ്പിക്കപ്പെട്ടു–ബ്രിട്ടീഷുകാരുടെ മേധാവിത്വവും കലാപത്തെ അമർച്ച ചെയ്യാനും കൊളോണിയൽ വ്യവസ്ഥ അടിച്ചേൽപ്പിക്കാനുമുള്ള അവരുടെ കഴിവും ഒരിക്കൽ കൂടി പ്രകടമാക്കുവാനായിരുന്നു ഇത്.



*ചിത്രം 10.14*
*സന്താൾ തടവുകാരെ കൊണ്ടുപോകുന്നു.* ഇല്ലസ്ട്രേറ്റഡ് ലണ്ടൻ ന്യൂസ്, 1856

ഇത്തരം ചിത്രങ്ങൾ എങ്ങനെയാണ് രാഷ്ട്രീയ സന്ദേശങ്ങൾ വിനിമയം ചെയ്യുന്നതെന്ന് ശ്രദ്ധിക്കുക. ചിത്രത്തിന്റെ കേന്ദ്രഭാഗത്ത് ബ്രിട്ടീഷ് ഉദ്യോഗസ്ഥർ വിജയശ്രീലാളിതരായി ആനപ്പുറത്ത് സഞ്ചരിക്കുന്നത് നിങ്ങൾക്ക് കാണാൻ കഴിയും. കുതിരപ്പുറത്ത് ഇരിക്കുന്ന ഒരു ഉദ്യോഗസ്ഥൻ ഒരു ഹുക്കയിൽ നിന്ന് പുകവലിക്കുന്നു: അശാന്തിയുടെ സമയം അവസാനിച്ചുവെന്നും കലാപം അടിച്ചമർത്തപ്പെട്ടുവെന്നും ഊന്നിപ്പറയുന്ന ഒരു ചിത്രം. ബന്ധനസ്ഥരായ കലാപകാരികളെ കമ്പനിപ്പടയാളികളുടെ അകമ്പടിയോടെയും വലയം ചെയ്തും ജയിലിലേക്ക് കൊണ്ടു പോകുന്നു.

സ്രോതസ്സ് 3

**സന്താളുകളെക്കുറിച്ച് ബുക്കാനൻ എഴുതി (Buchanan on the Santhals)**

ബുക്കാനൻ എഴുതി :

പുതിയ ഭൂമി വെട്ടിത്തെളിക്കുന്നതിൽ വളരെ ചാതുര്യമുള്ളവരായിരുന്നുവെങ്കിലും അവർ മോശമായ ജീവിത രീതിയായിരുന്നു പിന്തുടർന്നിരുന്നത്. അവരുടെ കുടിലുകൾ വേലികളില്ലാത്തതും ചുമരുകൾ കമ്പുകൾ അടുത്തടുത്ത് കുത്തി നിർത്തിയശേഷം കളിമണ്ണ് പൂശി നിർമ്മിച്ചതുമായിരുന്നു. അവ ചെറുതും ശുചിത്വമില്ലാത്തതും വളരെ പരന്ന മേൽക്കൂരയുള്ളതും വളരെ ചെറിയ വളവുള്ളതും ആയിരുന്നു.

സ്രോതസ്സ് 4

**കടുയക്കടുത്തുള്ള പാറകൾ (The rocks near Kaduya)**

ബുക്കാനന്റെ ദൈനംദിനക്കുറിപ്പുകൾ താഴെ പറയുന്നതുപോലെയുള്ള നിരീക്ഷണങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുന്നു:

ഒരു മൈൽ ദൂരം മുന്നോട്ട് നടന്ന (ഞാൻ) പ്രത്യക്ഷമായി പാളിയില്ലാത്ത താഴ്ന്നപാറയിൽ എത്തിച്ചേർന്നു. സ്ഫടികക്കല്ലുകളും കറുത്ത അഭ്രത്തോടും ചേർന്ന ചുവന്ന നിറമുള്ള അഭ്രം ഉള്ള ഒരു ചെറിയ കൃഷ്ണശിലയായിരുന്നു അത്..... അവിടെ നിന്ന് അര മൈൽ പിന്നെയും സഞ്ചരിച്ച്, പാളികൾ ഇല്ലാത്ത മറ്റൊരു ശിലയുടെ സമീപം എത്തിച്ചേർന്നു. അത് വെങ്കല്ലും കറുത്ത അഭ്രവും ചേർന്ന മഞ്ഞകലർന്ന ചന്ദ്രകാന്തമുള്ള വളരെ നേർത്ത കരിങ്കല്ല് ആയിരുന്നു.

### 2.3 ബുക്കാനന്റെ വിവരണങ്ങൾ (The accounts of Buchanan)

ബുക്കാനന്റെ വിവരണങ്ങളാണ് നാം സ്വീകരിച്ചിരിക്കുന്നത്. എന്നാൽ അദ്ദേഹത്തിന്റെ വിവരണങ്ങൾ വായിക്കുമ്പോൾ, അദ്ദേഹം ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ഒരു ഉദ്യോഗസ്ഥനായിരുന്നുവെന്ന കാര്യം നാം വിസ്മരിക്കരുത്. അദ്ദേഹത്തിന്റെ യാത്രകൾക്ക് പ്രചോദനമായിരുന്നത് വെറും ഭൂപ്രകൃതിയോടുള്ള സ്നേഹമോ, അറിയപ്പെടാത്തത് കണ്ടെത്താനുള്ള ആഗ്രഹമോ ആയിരുന്നില്ല. പകർപ്പെഴുത്തുകാർ, സർവെയർമാർ, പല്ലക്ക് വാഹകർ, കൂലിപ്പണിക്കാർ എന്നിങ്ങനെ പട്ടാളം പോലെ കുറെയാളുകളുമായാണ് അദ്ദേഹം ഓരോയിടത്തും കടന്നുചെന്നത്. ബുക്കാനൻ ശേഖരിക്കുന്ന വിവരങ്ങൾ തങ്ങൾക്ക് ആവശ്യമാണെന്നുള്ളതു കൊണ്ടാണ് അദ്ദേഹത്തിന്റെ യാത്രാച്ചെലവുകൾ ഈസ്റ്റിന്ത്യാ കമ്പനി വഹിച്ചത്. എന്താണ് അന്വേഷിക്കേണ്ടതെന്നും എന്താണ് രേഖപ്പെടുത്തേണ്ടതെന്നുമുള്ള കൃത്യമായ നിർദേശങ്ങൾ ബുക്കാനന് നൽകിയിരുന്നു. തന്റെ അനുയായി വൃന്ദത്തോടൊപ്പം ഒരു ഗ്രാമത്തിൽ എത്തിച്ചേർന്നയുടൻ തന്നെ അദ്ദേഹം ഒരു *സർക്കാർ* ഏജന്റായി നിരീക്ഷിക്കപ്പെട്ടു.

കമ്പനി അധികാരം ഭദ്രമാക്കുകയും വ്യാപാരം വിപുലീകരിക്കുകയും ചെയ്തതോടെ തങ്ങൾക്കുനിയന്ത്രിക്കാനും ചൂഷണം ചെയ്യാനും സാധിക്കുന്ന പ്രകൃതിവിഭവങ്ങൾക്കായുള്ള പുതിയ അന്വേഷണം തുടങ്ങി. കമ്പനി, ഭൂപ്രദേശങ്ങളും നികുതി സ്രോതസ്സുകളും സർവെ ചെയ്യുകയും സമുദ്രപര്യവേഷണ യാത്രകൾ സംഘടിപ്പിക്കുകയും വിവരശേഖരണാർഥം ഭൗമശാസ്ത്രജ്ഞരെയും ഭൂമിശാസ്ത്രജ്ഞരെയും സസ്യശാസ്ത്രജ്ഞരെയും വൈദ്യസംഘത്തെയും അയയ്ക്കുകയും ചെയ്തു. തികച്ചും അസാധാരണ നിരീക്ഷകനായിരുന്ന ബുക്കാനൻ ഇതിൽ ഒരാളായിരുന്നു. എത്തിച്ചേർന്ന സ്ഥലങ്ങളിലെല്ലാം അദ്ദേഹം ശിലകളെയും പാറകളെയും മണ്ണിന്റെ വ്യത്യസ്തമായ പാളികളെയും അടുക്കുകളെയും ആവേശപൂർവം നിരീക്ഷിച്ചു. വാണിജ്യമൂല്യമുള്ള ധാതുക്കൾക്കും കല്ലുകൾക്കും വേണ്ടി അദ്ദേഹം തിരച്ചിൽ നടത്തി. ഇരുമ്പയിര്, അഭ്രം, കരിങ്കല്ല്, വെടിയുപ്പ് എന്നിവയെക്കുറിച്ചുള്ള എല്ലാ സൂചനകളും അദ്ദേഹം രേഖപ്പെടുത്തി. ഉപ്പ് ഉണ്ടാക്കുന്നതിനും ഇരുമ്പയിര് ഖനനം നടത്തുന്നതിനുമുള്ള തദ്ദേശീയ സമ്പ്രദായങ്ങൾ അദ്ദേഹം സസൂക്ഷ്മം നിരീക്ഷിച്ചു.

ബുക്കാനൻ ഒരു ദേശത്തെക്കുറിച്ച് രേഖപ്പെടുത്തിയപ്പോൾ, പലപ്പോഴും വിവരിച്ചത് കേവലം അദ്ദേഹം കണ്ട കാര്യങ്ങൾ മാത്രമോ, ഭൂപ്രദേശം എങ്ങനെയുണ്ടെന്നോ മാത്രമായിരുന്നില്ല, അതോടൊപ്പം അത് എത്രത്തോളം രൂപാന്തരപ്പെടുത്തി കൂടുതൽ ഉൽപ്പാദനക്ഷമതയുള്ളതാക്കിതീർക്കാം എന്നുള്ളതായിരുന്നു. ഏതെല്ലാം വിളവുകൾ കൃഷി ചെയ്യാൻ സാധിക്കും ഏതൊക്കെ മരങ്ങൾ മുറിച്ചുമാറ്റണം, ഏതൊക്കെ നട്ടുവളർത്തണം എന്നൊക്കെ അദ്ദേഹം വിവരിക്കുന്നു. അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകളും മുൻഗണനകളും തദ്ദേശവാസികളുടേതിൽ നിന്ന് വ്യത്യസ്തമാണെന്ന കാര്യം നാം ഓർക്കണം. ആവശ്യമായത് എന്താണ് എന്നുള്ള അദ്ദേഹത്തിന്റെ വിലയിരുത്തൽ രൂപപ്പെടുത്തിയിരിക്കുന്നത്, കമ്പനിയുടെ വാണിജ്യ താൽപ്പര്യങ്ങളും പുരോഗതിയെക്കുറിച്ചുള്ള ആധുനിക പാശ്ചാത്യ സങ്കൽപ്പങ്ങളുമാണ്. തീർച്ചയായും വനവാസികളുടെ ജീവിത ശൈലിയെ വിമർശിച്ച അദ്ദേഹം, വനങ്ങൾ കൃഷിനിലങ്ങളാക്കി മാറ്റണമെന്ന അഭിപ്രായക്കാരനായിരുന്നു.

സ്രോതസ്സ് 5

**കാടുതെളിക്കൽ – സുസ്ഥിര കൃഷി– എന്നിവയെക്കുറിച്ച്**
**(On clearance and settled cultivation)**

രാജ്മഹൽ കുന്നുകളുടെ താഴ്‌വരകളിൽ സ്ഥിതിചെയ്യുന്ന ഒരു ഗ്രാമത്തിലൂടെ കടന്നുപോകുമ്പോൾ, ബുക്കാനൻ ഇങ്ങനെ രേഖപ്പെടുത്തി:

ഗ്രാമദൃശ്യം അതിമനോജ്ഞമായിരുന്നു. കൃഷി, പ്രത്യേകിച്ച് എല്ലാ ദിശകളിലേക്കും വളഞ്ഞുപുളഞ്ഞു കിടക്കുന്ന നെൽപ്പാടങ്ങൾ, നിറഞ്ഞ താഴ്‌വാരങ്ങളും അങ്ങിങ്ങായി മരങ്ങൾ അവശേഷിച്ചിട്ടുള്ള വെട്ടിത്തെളിച്ച ഭൂമിയും പാറക്കെട്ടുകൾ നിറഞ്ഞ കുന്നുകളും സൗന്ദര്യപൂർണങ്ങളായിരിക്കുന്നു; ഗ്രാമത്തിന് പ്രാപ്യമായ പുരോഗതിയുടെ കാഴ്ചയും വിശാല പ്രദേശങ്ങളിലേക്ക് വ്യാപ്തമായ മെച്ചപ്പെട്ട കൃഷിയും മാത്രമാണ് അവിടെ ആകെ കുറവുണ്ടായിരുന്നത്. ചരക്കിന്റെ ആവശ്യകത അനുവദിക്കുന്നത്രയും വിശാലമായ അളവിൽ ഈ കാടുകൾ, ടെസർ (പട്ടുനൂൽപ്പുഴുവിനും) അരക്കിനും ഉള്ള ആസൻ, പാലാ തോട്ടങ്ങൾക്ക് വഴിമാറേണ്ടതുണ്ട്, ബാക്കി കാടു വെട്ടിത്തെളിച്ച്, അതിൽ കൃഷിക്കുപയുക്തമായത്രയും കൃഷി ചെയ്യണം, പിന്നെ അതിനു പറ്റാതെ മിച്ചം വരുന്നത്, കരിമ്പന, മഹുവ എന്നിവ വളർത്താനുപയോഗിക്കണം.

**➲ ചർച്ച ചെയ്യുക**

ബുക്കാനന്റെ വിവരണങ്ങൾ അദ്ദേഹത്തിന്റെ വികസനാശയങ്ങളെക്കുറിച്ച് എന്താണ് നമ്മോട് പറയുന്നത്? തന്നിരിക്കുന്ന ശകലത്തിൽ നിന്ന് ഉദ്ധരിച്ചുകൊണ്ട് നിങ്ങളുടെ വാദമുഖങ്ങൾ വിശദീകരിക്കുക. നിങ്ങൾ ഒരു പഹാരിയ വനവാസിയായിരുന്നുവെങ്കിൽ ഈ ആശയങ്ങളോട് എങ്ങനെ പ്രതികരിക്കുമായിരുന്നു?

## 3. ഗ്രാമപ്രദേശത്തെ ഒരു കലാപം (A Revolt in the Countryside)

### ബോംബെ ഡക്കാൻ (The Bombay Deccan)

കൊളോണിയൽ ബംഗാളിലെ കർഷകരുടെയും സെമീന്ദാർമാരുടെയും രാജ്മഹൽ കുന്നുകളിലെ പഹാരിയാകളുടെയും സന്താളുകളുടെയും ജീവിതം എങ്ങനെയാണ് മാറിക്കൊണ്ടിരുന്നതെന്ന് നിങ്ങൾ വായിച്ചു കഴിഞ്ഞല്ലോ. ഇനി നമുക്ക് പടിഞ്ഞാറൻ ഇന്ത്യയിലേക്കും പിൽക്കാലഘട്ടത്തിലേക്കും നീങ്ങുകയും ബോംബെ ഡക്കാൻ ഗ്രാമപ്രദേശങ്ങളിൽ എന്താണ് സംഭവിച്ചുകൊണ്ടിരുന്നതെന്നു പരിശോധിക്കുകയും ചെയ്യാം.

ഒരു കർഷക കലാപത്തെ കേന്ദ്രീകരിച്ചുകൊണ്ട് അത്തരംമാറ്റങ്ങളെക്കുറിച്ചറിയാൻ സാധിക്കും. അത്തരം മൂർധന്യസമയത്തു കലാപകാരികൾ അവരുടെ കോപവും ക്രോധവും പ്രകടിപ്പിക്കുന്നു; അന്യായമെന്നും തങ്ങളുടെ കഷ്ടതകൾക്കിടയാക്കിയ സാഹചര്യങ്ങളെന്നും തോന്നിയവക്കെതിരെ അവർ പ്രക്ഷോഭം നടത്തുന്നു. അവരുടെ അമർഷത്തിന്റെ ചുറ്റുപാടുകൾ മനസ്സിലാക്കാൻ ശ്രമിക്കുകയും അവരുടെ ക്രോധത്തിന്റെ കാരണങ്ങൾ ഇതൾ വിടർത്തി പരിശോധിക്കുകയും ചെയ്താൽ, നമ്മളിൽ നിന്ന് മറഞ്ഞിരിക്കുന്ന അവരുടെ ജീവിതാനുഭവങ്ങളുടെ ഒരു ഏകദേശരൂപം നമുക്കു ലഭിക്കും. കലാപങ്ങൾ ചരിത്രകാരന്മാർക്ക് പരിശോധിക്കാൻ കഴിയുന്ന രേഖകളും സൃഷ്ടിച്ചിട്ടുണ്ട്. കലാപകാരികളുടെ പ്രവർത്തനങ്ങളിൽ ഭയപ്പെടുകയും ക്രമസമാധാനം പുനസ്ഥാപിക്കാൻ ഉത്സുകരാകുകയും ചെയ്ത ഭരണകൂടം കലാപത്തെ വെറുതെ അടിച്ചമർത്തുക മാത്രമല്ല ചെയ്തത്. അവർ അതിനെക്കുറിച്ച് പരിശ്രമിച്ചു മനസ്സിലാക്കുകയും നയങ്ങൾ രൂപീകരിച്ച് സമാധാനം സ്ഥാപിക്കുന്നതിനായി, അതിന്റെ കാരണങ്ങളെക്കുറിച്ച് അന്വേഷിക്കുകയും ചെയ്യുന്നു. ഇത്തരം അന്വേഷണങ്ങൾ ചരിത്രകാരർക്ക് പരിശോധിക്കുന്നതിനുള്ള തെളിവുകൾ ഉൽപ്പാദിപ്പിക്കുന്നു.

പത്തൊൻപതാം നൂറ്റാണ്ടിലുടനീളം, ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽ ഹുണ്ടികക്കാർക്കും ധാന്യ ഇടപാടുകാർക്കുമെതിരെ കർഷകർ കലാപങ്ങൾ നടത്തി. അത്തരം ഒരു കലാപമായിരുന്നു 1875 ൽ ഡക്കാനിൽ സംഭവിച്ചത്.

## 3.1 കണക്കുപുസ്തകങ്ങൾ അഗ്നിക്കിരയാക്കുന്നു (Account books are burnt)

പൂനാ (ഇന്നത്തെ പൂനെ) ജില്ലയിലെ ഒരു വലിയ ഗ്രാമമായ സുപയിലാണ് പ്രക്ഷോഭം ആരംഭിച്ചത്. ധാരാളം കച്ചവടക്കാരും ഹുണ്ടികക്കാരും ജീവിച്ചിരുന്ന കച്ചവട കേന്ദ്രമായിരുന്നു അത്. 1875 മേയ് 12-ാം തീയതി, ചുറ്റുപാടുമുള്ള ഗ്രാമങ്ങളിൽ നിന്നുള്ള കലാപകാരികൾ സംഘടിച്ച് കച്ചവടക്കാരെ ആക്രമിക്കുകയും തങ്ങളുടെ *ബാഹി ഖടാസും* (കണക്കു പുസ്തകങ്ങൾ) കടപ്പത്രങ്ങളും ആവശ്യപ്പെടുകയും ചെയ്തു. അവർ കണക്കു പുസ്തകങ്ങൾ കത്തിക്കുകയും ധാന്യക്കടകൾ കൊള്ളയടിക്കുകയും ചില അവസരങ്ങളിൽ *സാഹുക്കാരുടെ* വീടുകൾക്കു തീവയ്ക്കുകയും ചെയ്തു.

പൂനയിൽ നിന്ന് ഈ കലാപം അഹമ്മദ് നഗറിലേക്ക് വ്യാപിച്ചു. അടുത്ത രണ്ട് മാസങ്ങൾക്കുള്ളിൽ കലാപം കൂടുതൽ വ്യാപിക്കുകയും ഏതാണ്ട് 6500 ചതുരശ്രകിലോമീറ്റർ സ്ഥലത്തേക്ക് പടരുകയും ചെയ്തു. മുപ്പതിലധികം ഗ്രാമങ്ങളെ ഇത് ബാധിച്ചു. എല്ലായിടത്തും കലാപത്തിന് ഒരേ മാതൃകയായിരുന്നു: *സാഹുക്കാരെ* ആക്രമിക്കുക, കണക്കു പുസ്തകങ്ങൾ കത്തിക്കുക, കടപ്പത്രങ്ങൾ നശിപ്പിക്കുക. കർഷകാക്രമണങ്ങളിൽ ഭയചകിതരായി, *സാഹുക്കാർ* പലപ്പോഴും അവരുടെ സ്ഥാവരജംഗമസ്വത്തുക്കൾ ഉപേക്ഷിച്ചുകൊണ്ട് ഗ്രാമങ്ങളിൽ നിന്ന് പലായനം ചെയ്തു.

കലാപം വ്യാപിച്ചപ്പോൾ, ബ്രിട്ടീഷ് ഉദ്യോഗസ്ഥർ 1857 ലെ കലാപത്തിന്റെ ദുസ്മരണകളിലേക്ക് പോയി (അധ്യായം 11 കാണുക). കലാപകാരികളായ കർഷകരെ ഭയപ്പെടുത്തി കീഴടക്കുന്നതിന് ഗ്രാമങ്ങൾ തോറും പോലീസ് കാവൽ കേന്ദ്രങ്ങൾ സ്ഥാപിച്ചു. സൈന്യത്തെ ദ്രുതഗതിയിൽ വിളിച്ചുവരുത്തി; തൊള്ളായിരത്തി അൻപത്തിയൊന്നുപേരെ അറസ്റ്റു ചെയ്യുകയും അനേകം പേരെ ശിക്ഷിക്കുകയും ചെയ്തു. പക്ഷേ ഗ്രാമപ്രദേശങ്ങളെ പൂർണനിയന്ത്രണത്തിൽ കൊണ്ടുവരാൻ കുറേ മാസങ്ങൾ വേണ്ടിവന്നു.

സ്രോതസ്സ് 6

### ആ ദിവസം സുപയിൽ (On that day in Supa)

1875 മെയ് 16 ന്, പൂനെയിലെ ജില്ലാമജിസ്ട്രേറ്റ് പോലീസ് കമ്മീഷണർക്ക് എഴുതി:

മെയ് 15 ശനിയാഴ്ച സുപയിൽ എത്തിച്ചേർന്ന ദിവസംതന്നെ അവിടുത്തെ കുഴപ്പങ്ങളെക്കുറിച്ചു ഞാൻ മനസ്സിലാക്കി.

ഒരു ഹുണ്ടികക്കാരന്റെ വീട് അഗ്നിക്കിരയാക്കി; പന്ത്രണ്ടോളം വീടുകളിൽ ബലമായി അതിക്രമിച്ച് കയറുകയും അതിനകത്തുള്ള സാധനങ്ങൾ ചുട്ടെരിക്കുകയും ചെയ്തു. കണക്കു പുസ്തകങ്ങൾ, കടപത്രങ്ങൾ, ധാന്യങ്ങൾ, തദ്ദേശവസ്ത്രങ്ങൾ എന്നിവ തെരുവുകളിൽ കത്തിച്ചതിന്റെ ചാരക്കൂനകൾ ഇപ്പോഴുമവിടെ കാണാൻ കഴിയും.

ചീഫ് കോൺസ്റ്റബിൾ അൻപതു പേരെ പിടികൂടി. 2000 രൂപ വില മതിക്കുന്ന മോഷണ മുതൽ കണ്ടെടുത്തു. കണക്കാക്കിയ നഷ്ടം 25000 രൂപയിൽ കൂടുതലാണ്. ഇത് ഒരു ലക്ഷത്തിലധികമാണെന്ന് ഹുണ്ടികക്കാർ അവകാശപ്പെടുന്നു.

*ഡക്കാൻ റയറ്റ്സ് കമ്മീഷൻ*

ഹുണ്ടികക്കാരനും വ്യാപാരിയുമായി പ്രവർത്തിച്ച ഒരു ആളായിരുന്നു *സാഹുക്കാർ.*

➲ ഒരു രചയിതാവ് ഉപയോഗിക്കുന്ന വാക്കുകളും പദങ്ങളും അയാളുടെയോ അവരുടേയോ മുൻവിധികളെക്കുറിച്ച് പലപ്പോഴും എന്തെങ്കിലും വിവരങ്ങൾ നൽകുന്നതാകാം. സ്രോതസ്സ് 7 ശ്രദ്ധാപൂർവം വായിക്കുകയും രചയിതാവിന്റെ മുൻവിധികൾ സൂചിപ്പിക്കുന്ന പദങ്ങൾ തിരിച്ചറിയുകയും ചെയ്യുക. പ്രദേശത്തെ ഒരു കർഷകൻ സമാന സാഹചര്യങ്ങളെ എങ്ങനെയാവും വിവരിക്കുക എന്നതിനെക്കുറിച്ചു ചർച്ച ചെയ്യുക.

സ്രോതസ്സ് 7

### ഒരു വർത്തമാനപത്ര റിപ്പോർട്ട് (A newspaper report)

*'ദി റയറ്റ് ആൻഡ് ദി മണിലെൻഡർ'* എന്ന തലക്കെട്ടോടെ *നേറ്റീവ് ഒപീനിയനിൽ* (6 ജൂൺ 1876) പ്രത്യക്ഷപ്പെടുകയും *റിപ്പോർട്ട് ഓഫ് ദി നേറ്റീവ് ന്യൂസ് പേപ്പേഴ്സ് ഓഫ് ബോംബെയിൽ* ഉദ്ധരിക്കുകയും ചെയ്ത റിപ്പോർട്ടാണ് ചുവടെ :

ഏതെങ്കിലും സർക്കാർ ഉദ്യോഗസ്ഥർ വരുന്നുണ്ടോ എന്നറിയാനും വരുന്നുണ്ടെങ്കിൽ അതിനെക്കുറിച്ച് കുറ്റക്കാർക്ക് സമയബന്ധിതമായ അറിയിപ്പുകൾ നൽകാനുമായി അവർ (കർഷകർ) ആദ്യം ഗ്രാമങ്ങളുടെ അതിർത്തികളിൽ ചാരൻമാരെ വിന്യസിക്കുന്നു. അതിനുശേഷം അവർ ഒരു കൂട്ടമായി ഒത്തുചേരുകയും അവർക്കു വായ്പ നൽകിയവരുടെ വീടുകളിലേക്ക് പോവുകയും അവരുടെ കടപത്രങ്ങളും മറ്റ് രേഖകളും തിരികെ തരാൻ അവരോട് ആവശ്യപ്പെടുകയും ആവശ്യം നിരസിച്ചാൽ ആക്രമിക്കുകയും കൊള്ളയടിക്കുകയും ചെയ്യുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്യുന്നു. ഇത് നടക്കുന്ന സ്ഥലങ്ങളിൽ ഏതെങ്കിലും സർക്കാർ ഉദ്യോഗസ്ഥർ എത്തുകയാണെങ്കിൽ, ചാരൻമാർ കുറ്റക്കാർക്ക് വിവരം നൽകുകയും അവർ യഥാസമയം കൂട്ടം പിരിയുകയും ചെയ്യുന്നു.

കടപ്പത്രങ്ങളും ആധാരങ്ങളും അഗ്നിക്കിരയാക്കിയത് എന്തുകൊണ്ടാണ്? ഈ കലാപം എന്തിനായിരുന്നു? ഡക്കാൻ ഗ്രാമപ്രദേശങ്ങളെക്കുറിച്ചും കോളനി ഭരണത്തിൻ കീഴിൽ ഉണ്ടായ കാർഷിക മാറ്റങ്ങളെക്കുറിച്ചും ഇത് എന്താണ് നമ്മളോട് പറയുന്നത്? പത്തൊൻപതാം നൂറ്റാണ്ടിലെ മാറ്റങ്ങളുടെ ഈ സുദീർഘചരിത്രത്തിലേക്ക് നമുക്ക് കണ്ണോടിക്കാം.

### 3.2 ഒരു പുതിയ നികുതി സമ്പ്രദായം (A new revenue system)

ബംഗാളിൽ നിന്നും ഇന്ത്യയുടെ ഇതരഭാഗങ്ങളിലേക്കു ബ്രിട്ടീഷ് ഭരണം വ്യാപിപ്പിച്ചപ്പോൾ, പുതിയ നികുതി സമ്പ്രദായങ്ങൾ അടിച്ചേൽപ്പിക്കപ്പെട്ടു. ശാശ്വത ഭൂനികുതി വ്യവസ്ഥ ബംഗാളിനു പുറത്തുള്ള പ്രദേശങ്ങളിലേക്ക് അപൂർവമായി മാത്രമേ വ്യാപിപ്പിച്ചുള്ളൂ.

എന്തുകൊണ്ടാണ് ഇതിങ്ങനെ? 1810 നു ശേഷം, കാർഷികവിലകൾ ഉയരുകയും അതിനാൽത്തന്നെ കൊയ്ത്തുൽപ്പന്നങ്ങളുടെ മൂല്യം വർധിക്കുകയും ബംഗാളിലെ സെമീന്ദാർമാരുടെ വരുമാനം ഗണ്യമായി കൂടുകയും ചെയ്തതാണ് ഇതിന് ഒരു കാരണം. ശാശ്വത ഭൂനികുതി വ്യവസ്ഥയനുസരിച്ച് നികുതി നിരക്ക് സ്ഥിരപ്പെടുത്തിയതിനാൽ, ഈ വർധിച്ച വരുമാനത്തിന്റെ ഒരുഭാഗവും അവകാശപ്പെടാൻ കോളനി ഗവൺമെന്റിന് കഴിഞ്ഞില്ല. അതിന്റെ സാമ്പത്തിക വിഭവങ്ങൾ വികസിപ്പിക്കുന്നതിൽ ഉത്സുകരായിരുന്ന കോളനി സർക്കാരിന് ഭൂനികുതി പരമാവധി ഉയർത്താനുള്ള വഴികളെക്കുറിച്ചു ചിന്തിക്കേണ്ടിവന്നു. അങ്ങനെ പത്തൊൻപതാം നൂറ്റാണ്ടിൽ പിടിച്ചടക്കിയ പ്രദേശങ്ങളിൽ, താൽക്കാലിക ഭൂനികുതിസമ്പ്രദായങ്ങൾ ആവിഷ്കരിക്കപ്പെട്ടു.

വേറെയും ചില കാരണങ്ങൾ ഉണ്ടായിരുന്നു. ഉദ്യോഗസ്ഥർ നയങ്ങൾ ആസൂത്രണം ചെയ്യുന്ന സമയത്ത്, പരിചിതമായ സാമ്പത്തിക സിദ്ധാന്തങ്ങളിലൂടെയാണ് അവരുടെ ചിന്തകൾ ആഴത്തിൽ രൂപപ്പെടുന്നത്. 1820 കളോടെ സാമ്പത്തിക ശാസ്ത്രജ്ഞനായിരുന്ന ഡേവിഡ് റിക്കാർഡോ ഇംഗ്ലണ്ടിൽ സുപ്രസിദ്ധനായ ഒരു വ്യക്തിയായിത്തീർന്നിരുന്നു. കോളനി ഉദ്യോഗസ്ഥർ അവരുടെ കലാലയ വർഷങ്ങളിൽ റിക്കാർഡിയൻ ആശയങ്ങൾ പഠിച്ചിരുന്നു. മഹാരാഷ്ട്രയിൽ 1820 കളിൽ ബ്രിട്ടീഷ് ഉദ്യോഗസ്ഥർ ആദ്യത്തെ നികുതി വ്യവസ്ഥകൾ രൂപീകരിക്കാനൊരുങ്ങുമ്പോൾ ഈ ആശയങ്ങളിൽ ചിലതിലൂന്നിയാണ് പ്രവർത്തിച്ചിരുന്നത്.

റിക്കാർഡിയൻ ആശയങ്ങൾ പ്രകാരം, ഒരു നിശ്ചിത കാലത്ത് നിലനിന്നിരുന്ന "ശരാശരി വാടക"യ്ക്ക് മാത്രമേ ഒരു ഭൂവുടമയ്ക്ക് അവകാശമുള്ളൂ. ഭൂമി ഈ "ശരാശരി വാടക"യ്ക്കുമേൽ ഉൽപ്പാദിപ്പിച്ചാൽ ഭൂവുടമയ്ക്കു ലഭിച്ച അധിക വരുമാനത്തിൽ നിന്ന് സർക്കാർ നികുതി പിരിക്കേണ്ടതാണ്. നികുതി ചുമത്തിയില്ലെങ്കിൽ, കൃഷിക്കാർ പാട്ടംകൊണ്ട് ജീവിക്കുന്നവരായി മാറാനും അവരുടെ അധിക വരുമാനം ഭൂമി അഭിവൃദ്ധിപ്പെടുത്തുന്നതിൽ, ഉൽപ്പാദനക്ഷമമായി നിക്ഷേപിക്കപ്പെടാതിരിക്കാനും സാധ്യതയുണ്ട്. ബംഗാളിന്റെ ചരിത്രം റിക്കാർഡോയുടെ സിദ്ധാന്തത്തെ ശരിവയ്ക്കുന്നതാണെന്ന് ഇന്ത്യയിലെ ബ്രിട്ടീഷ് ഉദ്യോഗസ്ഥരിൽ പലരും കരുതി. അവിടെ സെമീന്ദാർമാർ ഭൂമി പാട്ടത്തിനു കൊടുത്തിട്ട് വാടക വരുമാനം കൊണ്ട് ജീവിക്കുന്നവരായി കാണപ്പെട്ടു. അതിനാൽ വ്യത്യസ്തമായ മറ്റൊരു സമ്പ്രദായം ആവശ്യമാണെന്ന് ബ്രിട്ടീഷ് ഉദ്യോഗസ്ഥർ കരുതി.

> ഭൂസ്വത്തുക്കളിൽ നിന്നുള്ള വാടകവരുമാനത്തിൽ ജീവിക്കുന്ന ആളുകളെ വിശേഷിപ്പിക്കുവാൻ ഉപയോഗിക്കുന്ന പദമാണ് വാടകക്കാരൻ *(റെന്റിയർ)*

ബോംബെ ഡക്കാനിൽ നടപ്പിലാക്കിയ നികുതി സമ്പ്രദായം *റയറ്റ്‌വാരി (ryotwari)* വ്യവസ്ഥ എന്നറിയപ്പെട്ടു. ബംഗാളിലെ വ്യവസ്ഥയിൽ നിന്ന് വ്യത്യസ്തമായി, കർഷകനുമായി നേരിട്ട് നികുതി വ്യവസ്ഥ

പ്പെടുത്തിയ ഒരു സമ്പ്രദായമായിരുന്നു ഇത്. പലതരം മണ്ണിൽ നിന്ന് ലഭിക്കുന്ന വരുമാനത്തിന്റെ ശരാശരി കണക്കാക്കി, കൃഷിക്കാരന്റെ നികുതി നൽകാനുള്ള ശേഷി വിലയിരുത്തുകയും അതിന്റെ ഒരു ഭാഗം സർക്കാരിന്റെ വിഹിതമായി നിശ്ചയിക്കുകയും ചെയ്തു. ഓരോ മുപ്പതു വർഷത്തിലും ഈ ഭൂമി വീണ്ടും അളന്നു തിട്ടപ്പെടുത്തുകയും നികുതി നിരക്ക് വർധിപ്പിക്കുകയും ചെയ്തു. അതിനാൽ ഭൂനികുതി നിരക്ക് ശാശ്വതമല്ലാതെയായി.

### 3.3 നികുതി നിരക്കും കർഷക ഋണബാധ്യതയും (Revenue demand and peasant debt)

1820 കളിലാണ് ബോംബെ ഡക്കാനിലെ ആദ്യത്തെ ഭൂനികുതി വ്യവസ്ഥ നടപ്പിലാക്കിയത്. നിശ്ചയിക്കപ്പെട്ട നികുതി വളരെ ഉയർന്നതായിരുന്നതിനാൽ പല സ്ഥലങ്ങളിൽ നിന്നും കർഷകർ ഗ്രാമങ്ങൾ ഉപേക്ഷിക്കുകയും പുതിയ പ്രദേശങ്ങളിലേക്ക് കുടിയേറി പാർക്കുകയും ചെയ്തു. മണ്ണിന്റെ ഫലപുഷ്ടി തീരെ കുറഞ്ഞതും മഴയുടെ ഏറ്റക്കുറച്ചിലുണ്ടാകുന്നതുമായ പ്രദേശങ്ങളിൽ പ്രശ്നം പ്രത്യേകിച്ചും ഗുരുതരമായിരുന്നു. മഴചതിക്കുകയും വിളവെടുപ്പു മോശമാവുകയും ചെയ്തപ്പോൾ നികുതി അടയ്ക്കൽ അസാധ്യമാണെന്ന് കർഷകർ തിരിച്ചറിഞ്ഞു. എന്നാൽ, നികുതി പിരിവിന്റെ ചുമതലയുള്ള കളക്ടർമാർ തങ്ങളുടെ കാര്യക്ഷമത പ്രകടമാക്കുന്നതിലും തങ്ങളുടെ മേലധികാരികളെ സന്തോഷിപ്പിക്കുന്നതിലുമായിരുന്നു ശ്രദ്ധചെലുത്തിയത്. അതിനാൽ അവർ അങ്ങേയറ്റത്തെ കാർക്കശ്യത്തോടെ പണം പിഴിഞ്ഞെടുക്കുന്നതിൽ വ്യാപൃതരായി. ആരെങ്കിലും പണമടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ അയാളുടെ വിളവുകൾ പിടിച്ചെടുക്കുകയും ആ ഗ്രാമത്തിനു മുഴുവനായും ഒരു പിഴ ചുമത്തുകയും ചെയ്തു.

1830 കളോടെ പ്രശ്നം ഗുരുതരമായി. 1832 നുശേഷം കാർഷികോൽപ്പന്നങ്ങളുടെ വില കുത്തനെ ഇടിയുകയും പിന്നെ ഒന്നരപ്പതിറ്റാണ്ടിലേറെക്കാലത്തേക്ക് വീണ്ടെടുക്കാൻ കഴിയാതെ തുടരുകയും ചെയ്തു. ഇത് കൃഷിക്കാരുടെ വരുമാനത്തിൽ വീണ്ടും തകർച്ചയുണ്ടാക്കി. അതേസമയം 1832-34 ൽ ഉണ്ടായ ക്ഷാമം ഗ്രാമപ്രദേശങ്ങളെ തകർത്തു. ഡക്കാനിലെ കന്നുകാലികളിൽ മൂന്നിലൊന്ന് ചത്തൊടുങ്ങുകയും മനുഷ്യജനസംഖ്യയിൽ പകുതിയോളം പേർ മരണമടയുകയും ചെയ്തു. അതിജീവിച്ചവർക്ക് ഈ പ്രതിസന്ധി മറികടക്കുന്നതിനുള്ള ഭക്ഷ്യശേഖരം ഉണ്ടായിരുന്നില്ല. നികുതി കുടിശ്ശികകൾ കുന്നുകൂടി.

അത്തരം വർഷങ്ങളിൽ കർഷകർ ജീവിച്ചത് എങ്ങനെ? അവർ നികുതി നൽകിയതും ഉപഭോഗാവശ്യങ്ങൾ നിറവേറ്റിയതും കലപ്പകളും കന്നുകാലികളും വാങ്ങിയതും അവരുടെ മക്കളെ വിവാഹിതരാക്കിയതും എങ്ങനെയാണ്?

മറ്റു വഴികളില്ലാതെ അവർ ഹുണ്ടികക്കാരനിൽ നിന്ന് കടം വാങ്ങി. വായ്പയെടുക്കാതെ നികുതി തിരിച്ചടയ്ക്കാൻ അപൂർവമായി മാത്രമേ അവർക്ക് കഴിഞ്ഞിരുന്നുള്ളൂ. ഒരിക്കൽ വായ്പ എടുത്തുകഴിഞ്ഞാൽ കൃഷിക്കാരൻ അത് തിരിച്ചടയ്ക്കാൻ വളരെ ബുദ്ധിമുട്ടി. കടം കുന്നുകൂടുകയും വായ്പ തിരിച്ചടയ്ക്കാതെ ശേഷിക്കുകയും ചെയ്തപ്പോൾ, കർഷകർ പണമിടപാടുകാരെ ആശ്രയിക്കുന്നത് വർധിച്ചു. ഇപ്പോൾ അവരുടെ ദൈനംദിനാവശ്യങ്ങൾ നിറവേറ്റാനും ഉൽപ്പാദനച്ചെലവ് കണ്ടെത്താനും വരെ അവർക്ക് വായ്പ ആവശ്യമായിവന്നു. 1840 കളോടെ കർഷകരുടെ കടബാധ്യത എല്ലായിടത്തും ഭയാനകമായ തലങ്ങളിൽ ആയതിന്റെ തെളിവുകൾ അധികാരികൾ കണ്ടെത്തി.

1840 കളുടെ മധ്യത്തോടെ സാമ്പത്തികത്തകർച്ചയിൽ നിന്ന് കരകയറുന്നതരത്തിലുള്ള സൂചനകൾ കണ്ടു തുടങ്ങി. 1820 കളിലെ നികുതി വ്യവസ്ഥകൾ കർശനമായിരുന്നുവെന്ന് പല ബ്രിട്ടീഷ് ഉദ്യോഗസ്ഥരും മനസ്സിലാക്കാൻ തുടങ്ങിയിരുന്നു. നികുതി നിരക്ക് അത്യധികവും വ്യവസ്ഥകൾ കർക്കശവും കർഷക സമ്പദ്വ്യവസ്ഥ തകർച്ചയുടെ വക്കിലുമായിരുന്നു. അതിനാൽ കൃഷി വികസിപ്പിക്കുന്നതിനു കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി നികുതി നിരക്കിൽ ഇളവുവരുത്തി. 1845 നു ശേഷം കാർഷികോൽപ്പന്നങ്ങളുടെ വില തുടർച്ചയായി ഉയർന്നു തുടങ്ങി. കർഷകർ തങ്ങളുടെ കൃഷിസ്ഥലം വർധിപ്പിക്കുകയും പുതിയ പ്രദേശങ്ങളിലേക്ക് നീങ്ങുകയും മേച്ചിൽപ്പുറങ്ങൾ കൃഷി ഭൂമിയാക്കി മാറ്റുകയും ചെയ്തു. എന്നാൽ കൃഷി വികസിപ്പിക്കാൻ അവർക്ക് കൂടുതൽ കലപ്പകളും കന്നുകാലികളും ആവശ്യമായിരുന്നു. വിത്തും ഭൂമിയും വാങ്ങാൻ അവർക്കു പണം ആവശ്യമായിരുന്നു. ഇതിനെല്ലാം വേണ്ടി വായ്പ എടുക്കാൻ അവർക്കു വീണ്ടും ഹുണ്ടികക്കാരെ സമീപിക്കേണ്ടി വന്നു.




*ചിത്രം 10.15*
*പരുത്തിയുടെ ക്ഷിപ്രാഭിവൃദ്ധി*
ഗ്രാഫിലെ രേഖ പരുത്തിവിലയിലെ വർധനവും ഇടിവും സൂചിപ്പിക്കുന്നു.

### 3.4 പരുത്തി വ്യവസായത്തിൽ വന്ന ക്ഷിപ്രാഭിവൃദ്ധി (Then came the cotton boom)

1860 കൾക്കു മുമ്പ്, ബ്രിട്ടനിൽ ഇറക്കുമതി ചെയ്ത അസംസ്കൃത പരുത്തിയുടെ നാലിൽ മൂന്നുഭാഗവും അമേരിക്കയിൽ നിന്നാണ് വന്നത്. അമേരിക്കയിൽ നിന്നുള്ള പരുത്തി വിതരണത്തെ ആശ്രയിക്കുന്നതിനെക്കുറിച്ച് ബ്രിട്ടീഷ് പരുത്തി ഉൽപ്പാദകർ വളരെക്കാലമായി ആശങ്കാകുലരായിരുന്നു. ഇതിന്റെ വരവ് നിലച്ചാൽ എന്ത് സംഭവിക്കും? ഈ ചോദ്യത്താൽ ആശങ്കാകുലരായി അവർ ബദൽ വിതരണ മാർഗങ്ങൾക്കായി ആകാംക്ഷയോടെ അന്വേഷിച്ചുകൊണ്ടിരുന്നു.

*ചിത്രം 10.16*
*പരുത്തികൊണ്ടു പോകുന്ന വണ്ടികൾ ഒരു ആൽമരത്തിന്റെ ചോട്ടിൽ നിർത്തിയിരിക്കുന്നു,*
ഇല്ലസ്ട്രേറ്റഡ് ലണ്ടൻ ന്യൂസ്, *13 ഡിസംബർ 1862*



1857 ൽ ബ്രിട്ടനിൽ കോട്ടൺ സപ്ലൈ അസോസിയേഷനും 1859 ൽ മാഞ്ചെസ്റ്റർ കോട്ടൺ കമ്പനിയും സ്ഥാപിതമായി. "പരുത്തിയുടെ വളർച്ചയ്ക്ക് അനുയോജ്യമായ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും അതിന്റെ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുക" എന്നതായിരുന്നു അവരുടെ ലക്ഷ്യം. അമേരിക്കയിൽ നിന്നുള്ള വിതരണം നിലയ്ക്കുകയാണെങ്കിൽ, ലങ്കാഷെയറിനു പരുത്തി വിതരണം ചെയ്യാൻ കഴിയുന്ന ഒരു രാജ്യമായി അവർ ഇന്ത്യയെ കണ്ടു. പരുത്തിക്കൃഷിക്ക് അനുയോജ്യമായ മണ്ണും അനുകൂലമായ കാലാവസ്ഥയും കുറഞ്ഞ നിരക്കിലുള്ള കൂലിയും ഇന്ത്യയിൽ ലഭ്യമായിരുന്നു.

1861 ൽ അമേരിക്കയിൽ ആഭ്യന്തരയുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ ബ്രിട്ടനിലെ പരുത്തി വ്യവസായത്തിന്റെ മേഖലയിൽ പരിഭ്രാന്തി പടർന്നു. അമേരിക്കയിൽ നിന്നുള്ള അസംസ്കൃത പരുത്തി ഇറക്കുമതി സാധാരണയിൽനിന്ന് മൂന്ന് ശതമാനത്തിലും താഴെയായി കുറഞ്ഞു: 1861 ൽ 2,000,000 (ഓരോന്നിലും 400 lbs വീതം) കെട്ടുകൾ ഇറക്കുമതി ചെയ്തതിൽ നിന്നും 1862 ൽ 55,000 കെട്ടുകളായി ഇറക്കുമതി കുറഞ്ഞു. ബ്രിട്ടനിലേക്കുള്ള പരുത്തിക്കയറ്റുമതി വർധിപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഇന്ത്യയിലേക്കും മറ്റു പ്രദേശങ്ങളിലേക്കും പരിഭ്രാന്തമായ സന്ദേശങ്ങൾ അയയ്ക്കപ്പെട്ടു. ബോംബെയിൽ, പരുത്തി വ്യാപാരികൾ സംഭരണം വിലയിരുത്താനും കൃഷി പ്രോത്സാഹിപ്പിക്കാനുമായി പരുത്തി കേന്ദ്രങ്ങൾ സന്ദർശിച്ചു. പരുത്തിവില കുതിച്ചുയർന്നപ്പോൾ (ചിത്രം 10.15 കാണുക), ബ്രിട്ടന്റെ ആവശ്യം നിറവേറ്റാൻ കഴിയുന്നത്ര പരുത്തി സംഭരിക്കാൻ ബോംബെയിലെ കയറ്റുമതി വ്യാപാരികൾ അതീവ താൽപ്പര്യം കാണിച്ചു. നഗരത്തിലെ

➲ ചിത്രം 10.17 ലെ മൂന്ന് ഭാഗങ്ങൾ പരുത്തി കടത്തുന്നതിനുള്ള വ്യത്യസ്ത രീതികൾ ചിത്രീകരിക്കുന്നു. പരുത്തിയുടെ ഭാരം താങ്ങാനാവാതെ കാളകൾക്ക് നിലതെറ്റുന്നതും റോഡിലെ ഉരുളൻ കല്ലുകളും വള്ളങ്ങളിലെ ഭീമൻ കെട്ടുകളുടെ അടുക്കും ശ്രദ്ധിക്കുക. ഈ ചിത്രങ്ങളിലൂടെ എന്താണ് ചിത്രകാരൻ വിനിമയം ചെയ്യുന്നത്?



*ചിത്രം 10.17*

*[illegible] പരുത്തി കടത്തുന്നു.* ഇല്ലസ്ട്രേറ്റഡ് ലണ്ടൻ ന്യൂസ്, *20 ഏപ്രിൽ 1861*

ആഭ്യന്തരയുദ്ധകാലത്ത് അമേരിക്കയിൽ നിന്നുള്ള പരുത്തി വിതരണം നിർത്തി വച്ചപ്പോൾ, ബ്രിട്ടീഷ് വ്യവസായങ്ങൾക്ക് ആവശ്യമായ മുഴുവൻ പരുത്തിയും ഇന്ത്യ നൽകുമെന്ന് ബ്രിട്ടൻ പ്രത്യാശിച്ചു. അവർ, വിതരണം വിലയിരുത്താനും പരുത്തിയുടെ ഗുണനിലവാരം പരിശോധിക്കാനും ഉൽപ്പാദന വിപണനരീതികളെക്കുറിച്ച് പഠിക്കാനും തുടങ്ങി. ഈ താൽപ്പര്യമാണ് ഇല്ലസ്ട്രേറ്റഡ് ലണ്ടൻ ന്യൂസിന്റെ പേജുകളിൽ പ്രതിഫലിച്ചത്.

*സാഹുകാർമാർക്ക്* അവർ പണം മുൻകൂറായി നൽകി. അവർ ഈ പണം, ഉൽപ്പന്നം ഉറപ്പായും എത്തിക്കുമെന്ന് വാഗ്ദാനം ചെയ്ത ഗ്രാമീണ ഹുണ്ടികക്കാർക്ക് വായ്പയായി നൽകി. കമ്പോളത്തിൽ ഒരു കുതിച്ചു ചാട്ടം ഉണ്ടാകുമ്പോൾ, വായ്പകൊടുക്കുന്നവർക്ക് തങ്ങളുടെ പണം തിരിച്ചുപിടിക്കാമെന്ന സുരക്ഷിതത്വബോധം ഉണ്ടാകുന്നതിനാൽ, പണത്തിന്റെ ഒഴുക്ക് സുഗമമാകുന്നു.

ഈ സംഭവവികാസങ്ങൾ ഡക്കാനിലെ ഗ്രാമപ്രദേശങ്ങളിൽ വളരെ വലിയ സ്വാധീനം ചെലുത്തി. ഡക്കാനിലെ ഗ്രാമങ്ങളിലെ കർഷകർ തങ്ങൾക്ക് പെട്ടെന്നുതന്നെ പരിധിയില്ലാതെ വായ്പ ലഭ്യമാകുന്നതായി കണ്ടു. പരുത്തി നട്ടിട്ടുള്ള ഓരോ ഏക്കർ ഭൂമിക്കും അവർക്ക് നൂറുരൂപ മുൻകൂറായി നൽകുകയാണ് ഉണ്ടായത്. ദീർഘകാല വായ്പകൾ നൽകാൻ *സാഹുകാർമാർ* അതീവ തൽപ്പരർ ആയിരുന്നു.

അമേരിക്കൻ പ്രതിസന്ധി തുടർന്നപ്പോൾ, ബോംബെ ഡക്കാനിൽ പരുത്തി ഉൽപ്പാദനം അഭിവൃദ്ധിപ്പെട്ടു. 1860 നും 1864 നും ഇടയ്ക്ക് പരുത്തിക്കൃഷിഭൂമി ഇരട്ടിയായി. 1862 ആയപ്പോഴേക്കും ബ്രിട്ടനിലേക്കുള്ള പരുത്തി ഇറക്കുമതിയുടെ തൊണ്ണൂറ് ശതമാനത്തിലധികവും ഇന്ത്യയിൽ നിന്നായിരുന്നു.



*ചിത്രം 10.18*
*മിർസാപ്പൂരിൽ നിന്ന് ഗംഗാനദിയിലൂടെ പരുത്തി കെട്ടുകൾ കൊണ്ടുപോകുന്ന വള്ളങ്ങളുടെ ഒരു നിര, ഇല്ലസ്ട്രേറ്റഡ് ലണ്ടൻ ന്യൂസ്, 13 ഡിസംബർ 1862*

റെയിൽവേ യുഗത്തിന് മുമ്പ്, ഡക്കാനിൽ നിന്നുള്ള പരുത്തിയുടെ സംഭരണ കേന്ദ്രമായിരുന്നു മിർസാപൂർ എന്ന പട്ടണം.



*ചിത്രം 10.19*
*ഇംഗ്ലണ്ടിലേക്ക് കപ്പലിൽ അയയ്ക്കാനുള്ള പരുത്തിക്കെട്ടുകൾ ഗ്രേറ്റ് ഇന്ത്യൻ പെനിൻസുല റെയിൽവേയുടെ ബോംബെ ടെർമിനലിൽ കിടക്കുന്നു, ഇല്ലസ്ട്രേറ്റഡ് ലണ്ടൻ ന്യൂസ്, 23 ആഗസ്റ്റ് 1862*

റെയിൽവേയുടെ വരവോടെ പരുത്തി കൊണ്ടുപോയിരുന്നത് കാളവണ്ടികളിലും ബോട്ടുകളിലും മാത്രമല്ലായിരുന്നില്ല. നദീജലഗതാഗതം കാലക്രമേണ കുറഞ്ഞു. എന്നാൽ പഴയ ഗതാഗതമാർഗങ്ങൾ പൂർണമായും ഉപേക്ഷിച്ചില്ല. വലതുവശത്ത് മുൻഭാഗത്തായി കാണുന്ന ഭാരം കയറ്റിയ കാളവണ്ടി റെയിൽവേ സ്റ്റേഷനിൽ നിന്ന് തുറമുഖത്തേക്ക് പരുത്തിക്കെട്ടുകൾ കൊണ്ടുപോകാൻ കാത്തുനിൽക്കുകയാണ്.

എന്നാൽ ഈ അഭിവൃദ്ധിയുടെ വർഷങ്ങൾ എല്ലാ പരുത്തിയുൽപ്പാദകർക്കും സമൃദ്ധി നൽകിയിരുന്നില്ല. ചില ധനികരായ കർഷകർ ലാഭം നേടുകയുണ്ടായി, ഭൂരിപക്ഷം കർഷകർക്കും പരുത്തിക്കൃഷിയുടെ വ്യാപനം സമ്മാനിച്ചത് വർധിച്ച കടബാധ്യതയാണ്.

### 3.5 വായ്പ ഇല്ലാതാകുന്നു (Credit dries up)

അഭിവൃദ്ധി നിലനിന്നിരുന്ന സമയത്ത്, എന്നന്നേക്കുമായി അമേരിക്കയെ പിന്തള്ളി അസംസ്കൃത പരുത്തിയുടെ ലോകവിപണി പിടിച്ചടക്കാമെന്ന് ഇന്ത്യയിലെ പരുത്തി വ്യാപാരികൾ സ്വപ്നം കണ്ടിരുന്നു. 1861 ൽ *ബോംബെ ഗസറ്റിലെ* പത്രാധിപർ ഇങ്ങനെ ചോദിച്ചു: "ലങ്കാഷെയറിനു അസംസ്കൃത വസ്തുക്കൾ നൽകുന്നതിൽ അടിമ സംസ്ഥാനങ്ങൾക്കുള്ള (അമേരിക്കൻ ഐക്യനാടുകളിലെ) സ്ഥാനം കവരുന്നതിൽ നിന്ന് ഇന്ത്യയെ തടയാൻ എന്താണുള്ളത്?". 1865 ആയപ്പോഴേക്കും ഈ സ്വപ്നങ്ങൾ പൊലിഞ്ഞു. ആഭ്യന്തരയുദ്ധം അവസാനിച്ചതോടെ അമേരിക്കയിൽ പരുത്തിയുൽപ്പാദനം പുനരുജ്ജീവിപ്പിക്കപ്പെടുകയും ബ്രിട്ടനിലേക്കുള്ള ഇന്ത്യൻ പരുത്തി കയറ്റുമതി കുത്തനെ കുറയുകയും ചെയ്തു.

മഹാരാഷ്ട്രയിലെ കയറ്റുമതി വ്യാപാരികൾക്കും *സാഹുകാർ*മാർക്കും ദീർഘകാല വായ്പകൾ നൽകുന്നതിലുള്ള താൽപ്പര്യം ഇല്ലാതായി. ഇന്ത്യൻ പരുത്തിക്ക് ഉണ്ടായിരുന്ന ആവശ്യകത കുറയുന്നതും പരുത്തി വില അടിതെറ്റി താഴേക്ക് പോകുന്നതും അവർക്ക് കാണാൻ കഴിഞ്ഞു. അതിനാൽ അവർ തങ്ങളുടെ പ്രവർത്തനങ്ങൾ അവസാനിപ്പിക്കാനും കർഷകർക്ക് മുൻകൂറായി വായ്പ നൽകുന്നത് വളരെ കുറയ്ക്കാനും ബാക്കിനിൽക്കുന്ന കടങ്ങൾ തിരിച്ചടയ്ക്കാൻ ആവശ്യപ്പെടാനും തീരുമാനിച്ചു.

വായ്പ ലഭ്യത ഇല്ലാതായപ്പോൾ നികുതി നിരക്കുകൾ വർധിച്ചു. നാം കണ്ടതുപോലെ ആദ്യഭൂനികുതി വ്യവസ്ഥ നടപ്പാക്കിയത് 1820 കളിലും 1830 കളിലും ആയിരുന്നു എന്നാണ്. ഇപ്പോൾ അടുത്തതിനുള്ള സമയമായിരിക്കുന്നു. പുതിയ വ്യവസ്ഥയിൽ, നികുതി നിരക്ക് നാടകീയമായി വർധിച്ചു: അൻപത് മുതൽ നൂറ് ശതമാനം വരെ. വിലകൾ ഇടിഞ്ഞ്, പരുത്തിക്കൃഷിയിടങ്ങൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന ഈ സമയത്ത്, വർധിപ്പിച്ച നികുതി എങ്ങനെ കർഷകർ നൽകും? അവർക്ക് ഒരിക്കൽ കൂടി ഹുണ്ടികക്കാരിലേക്ക് തിരിയേണ്ടി വന്നു. എന്നാൽ ആ സമയത്ത് വായ്പകൾ നൽകാൻ ഹുണ്ടികക്കാർ വിസമ്മതിച്ചു. പണം തിരിച്ചടയ്ക്കാനുള്ള കർഷകന്റെ ശേഷിയിൽ അവർക്ക് വിശ്വാസമില്ലായിരുന്നു.

### 3.6 അനീതിയുടെ അനുഭവം (The experience of injustice)

ഹുണ്ടികക്കാർ വായ്പകൾ നിരസിച്ചത് കൃഷിക്കാരെ പ്രകോപിതരാക്കി. കടക്കെണിയുടെ കയങ്ങളിൽ പെട്ടുപോയി എന്നതോ, അതിജീവനത്തിനായി പൂർണമായും ഹുണ്ടികക്കാരെ ആശ്രയിക്കേണ്ടി വന്നു

➲ നിവേദനത്തിൽ കർഷകൻ ഉന്നയിക്കുന്ന പരാതികൾ വിശദീകരിക്കുക. എന്തുകൊണ്ടാണ് കർഷകനിൽ നിന്ന് ഹുണ്ടികക്കാർ എടുത്ത ഉൽപ്പന്നങ്ങൾ അവരുടെ കണക്കിൽ വരവ് വയ്ക്കാത്തത്? കർഷകർക്ക് എന്തുകൊണ്ടാണ് രസീതുകൾ നൽകാത്തത്? നിങ്ങൾ ഒരു ഹുണ്ടികക്കാരനായിരുന്നെങ്കിൽ ഈ ചെയ്തികൾക്ക് എന്ത് കാരണങ്ങളാവും ബോധിപ്പിക്കുക?

സ്രോതസ്സ് 8

**ഒരു കർഷകൻ പരാതിപ്പെടുന്നു (A *ryot* petitions)**

മിറാജ്ഗാവ് ഗ്രാമത്തിലെ, കർജാത് താലൂക്കിലെ, ഒരു കർഷകൻ ഡക്കാൻ റയറ്റ്സ് കമ്മീഷനിലെ അഹമ്മദ്നഗർ കളക്ടർക്ക് നൽകിയ നിവേദനത്തിന്റെ ഉദാഹരണമാണിത്:

സോവുകാർമാർ (*സാഹുകാർമാർ*) അടുത്ത കാലത്തായി ഞങ്ങളെ കഷ്ടപ്പെടുത്താൻ തുടങ്ങിയിരിക്കുന്നു. വീട്ടുചെലവുകൾ നടത്തിക്കൊണ്ടു പോകാൻതക്കവണ്ണം ഞങ്ങൾക്ക് വേണ്ടത്ര സമ്പാദിക്കാൻ കഴിയാത്തതിനാൽ, പണത്തിനും വസ്ത്രത്തിനും ധാന്യങ്ങൾക്കും വേണ്ടി അവരോട് യാചിക്കാൻ ഞങ്ങൾ നിർബന്ധിതരാകുന്നു, അവരിൽ നിന്ന് അത് നേടിയെടുക്കുന്നത് അത്യന്തം ശ്രമകരമാണ് എന്നു മാത്രമല്ല കടപ്പത്രത്തിലെ കഠിനമായ വ്യവസ്ഥകൾക്ക് നിർബന്ധപൂർവം വഴങ്ങേണ്ടതായും വരും. മാത്രമല്ല, ആവശ്യമായ വസ്ത്രങ്ങളും ധാന്യങ്ങളും ഞങ്ങൾക്ക് നിലവിലെ പണനിരക്കിൽ തരികയുമില്ല. ഞങ്ങളിൽ നിന്ന് ഈടാക്കുന്ന നിരക്ക് പൊതുവെ, രൊക്കം പണം കൊടുക്കുന്ന ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്നതിനെക്കാൾ ഇരുപത്തിയഞ്ച് അല്ലെങ്കിൽ അൻപത് ശതമാനം കൂടുതലാണ്.... ഞങ്ങളുടെ കൃഷിയിടങ്ങളിലെ ഉൽപ്പാദനവും *സാഹുകാർമാർ* കൊണ്ടുപോകുന്നു, അത് നീക്കം ചെയ്യുന്ന സമയത്ത് ഞങ്ങളുടെ കണക്കിൽ ഉൾപ്പെടുത്തുമെന്ന് ഉറപ്പ് നൽകുന്നു, പക്ഷേ യഥാർഥത്തിൽ അവർ, അത് കണക്കുകളിൽ കാണിക്കാറില്ല. അത്തരത്തിൽ കൊണ്ടുപോകുന്ന ഉൽപ്പന്നങ്ങൾക്കുള്ള രസീതുകൾ കൈമാറാനും അവർ വിസമ്മതിക്കുന്നു.

എന്നതോ അല്ല, മറിച്ച്, തങ്ങളുടെ നിർഭാഗ്യകരമായ അവസ്ഥയോട് ഹുണ്ടിക്കക്കാർ കാണിച്ച നിസ്സംഗതയാണ് അവരെ പ്രകോപിതരാക്കിയത്. ഹുണ്ടിക്കക്കാർ ഗ്രാമത്തിലെ നാട്ടുനടപ്പനുസരിച്ചുള്ള നിയമങ്ങളെ ലംഘിക്കുകയായിരുന്നു.

പണം കടം കൊടുക്കുന്നത് തീർച്ചയായും കോളനി ഭരണകാലത്തിനു മുമ്പുതന്നെ വ്യാപകമായി പ്രചാരത്തിലുണ്ടായിരുന്നു. ഹുണ്ടികക്കാർ പലപ്പോഴും പ്രബലരുമായിരുന്നു. ഹുണ്ടികക്കാരനും കർഷകനും തമ്മിലുള്ള ബന്ധങ്ങളെ നാട്ടുനടപ്പനുസരിച്ചുള്ള വൈവിധ്യമാർന്ന നിയമങ്ങൾ നിയന്ത്രിച്ചിരുന്നു. മുതലിനെക്കാൾ കൂടുതൽ പലിശ ഈടാക്കരുത് എന്നത് അത്തരം ഒരു പൊതുവ്യവസ്ഥ ആയിരുന്നു. ഇത് "ന്യായമായ പലിശ"യെ നിർവചിക്കുന്നതിനും ഹുണ്ടികക്കാരുടെ പിടിച്ചുപറിക്ക് പരിധി നിശ്ചയിക്കുന്നതിനും വേണ്ടിയായിരുന്നു. കോളനി ഭരണത്തിനുകീഴിൽ ഈ നിയമം തകർന്നു.

സ്രോതസ്സ് 9

## പാട്ടപ്രമാണം
## (Deeds of hire)

കടം കൂടിക്കൂടിവരുമ്പോൾ ഹുണ്ടികക്കാരനിൽ നിന്നുള്ള വായ്പ തിരിച്ചടയ്ക്കാൻ കർഷകന് കഴിഞ്ഞിരുന്നില്ല. തന്റെ സമ്പാദ്യങ്ങളെല്ലാം – ഭൂമിയും, കാളവണ്ടിയും മൃഗങ്ങളും- ഹുണ്ടികക്കാർക്ക് വിട്ടുകൊടുക്കുകയല്ലാതെ അവൻ മറ്റ് മാർഗങ്ങളൊന്നുമില്ലായിരുന്നു. പക്ഷേ മൃഗങ്ങളില്ലാതെ കൃഷിചെയ്യുന്നതു തുടരാനും അവനു കഴിയുമായിരുന്നില്ല. അതുകൊണ്ട് അവൻ പാട്ടത്തിന് ഭൂമിയും വാടകയ്ക്ക് മൃഗങ്ങളെയും വാങ്ങി. യഥാർഥത്തിൽ ഒരിക്കൽ തന്റെ സ്വന്തമായിരുന്ന മൃഗങ്ങൾക്ക് ഇപ്പോൾ അവൻ വാടക നൽകേണ്ടി വന്നു. ഈ മൃഗങ്ങളും വണ്ടികളും അവന്റേതല്ലെന്ന് വളരെ വ്യക്തമായി ബോധിപ്പിക്കുന്ന ഒരു പാട്ടപ്രമാണത്തിൽ അവൻ ഒപ്പുവയ്ക്കണമായിരുന്നു. തർക്കം ഉടലെടുത്താൽ, ഈ പ്രമാണത്തിലെ വ്യവസ്ഥകൾ കോടതിമുഖാന്തിരം നടപ്പാക്കുവാനും കഴിയുമായിരുന്നു.

ഡക്കാൻ റയറ്റ്സ് കമ്മീഷന്റെ രേഖകളിൽ നിന്ന്, 1873 നവംബറിൽ ഒരു കർഷകൻ ഒപ്പിട്ട ഒരു കരാറിന്റെ ഉള്ളടക്കമാണ് ഇനിപ്പറയുന്നത് :

ഇരുമ്പ് ആക്സിലുള്ള എന്റെ രണ്ട് വണ്ടികളും അതിന്റെ അനുബന്ധ ഘടകങ്ങളും നാല് കാളകളെയും നിങ്ങൾക്ക് തരേണ്ട കടത്തിനായി ഞാൻ നിങ്ങൾക്ക് വിറ്റിരിക്കുന്നു... അതേ രണ്ട് വണ്ടികളും നാല് കാളകളെയും ഞാൻ നിങ്ങളിൽ നിന്ന് (ഈ) പ്രമാണപ്രകാരം വാടകയക്ക് എടുത്തിരിക്കുന്നു. ഞാൻ ഓരോ മാസവും അതിന്റെ വാടകയ്ക്ക് നാല് രൂപ നൽകുകയും നിങ്ങളുടെ സ്വന്തം കൈപ്പടയിൽ രസീത് വാങ്ങുകയും ചെയ്യുന്നതാണ്. രസീതിന്റെ അഭാവത്തിൽ വാടക നൽകിയെന്ന് ഞാൻ അവകാശപ്പെടില്ല.

➲ ഈ കരാർ പ്രകാരം കർഷകൻ ഉറപ്പു നൽകിയ കാര്യങ്ങൾ പട്ടികപ്പെടുത്തുക. ഇത്തരമൊരു കരാർ, കർഷകനും ഹുണ്ടികക്കാരനും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് നമ്മോട് എന്താണ് പറയുന്നത്? കൃഷിക്കാരനും മുമ്പ് അയാളുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന കാളകളും തമ്മിലുള്ള ബന്ധത്തെ ഇത് എങ്ങനെ മാറ്റിമറിക്കും?

ഡക്കാൻ റയറ്റ്സ് കമ്മീഷൻ അന്വേഷിച്ച അനവധി കേസുകളിൽ ഒന്നിൽ, ഒരു ഹുണ്ടികക്കാരൻ നൂറുരൂപ വായ്പയ്ക്ക് രണ്ടായിരം രൂപ വരെ പലിശ ഈടാക്കിയിരുന്നുവെന്ന് കണ്ടെത്തി. അനവധി പരാതികളിലൂടെ, അത്തരം അന്യായമായ പിടിച്ചുപറികളെക്കുറിച്ചും നാട്ടുനടപ്പനുസരിച്ചുള്ള നിയമങ്ങളുടെ ലംഘനങ്ങളെക്കുറിച്ചും കർഷകർ പരാതിപ്പെട്ടു.

കർഷകർ ഹുണ്ടികക്കാരെ കുടിലതന്ത്രമുള്ളവരും വഞ്ചകരുമായി കണ്ടുതുടങ്ങി. ഹുണ്ടികക്കാർ നിയമങ്ങളെ വളച്ചൊടിക്കുകയാണെന്നും കണക്കുകളിൽ കൃത്രിമം കാണിക്കുകയാണെന്നും അവർ പരാതിപ്പെട്ടു. 1859 ൽ ബ്രിട്ടീഷുകാർ ലിമിറ്റേഷൻ നിയമം (Limitation Law) പാസ്സാക്കുകയുണ്ടായി. ഹുണ്ടി

ക്കാരും കർഷകരും തമ്മിൽ ഒപ്പുവച്ച കടപ്പത്രങ്ങൾക്ക് മൂന്നു വർഷത്തേക്ക് മാത്രമേ സാധുതയുള്ളു എന്ന് അത് പ്രസ്താവിച്ചു. സമയം കഴിയുംതോറും പലിശ വർധിക്കുന്നത് തടയുക എന്നതായിരുന്നു ഈ നിയമം കൊണ്ട് ഉദ്ദേശിച്ചത്. എന്നാൽ ഹുണ്ടികക്കാർ ഈ നിയമത്തെയും തങ്ങൾക്കനുകൂലമാക്കി മാറ്റുകയും ഓരോ മൂന്ന് വർഷം കഴിയുമ്പോഴും കർഷകനെകൊണ്ട് ഒരു പുതിയ കടപ്പത്രത്തിൽ ഒപ്പു വയ്പ്പിക്കുകയും ചെയ്തു. ഒരു പുതിയ കടപ്പത്രം ഒപ്പു വയ്പ്പിക്കുമ്പോൾ കുടിശ്ശിക വരുത്തിയ മുതലും അതിന്മേലുള്ള ബാക്കി പലിശയും കൂട്ടിച്ചേർത്ത തുക പുതിയ കടപ്പത്രമനുസരിച്ചുള്ള വായ്പമുതലായി കണക്കാക്കുകയും അതിന്മേൽ പുതിയ പലിശ നിരക്ക് നിശ്ചയിക്കുകയും ചെയ്തു. ഡക്കാൻ റയറ്റ്സ് കമ്മീഷൻ (Deccan Riots Commission) ശേഖരിച്ച പരാതികളിൽ, ഈ പ്രക്രിയ എങ്ങനെ പ്രവർത്തിപ്പിച്ചുവെന്നും (സ്രോതസ്സ് 10 കാണുക) കർഷകനെ ചതിച്ചു പണം തട്ടാൻ ഹുണ്ടികക്കാർ വിവിധ മാർഗങ്ങൾ ഉപയോഗിച്ചതെങ്ങനെയെന്നും കർഷകർ വിവരിക്കുന്നുണ്ട്: വായ്പകൾ തിരിച്ചടയ്ക്കുമ്പോൾ രസീതുകൾ കൊടുക്കാൻ അവർ വിസമ്മതിച്ചു. കടപ്പത്രങ്ങളിൽ വ്യാജകണക്കുകൾ രേഖപ്പെടുത്തുകയും, കർഷകർ കൊയ്തെടുത്ത വിളവുകൾ കുറഞ്ഞ വിലയ്ക്ക് സ്വന്തമാക്കുകയും അവസാനം കർഷകരുടെ സ്വത്ത് കൈവശപ്പെടുത്തുകയും ചെയ്തു.

പ്രമാണങ്ങളും കടപ്പത്രങ്ങളും പുത്തൻ മർദക വ്യവസ്ഥിതിയുടെ പ്രതീകങ്ങളായി മാറി. മുൻകാലങ്ങളിൽ ഇത്തരം പ്രമാണങ്ങൾ വിരളമായിരുന്നു. എന്നിരുന്നാലും, മുൻകാലങ്ങളിൽ സാധാരണമായിരുന്ന, അനൗപചാരിക ധാരണകളെ അടിസ്ഥാനമാക്കിയുള്ള ഇടപാടുകളെ സംശയത്തോടെ മാത്രമാണ് ബ്രിട്ടീഷുകാർ വീക്ഷിച്ചിരുന്നത്. ഇടപാടുകളുടെ നിബന്ധനകൾ വ്യക്തമായും അസന്ദിഗ്ധമായും സ്പഷ്ടമായും കരാറുകളിലും ആധാരങ്ങളിലും കടപ്പത്രങ്ങളിലും പ്രസ്താവിക്കുകയും നിയമപ്രകാരം നിയന്ത്രിക്കുകയും വേണമെന്നായിരുന്നു അവർ വിശ്വസിച്ചിരുന്നത്. നിയമസാധുത ഇല്ലാത്തിടത്തോളം ഒരു കരാറിനോ പ്രമാണത്തിനോ യാതൊരു മൂല്യവും ഉണ്ടായിരിക്കില്ല.

കാലക്രമേണ, കർഷകർ അവരുടെ ജീവിതദുരിതങ്ങളെയെല്ലാം കടപ്പത്രങ്ങളെയും ആധാരങ്ങളെയും അടിസ്ഥാനമാക്കിയുള്ള ഭരണക്രമത്തോട് ബന്ധപ്പെടുത്താൻ തുടങ്ങി. അവർ പ്രമാണങ്ങളിൽ ഒപ്പു വയ്ക്കാനും വിരലടയാളം പതിപ്പിക്കാനും നിർബന്ധിതരായി, പക്ഷേ, എന്തിലാണ് തങ്ങൾ ഒപ്പുവയ്ക്കുന്നതെന്ന്

സ്രോതസ്സ് 10

**കടം കയറിയതെങ്ങനെ**
**(How debts mounted)**

ഡക്കാൻ റയറ്റ്സ് കമ്മീഷന് നൽകിയ ഒരു നിവേദനത്തിൽ വായ്പാസമ്പ്രദായം എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് ഒരു കർഷകൻ വിശദീകരിക്കുന്നു :

ഒരു *സാഹുകാരൻ* തന്റെ കടക്കാരന് കടപത്രപ്രകാരം 100 രൂപ, പ്രതിമാസം 3 മുതൽ 2 അണ നിരക്കിൽ പലിശയ്ക്ക് കടം കൊടുക്കുന്നു. കടപത്രം കൈമാറിയതു മുതൽ എട്ട് ദിവസത്തിനുള്ളിൽ തുക തിരിച്ചടയ്ക്കാൻ കടക്കാരൻ സമ്മതിക്കുന്നു. തുക തിരിച്ചടയ്ക്കുന്നതിനുള്ള നിശ്ചിത സമയത്തിനും മൂന്ന് വർഷത്തിനുശേഷം, അതേ പലിശ നിരക്കിൽ മുതലും പലിശയും ചേർത്ത് പുതിയ മുതൽ കണക്കാക്കി *സാഹുകാർ* കടക്കാരിൽ നിന്ന് മറ്റൊരു കടപത്രം വാങ്ങുകയും, കടം തീർക്കാൻ 125 ദിവസത്തെ സമയം അവന് അനുവദിക്കുകയും ചെയ്യുന്നു. മൂന്ന് വർഷവും 15 ദിവസവും കഴിഞ്ഞിട്ടും വീഴ്ച വരുത്തിയാൽ മൂന്നാമത് ഒരു കടപത്രം കൂടെ കടക്കാരൻ കൈമാറണം.... (ഈ പ്രക്രിയ ആവർത്തിക്കുന്നു) പന്ത്രണ്ട് വർഷത്തിന്റെ അവസാനത്തിൽ ... 1000 രൂപയ്ക്കുള്ള അദ്ദേഹത്തിന്റെ ആകെ പലിശ 2028 രൂപ - 10 അണ - 3 പൈസ വരെയെത്തുന്നു.

➲ വർഷങ്ങളായി കർഷകൻ അടച്ച പലിശ നിരക്ക് കണക്കാക്കുക.

അവർക്ക് അറിയുമായിരുന്നില്ല. കടപ്പത്രങ്ങളിൽ ഹുണ്ടികക്കാർ എഴുതിച്ചേർത്തിരിക്കുന്ന വ്യവസ്ഥകളെക്കുറിച്ച് അവർക്ക് ഒരു ധാരണയുമില്ലായിരുന്നു. എഴുതപ്പെട്ട വാക്കുകളെ അവർ ഭയപ്പെട്ടു. എങ്കിലും അതിജീവനത്തിന് വായ്പ അനിവാര്യമായിരുന്നതിനാലും നിയമപ്രകാരമുള്ള കടപ്പത്രം കൂടാതെ ഹുണ്ടികക്കാർ വായ്പ നൽകാതിരുന്നതിനാലും അവർക്കു വേറെ മാർഗമില്ലായിരുന്നു.

## 4. ഡക്കാൻ റയറ്റ്സ് കമ്മീഷൻ (THE DECCAN RIOTS COMMISSION)

ഡക്കാനിൽ കലാപം പടർന്നുപിടിച്ചപ്പോൾ, ബോംബെ ഗവൺമെന്റ് തുടക്കത്തിൽ അത് ഗൗരവമായി എടുക്കാൻ താൽപ്പര്യപ്പെട്ടില്ല. എന്നാൽ 1857 ന്റെ തിക്ത സ്മരണകൾ അനുഭവിച്ച ഇന്ത്യാ ഗവൺമെന്റ് കലാപങ്ങളുടെ കാരണങ്ങളെക്കുറിച്ച് അന്വേഷിക്കാൻ ഒരു കമ്മീഷനെ നിയമിക്കാൻ ബോംബെ ഗവൺമെന്റിനുമേൽ സമ്മർദം ചെലുത്തി. കമ്മീഷൻ തയാറാക്കിയ റിപ്പോർട്ട് 1878 ൽ ബ്രിട്ടീഷ് പാർലമെന്റിന് മുമ്പാകെ സമർപ്പിക്കപ്പെട്ടു.

ഡക്കാൻ റയറ്റ്സ് റിപ്പോർട്ട് (Deccan Riots Report) എന്ന് പരാമർശിക്കപ്പെടുന്ന ഈ റിപ്പോർട്ട്, കലാപത്തെക്കുറിച്ച് പഠിക്കാനുള്ള വൈവിധ്യമാർന്ന അനേകം സ്രോതസ്സുകൾ ചരിത്രകാരർക്ക് നൽകുന്നു. ലഹളബാധിത ജില്ലകളിൽ കമ്മീഷൻ അന്വേഷണങ്ങൾ നടത്തുകയും കൃഷിക്കാർ, *സാഹുകാർമാർ*, ദൃക്സാക്ഷികൾ എന്നിവരിൽ നിന്ന് മൊഴികൾ രേഖപ്പെടുത്തുകയും വിവിധ പ്രദേശങ്ങളിലെ നികുതി നിരക്കുകളും വിലയും പലിശ നിരക്കുകളും സംബന്ധിച്ച സ്ഥിതിവിവരണക്കണക്കുകൾ സമാഹരിക്കുകയും ജില്ലാകളക്ടർമാർ അയച്ച റിപ്പോർട്ടുകളുമായി അവ ഒത്തുനോക്കുകയും ചെയ്തു.

> ➲ **ചർച്ച ചെയ്യുക...**
> നിങ്ങൾ ഇപ്പോൾ താമസിക്കുന്ന പ്രദേശത്ത് എന്ത് പലിശ നിരക്കുകളാണ് ഈടാക്കുന്നതെന്ന് പരിശോധിക്കുക. കഴിഞ്ഞ അൻപതുവർഷത്തിനിടയിൽ ഈ നിരക്കുകളിൽ മാറ്റം വന്നിട്ടുണ്ടോ എന്ന് കണ്ടെത്തുക. വ്യത്യസ്ത വിഭാഗം ആളുകൾ നൽകുന്ന നിരക്കുകളിൽ വ്യത്യാസമുണ്ടോ. ഈ വ്യത്യാസങ്ങൾക്കുള്ള കാരണങ്ങൾ എന്തൊക്കെ?

അത്തരം സ്രോതസ്സുകൾ പരിശോധിക്കുമ്പോൾ, അവ ഔദ്യോഗിക സ്രോതസ്സുകളാണെന്നും അവയിൽ ഔദ്യോഗിക താൽപ്പര്യങ്ങളും വ്യാഖ്യാനങ്ങളുമാണ് പ്രതിഫലിക്കുന്നതെന്നും നാം വീണ്ടും ഓർക്കേണ്ടതുണ്ട്. ഉദാഹരണത്തിന്, ഗവൺമെന്റിന്റെ നികുതി നിരക്കാണോ ഈ കലാപത്തിന് കാരണമായത് എന്ന് നിശ്ചയിക്കാൻ ഡക്കാൻ റയറ്റ്സ് കമ്മീഷനോട് പ്രത്യേകമായി ആവശ്യപ്പെട്ടിരുന്നു. എല്ലാ തെളിവുകളും നിരത്തിയശേഷം, ഗവൺമെന്റ് ആവശ്യപ്പെട്ടിരുന്ന നികുതി നിരക്കല്ല കർഷകരോഷത്തിന് കാരണമെന്ന് കമ്മീഷൻ റിപ്പോർട്ട് ചെയ്തു. ഹുണ്ടികക്കാരെ ആണ് കുറ്റപ്പെടുത്തേണ്ടത്. കൊളോണിയൽ രേഖകളിൽ ഈ വാദം പലവുരു കാണുന്നു. ജനങ്ങളുടെ അസംതൃപ്തിക്ക് എപ്പോഴെങ്കിലും കാരണമായത് ഗവൺമെന്റിന്റെ നടപടികളാണെന്ന് സമ്മതിക്കാൻ കൊളോണിയൽ ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് നിരന്തരമായ ഒരു വിമുഖത ഉണ്ടായിരുന്നതായി ഇത് കാണിക്കുന്നു.

അങ്ങനെ, ഔദ്യോഗികരേഖകൾ ചരിത്രപുനർനിർമ്മിതിക്ക് വിലമതിക്കാനാവാത്ത സ്രോതസ്സുകളാണ്. എന്നാൽ, അവ എല്ലായ്പ്പോഴും ശ്രദ്ധാപൂർവം വായിക്കുകയും പത്രങ്ങൾ, അനൗദ്യോഗിക വിവരണങ്ങൾ, നിയമപരമായ രേഖകൾ, സാധ്യമായത്ര വാമൊഴി സ്രോതസ്സുകൾ എന്നിവയിൽ നിന്ന് ശേഖരിച്ചെടുക്കുന്ന തെളിവുകളുമായി തട്ടിച്ചു നോക്കുകയും വേണം.

## കാലരേഖ (TIMELINE)

| | |
|---|---|
| 1765 | ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി ബംഗാളിലെ ദിവാനി നേടിയെടുക്കുന്നു |
| 1773 | ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനു ബ്രിട്ടീഷ് പാർലമെന്റ് റെഗുലേറ്റിങ് ആക്ട് പാസ്സാക്കുന്നു |
| 1793 | ശാശ്വത ഭൂനികുതി വ്യവസ്ഥ ബംഗാളിൽ |
| 1800കൾ | സന്താളുകൾ രാജ്മഹൽ കുന്നുകളിലേക്കുവരാനും അവിടെ അധിവസിക്കാനും തുടങ്ങുന്നു |
| 1818 | ബോംബെ ഡക്കാനിൽ ആദ്യത്തെ ഭൂനികുതി വ്യവസ്ഥ |
| 1820കൾ | കാർഷിക വിലകൾ ഇടിയാൻ തുടങ്ങുന്നു |
| 1840 കൾ മുതൽ 50 കൾ വരെ | ബോംബെ ഡക്കാനിൽ സാവധാനം കൃഷി വികസിക്കുന്നു |
| 1855-56 | സന്താൾ കലാപം |
| 1861 | പരുത്തിവ്യവസായത്തിന്റെ ക്ഷിപ്രാഭിവൃദ്ധി |
| 1875 | ഡക്കാനിലെ ഗ്രാമങ്ങളിൽ കർഷകലഹള |



*ചിത്രം 10.20*
*ഒരു ഗ്രാമീണ ദൃശ്യം. റാച്ചൽ ദിലും പ്രിൻസെപ്പ്, 1830*

### 100 മുതൽ 150 വരെ വാക്കുകളിൽ ഉത്തരമെഴുതുക (ANSWER IN 100-150 WORDS)

1. ബംഗാളിലെ ഗ്രാമീണ മേഖലകളിൽ *ജോട്ടേദാർമാർ* ഒരു ശക്തമായ സാന്നിധ്യമായത് എന്തുകൊണ്ട്?
2. തങ്ങളുടെ സെമീന്ദാരികളുടെ മേലുള്ള നിയന്ത്രണം സെമീന്ദാർമാർ നിലനിർത്തിയതെങ്ങനെ?
3. പുറമെ നിന്നുള്ളവരുടെ കടന്നുവരവിനോട് പഹാരിയകൾ എങ്ങനെയാണ് പ്രതികരിച്ചത്?
4. ബ്രിട്ടീഷ് ഭരണത്തിനെതിരെ സന്താളുകൾ കലാപം നടത്തിയതെന്തുകൊണ്ട്?
5. ഹുണ്ടികക്കാർക്കെതിരായ ഡക്കാനിലെ കർഷകരുടെ രോഷത്തിന്റെ കാരണമെന്ത്?

### ചുവടെ തന്നിരിക്കുന്നവയെക്കുറിച്ച് ഒരു ലഘു ഉപന്യാസം (ഏകദേശം 250 മുതൽ 300 വരെ വാക്കുകളിൽ) എഴുതുക: (WRITE A SHORT ESSAY (250-300 WORDS) ON THE FOLLOWING:)

6. ശാശ്വത ഭൂനികുതിവ്യവസ്ഥ നടപ്പാക്കിയ ശേഷം സെമീന്ദാരികൾ പലതും ലേലം ചെയ്യപ്പെട്ടത് എന്തുകൊണ്ട്?
7. പഹാരിയകളുടെ ജീവിതരീതി ഏതൊക്കെ വിധത്തിലാണ് സന്താളുകളുടേതിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നത്?
8. അമേരിക്കയിലെ ആഭ്യന്തരയുദ്ധം ഇന്ത്യയിലെ കർഷകരുടെ ജീവിതത്തെ എങ്ങനെ ബാധിച്ചു?
9. കർഷകചരിത്രം എഴുതുന്നതിൽ ഔദ്യോഗിക സ്രോതസ്സുകൾ ഉപയോഗിക്കുന്നതിന്റെ വൈഷമ്യങ്ങൾ എന്തൊക്കെയാണ്?

### ഭൂപട പ്രവർത്തനം (MAP WORK)

10. ഉപഭൂഖണ്ഡത്തിന്റെ ഒരു രൂപരേഖയിൽ, ഈ അധ്യായത്തിൽ വിവരിച്ചിരിക്കുന്ന പ്രദേശങ്ങൾ അടയാളപ്പെടുത്തുക. ശാശ്വതഭൂനികുതി വ്യവസ്ഥയും *റയ്യത്ത്‌വാരി* സമ്പ്രദായവും നിലനിന്നിരുന്ന മറ്റ് മേഖലകളുണ്ടോ എന്ന് കണ്ടെത്തുകയും ഭൂപടത്തിൽ അവ അടയാളപ്പെടുത്തുകയും ചെയ്യുക.

### പ്രോജക്ടുകൾ (ഒന്ന് തിരഞ്ഞെടുക്കുക) (PROJECTS (CHOOSE ONE))

11. ഫ്രാൻസിസ് ബുക്കാനൻ കിഴക്കേ ഇന്ത്യയിലെ പല ജില്ലകളുടെയും റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചു. ഈ അധ്യായത്തിൽ ചർച്ച ചെയ്ത പ്രമേയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട്, ഇതിൽ ഒരു റിപ്പോർട്ട് വായിക്കുകയും ഗ്രാമീണ സമൂഹത്തെക്കുറിച്ചുള്ള ലഭ്യമായ വിവരങ്ങളുമായി ഒത്തുനോക്കുകയും ചെയ്യുക. ചരിത്രകാരർക്ക് അത്തരം ഗ്രന്ഥങ്ങൾ ഏതൊക്കെ വിധത്തിൽ ഉപയോഗിക്കാൻ കഴിയുമെന്ന് പ്രത്യേകമായി ചൂണ്ടിക്കാട്ടുക?
12. നിങ്ങൾ താമസിക്കുന്ന പ്രദേശത്ത്, ഗ്രാമീണരായ പ്രായം ചെന്ന ആളുകളോട് സംസാരിക്കുകയും അവർ ഇപ്പോൾ കൃഷിചെയ്യുന്നസ്ഥലങ്ങൾ സന്ദർശിക്കുകയും ചെയ്യുക. അവർ എന്താണ് ഉൽപ്പാദിപ്പിക്കുന്നത്, അവർ തങ്ങളുടെ ഉപജീവനമാർഗം എങ്ങനെ കണ്ടെത്തുന്നു, അവരുടെ മാതാപിതാക്കൾ എന്ത് ചെയ്തിരുന്നു, അവരുടെ ആൺമക്കളും പെൺമക്കളും ഇപ്പോൾ എന്തു ചെയ്യുന്നു, കഴിഞ്ഞ 75 വർഷങ്ങളിലായി അവരുടെ ജീവിതം ഏതുവിധത്തിൽ മാറിയിരിക്കുന്നു മുതലായ കാര്യങ്ങൾ കണ്ടെത്തുക. നിങ്ങളുടെ കണ്ടെത്തലുകളെ അടിസ്ഥാനമാക്കി ഒരു റിപ്പോർട്ട് തയാറാക്കുക.

**നിങ്ങൾ കൂടുതൽ അറിയാനാഗ്രഹിക്കുന്നുവെങ്കിൽ, വായിക്കുക:**

സുഗതാ ബോസ്. 1986.
*അഗ്രേറിയൻ ബംഗാൾ,*
കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രസ്സ്,
കേംബ്രിഡ്ജ്.

ഫ്രാൻസിസ് ബുക്കാനൻ. 1930.
*ജേർണൽ ഓഫ് ഫ്രാൻസിസ് ബുക്കാനൻ കെപ്റ്റ് ഡ്യൂറിങ് ദി സർവേ ഓഫ് ദി ഡിസ്ട്രിക്ട് ഓഫ് ഭഗൽപൂർ.*
സൂപ്രണ്ട്, ഗവൺമെന്റ് പ്രിന്റിംഗ്,
ബീഹാർ & ഒറീസ്സ, പാട്ന.

രാമചന്ദ്ര ഗുഹ. 1989.
*ദി അൺക്വയിറ്റ് വുഡ്സ്: ഇക്കോളജിക്കൽ ചെയ്ഞ്ച് ആൻഡ് പെസന്റ് റെസിസ്റ്റൻസ് ഇൻ ദി ഹിമാലയാസ്.*
ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്സ്,
ന്യൂഡൽഹി.

സുമിത്ത് ഗുഹ. 1985.
*ദി അഗ്രേറിയൻ ഇക്കോണമി ഓഫ് ദി ബോംബെ ഡക്കാൻ, 1818 - 1941.*
ഓക്സ് ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്സ്,
ന്യൂഡൽഹി.

രവീന്ദർ കുമാർ. 1968.
*വെസ്റ്റേൺ ഇന്ത്യ ഇൻ ദി നയൻറ്റീൻത് സെഞ്ച്വറി : എ സ്റ്റഡി ഇൻ ദി സോഷ്യൽ ഹിസ്റ്ററി ഓഫ് മഹാരാഷ്ട്ര.*
റുട്ട്ലെട്ജ് ആൻഡ് കെഗൻ പാൾ, ലണ്ടൻ.

രത്നലേഖ റായ്. 1979.
*ചെയ്ഞ്ച് ഇൻ ബംഗാൾ അഗ്രേറിയൻ സൊസൈറ്റി, സി. 1760 - 1850.*
മനോഹർ, ന്യൂഡൽഹി.

കുമാർ സുരേഷ് സിംഗ്. 1966.
*ഡസ്റ്റ്- സ്റ്റോം ആൻഡ് ദി ഹാങ്ങിങ് മിസ്റ്റ്: എ സ്റ്റഡി ഓഫ് ബിർസ മുണ്ട ആൻഡ് ഹിസ് മൂവ്മെന്റ് ഇൻ ഛോട്ടാ നാഗ്പൂർ (1874 - 1901).*
ഫിർമ കെ.എൽ. മുഖോപാധ്യായ്,
*കൽക്കത്ത.*

# കലാപകാരികളും രാജും

**പ്രമേയം പതിനൊന്ന്**

## (REBELS AND THE RAJ)

## 1857 ലെ കലാപവും അതിന്റെ ചിത്രീകരണങ്ങളും
## (THE REVOLT OF 1857 AND ITS REPRESENTATIONS)

B5A2N2

1857 മെയ് 10 ഉച്ചകഴിഞ്ഞ്, മീററ്റിലെ പട്ടാളത്താവളത്തിലെ ശിപായികൾ കലാപം ആരംഭിച്ചു. തദ്ദേശീയരുടെ കാലാൾ സൈനികനിരകളിൽ ആരംഭിച്ച കലാപം ദ്രുതഗതിയിൽ കുതിരപ്പടയിലേക്കും തുടർന്ന് നഗരത്തിലേക്കും വ്യാപിച്ചു. നഗരത്തിലെയും ചുറ്റുപാടുമുള്ള ഗ്രാമങ്ങളിലെയും സാധാരണ ജനങ്ങൾ ശിപായിമാരോട് അണിചേർന്നു. ശിപായിമാർ ആയുധങ്ങളും വെടിമരുന്നും സംഭരിച്ചിരുന്ന ആയുധസംഭരണശാലകൾ (ബെൽ ഓഫ് ആംസ്) പിടിച്ചെടുക്കുകയും വെള്ളക്കാരെ ആക്രമിക്കാൻ മുന്നേറുകയും അവരുടെ ബംഗ്ലാവുകളും വസ്തുവകകളും കൊള്ളയടിക്കുകയും അഗ്നിക്കിരയാക്കുകയും ചെയ്തു. സർക്കാർ രേഖകൾ സൂക്ഷിക്കുന്ന കാര്യാലയം, ജയിൽ, കോടതി, തപാൽ ഓഫീസ്, ഖജനാവ് തുടങ്ങിയ സർക്കാർ കെട്ടിടങ്ങൾ തകർക്കപ്പെടുകയും കൊള്ളയടിക്കപ്പെടുകയും ചെയ്തു. ഡൽഹിയിലേക്കുള്ള ടെലഗ്രാഫ് കമ്പികൾ മുറിച്ചു മാറ്റി. രാത്രിയോടെ, ഒരു സംഘം ശിപായിമാർ ഡൽഹിയിലേക്ക് നീങ്ങി.



*ചിത്രം 11.1 ബഹദൂർ ഷായുടെ ഛായാചിത്രം*

മെയ് 11-ാം തീയതി പുലർച്ചെ ശിപായിമാർ ചെങ്കോട്ടയുടെ കവാടത്തിനു മുന്നിലെത്തിച്ചേർന്നു. അത് റമസാൻ മാസമായിരുന്നു, മുസ്‌ലീങ്ങളുടെ പ്രാർഥനയുടെയും ഉപവാസത്തിന്റെയും വിശുദ്ധമാസം. വൃദ്ധനായ മുഗൾ ചക്രവർത്തി ബഹാദൂർഷാ, സൂര്യൻ ഉദിക്കുന്നതിനു മുമ്പെ തന്റെ പ്രാർഥനകളും ഭക്ഷണവും പൂർത്തിയാക്കി ഉപവാസം ആരംഭിച്ചു. പ്രവേശനകവാടത്തിലെ ശബ്ദകോലാഹലങ്ങൾ അദ്ദേഹം ശ്രവിച്ചു. അദ്ദേഹം നിന്നിരുന്നിടത്തെ ജാലകത്തിനു സമീപം ഒത്തുകൂടിയ ശിപായിമാർ അദ്ദേഹത്തോട് പറഞ്ഞു: "മീററ്റിലെ എല്ലാ ഇംഗ്ലീഷുകാരെയും കൊന്നൊടുക്കിയിട്ട് അവിടെ നിന്ന് വന്നവരാണ് ഞങ്ങൾ, കാരണം, പശുവിന്റെയും പന്നിയുടെയും കൊഴുപ്പ് ആവരണം ചെയ്ത തോക്കിൻ തിരകൾ, പല്ലുകൾ ഉപയോഗിച്ച് കടിക്കണമെന്ന് അവർ ഞങ്ങളോട് ആവശ്യപ്പെട്ടു. ഇത് ഹിന്ദുക്കളുടെയും മുസ്‌ലിങ്ങളുടെയും വിശ്വാസത്തെ ഒരുപോലെ അശുദ്ധമാക്കി." ശിപായിമാരുടെ മറ്റൊരു സംഘവും കൂടി ഡൽഹിയിൽ പ്രവേശിക്കുകയും അവരോടൊപ്പം ആ നഗരത്തിലെ ജനങ്ങൾ അണിചേരുകയും ചെയ്തു. യൂറോപ്യന്മാർ വൻതോതിൽ കൊന്നൊടുക്കപ്പെട്ടു; ഡൽഹിയിലെ സമ്പന്നർ ആക്രമിക്കപ്പെടുകയും കൊള്ളയടിക്കപ്പെടുകയും ചെയ്തു. ഡൽഹിയുടെ നിയന്ത്രണം ബ്രിട്ടീഷുകാർക്ക് നഷ്ടപ്പെട്ടതായി ഇതിൽ നിന്ന് വ്യക്തമായിരുന്നു. തങ്ങളിൽനിന്ന് പ്രതീക്ഷിക്കുന്ന വിപുലമായ കൊട്ടാരമര്യാദകൾ പാലിക്കാതെ, ചില ശിപായിമാർ ചെങ്കോട്ടയ്ക്കകത്തു കടന്നു കയറി. ചക്രവർത്തിയുടെ അനുഗ്രഹാശിസ്സുകൾ തങ്ങൾക്ക് നൽകണമെന്ന് അവർ ആവശ്യപ്പെട്ടു. ശിപായിമാരാൽ ചുറ്റപ്പെട്ട ബഹദൂർഷായ്ക്ക് അനുസരിക്കുകയല്ലാതെ മറ്റ് മാർഗമൊന്നും ഉണ്ടായിരുന്നില്ല. കലാപം മുഗൾ ചക്രവർത്തിയുടെ നാമത്തിൽ മുന്നോട്ട് നയിക്കാൻ കഴിഞ്ഞപ്പോൾ അതിന് ഒരു തരത്തിലുള്ള നിയമസാധുത കൈവന്നു.

മെയ് 12നും 13നും ഉത്തരേന്ത്യ ശാന്തമായി കാണപ്പെട്ടു. കലാപകാരികൾ ഡൽഹി പിടിച്ചെടുത്തെന്നും ബഹദൂർഷ കലാപത്തിന് അനുഗ്രഹാശിസ്സുകൾ നൽകിയെന്നുമുള്ള വാർത്തകൾ പ്രചരിച്ചതോടെ, സംഭവങ്ങൾക്ക് ഗതിവേഗം കൈവന്നു. ഗംഗാസമതലത്തിലെ പട്ടാളത്താവളങ്ങൾ ഒന്നൊന്നായും ഡൽഹിയുടെ പടിഞ്ഞാറൻ പ്രദേശങ്ങളിലെ ചിലതും കലാപമുയർത്തി.

## 1. കലാപത്തിന്റെ രീതി (PATTERN OF THE REBELLION)

ഈ കലാപത്തിന്റെ നാൾവഴികൾ കാലഗണനപ്രകാരം ക്രമപ്പെടുത്തുകയാണെങ്കിൽ, ഒരു നഗരത്തിലെ കലാപവാർത്ത മറ്റൊരു നഗരത്തിലെത്തിയാൽ അവിടത്തെ ശിപായിമാർ സായുധ കലാപത്തിനു ഇറങ്ങിതിരിക്കുമായിരുന്നു എന്ന് തോന്നിപ്പോകും. ഓരോ പട്ടാളത്താവളത്തിലെയും സംഭവപരമ്പരകൾ സമാനമായ രീതി പിൻതുടർന്നു.

*ആയുധങ്ങൾ സൂക്ഷിക്കുന്ന ഒരു സംഭരണമുറിയാണ് ബെൽ ഓഫ് ആംസ്*

### 1.1 കലാപങ്ങൾ ആരംഭിച്ചത് എങ്ങനെ (How the mutinies began)

ശിപായിമാർ അവരുടെ പ്രവൃത്തി ആരംഭിച്ചത് ഒരു സൂചനയോടെയാണ്: പല സ്ഥലങ്ങളിലും അത് ഒന്നുകിൽ സായാഹ്നപരിശീലനത്തിന്റെ ഭാഗമായുള്ള വെടി ശബ്ദമോ അല്ലെങ്കിൽ ബ്യൂഗിളിന്റെ ശബ്ദമോ ആയിരിക്കും. ആദ്യം അവർ ബെൽ ഓഫ് ആംസ് (ആയുധ സംഭരണശാലകൾ) പിടിച്ചെടുക്കുകയും ഖജനാവ് കൊള്ളയടിക്കുകയും ചെയ്തു. അതിനുശേഷം അവർ സർക്കാർ കെട്ടിടങ്ങൾ - ജയിൽ, ഖജനാവ്, ടെലഗ്രാഫ് ഓഫീസ്, രേഖകൾ സൂക്ഷിക്കുന്ന മുറി, ബംഗ്ലാവുകൾ എന്നിവ - ആക്രമിക്കുകയും എല്ലാ രേഖകളും അഗ്നിക്കിരയാക്കുകയും ചെയ്തു. വെള്ളക്കാരനുമായി ബന്ധപ്പെട്ട എല്ലാ വസ്തുക്കളും വ്യക്തികളും അവരുടെ ലക്ഷ്യങ്ങളായിത്തീർന്നു. ഫിരങ്കികൾക്കെതിരെ *(Firangis/വിദേശികൾ)* ഹിന്ദുക്കളും മുസ്‌ലീങ്ങളും ഐക്യത്തോടെ, ഉണർന്നു പ്രവർത്തിക്കുവാനും അവരെ ഉന്മൂലനം ചെയ്യുവാനും ആഹ്വാനം ചെയ്തു കൊണ്ടുള്ള ഹിന്ദി, ഉറുദു പേർഷ്യൻ ഭാഷകളിൽ പുറത്തിറക്കിയ പ്രഖ്യാപനങ്ങൾ നഗരങ്ങളിൽ പ്രദർശിപ്പിച്ചിരുന്നു.

*ഫിരംഗി:* പേർഷ്യൻ ഭാഷയിൽ നിന്ന് ഉൽഭവിച്ച ഒരു പദം, ഒരുപക്ഷേ ഫ്രാങ്കിൽ നിന്ന് ഉരുത്തിരിഞ്ഞതാകാം. (അതിൽ നിന്നാവാം ഫ്രാൻസിന് ആ പേര് ലഭിച്ചത്!), ഉർദുവിലും ഹിന്ദിയിലും ഉപയോഗിച്ചിരുന്ന ഈ പദം പലപ്പോഴും അപകീർത്തികരമായ അർഥത്തിൽ വിദേശികളെ വിശേഷിക്കാനാണ് ഉപയോഗിച്ചിരുന്നത്.

സാധാരണ ജനങ്ങൾ കലാപത്തിൽ അണിചേർന്നതോടെ, ആക്രമണ ലക്ഷ്യങ്ങളും വിപുലീകരിക്കപ്പെട്ടു. ലഖ്നൗ, കാൺപൂർ, ബറേലി മുതലായ പ്രധാന പട്ടണങ്ങളിൽ, ഹുണ്ടികക്കാരും സമ്പന്നരും കലാപകാരികളുടെ ക്രോധത്തിനിരയായി. കർഷകർ അവരെ കണ്ടിരുന്നത് കേവലം മർദകരായിട്ടു മാത്രമല്ല, മറിച്ച് ബ്രിട്ടീഷുകാരുടെ കൂട്ടാളികളായിട്ടുകൂടിയായിരുന്നു. മിക്കവാറും സ്ഥലങ്ങളിൽ അവരുടെ വീടുകൾ കൊള്ളയടിക്കപ്പെടുകയും തകർക്കപ്പെടുകയും ചെയ്തു. ശിപായിമാരിൽ തുടങ്ങിയ ലഹള അതിവേഗം ഒരു കലാപമായി മാറി. എല്ലാത്തരത്തിലുമുള്ള അധികാരത്തിനും അധികാര ശ്രേണികൾക്കുമെതിരെ പൊതുവായ ഒരു വെല്ലുവിളിയുയർന്നു.

*ചിത്രം 11.2*
*ലഖ്നൗവിൽ ബ്രിട്ടീഷുകാരെ ആക്രമിക്കാൻ സാധാരണക്കാർ ശിപായിമാരോടൊപ്പം ചേരുന്നു.*



മെയ്-ജൂൺ മാസങ്ങളിൽ കലാപകാരികളുടെ പ്രവർത്തനങ്ങൾക്കെതിരെ നടപടി എടുക്കാൻ ബ്രിട്ടീഷുകാർക്കു കഴിഞ്ഞില്ല. ഓരോ ബ്രിട്ടീഷുകാരനും തന്റെ ജീവനും കുടുംബാംഗങ്ങളുടെ ജീവനും രക്ഷിക്കാൻ വ്യക്തിഗതമായി പരിശ്രമിച്ചു. ബ്രിട്ടീഷ്ഭരണം, ഒരു ബ്രിട്ടീഷ് ഉദ്യോഗസ്ഥൻ അഭിപ്രായപ്പെട്ടപോലെ, "ഒരു ചീട്ടുകൊട്ടാരം കണക്കെ തകർന്നടിഞ്ഞു."

*സ്രോതസ്സ് 1*

## അസാധാരണ കാലത്തെ സാധാരണ ജീവിതം (Ordinary life in extraordinary times)

കലാപത്തിന്റെ മാസങ്ങളിൽ നഗരങ്ങളിൽ എന്താണ് സംഭവിച്ചത്? കോലാഹലങ്ങൾ നിറഞ്ഞ ഈ മാസങ്ങളിൽ ജനങ്ങൾ എങ്ങനെയാണ് ജീവിച്ചിരുന്നത്? സാധാരണ ജീവിതത്തെ ഇതെങ്ങനെ ബാധിച്ചു? വിവിധ നഗരങ്ങളിൽ നിന്ന് ലഭ്യമായ റിപ്പോർട്ടുകൾ *ദൈനംദിന പ്രവർത്തനങ്ങളുടെ തകർച്ച*യെക്കുറിച്ചാണ് നമ്മോട് പറയുന്നത്. 1857 ജൂൺ 14 ന് ഡൽഹി ഉറുദു *അക്ബറിൽ* വന്ന ഈ റിപ്പോർട്ടുകൾ വായിക്കുക:

> പച്ചക്കറികളുടെയും *സാഗി* (ചീര) യുടെയും കാര്യത്തിലും ഇതു ശരിയാണ്. *കദ്ദുവും* (മത്തങ്ങ) *ബാൻഗനും* (വഴുതനങ്ങ) പോലും കമ്പോളങ്ങളിൽ കാണാനില്ലായിരുന്നുവെന്ന് ജനങ്ങൾ പരാതിപ്പെട്ടതായിക്കണ്ടിരുന്നു. ദീർഘദൃഷ്ടിയുള്ള *കുഞ്ചരകൾ* (പച്ചക്കറി കൃഷിക്കാർ) നേരത്തെ സംഭരിച്ചു വച്ചിരുന്ന ഉരുളക്കിഴങ്ങും *അർവിയും* (ചേന) ലഭ്യമായെങ്കിലും പഴകിയതും ചീഞ്ഞതുമായിരുന്നു. നഗരങ്ങൾക്കുള്ളിലെ തോട്ടങ്ങളിൽ നിന്നുള്ള ചില ഉൽപ്പന്നങ്ങൾ കുറച്ചു സ്ഥലങ്ങളിലേക്ക് എത്തിച്ചേരുന്നുണ്ട്. എന്നാൽ പാവപ്പെട്ടവരും മധ്യവർഗക്കാരും അവയെ നോക്കി ചുണ്ടു നുണയ്ക്കുക മാത്രമേ വഴിയുള്ളൂ. (കാരണം അവ ചുരുക്കം പേർക്കു വേണ്ടി നീക്കി വയ്ക്കപ്പെട്ടതാണ്).
>
> ... ജനങ്ങൾക്ക് ഒരുപാട് കഷ്ടപ്പാടുകൾ വരുത്തി വയ്ക്കുന്ന ശ്രദ്ധ അർഹിക്കേണ്ട മറ്റൊരു കാര്യമാണ്, ജലവാഹകർ ജലം നിറയ്ക്കുന്നത് നിർത്തിവച്ചത്. പാവപ്പെട്ട *ഷുർഫമാർ* (ആഭിജാത്യരായവർ) പോലും തൊട്ടികളിൽ അവരുടെ തോളുകളിൽ ജലം ചുമന്നു കൊണ്ടു പോകുന്നത് കാണുന്നു; അപ്പോൾ മാത്രമേ പാചകം പോലുള്ള ഗാർഹികാവശ്യങ്ങൾ നിറവേറ്റാൻ കഴിയുകയുള്ളൂ. *ഹലാൽഖോർമാർ* (മതനിയമബോധമുള്ളവർ) പോലും *ഹറാംഖോർമാർ* (മതനിയമബോധമില്ലാത്തവർ) ആയി മാറി. പല *മൊഹല്ലകൾ*ക്കും നിരവധി ദിവസങ്ങളായി ഒന്നും സമ്പാദിക്കാൻ കഴിയാതെ വന്നിരിക്കുകയാണ്. ഈ നില തുടർന്നാൽ തകർച്ചയും മരണവും രോഗവും ഒന്നിച്ചു ചേർന്ന് നഗരത്തിലെ വായുവിനെ മലിനമാക്കുകയും ഒരു പകർച്ച വ്യാധി നഗരത്തിലുടനീളം പടരുകയും, *സമീപത്തും ചുറ്റുമുള്ള* പ്രദേശങ്ങളിലേക്ക് പോലും വ്യാപിക്കുകയും ചെയ്യും.

➲ ഈ രണ്ട് റിപ്പോർട്ടുകളും, ഈ അധ്യായത്തിൽ നൽകിയിട്ടുള്ള ഡൽഹിയിൽ എന്താണ് സംഭവിച്ചതെന്നുള്ള വിവരണങ്ങളും വായിക്കുക. പത്രറിപ്പോർട്ടുകൾ പലപ്പോഴും റിപ്പോർട്ടറുടെ മുൻവിധികൾ പ്രകടിപ്പിക്കുന്നവയാകാമെന്ന് ഓർക്കുക. ജനങ്ങളുടെ പ്രവർത്തനങ്ങളെ *ഡൽഹി ഉറുദു അക്ബർ* എങ്ങനെ വീക്ഷിച്ചു?

### 1.2. ആശയവിനിമയ രീതികൾ (Lines of communication)

വ്യത്യസ്തപ്രദേശങ്ങളിലുണ്ടായ കലാപത്തിന്റെ രീതിയിലെ സമാനതയുടെ കാരണം കുറച്ചൊക്കെ ആസൂത്രണത്തിലും ഏകോപനത്തിലും ഉള്ള മികവാണ്. വിവിധ പട്ടാളത്താവളങ്ങളിലെ ശിപായിനിരകൾ തമ്മിൽ ആശയവിനിമയം ഉണ്ടായിരുന്നു എന്നത് വ്യക്തമാണ്. അവധിലെ കുതിരപ്പടയായ 7-ാം അവധ് ഇറെഗുലർ കാവൽറി (7th Awadh Irregular Cavalry) പുതിയ തിരകൾ ഉപയോഗിക്കാൻ മെയ് ആദ്യം വിസമ്മതിച്ചതിനെത്തുടർന്ന്, അവർ 48-ാം നേറ്റീവ് ഇൻഫൻട്രിക്ക് എഴുതി "അവർ വിശ്വാസത്തിനു വേണ്ടി പ്രവർത്തിക്കുകയും 48-ാം നേറ്റീവ് ഇൻഫൻട്രിയുടെ ഉത്തരവിനു വേണ്ടി കാത്തിരിക്കുകയുമാണ്." ശിപായിമാരോ അവരുടെ രഹസ്യ സന്ദേശവാഹകരോ ഒരു സ്ഥലത്തു നിന്ന് മറ്റൊരു സ്ഥലത്തേക്ക് നീങ്ങി. ജനങ്ങൾ അങ്ങനെ കലാപം ആസൂത്രണം ചെയ്യുകയും അതിനെക്കുറിച്ച് ആശയവിനിമയം നടത്തുകയും ചെയ്തു.

ഉറവിടം 2

## സിസ്റ്റനും തഹസീൽദാരും
## (Sisten and the tahsildar)

കലാപത്തിന്റെയും സൈനിക ലഹളയുടെയും സന്ദേശം കൈമാറപ്പെട്ട സന്ദർഭത്തിൽ, സിത്താപ്പൂരിലെ ഒരു തദ്ദേശീയ ക്രിസ്ത്യൻ പോലീസ് ഇൻസ്പെക്ടറായ ഫ്രാങ്കോയിയ് സിസ്റ്റൺന്റെ അനുഭവങ്ങൾ ശക്തിമത്താണ്. മജിസ്ട്രേറ്റിന് ആദരവ് അർപ്പിക്കാൻ അദ്ദേഹം സഹാറൻപൂരിൽ പോയിരുന്നു. സിസ്റ്റൺ ഇന്ത്യൻ രീതിയിൽ വസ്ത്രങ്ങൾ ധരിച്ചുകൊണ്ട് ചമ്രം പടിഞ്ഞ് ഇരിക്കുകയായിരുന്നു. ബിജ്നോറിൽ നിന്നുള്ള ഒരു മുസ്ലീം *തഹസീൽദാർ* മുറിയിൽ പ്രവേശിച്ചു; സിസ്റ്റൺ അവധിൽ നിന്നാണെന്ന് അറിഞ്ഞപ്പോൾ, അദ്ദേഹം ചോദിച്ചു: "അവധിൽ എന്തൊക്കെയാണ് വാർത്തകൾ? സഹോദരാ, അവിടത്തെ പ്രവർത്തനങ്ങൾ എങ്ങനെ പുരോഗമിക്കുന്നു?" കരുതലോടെ, സിസ്റ്റൺ മറുപടി നൽകി: "അവധിൽ ഞങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ, ബഹുമാന്യനായ താങ്കൾ അത് അറിയും". *തഹസീൽദാർ* പറഞ്ഞു, "അതിൽ വിശ്വസിച്ചോളൂ, ഇത്തവണ നമ്മൾ വിജയിക്കും. കാര്യങ്ങളുടെ നേതൃത്വം കരുത്തുറ്റ കരങ്ങളിലാണ്". *തഹസീൽദാർ* ബിജ്നൂറിലെ പ്രധാന കലാപനേതാവായിരുന്നുവെന്ന് പിന്നീട് തിരിച്ചറിയപ്പെട്ടു.

➲ കലാപകാരികൾ പദ്ധതികൾ ആശയവിനിമയം നടത്തുകയും ചർച്ച ചെയ്യുകയും ചെയ്ത മാർഗങ്ങളെക്കുറിച്ച് ഈ സംഭാഷണം എന്താണ് സൂചിപ്പിക്കുന്നത്? എന്തുകൊണ്ടാണ് *തഹസീൽദാർ* സിസ്റ്റണെ ഒരു സാധ്യതയുള്ള പോരാളിയായി കണക്കാക്കിയത്?

കലാപത്തിന്റെ രീതികളും ചില തരത്തിലുള്ള ആസൂത്രണവും ഏകോപനവും ഉണ്ടായിരുന്നുവെന്നതിനുള്ള ചെറിയ തെളിവുകളും ചില നിർണായക ചോദ്യങ്ങൾ ഉയർത്തുന്നു. എങ്ങനെയായിരുന്നു ആസൂത്രണം ചെയ്തിരുന്നത്? ആസൂത്രകർ ആരായിരുന്നു? ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഇത്തരം ചോദ്യങ്ങൾക്ക് നേരിട്ടുള്ള ഉത്തരം നൽകാൻ പ്രയാസമാണ്. എന്നാൽ ഒരു സംഭവം കലാപങ്ങൾ എങ്ങനെയാണ് ഇത്തരത്തിൽ സംഘടിപ്പിക്കപ്പെട്ടത് എന്നതിന്റെ സൂചനകൾ നൽകുന്നു. അവധിലെ മിലിട്ടറി പോലീസ് ക്യാപ്റ്റനായ ഹേഴ്സിക്ക് കലാപസമയത്ത് സംരക്ഷണം നൽകിയിരുന്നത് അദ്ദേഹത്തിന്റെ ഇന്ത്യക്കാരായ കീഴുദ്യോഗസ്ഥരായിരുന്നു. അവിടെത്തന്നെ താവളമായിരുന്ന 41-ാം നേറ്റീവ് ഇൻഫൻട്രി, തങ്ങളുടെ വെള്ളക്കാരായ ഉദ്യോഗസ്ഥരെയെല്ലാം തങ്ങൾ വധിച്ചതുപോലെ, ഹേഴ്സിയെ വധിക്കാനോ അല്ലെങ്കിൽ തടവുകാരനായി 41ന് കൈമാറാനോ മിലിട്ടറി പോലീസിനോട് നിർബന്ധം പിടിച്ചു. മിലിട്ടറി പോലീസ് ഇത് രണ്ടും ചെയ്യാൻ വിസമ്മതിക്കുകയും ഓരോ റെജിമെന്റിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട തദ്ദേശീയരായ ഉദ്യോഗസ്ഥർ അടങ്ങിയ ഒരു പഞ്ചായത്ത് ഈ പ്രശ്നം പരിഹരിക്കുമെന്ന് തീരുമാനിക്കുകയും ചെയ്തു. കലാപത്തെക്കുറിച്ചുള്ള ഏറ്റവും ആദ്യത്തെ ചരിത്രങ്ങളിൽ ഒന്ന് എഴുതിയിട്ടുള്ള ചാൾസ് ബാൾ, കാൺപൂരിലെ സൈനിക നിരകളിൽ രാത്രികാലങ്ങളിൽ പഞ്ചായത്ത് കൂടുമായിരുന്നുവെന്ന സംഗതി ചൂണ്ടിക്കാണിച്ചു. ചില തീരുമാനങ്ങൾ കൂട്ടായാണ് എടുത്തിരുന്നതെന്ന് ഇത് സൂചിപ്പിക്കുന്നു. ശിപായിമാർ ഒരേ നിരകളിൽ താമസിച്ചിരുന്നവരും ഒരു പൊതു ജീവിതരീതി പങ്കുവച്ചിരുന്നവരും അവരിൽ പലരും ഒരേ ജാതിയിൽപ്പെട്ടവരുമായിരുന്നു എന്നതു വസ്തുതയായിരിക്കെ അവർ ഒന്നിച്ചിരുന്നു തങ്ങളുടെ ഭാവിയെക്കുറിച്ച് തീരുമാനങ്ങൾ എടുത്തിരുന്നുവെന്ന് സങ്കല്പിക്കുന്നതിൽ തെറ്റില്ല. ശിപായിമാർ നയിച്ച കലാപത്തിന്റെ സ്രഷ്ടാക്കൾ അവർ തന്നെയായിരുന്നു.

*മ്യൂട്ടിനി (സൈനിക കലാപം)* – സായുധസേനയ്ക്കകത്തെ, നിയമങ്ങളുടെയും നിയന്ത്രണങ്ങളുടെയും കൂട്ടായ ലംഘനം

*റിവോൾട്ട് (കലാപം)* – വ്യവസ്ഥാപിത അധികാരത്തിനും ശക്തിക്കുമെതിരെ ജനങ്ങളുടെ കലാപം. 'കലാപം', 'ലഹള' എന്നീ പദങ്ങൾ പര്യായപദങ്ങളായി ഉപയോഗിക്കാവുന്നതാണ്

1857 ലെ കലാപത്തിന്റെ പശ്ചാത്തലത്തിൽ കലാപം എന്ന പദം പ്രധാനമായും സൈനികേതരജനതയുടെ പ്രക്ഷോഭത്തെ സൂചിപ്പിക്കുന്നു. (കർഷകർ, സെമീന്ദാർമാർ, രാജക്കന്മാർ, *താലൂക്ദാർമാർ*) അതേ സമയം മ്യൂട്ടിനി കൊണ്ട് അർഥമാക്കുന്നത് ശിപായിമാരുടെ കലാപത്തെയാണ്.



*ചിത്രം 11.3*
*റാണി ലക്ഷ്മീഭായ്, ഒരു ഭാവനാചിത്രം*



*ചിത്രം 11.4*
*നാനാ സാഹിബ്*

**1858 അവസാനത്തിൽ കലാപം പരാജയപ്പെട്ടപ്പോൾ, നാനാസാഹിബ് നേപ്പാളിലേക്ക് രക്ഷപ്പെട്ടു. അദ്ദേഹത്തിന്റെ രക്ഷപ്പെടലിന്റെ ചരിതം ധൈര്യത്തിന്റെയും നിർഭയത്വത്തിന്റെയും ഇതിഹാസത്തിലേക്ക് കൂട്ടിച്ചേർക്കപ്പെട്ടു.**

### 1.3 നേതാക്കളും അനുയായികളും (Leaders and followers)

ബ്രിട്ടീഷുകാരെ നേരിടാൻ, നേതൃത്വവും സംഘടിത ശക്തിയും ആവശ്യമായിരുന്നു. ഇതിലേക്കായി, ബ്രിട്ടീഷുകാർ ഇന്ത്യ കീഴടക്കുന്നതിനു മുമ്പ് നേതാക്കന്മാരായിരുന്നുവരെ കലാപകാരികൾ ചിലപ്പോൾ സമീപിച്ചു. മീററ്റിലെ ശിപായികളുടെ ആദ്യപ്രവർത്തികളിൽ ഒന്ന്, നമ്മൾ കണ്ടതുപോലെ, ഡൽഹിയിലേക്ക് കുതിക്കുകയും പ്രായം ചെന്ന മുഗൾ ചക്രവർത്തിയോട് കലാപത്തിന്റെ നേതൃത്വം ഏറ്റെടുക്കണമെന്ന് അഭ്യർഥിക്കുകയുമായിരുന്നു. എന്നാൽ നേതൃത്വം ഏറ്റെടുക്കാനുള്ള സമ്മതം വരുവാൻ അൽപ്പം സമയമെടുത്തു. ഭീതിയും നിഷേധവുമായിരുന്നു ബഹദൂർഷായുടെ ആദ്യ പ്രതികരണം. സാധാരണയുള്ള ഉപചാര മര്യാദകൾ നിഷേധിച്ചു കൊണ്ട് ചില ശിപായിമാർ ചെങ്കോട്ടയ്ക്കുള്ളിൽ കടന്ന് മുഗൾ രാജസദസ്സിലേയ്ക്ക് കയറിയപ്പോൾ മാത്രമാണ്, തന്റെ മുന്നിൽ മറ്റ് മാർഗങ്ങൾ ഒന്നുമില്ലായെന്ന യാഥാർഥ്യം മനസ്സിലാക്കിക്കൊണ്ട് വൃദ്ധനായ ചക്രവർത്തി കലാപത്തിന്റെ നാമമാത്രമായ നേതാവാകുവാൻ സമ്മതിച്ചത്.

മറ്റ് ഇടങ്ങളിലും ചെറിയ തോതിലാണെങ്കിലും സമാന രംഗങ്ങൾ അരങ്ങേറി. കാൺപുരിൽ, ശിപായിമാരും ജനങ്ങളും പേഷ്വ ബാജിറാവു രണ്ടാമന്റെ പിൻഗാമിയായ നാനാസാഹിബിന് യാതൊരു അവസരവും നൽകാതെ കലാപത്തിൽ പങ്കു ചേർത്തു തങ്ങളുടെ നേതാവാക്കി. ഝാൻസിയിൽ റാണിയുടെ മേലുള്ള ശക്തമായ ജനകീയ സമ്മർദ്ദത്തെത്തുടർന്ന് കലാപത്തിന്റെ നേതൃത്വം ഏറ്റെടുക്കാൻ അവർ നിർബന്ധിതയായി. ബീഹാറിലെ ആറയിലെ ഒരു പ്രാദേശിക സെമീന്ദാറായ കൻവർസിംഗിനും അതു തന്നെയായിരുന്നു അനുഭവം. ജനകീയ നവാബായ വാജിദ് അലിഷായെ സ്ഥാനഭ്രഷ്ടനാക്കിയതും തങ്ങളുടെ രാജ്യം പിടിച്ചെടുത്തതും ജനങ്ങളുടെ സ്മരണയിൽ അപ്പോഴും പുതുമയോടെ നിലനിന്നിരുന്നു. അവധിൽ, ലഖ്നൗവിലെ ജനങ്ങൾ ബ്രിട്ടീഷ് ഭരണത്തിന്റെ തകർച്ച ആഘോഷിച്ചത് നവാബിന്റെ യുവാവായ മകൻ ബിർജിസ് ഖാദറിനെ തങ്ങളുടെ നേതാവായി പ്രഖ്യാപിച്ചു കൊണ്ടാണ്.

എല്ലായിടത്തെയും നേതാക്കൾ രാജസദസ്സുമായി ബന്ധമുള്ള റാണിമാരും രാജാക്കാൻമാരും നവാബുമാരും *താലൂക്ക്ദാർ*മാരും ആയിരുന്നില്ല. പലപ്പോഴും കലാപത്തിന്റെ സന്ദേശവാഹകരായി പ്രവർത്തിച്ചിരുന്നത് സാധാരണ സ്ത്രീകളും പുരുഷന്മാരും ചില സ്ഥലങ്ങളിൽ മതനേതാക്കളുമായിരുന്നു. മീററ്റിൽ, ഒരു ഫക്കീർ ആനപ്പുറത്തേറി പ്രത്യക്ഷപ്പെട്ടിരുന്നുവെന്നും ശിപായിമാർ അദ്ദേഹത്തെ പതിവായി സന്ദർശിച്ചിരുന്നുവെന്നും റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. അവധിന്റെ സംയോജനത്തിനു ശേഷം ലഖ്നൗവിൽ പല മതനേതാക്കന്മാരും സ്വയം പ്രഖ്യാപിതപ്രവാചകന്മാരും ബ്രിട്ടീഷ് ഭരണത്തിന്റെ നാശത്തെക്കുറിച്ച് പ്രബോധനങ്ങൾ നടത്തി.

ചിലയിടങ്ങളിൽ, കർഷകരെയും സെമീന്ദാർമാരെയും ഗോത്രവർഗക്കാരെയും കലാപത്തിന് പ്രേരിപ്പിച്ചു കൊണ്ട് പ്രാദേശിക നേതാക്കൾ ഉയർന്നു വന്നു. ഷാമൽ ഉത്തർപ്രദേശിലെ ബറൗട്ട് പർഗാനയിലുള്ള ഗ്രാമവാസികളെ സംഘടിപ്പിച്ചു; ഛോട്ടാനാഗ്പുരിലെ സിങ്ഭത്തിലെ ഗോത്രവർഗ കർഷകനായ ഗോനു, ആ പ്രദേശത്തെ കോൾ ഗോത്രവർഗക്കാരുടെ വിപ്ലവ നേതാവായിത്തീർന്നു.

## 1857 ലെ രണ്ട് കലാപകാരികൾ (Two rebels of 1857)

## ഷാമൽ (Shah Mal)

ഷാ മൽ ഉത്തർപ്രദേശിലെ ബറൗട്ട് പർഗാനയിലെ ഒരു ഗ്രാമത്തിലാണ് ജീവിച്ചിരുന്നത്. എൺപത്തിനാല് ഗ്രാമങ്ങളിലായി (*ചൗരാസി ദേശ്*) വ്യാപിച്ചു കിടക്കുന്ന രക്തബന്ധങ്ങൾ ഉള്ള ജാട്ട് കൃഷിക്കാരുടെ ഒരു കുലത്തിൽപ്പെട്ടയാളായിരുന്നു അദ്ദേഹം. സമൃദ്ധമായ ഇരുണ്ട പശിമരാശി മണ്ണിനൊപ്പം ഈ പ്രദേശം ജലസമൃദ്ധവും ഫലഭൂയിഷ്ഠവുമായിരുന്നു. ഗ്രാമവാസികളിൽ പലരും സമ്പന്നരായിരുന്നു. അവർ ഉയർന്ന നികുതിയും കർക്കശമായ നികുതിപിരിവും ഉൾപ്പെട്ട ബ്രിട്ടീഷ് ഭൂനികുതി സമ്പ്രദായം മർദനപരമാണെന്നു കണ്ടു. തന്മൂലം കൃഷിക്കാർക്ക്, ഈ പ്രദേശത്തേക്ക് പുറമെനിന്നു വന്നുകൊണ്ടിരുന്ന വ്യാപാരികളുടെയും ഹുണ്ടികക്കാരുടെയും കൈകളിലേക്ക് തങ്ങളുടെ ഭൂമി നഷ്ടപ്പെടുത്തേണ്ടി വന്നു.

*ചൗരാസി ദേശത്തിലെ* ഗ്രാമത്തലവൻമാരെയും കൃഷിക്കാരെയും അണിനിരത്തിയ ഷാമൽ രാത്രിയിൽ ഗ്രാമം തോറും സഞ്ചരിച്ച് ബ്രിട്ടീഷുകാർക്കെതിരെ കലാപം നടത്തുവാൻ ആളുകളെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. മറ്റ് പല സ്ഥലങ്ങളിലെയുംപോലെ, ബ്രിട്ടീഷുകാർക്കെതിരായ കലാപം എല്ലാവിധത്തിലുമുള്ള അടിച്ചമർത്തലിനും അനീതിക്കുമെതിരെയുള്ള ഒരു പൊതു കലാപമായി മാറി. കൃഷിക്കാർ തങ്ങളുടെ കൃഷിയിടങ്ങൾ ഉപേക്ഷിക്കുകയും ഹുണ്ടികക്കാരുടെയും വ്യാപാരികളുടെയും വീടുകൾ കൊള്ളയടിക്കുകയും ചെയ്തു. സ്ഥാനഭ്രഷ്ടരായ ഭൂവുടമകൾ അവരുടെ നഷ്ടപ്പെട്ട ഭൂമി കൈവശപ്പെടുത്തി. ഷാമല്ലിന്റെ ആളുകൾ സർക്കാർ കെട്ടിടങ്ങൾ ആക്രമിക്കുകയും നദിക്കു കുറുകെയുള്ള പാലം നശിപ്പിക്കുകയും മെറ്റൽ റോഡുകൾ കുഴിക്കുകയും ചെയ്തു- ഭാഗികമായി, സർക്കാർ സേന ഈ പ്രദേശത്തേക്ക് വരുന്നത് തടയാനും ഭാഗികമായി പാലങ്ങളും റോഡുകളും ബ്രിട്ടീഷ് ഭരണത്തിന്റെ പ്രതീകങ്ങളായി കാണപ്പെട്ടതു കൊണ്ടുമാണിത്. അവർ ഡൽഹിയിൽ കലാപം നടത്തുന്ന ശിപായിമാർക്ക് വേണ്ട സാധനങ്ങൾ എത്തിച്ചു കൊടുക്കുകയും ബ്രിട്ടീഷ് ആസ്ഥാനവും മീററ്റും തമ്മിലുള്ള എല്ലാ ഔദ്യോഗിക വിനിമയങ്ങളും വിഛേദിക്കുകയും ചെയ്തു. പ്രാദേശികമായി രാജാവായി അംഗീകരിക്കപ്പെട്ട ഷാമൽ ഒരു ഇംഗ്ലീഷ് ഉദ്യോഗസ്ഥന്റെ ബംഗ്ലാവ് പിടിച്ചെടുക്കുകയും അതിനെ "നീതിയുടെ ഹാൾ" ആക്കി മാറ്റുകയും തർക്കങ്ങൾ പരിഹരിക്കുകയും വിധി ന്യായങ്ങൾ നടപ്പിലാക്കുകയും ചെയ്തു. അതിശയിപ്പിക്കുന്ന തരത്തിലുള്ള ഫലപ്രദമായ രഹസ്യാന്വേഷണ സംവിധാനവും അദ്ദേഹം സ്ഥാപിച്ചു. ഒരു സമയംവരെ, പ്രദേശവാസികൾക്ക് *ഫിരങ്കി രാജ്* അവസാനിച്ചതായും അവരുടെ *രാജ്* വന്നതായും തോന്നി.

1857 ജൂലൈയിൽ ഒരു യുദ്ധത്തിൽ ഷാമൽ കൊല്ലപ്പെട്ടു.

## മൗലവി അഹമ്മദുള്ള ഷാ (Maulvi Ahmadullah Shah)

1857 ലെ കലാപത്തിൽ പ്രധാന പങ്കു വഹിച്ചിരുന്ന നിരവധി *മൗലവിമാരിൽ* ഒരാളായിരുന്നു മൗലവി അഹമ്മദുള്ള ഷാ. ഹൈദരാബാദിൽ വിദ്യാഭ്യാസം നേടിയ അദ്ദേഹം ചെറുപ്പത്തിൽത്തന്നെ ഒരു മതപ്രബോധകനായിത്തീർന്നു. 1856 ൽ അദ്ദേഹം ഗ്രാമങ്ങൾ തോറും സഞ്ചരിച്ച് ബ്രിട്ടീഷുകാർക്കെതിരെ *ജിഹാദ്* (വിശുദ്ധയുദ്ധം) നടത്താൻ ഉദ്ബോധിപ്പിക്കുന്നതായും കലാപത്തിന് ജനങ്ങളെ പ്രേരിപ്പിക്കുന്നതായും കാണാൻ കഴിഞ്ഞു. മുന്നിൽ ചെണ്ടകൊട്ടുകാരും പിന്നിൽ അനുയായികളുമായി പല്ലക്കിലാണ് അദ്ദേഹം സഞ്ചരിച്ചിരുന്നത്. അതിനാൽ അദ്ദേഹം ഡങ്കാഷാ എന്നാണ് സാധാരണയായി വിളിക്കപ്പെട്ടിരുന്നത്- ചെണ്ട(*ഡങ്ക*)യോടു കൂടിയ *മൗലവി*. ആയിരക്കണക്കിന് പേർ *മൗലവിയെ* പിന്തുടരാൻ തുടങ്ങുകയും പല മുസ്ലീങ്ങളും അദ്ദേഹത്തെ വിശ്വസ്ത പ്രവാചകൻ എന്ന നിലയിൽ കാണാൻ തുടങ്ങുകയും ചെയ്തതോടെ ബ്രിട്ടീഷുദ്യോഗസ്ഥർ പരിഭ്രാന്തരായി. 1856 ൽ അദ്ദേഹം ലഖ്നൗവിൽ എത്തിയപ്പോൾ, നഗരത്തിൽ പ്രഭാഷണം നടത്തുന്നതിൽ നിന്ന് പോലീസ് അദ്ദേഹത്തെ തടഞ്ഞു. തുടർന്ന് 1857 ൽ അദ്ദേഹത്തെ ഫൈസബാദിൽ ജയിലിലടച്ചു. ജയിൽ മോചിതനായപ്പോൾ, കലാപത്തിലേർപ്പെട്ട 22-ാം തദ്ദേശീയ കാലാൾപ്പട അദ്ദേഹത്തെ തങ്ങളുടെ നേതാവായി തെരഞ്ഞെടുത്തു. പ്രസിദ്ധമായ ചിൻഹട്ട് യുദ്ധത്തിൽ അദ്ദേഹം പോരാടുകയും അതിൽ ഹെന്റി ലോറൻസിന്റെ കീഴിലുള്ള ബ്രിട്ടീഷ് സൈനികരെ തോല്പിക്കുകയും ചെയ്തു. ധീരതയും അധികാരവും അദ്ദേഹത്തെ പ്രശസ്തനാക്കി. വാസ്തവത്തിൽ അദ്ദേഹം അജയ്യനാണെന്നും മാന്ത്രികശക്തി ഉണ്ടെന്നും ബ്രിട്ടീഷുകാർക്ക് അദ്ദേഹത്തെ വധിക്കാൻ കഴിയുകയില്ലെന്നും പലരും വിശ്വസിക്കാൻ തുടങ്ങി. ഈ വിശ്വാസമാണ് ഭാഗികമായി അദ്ദേഹത്തിന്റെ അധികാരത്തിന്റെ അടിത്തറ ഭദ്രമാക്കിയത്.



*ചിത്രം 11.6*
*ഹെൻറി ഹാർഡിൻജ്, ഫ്രാൻസിസ് ഗ്രാന്റ് വരച്ചത്, 1849*

ഗവർണർ ജനറൽ എന്ന നിലയിൽ സൈനിക ഉപകരണങ്ങൾ ആധുനികവൽക്കരിക്കാൻ ഹാർഡിൻജ് ശ്രമിച്ചു. ശിപായിമാർ കലാപം ഉയർത്തിയ ഗ്രീസു പുരട്ടിയ തിരകളാണ് തുടക്കത്തിൽ നടപ്പിലാക്കിയ എൻഫീൽഡ് റൈഫിളുകളിൽ ഉപയോഗിച്ചത്.

## 1.4. കിംവദന്തികളും പ്രവചനങ്ങളും (Rumours and prophecies)

ജനങ്ങളെ മുന്നോട്ട് നയിക്കുന്നതിൽ കിംവദന്തികളും പ്രവചനങ്ങളും ഒരു പങ്ക് വഹിച്ചിരുന്നു. തിരകൾ പശുവിന്റെയും പന്നിയുടെയും കൊഴുപ്പുകൊണ്ട് ആവരണം ചെയ്തതാണെന്നും തിരകൾ കടിക്കുമ്പോൾ തങ്ങളുടെ ജാതിയും മതവും അശുദ്ധമാകുമെന്നും മീററ്റിൽ നിന്ന് ഡൽഹിയിൽ എത്തിച്ചേർന്ന ശിപായികൾ ബഹദൂർഷായോട് പറഞ്ഞത് നാം കണ്ടതാണ്. അടുത്തിടെ അവർക്ക് നൽകപ്പെട്ട എൻഫീൽഡ് തോക്കിലെ തിരകളെയായിരുന്നു അവർ പരാമർശിച്ചത്. ആ വിഷയത്തിന്റെ യഥാർഥ വസ്തുത ബ്രിട്ടീഷുകാർ ശിപായിമാരോട് വിശദീകരിക്കാൻ ശ്രമിച്ചെങ്കിലും പുതിയ തിരകൾ, പശുവിന്റെയും പന്നിയുടെയും കൊഴുപ്പ് ആവരണം ചെയ്തതാണെന്ന കിംവദന്തി വടക്കേ ഇന്ത്യയിലെ ശിപായി നിരകളിലുടനീളം കാട്ടുതീ പോലെ പടർന്നു.

ഉറവിടം കണ്ടെത്താനായ ഒരു കിംവദന്തിയിതാണ്. റൈഫിൾ ഇൻസ്ട്രക്ഷൻ ഡിപ്പോയുടെ കമാന്ററായ ക്യാപ്റ്റൻ റൈറ്റ് ഒരു സംഭവത്തിന്റെ വിവരണം നൽകിയത് ഇപ്രകാരമാണ്; 1857 ജനുവരി മാസത്തിലെ മൂന്നാമത്തെ ആഴ്ചയിൽ ഡം ഡംലെ ആയുധ സംഭരണശാലയിൽ ജോലി ചെയ്തിരുന്ന "താഴ്ന്ന ജാതിക്കാരനായ" ഒരു *ഖലാസി*, ബ്രാഹ്മണനായ ഒരു ശിപായിയോട് അദ്ദേഹത്തിന്റെ ലോട്ടയിൽ നിന്ന് കുടിക്കാനായി വെള്ളം ചോദിച്ചു. "താഴ്ന്ന ജാതിക്കാർ" തൊട്ടാൽ ലോട്ട അശുദ്ധമാകുമെന്ന് പറഞ്ഞ് വെള്ളം നൽകാൻ ശിപായി വിസമ്മതിച്ചു. "പശുവിന്റെയും പന്നിയുടെയും കൊഴുപ്പ് ആവരണം ചെയ്ത തിരകൾ അധികം വൈകാതെ നിങ്ങൾക്ക് കടിക്കേണ്ടിവരുമെന്നും അതോടെ നിങ്ങൾക്ക് നിങ്ങളുടെ ജാതി നഷ്ടപ്പെടുമെന്നും" *ഖലാസി* പ്രത്യാക്ഷേപിച്ചതായി പറയപ്പെടുന്നു. ഈ റിപ്പോർട്ടിന്റെ നിജസ്ഥിതിയെക്കുറിച്ചു നമുക്ക് അറിയില്ല. എന്നാൽ ഒരിക്കൽ ഈ കിംവദന്തി പ്രചരിക്കാൻ തുടങ്ങിയതോടെ ബ്രിട്ടീഷ് ഉദ്യോഗസ്ഥർ നൽകിയ ഒരുറപ്പിനും അതിന്റെ പ്രചാരണം തടയാനോ ശിപായിമാർക്കിടയിൽ പടർന്ന ഭീതി ഇല്ലാതാക്കാനോ കഴിഞ്ഞില്ല.

1857 ന്റെ തുടക്കത്തിൽ വടക്കേ ഇന്ത്യയിൽ പ്രചരിച്ചത് ഈ ഒരൊറ്റ കിംവദന്തി മാത്രമായിരുന്നില്ല. ഹിന്ദുക്കളുടെയും മുസ്ലീങ്ങളുടെയും ജാതിയും മതവും തകർക്കാൻ ബ്രിട്ടീഷ് ഗവൺമെന്റ് വളരെ വലിയ ഒരു ഗൂഢാലോചന ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് മറ്റൊരു കിംവദന്തിയും പ്രചരിച്ചു. ഈ ലക്ഷ്യത്തോടെ ബ്രിട്ടീഷുകാർ പശുവിന്റെയും പന്നിയുടെയും എല്ലുപൊടി കമ്പോളത്തിൽ വിൽക്കുന്ന ധാന്യപ്പൊടിയിൽ കലർത്തിയിട്ടുണ്ടെന്നും കിംവദന്തി പ്രചരിച്ചു. പട്ടണങ്ങളിലും സൈനികത്താവളങ്ങളിലും ശിപായിമാരും ജനങ്ങളും ഈ ഗോതമ്പ് *(atta)* പൊടി തൊടാൻ വിസമ്മതിച്ചു. ബ്രിട്ടീഷുകാർ ഇന്ത്യക്കാരെ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യാൻ ശ്രമിക്കുകയാണെന്ന സംശയവും ഭീതിയും അവർക്കിടയിലുണ്ടായിരുന്നു. പരിഭ്രാന്തി വേഗത്തിൽ പടർന്നു പിടിച്ചു. ബ്രിട്ടീഷ് ഉദ്യോഗസ്ഥർ ജനങ്ങളുടെ ഭീതി അകറ്റാൻ ശ്രമിച്ചെങ്കിലും അവയെല്ലാം നിഷ്ഫലമായി. ഈ ഭീതി ജനങ്ങളെ കലാപത്തിലേക്ക് ഇളക്കിവിട്ടു. 1857 ജൂൺ 23 ന്, പ്ലാസി യുദ്ധത്തിന്റെ നൂറാം വാർഷികദിനത്തിൽ ബ്രിട്ടീഷ് ഭരണത്തിന്റെ അന്ത്യം കുറിക്കുമെന്ന പ്രവചനവും ജനങ്ങളെ കലാപത്തിലേക്ക് നയിക്കുന്നതിന് കൂടുതൽ ശക്തിപകർന്നു.

ആ സമയത്ത് പ്രചരിച്ചിരുന്ന ഒരേയൊരു കാര്യം കിംവദന്തികൾ മാത്രമായിരുന്നില്ല. ഗ്രാമങ്ങൾതോറും ചപ്പാത്തികൾ വിതരണം ചെയ്യുന്നതായി വടക്കേ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നും സംഭവ വിവരണങ്ങൾ വന്നുകൊണ്ടിരുന്നു. രാത്രികാലങ്ങളിൽ ഒരാൾ വരുകയും ആ ഗ്രാമത്തിലെ കാവൽക്കാരന് ഒരു ചപ്പാത്തി കൊടുക്കുകയും ഇനിയും അഞ്ചു ചപ്പാത്തികൂടിയുണ്ടാക്കി അടുത്ത ഗ്രാമത്തിലും വിതരണം ചെയ്യണമെന്ന് ആവശ്യപ്പെടുകയും അങ്ങനെ അത് തുടരുകയും ചെയ്തു. ചപ്പാത്തികൾ വിതരണം ചെയ്തതിന്റെ അർഥവും ഉദ്ദേശ്യവും അന്നും ഇന്നും വ്യക്തമല്ല. എന്നാൽ ജനങ്ങൾ ഇതിനെ കലാപത്തിന്റെ സൂചനയായിട്ടാണ് കണക്കാക്കിയിരുന്നതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

### 1.5 ജനങ്ങൾ എന്തുകൊണ്ടാണ് കിംവദന്തികളിൽ വിശ്വസിച്ചത്? (Why did people believe in the rumours?)

കിംവദന്തികളും പ്രവചനങ്ങളും വസ്തുതാപരമായി ശരിയായിരുന്നോ എന്നു പരിശോധിച്ചുകൊണ്ട് അവയുടെ ശക്തി മനസ്സിലാക്കാൻ നമുക്ക് കഴിയില്ല. അവയിൽ വിശ്വസിച്ച ജനങ്ങളുടെ മനസ്സുകളെ ഭീതികൾ, ആശങ്കകൾ, വിശ്വാസങ്ങൾ, ബോധ്യങ്ങൾ എന്നിവ എങ്ങനെ പ്രതിഫലിപ്പിക്കുന്നുവെന്ന് നമുക്ക് മനസ്സിലാക്കേണ്ടതുണ്ട്. ജനങ്ങളുടെ ഭയത്തിന്റെയും അവിശ്വാസത്തിന്റെയും പ്രതിധ്വനിയാകുമ്പോൾ മാത്രമാണ് കിംവദന്തികൾ പ്രചരിക്കുന്നത്.

1820 കളുടെ അവസാനഘട്ടം മുതൽ ബ്രിട്ടീഷുകാർ പിന്തുടർന്ന നയങ്ങളുടെ പശ്ചാത്തലത്തിൽ കാണുമ്പോഴാണ് 1857 ലെ കിംവദന്തികളുടെ അർഥം നമുക്ക് ബോധ്യമാകുന്നത്. നിങ്ങൾക്ക് അറിയാവുന്നത് പോലെ, ആ സമയം മുതൽ, ഗവർണർ ജനറലായ വില്യം ബെന്റിക്ക് പ്രഭുവിന്റെ നേതൃത്വത്തിൽ, ഇന്ത്യൻ സമൂഹത്തെ "പരിഷ്കരിക്കുക" എന്ന ലക്ഷ്യത്തോടെ ബ്രിട്ടീഷുകാർ പാശ്ചാത്യ വിദ്യാഭ്യാസവും പാശ്ചാത്യാശയങ്ങളും പാശ്ചാത്യസ്ഥാപനങ്ങളും നടപ്പിലാക്കിത്തുടങ്ങി. ഇന്ത്യൻ സമൂഹത്തിലെ ചില വിഭാഗങ്ങളുടെ സഹകരണത്തോടെ അവർ ഇംഗ്ലീഷ് മീഡിയം സ്കൂളുകളും കോളേജുകളും സർവകലാശാലകളും സ്ഥാപിച്ചു. ഈ സ്ഥാപനങ്ങൾ പാശ്ചാത്യശാസ്ത്രവും പുരോഗമനകലകളും പഠിപ്പിച്ചു. സതി പോലുള്ള ആചാരങ്ങൾ നിർത്തലാക്കുന്നതിനും (1829) ഹിന്ദു വിധവകൾക്ക് പുനർവിവാഹം അനുവദിക്കുന്നതിനും ബ്രിട്ടീഷുകാർ നിയമങ്ങൾ നടപ്പിലാക്കി.

ദുർഭരണം ആരോപിച്ചും ദത്തെടുക്കൽ നിരോധിച്ചും പലതരം വാദമുഖങ്ങളിലൂടെ അവധിനെ മാത്രമല്ല ഝാൻസിയും സത്താറയും പോലുള്ള അനേകം രാജ്യങ്ങളെയും പ്രദേശങ്ങളെയും ബ്രിട്ടീഷുകാർ പിടിച്ചെടുത്തു. ഒരിക്കൽ ഈ പ്രദേശങ്ങൾ പിടിച്ചെടുത്തയുടനെ അവിടെ അവരുടേതായ ഭരണസമ്പ്രദായങ്ങളും നിയമങ്ങളും ഭൂനികുതി വ്യവസ്ഥയും ഭൂനികുതി പിരിവിനുള്ള സംവിധാനങ്ങളും അവർ നടപ്പിലാക്കി. ഉത്തരേന്ത്യയിലെ ജനങ്ങളുടെ മേൽ ഈ നയങ്ങളുടെ സഞ്ചിത സ്വാധീനം വളരെ ആഴത്തിലുള്ളതായിരുന്നു.

തങ്ങൾ വിലപ്പെട്ടതായും പരിപാവനമായും കരുതിയിരുന്ന - രാജാക്കന്മാരും സാമൂഹിക മതാചാരങ്ങളും മുതൽ ഭൂമി കൈവശ രീതികളും നികുതിസമ്പ്രദായങ്ങളും വരെയുള്ള സകലതും - നശിപ്പിക്കപ്പെടുകയും അതിനു പകരം കൂടുതൽ വ്യക്തിപരമല്ലാത്തതും അന്യമായതും അടിച്ചമർത്തലിന്റേതുമായ ഒരു വ്യവസ്ഥ സ്ഥാപിക്കപ്പെട്ടതായും ജനങ്ങൾക്ക് തോന്നി. ക്രൈസ്തവ മിഷനറിമാരുടെ പ്രവർത്തനങ്ങൾ മൂലം ഈ ധാരണ കൂടുതൽ ശക്തിപ്പെട്ടു. അനിശ്ചിതത്വത്തിന്റെ അത്തരമൊരു സാഹചര്യത്തിൽ, കിംവദന്തികൾക്ക് അസാധാരണമായ വേഗത കൈവന്നു.

**ചർച്ച ചെയ്യുക...**

ഈ ഭാഗം ഒരിക്കൽ കൂടി വായിക്കുകയും കലാപസമയത്ത് നേതാക്കൾ ഉയർന്നു വന്ന രീതികളിലെ, നിങ്ങൾ ശ്രദ്ധിച്ച സമാനതകളെയും വ്യത്യസ്തതകളെയും കുറിച്ച് വിശദീകരിക്കുകയും ചെയ്യുക. ഏതെങ്കിലും രണ്ട് നേതാക്കളിലേക്ക് സാധാരണക്കാർ ആകർഷിക്കപ്പെട്ടതെന്തുകൊണ്ടാണെന്ന് ചർച്ച ചെയ്യുക.

1857 ലെ കലാപത്തിന്റെ അടിസ്ഥാനവിവരങ്ങൾ അറിയാൻ, നമുക്ക് 1857 ലെ നാടകീയ സംഭവങ്ങളുടെ ചുരുളഴിഞ്ഞ പ്രധാനകേന്ദ്രങ്ങളിൽ ഒന്നായ അവധിലേക്കു നോക്കാം.

## 2. അവധിലെ കലാപം (AWADH IN REVOLT)

### 2.1 "ഒരു ദിവസം നമ്മുടെ വായിൽ പതിക്കാൻ പോകുന്ന ഒരു ചെറി" ("A cherry that will drop into our mouth one day")

1851 ൽ, ഗവർണർ ജനറലായ ഡൽഹൗസി അവധിനെ "ഒരു ദിവസം നമ്മുടെ വായിൽ പതിക്കാൻ പോകുന്ന ഒരു ചെറി" എന്നാണ് വിശേഷിപ്പിച്ചത്. അഞ്ചുവർഷങ്ങൾക്കുശേഷം 1856 ൽ അവധ് രാജ്യം ഔപചാരികമായി ബ്രിട്ടീഷ് സാമ്രാജ്യത്തോട് കൂട്ടിച്ചേർക്കപ്പെട്ടു.

ഈ പിടിച്ചെടുക്കൽ ഘട്ടങ്ങളായാണ് സംഭവിച്ചത്. 1801 ൽ സൈനികസഹായവ്യവസ്ഥ അവധിനുമേൽ അടിച്ചേൽപ്പിച്ചിരുന്നു. ഈ വ്യവസ്ഥയിലെ നിബന്ധനകൾ പ്രകാരം നവാബ് തന്റെ സൈന്യത്തെ പിരിച്ചുവിടുകയും രാജ്യത്തിനകത്ത് ബ്രിട്ടീഷുകാരുടെ സൈന്യത്തെ നിലനിർത്താൻ അനുവദിക്കുകയും ബ്രിട്ടീഷ് റസിഡന്റിന്റെ ഉപദേശം അനുസരിച്ച് പ്രവർത്തിക്കുകയും അദ്ദേഹത്തെ രാജകൊട്ടാരത്തിൽ നിലനിർത്തുകയും വേണമായിരുന്നു. തന്റെ സായുധസേനയെ നഷ്ടപ്പെട്ട നവാബിന് രാജ്യത്തിനുള്ളിലെ ക്രമസമാധാനം നിലനിർത്തുന്നതിന് *ബ്രിട്ടീഷുകാരെ* കൂടുതലായി ആശ്രയിക്കേണ്ടി വന്നു. കലാപകാരികളായ *ഭൂപ്രഭുക്കന്മാരുടെയും താലൂക്ക്ദാർമാരുടെയും* മേലുള്ള നിയന്ത്രണം അധികകാലം ഉറപ്പിച്ചു നിർത്തുവാൻ അദ്ദേഹത്തിന് സാധിച്ചില്ല.

അതേസമയം, അവധ് കൈവശപ്പെടുത്തുന്നതിൽ ബ്രിട്ടീഷുകാർ അതീവ താൽപ്പര്യം കാണിച്ചു തുടങ്ങി. ആ പ്രദേശത്തെ മണ്ണ് നീലവും പരുത്തിയും കൃഷി ചെയ്യാൻ അനുയോജ്യമാണെന്നും ഉത്തരേന്ത്യയിലെ മുഖ്യ കമ്പോളമായി വികസിപ്പിക്കാൻ അനുയോജ്യമായ സ്ഥലത്താണെന്നും അവർ കരുതി. അതിനു പുറമെ, 1850 കളുടെ തുടക്കത്തിൽ ഇന്ത്യയിലെ എല്ലാ പ്രധാന പ്രദേശങ്ങളും - മറാത്ത ഭൂപ്രദേശങ്ങൾ, ദുആബ്, കർണാട്ടിക്ക്, പഞ്ചാബ്, ബംഗാൾ എന്നിവ - അവർ പിടിച്ചെടുത്തിരുന്നു. ഏതാണ്ട് ഒരു നൂറ്റാണ്ടു മുമ്പ് ബംഗാളിന്റെ കീഴ്പ്പെടുത്തലോടെ ആരംഭിച്ച സാമ്രാജ്യ അധിനിവേശ പ്രക്രിയ 1856 ൽ അവധിന്റെ ഭരണം ഏറ്റെടുക്കുന്നതോടെ പൂർത്തിയാക്കാൻ കഴിയുമെന്ന് അവർ പ്രതീക്ഷിച്ചിരുന്നു.

### 2.2 "പ്രാണൻ, ശരീരം വിട്ട് പോയി" ("The life was gone out of the body")

അധീനതപ്പെടുത്തിയ എല്ലാ പ്രദേശങ്ങളിലും രാജ്യങ്ങളിലും ഡൽഹൗസിയുടെ പിടിച്ചെടുക്കലുകൾ വ്യാപകമായ അപ്രിയം ഉളവാക്കി. എന്നാൽ അത് മറ്റേത് പ്രദേശത്തെക്കാളും ഏറ്റവും അധികം പ്രകടമായത് ഉത്തരേന്ത്യയുടെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്തിരുന്ന അവധിലാണ്. ഈ പ്രദേശത്ത് ദുർഭരണം നടത്തുന്നു എന്ന വാദം ഉന്നയിച്ച് നവാബായ വാജിദ് അലിഷായെ സ്ഥാനഭ്രഷ്ടനാക്കുകയും കൽക്കട്ടയിലേക്ക് നാടുകടത്തുകയും ചെയ്തു. വാജിദ് അലിഷാ ജനസമ്മതിയില്ലാത്ത ഒരു ഭരണാധികാരി ആണെന്ന് ബ്രിട്ടീഷ് ഗവൺമെന്റ് തെറ്റായി ധരിക്കുകയും ചെയ്തു. നേരെമറിച്ച്, അദ്ദേഹം പരക്കെ സ്നേഹിക്കപ്പെട്ടിരുന്നു, തന്റെ പ്രിയപ്പെട്ട ലഖ്നൗ ഉപേക്ഷിച്ച് അദ്ദേഹം പോയപ്പോൾ വിലാപഗാനങ്ങൾ ആലപിച്ചുകൊണ്ട് നിരവധിപേർ കാൺപൂർവരെ അദ്ദേഹത്തെ അനുഗമിച്ചു.

നേരിട്ടുള്ള ബ്രിട്ടീഷ് ഭരണത്തിൻ കീഴിലല്ലാത്ത ഒരു രാജ്യത്ത് താമസിച്ചിരുന്ന ഗവർണർ ജനറലിന്റെ പ്രതിനിധിയുടെ ഔദ്യോഗിക നാമമാണ് *റസിഡന്റ്.*

### സൈനിക സഹായവ്യവസ്ഥ (Subsidiary Alliance)

1798-ൽ വെല്ലസ്ലി പ്രഭു ആവിഷ്കരിച്ച ഒരു സമ്പ്രദായമായിരുന്നു സൈനിക സഹായ വ്യവസ്ഥ. ബ്രിട്ടീഷുകാരുമായി അത്തരമൊരു സഖ്യത്തിൽ ഏർപ്പെടുന്ന എല്ലാവരും ചില നിബന്ധനകളും വ്യവസ്ഥകളും അംഗീകരിക്കണമായിരുന്നു.

എ) തങ്ങളുടെ സഖ്യകക്ഷിയുടെ ഭരണത്തെ വൈദേശിക ആഭ്യന്തര ഭീഷണികളിൽ നിന്നു സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം ബ്രിട്ടീഷുകാർക്കായിരിക്കും.

ബി) സഖ്യകക്ഷിയുടെ രാജ്യത്ത്, ഒരു ബ്രിട്ടീഷ് സായുധ സൈനിക വിഭാഗത്തെ അവരോധിക്കും.

സി) ഈ സൈനികവിഭാഗത്തെ നിലനിർത്തുന്നതിനുള്ള വരുമാന വിഭവങ്ങൾ സഖ്യകക്ഷി നൽകേണ്ടതാണ്.

ഡി) ബ്രിട്ടീഷുകാരുടെ അനുമതിയോടുകൂടി മാത്രമേ സഖ്യകക്ഷിക്ക് മറ്റ് ഭരണാധികാരികളുമായി കരാറുകളിൽ ഏർപ്പെടാനോ യുദ്ധം ചെയ്യാനോ കഴിയൂ.




ഭൂപടം 1
1857-ൽ ബ്രിട്ടീഷ് നിയന്ത്രണത്തിലുള്ള പ്രദേശങ്ങൾ

നവാബിനെ നാടുകടത്തിയതിലുള്ള വ്യാപകമായ വിഷാദബോധവും നഷ്ടബോധവും പല സമകാലീക നിരീക്ഷകരും രേഖപ്പെടുത്തിയിട്ടുണ്ട്. അവരിൽ ഒരാൾ എഴുതി: "പ്രാണൻ ശരീരം വിട്ട് പോയി, ഈ പട്ടണത്തിന്റെ ശരീരം നിർജീവമായി അവശേഷിക്കുന്നു... ജാൻ-ഇ-ആലമിന്റെ വേർപാടിൽ പ്രാണവേദനയോടെ വിലപിക്കാത്ത ഒരു തെരുവോ കമ്പോളമോ വീടോ ഉണ്ടായിരുന്നില്ല." ഒരു നാടൻപാട്ടിൽ ഇങ്ങനെ പരിതപിക്കുന്നു. "ആദരണീയരായ ഇംഗ്ലീഷുകാർ വരുകയും രാജ്യം കയ്യടക്കുകയും ചെയ്തു." (*അംഗ്രേസ്സ് ബഹാദൂർ ആയി, മുൾക്ക് ലേയ് ലിൻഹോ*).

പെട്ടെന്നുണ്ടായ ഭൗതിക നഷ്ടങ്ങളും ഈ വൈകാരിക വിക്ഷോഭത്തെ മൂർച്ഛിപ്പിച്ചു. നവാബിനെ നീക്കംചെയ്തത് രാജസദസ്സ് പിരിച്ചുവിടുന്നതിനും അതിന്റെ സംസ്കാരം ഇല്ലാതാക്കുന്നതിനും വഴിവച്ചു. അങ്ങനെ വിവിധ ശ്രേണികളിൽപ്പെട്ട ഒരു ജനതയ്ക്ക് -സംഗീതജ്ഞർ, നർത്തകർ, കവികൾ, കൈവേലക്കാർ, പാചകക്കാർ, അനുചരൻമാർ, ഉദ്യോഗസ്ഥർ അങ്ങനെ പലർക്കും - അവരുടെ ഉപജീവന മാർഗം നഷ്ടപ്പെട്ടു.

സ്രോതസ്സ് 3

## നവാബ് പോയി
## (The Nawab has left)

മാതൃരാജ്യം വിട്ടുപോകേണ്ടിവന്ന ഭരണാധികാരിയുടെ ദുരവസ്ഥയിൽ വിലപിക്കുന്ന മറ്റൊരു ഗാനം:

ചകുലീനനും കൃഷിക്കാരനും എല്ലാവരും ഒരുമിച്ച് വിതുമ്പി

ലോകം മുഴുവൻ കരയുകയും വിലപിക്കുകയും ചെയ്തു

അയ്യോ! മുഖ്യൻ തന്റെ രാജ്യത്തോട് വിടചൊല്ലി

വിദേശത്ത് പോവുകയും ചെയ്തു.

➲ ഈ ഭാഗം മുഴുവനും വായിച്ചിട്ട് വാജിദ് അലിഷായുടെ വിടവാങ്ങലിനെത്തുടർന്ന് ജനങ്ങൾ വിലപിച്ചത് എന്തുകൊണ്ടാണെന്ന് ചർച്ച ചെയ്യുക.



*ചിത്രം 11.6*
*അവധിൽ നിന്നുള്ള ഒരു താലൂക്ദാർ, 1880*

## 2.3 *ഫിരങ്കിരാജും* ഒരു ലോകത്തിന്റെ അന്ത്യവും (*Firangi raj* and the end of a world)

അവധുമായി ബന്ധപ്പെട്ട ആവലാതികൾ രാജാവിനെയും *താലൂക്ക്ദാറിനെയും* കർഷകനെയും ശിപായിയെയും ഒരേ ചങ്ങലയിലെ കണ്ണികളാക്കിച്ചേർത്തു. തങ്ങളുടെ ലോകത്തിന്റെ അന്ത്യം കുറിക്കുന്നതാണ് *ഫിരങ്കിരാജ്* (വിദേശഭരണം) എന്ന് പല വിധത്തിൽ അവർ തിരിച്ചറിഞ്ഞു-അവർ അമൂല്യവും പ്രിയപ്പെട്ടതുമായി കരുതിയ കാര്യങ്ങളുടെ തകർച്ചയും ഒരു വലിയ കൂട്ടം സങ്കീർണമായ വികാരങ്ങളും പ്രശ്നങ്ങളും പാരമ്പര്യങ്ങളും വിശ്വസ്തതകളും 1857 ലെ കലാപത്തിന് ഹേതുക്കളായി പ്രവർത്തിച്ചു. അവധിൽ, മറ്റൊരിടത്തും ഇല്ലാത്തവണ്ണം, ഈ കലാപം വിദേശ വ്യവസ്ഥക്കെതിരെയുള്ള ജനകീയമായ പ്രതിരോധത്തിന്റെ പ്രകടനമായി മാറി.

അവധ് പിടിച്ചെടുത്തതോടെ നവാബ് മാത്രമല്ല സ്ഥാനഭ്രഷ്ടനായത്. ഈ പ്രദേശത്തെ *താലൂക്ക്ദാർമാരും* പുറത്താക്കപ്പെട്ടു. അവധിലെ ഗ്രാമപ്രദേശങ്ങളിൽ അങ്ങിങ്ങായി *താലൂക്ക്ദാർമാർക്ക്* അനവധി എസ്റ്റേറ്റുകളും കോട്ടകളും ഉണ്ടായിരുന്നു. അനേകം തലമുറകളായി ഈ ഭൂമിയുടെ നിയന്ത്രണവും ഗ്രാമപ്രദേശത്തിന്റെ അധികാരവും അവർ കയ്യാളിയിരുന്നു. ബ്രിട്ടീഷുകാർ വരുന്നതിനുമുമ്പ്, *താലൂക്ക്ദാർമാർ* സായുധസൈന്യത്തെ നിലനിർത്തുകയും കോട്ടകൾ പണിയുകയും നവാബിന്റെ മേൽക്കോയ്മ അംഗീകരിച്ചു കൊണ്ട്, തങ്ങളുടെ *താലൂക്കു*കളുടെ നികുതി വരുമാനം അദ്ദേഹത്തിന് നൽകുന്നിടത്തോളം കാലം ഒരളവുവരെ, സ്വയംഭരണാവകാശം അനുഭവിക്കുകയും ചെയ്തിരുന്നു. ചില വലിയ *താലൂക്ക്ദാർക്ക്* 12000 ത്തോളവും ചെറിയ *താലൂക്ക്ദാർമാർക്ക്* 200 ഓളവും പടയാളികൾ ഉണ്ടായിരുന്നു. *താലൂക്ക്ദാർമാരുടെ* അധികാരത്തെ വച്ചു പൊറുപ്പിക്കാൻ ബ്രിട്ടീഷുകാർ ഇഷ്ടപ്പെട്ടിരുന്നില്ല. പുതിയ പ്രദേശങ്ങൾ സംയോജിപ്പിച്ച ഉടൻ തന്നെ, *താലൂക്ക്ദാർമാരെ* നിരായുധരാക്കുകയും അവരുടെ കോട്ടകൾ തകർക്കുകയും ചെയ്തു.

ബ്രിട്ടീഷുകാരുടെ ഭൂനികുതി നയങ്ങൾ *താലൂക്ക്ദാർമാരുടെ* സ്ഥാനത്തെയും അധികാരത്തെയും കൂടുതൽ ദുർബലമാക്കി. പിടിച്ചെടുക്കലിനുശേഷം, 1856 ൽ സമ്മറിവ്യവസ്ഥ (Summary Settlement) എന്നറിയപ്പെടുന്ന ആദ്യ ബ്രിട്ടീഷ് ഭൂനികുതിവ്യവസ്ഥ നടപ്പിലാക്കിയത് *താലൂക്ക്ദാർമാർ* ഭൂമിയിൽ സ്ഥിരമായ യാതൊരു അവകാശവും ഇല്ലാത്ത നുഴഞ്ഞു കയറ്റക്കാരും ബലപ്രയോഗത്തിലൂടെയും വഞ്ചനയിലൂടെയും കൈവശപ്പെടുത്തിയവരുമാണ് എന്നു കരുതിക്കൊണ്ടാണ്. സമ്മറിവ്യവസ്ഥ ഉപയോഗിച്ച് സാധ്യമാകുന്നിടത്തെല്ലാം *താലൂക്ക്ദാർമാരെ* നീക്കം ചെയ്യാൻ തുടങ്ങി. കണക്കുകൾ കാണിക്കുന്നത് ബ്രിട്ടീഷ് കാലഘട്ടത്തിനുമുമ്പുള്ള അവധിലെ മൊത്തം ഗ്രാമങ്ങളിൽ 67 ശതമാനവും *താലൂക്ക്ദാർമാർ* കൈവശം വച്ചിരുന്നു എന്നാണ്; സമ്മറിവ്യവസ്ഥ വഴി ഇത് 38 ശതമാനമായി കുറഞ്ഞു. ദക്ഷിണ അവധിലെ *താലൂക്ക്ദാർമാർക്കാണ്* ഏറ്റവും ശക്തമായ പ്രഹരം ഏറ്റത്. അവരിൽ ചിലർക്ക് മുമ്പുണ്ടായിരുന്ന ഗ്രാമങ്ങളുടെ പകുതിയിൽ അധികവും നഷ്ടപ്പെട്ടു.

*താലൂക്ക്ദാർമാരെ* നീക്കം ചെയ്യുകവഴി ഭൂമിയുടെ യഥാർഥ ഉടമകളെ അവിടെ അധിവസിപ്പിക്കാമെന്നും അങ്ങനെ കൃഷിക്കാർക്ക് എതിരെയുള്ള ചൂഷണത്തിന്റെ അളവ് കുറയ്ക്കാമെന്നും അതിലൂടെ രാജ്യത്തിന്റെ നികുതി വരുമാനം വർധിപ്പിക്കാമെന്നും ബ്രിട്ടീഷ് ഭൂനികുതി ഉദ്യോഗസ്ഥർ വിശ്വസിച്ചു. എന്നാൽ ഇപ്രകാരം സംഭവിച്ചില്ല. രാജ്യത്തിനുള്ള നികുതിയുടെ ഒഴുക്ക് വർധിച്ചെങ്കിലും കർഷകരുടെ നികുതി

ഭാരത്തിൽ യാതൊരു കുറവും ഉണ്ടായില്ല. അവധിലെ വലിയ വിഭാഗം പ്രദേശങ്ങളിലും യഥാർഥത്തിൽ ഭീമമായ തോതിലാണ് നികുതി നിർണയിച്ചിരുന്നതെന്ന് വളരെ വേഗം അധികാരികൾ കണ്ടെത്തി. ചില സ്ഥലങ്ങളിൽ ഭൂനികുതി വർധനവ് 30 മുതൽ 70 ശതമാനം വരെ ആയിരുന്നു. അങ്ങനെ അവധിന്റെ സംയോജനം കൊണ്ട് സന്തോഷിക്കാൻ *താലൂക്ക്*ദാർമാർക്കോ കർഷകർക്കോ ഒരു കാരണവുമില്ലായിരുന്നു.

*താലൂക്ക്*ദാർമാരെ നീക്കംചെയ്യൽ അർഥമാക്കിയത് ഒരു സാമൂഹ്യക്രമത്തിന്റെ മുഴുവൻ തകർച്ചയെയാണ്. കർഷകനെ *താലൂക്ക്*ദാരുമായി ബന്ധിപ്പിച്ചിരുന്ന വിശ്വസ്തതയുടെയും രക്ഷാധികാരത്തിന്റെയും കെട്ടുകൾ തകർന്നു. ബ്രിട്ടീഷ് കാലഘട്ടത്തിനുമുമ്പ്, *താലൂക്ക്*ദാർമാർ മർദകരായിരുന്നെങ്കിലും അവരിൽ പലരും ഉദാരതയുള്ള രക്ഷിതാവിന്റെ സ്ഥാനത്തായിരുന്നു കാണപ്പെട്ടിരുന്നത്: അവർ കർഷകരിൽ നിന്ന് വിവിധങ്ങളായ വിഹിതങ്ങൾ നിർബന്ധപൂർവം ഈടാക്കിയിരുന്നെങ്കിലും അവശ്യഘട്ടങ്ങളിൽ പലപ്പോഴും അവരോട് ദാക്ഷിണ്യം കാണിച്ചിരുന്നു. ഇപ്പോൾ ബ്രിട്ടീഷുകാരുടെ കീഴിൽ കർഷകർ അധികനികുതി നിർണയത്തിനും ഒരിളവുമില്ലാത്ത നികുതി പിരിക്കൽ നടപടികൾക്കും നേരിട്ട് വിധേയരാകുകയും ചെയ്തു. കഷ്ടപ്പാടിന്റേയോ വിളനാശത്തിന്റേയോ സമയത്ത് നികുതിയിൽ ഇളവ് നൽകുകയോ നികുതി നൽകാനുള്ള സമയം ദീർഘിപ്പിക്കുകയോ ചെയ്യുമെന്ന യാതൊരു ഉറപ്പുമുണ്ടായിരുന്നില്ല. അല്ലെങ്കിൽ ഉത്സവകാലങ്ങളിൽ *താലൂക്ക്*ദാർമാർ മുമ്പ്നൽകിയിരുന്ന വായ്പയും പിന്തുണയും ബ്രിട്ടീഷുകാരിൽ നിന്ന് ലഭിക്കുമെന്ന ഉറപ്പുമില്ലാതായി.

1857 ൽ ചെറുത്തുനിൽപ്പ് വളരെ ശക്തവും ഏറെക്കാലം നീണ്ടുനിൽക്കുന്നതുമായിരുന്നു. അവധ് പോലുള്ള മേഖലകളിൽ പോരാട്ടം നടത്തിയത് *താലൂക്ക്ദാർമാരും* അവരുടെ കർഷകരും ചേർന്നായിരുന്നു. ഇവരിൽ പല *താലൂക്ക്*ദാർമാരും അവധിലെ നവാബിനോട് കൂറുള്ളവരായിരുന്നു. ബ്രിട്ടീഷുകാർക്കെതിരെ പോരാടാൻ അവർ ലഖ്നൗവിലെ ബീഗം ഹസ്റത്ത് മഹലിനോട് (നവാബിന്റെ ഭാര്യ) ചേർന്നു പ്രവർത്തിക്കുകയും പരാജയത്തിൽ പോലും ചിലർ അവരോടൊപ്പം നിലകൊള്ളുകയും ചെയ്തു.

ശിപായിമാരിൽ ബഹുഭൂരിപക്ഷവും അവധിലെ ഗ്രാമങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടവരായതിനാൽ കർഷകരുടെ ആവലാതികൾ ശിപായി നിരകളിൽ പരക്കെ ചർച്ചചെയ്യപ്പെട്ടു. ദശാബ്ദങ്ങളായി, ശിപായിമാർക്ക് ലഭിച്ചിരുന്ന കുറഞ്ഞ വേതനത്തെക്കുറിച്ചും അവധി ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകളെക്കുറിച്ചും അവർ പരാതിപ്പെട്ടിരുന്നു. 1850കളോടെ അവരുടെ അസംതൃപ്തിക്ക് മറ്റു കാരണങ്ങളും ഉണ്ടായിരുന്നു.

1857 ലെ കലാപത്തിനു തൊട്ടുമുമ്പുള്ള വർഷങ്ങളിൽ ശിപായിമാരും അവരുടെ വെള്ളക്കാരായ മേലധികാരികളും തമ്മിലുള്ള ബന്ധത്തിൽ കാര്യമായ മാറ്റങ്ങൾ സംഭവിച്ചിരുന്നു. 1820 കളിൽ, ശിപായിമാരുമായി സൗഹൃദം നിലനിർത്താൻ വെള്ളക്കാരായ ഉദ്യോഗസ്ഥർ അതീവ ശ്രദ്ധ പുലർത്തിയിരുന്നു. അവരുടെ വിനോദ പരിപാടികളിൽ പങ്കെടുക്കുകയും - അവരുമായി മല്ല യുദ്ധത്തിൽ ഏർപ്പെടുകയും വാൾപ്പയറ്റ് നടത്തുകയും അവരോടൊപ്പം പ്രാപിടിയന്മാരെ ഉപയോഗിച്ചുള്ള വേട്ടയ്ക്ക് പോവുകയും ചെയ്തിരുന്നു. അവരിൽ പലരും ഹിന്ദുസ്ഥാനി ഭാഷ അനായാസം കൈകാര്യം ചെയ്യുകയും രാജ്യത്തിന്റെ ആചാരങ്ങളും സംസ്കാരവും പരിചിതമാക്കുകയും ചെയ്തിരുന്നു. ഒരേ സമയം അച്ചടക്കം നടപ്പിലാക്കുന്നവരും പിതൃതുല്യ പരിവേഷമുള്ളവരുമായിരുന്നു ഈ ഉദ്യോഗസ്ഥർ.

*സ്രോതസ്സ് 4*

### താലൂക്ക്ദാർമാരുടെ ചിന്ത
### (What taluqdars thought)

*താലൂക്ക്ദാർമാരുടെ* മനോഭാവം ഏറ്റവും നന്നായി പ്രകടിപ്പിച്ചത് റായ് ബറേലിക്കടുത്തായി സ്ഥിതി ചെയ്യുന്ന കലങ്കറിലെ രാജയായ ഹൻവന്ത് സിംഗ് ആണ്. കലാപസമയത്ത്, ഹൻവന്ത് സിംഗ് ഒരു ബ്രിട്ടീഷ് ഉദ്യോഗസ്ഥന് അഭയം നൽകുകയും അദ്ദേഹത്തെ സുരക്ഷിത സ്ഥാനത്തേക്ക് അയക്കുകയും ചെയ്തു. ഉദ്യോഗസ്ഥനെ പിരിയുന്ന വേളയിൽ ഹൻവന്ത് സിംഗ് അദ്ദേഹത്തോട് പറഞ്ഞു:

> സാഹിബ്, നിങ്ങളുടെ രാജ്യക്കാർ ഈ രാജ്യത്തേക്ക് വരുകയും ഞങ്ങളുടെ രാജാവിനെ പുറത്താക്കുകയും ചെയ്തു. എസ്റ്റേറ്റുകളുടെ രേഖകൾ പരിശോധിക്കുന്നതിന് നിങ്ങൾ നിങ്ങളുടെ ഉദ്യോഗസ്ഥരെ ജില്ലകൾ തോറും അയച്ചു. ഒറ്റയടിക്ക്, സ്മരണാതീതകാലം മുതൽക്കേ എന്റെ കുടുംബത്തിന്റെ കൈവശമുണ്ടായിരുന്ന പ്രദേശങ്ങൾ നിങ്ങൾ കൈക്കലാക്കി. ഞാൻ വഴങ്ങി. പെട്ടെന്ന് ദൗർഭാഗ്യം നിങ്ങളുടെമേൽ പതിച്ചു. രാജ്യത്തിലെ ജനങ്ങൾ നിങ്ങൾക്കെതിരെ ഉണർന്നു. നിങ്ങളാൽ നശിപ്പിക്കപ്പെട്ട എന്റെ അടുക്കലേക്കു തന്നെ നിങ്ങൾ വന്നു. ഞാൻ നിങ്ങളെ രക്ഷിച്ചു. പക്ഷേ, ഇപ്പോൾ ഞാൻ എന്റെ അനുചരൻമാരോടൊപ്പം ലഖ്നൗവിലേക്ക് പട നീക്കം നടത്താൻ പോവുകയാണ്. നിങ്ങളെ രാജ്യത്ത് നിന്ന് പുറത്താക്കാൻ ശ്രമിക്കാൻ പോവുകയാണ്.

➲ ഈ ഉദ്ധരണി, *താലൂക്ക്ദാർമാരുടെ* മനോഭാവത്തെക്കുറിച്ച് എന്താണ് നിങ്ങളോട് പറയുന്നത്? ഹൻവന്ത് സിംഗ്, രാജ്യത്തിലെ ജനങ്ങൾ എന്ന് അർഥമാക്കുന്നത് ആരെയാണ്? ജനരോഷത്തിന് എന്ത് കാരണമാണ് ഹൻവന്ത് സിംഗ് നൽകുന്നത്?



*ചിത്രം 11.7*
*ബംഗാൾ ശിപായിമാർ യൂറോപ്യൻ രീതിയിലുള്ള യൂണിഫോമിൽ*

1840 കളിൽ, ഈ അവസ്ഥയ്ക്കു മാറ്റം സംഭവിച്ചു തുടങ്ങി. ഉദ്യോഗസ്ഥർ ഒരുതരം മേധാവിത്വബോധം പ്രകടിപ്പിക്കാൻ തുടങ്ങുകയും ശിപായിമാരെ വംശീയമായി തങ്ങളെക്കാൾ താണവരായി കരുതുകയും അവരുടെ വികാരങ്ങളെ ചവിട്ടിമെതിക്കുകയും ചെയ്തു. അധിക്ഷേപങ്ങളും ശാരീരികാതിക്രമവും സാധാരണമായിത്തീരുകയും അങ്ങനെ ശിപായിമാരും ഉദ്യോഗസ്ഥരും തമ്മിലുള്ള അകലം വർധിക്കുകയും ചെയ്തു. വിശ്വാസം സംശയത്തിന് വഴിമാറി. തോക്കിൻ തിരകളിൽ കൊഴുപ്പ് ആവരണം ചെയ്ത സംഭവം ഇതിന് ഉത്തമോദാഹരണമാണ്.

ശിപായിമാരും ഉത്തരേന്ത്യയിലെ ഗ്രാമീണ ലോകവും തമ്മിൽ അടുത്ത ബന്ധം നിലനിന്നിരുന്നുവെന്ന കാര്യം ഓർത്തിരിക്കേണ്ടതും പ്രധാനമാണ്. ബംഗാൾ സൈന്യത്തിലെ മഹാഭൂരിപക്ഷം ശിപായിമാരും അവധിലേയും കിഴക്കൻ ഉത്തർപ്രദേശിലേയും ഗ്രാമങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടവരായിരുന്നു. അവരിൽ പലരും ബ്രാഹ്മണരോ "ഉയർന്ന" ജാതിക്കാരോ ആയിരുന്നു. വാസ്തവത്തിൽ, അവധിനെ "ബംഗാൾ സൈന്യത്തിന്റെ നഴ്സറി" ("nursery of Bengal Army") എന്നാണ് വിളിച്ചിരുന്നത്. ശിപായിമാരുടെ കുടുംബാംഗങ്ങൾ അവർക്കു ചുറ്റും കണ്ട മാറ്റങ്ങളും അവർ നേരിട്ടേക്കാവുന്ന ഭീഷണികളും വളരെ വേഗത്തിൽ ശിപായി നിരകളിൽ പ്രചരിപ്പിച്ചു കൊണ്ടിരുന്നു. പുതിയ തിരകളെക്കുറിച്ചുള്ള ശിപായിമാരുടെ ഭയം, അവധി സംബന്ധമായ അവരുടെ ആവലാതികൾ, വെള്ളക്കാരായ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുണ്ടാകുന്ന വർധിച്ചു വരുന്ന ദുഷ്പെരുമാറ്റത്തെക്കുറിച്ചും വംശീയ അധിക്ഷേപങ്ങളെക്കുറിച്ചുമുള്ള അവരുടെ മുറുമുറുപ്പുകൾ എന്നിവയെക്കുറിച്ച് ഗ്രാമങ്ങളിലെ ജനങ്ങളുമായി അവർ തിരിച്ചും സംവദിച്ചിരുന്നു. ശിപായിമാരും ഗ്രാമീണ ലോകവും തമ്മിലുള്ള ഈ ബന്ധത്തിന് കലാപ കാലത്ത് സുപ്രധാനമായ അർഥങ്ങളുണ്ടായിരുന്നു. ശിപായിമാർ തങ്ങളുടെ മേലുദ്യോഗസ്ഥരെ വെല്ലുവിളിക്കുകയും ആയുധമെടുക്കുകയും ചെയ്തപ്പോൾ അവരുടെ ഗ്രാമസഹോദരർ വളരെ പെട്ടെന്ന് അവരോടൊപ്പം ചേർന്നു. എല്ലായിടത്തും കർഷകർ പട്ടണങ്ങളിലേക്ക് ഒഴുകിയെത്തുകയും സൈനികരുമായും പട്ടണങ്ങളിലെ സാധാരണക്കാരുമായും കലാപത്തിൽ ഒരുമിച്ച് ചേർന്ന് കൂട്ടായ്മയിൽ പ്രവർത്തിക്കുകയും ചെയ്തു.

**ചർച്ച ചെയ്യുക...**

1857-ലെ കലാപത്തിൽ നിങ്ങളുടെ സംസ്ഥാനത്തിലെ ആളുകൾ പങ്കെടുത്തിട്ടുണ്ടോ എന്ന് കണ്ടെത്തുക. അവർ പങ്കെടുത്തിട്ടുണ്ടെങ്കിൽ, എന്തുകൊണ്ടാണ് അവർ അങ്ങനെ ചെയ്തതെന്ന് കണ്ടെത്തുക. അവർ പങ്കെടുത്തിട്ടില്ലെങ്കിൽ, അത് വിശദീകരിക്കുവാൻ ശ്രമിക്കുക.

## 3. കലാപകാരികൾ ആഗ്രഹിച്ചത് (What the Rebels Wanted)

വിജയികൾ എന്ന നിലയിൽ, ബ്രിട്ടീഷുകാർ തങ്ങളുടെ പരീക്ഷണങ്ങളെയും കഷ്ടതകളേയും സാഹസികതകളെയും കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. നന്ദികെട്ടവരും പ്രാകൃതരുമായ ഒരു കൂട്ടം ജനങ്ങളെയെന്ന പോലെ കലാപകാരികളെ അവർ തള്ളിക്കളയുകയാണുണ്ടായത്. കലാപകാരികളെ അടിച്ചമർത്തിയതിനർഥം അവരെ നിശ്ശബ്ദരാക്കുക എന്നതു കൂടിയായിരുന്നു. സംഭവങ്ങളെക്കുറിച്ച് തങ്ങളുടെ വീക്ഷണഗതികൾ രേഖപ്പെടുത്താനുള്ള അവസരം കലാപകാരികൾക്ക് ഉണ്ടായില്ല. കൂടാതെ, അവരിൽ ഭൂരിഭാഗം ശിപായിമാരും നിരക്ഷരരായ സാധാരണക്കാരുമായിരുന്നു. അതുകൊണ്ട് തന്നെ തങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും ജനങ്ങളെ കലാപത്തിൽ ചേരാൻ പ്രേരിപ്പിക്കുന്നതിനുംവേണ്ടി കലാപ നേതാക്കൾ പുറപ്പെടുവിച്ച ഏതാനും പ്രഖ്യാപനങ്ങളും *ഇഷ്തഹാറുകളും* (*ishtahars* /അറിയിപ്പുകൾ) ഒഴികെ കാര്യമായി കലാപകാരികളുടെ കാഴ്ചപ്പാടുകളിലേക്ക് വെളിച്ചം വീശുന്ന ഒന്നും തന്നെ നമുക്ക് ലഭ്യമല്ല. 1857 ൽ എന്താണ് സംഭവിച്ചതെന്ന

റിയാനുള്ള ചരിത്രം പുനർനിർമ്മിക്കാനുള്ള ശ്രമങ്ങളിൽ അങ്ങനെ ബ്രിട്ടീഷുകാർ എന്താണോ എഴുതിയിരിക്കുന്നത് അതിനെ ഭീമമായും അനിവാര്യമായും ആശ്രയിക്കുക തന്നെ വേണം. ഈ സ്രോതസ്സുകൾ ഉദ്യോഗസ്ഥരുടെ മനോഗതങ്ങൾ വെളിപ്പെടുത്തുമ്പോൾ, കലാപകാരികൾ ആഗ്രഹിച്ചിരുന്നതെന്തെന്ന് വിരളമായി മാത്രമെ പറയുന്നുള്ളൂ.

### 3.1. ഐക്യതാ വീക്ഷണം (The vision of unity)

1857 ലെ കലാപപ്രഖ്യാപനങ്ങൾ ജാതി മത വ്യത്യാസമില്ലാതെ മുഴുവൻ ജനവിഭാഗങ്ങളോടുമായിരുന്നു ആവർത്തിച്ച് ആഹ്വാനം ചെയ്തിരുന്നത്. പല പ്രഖ്യാപനങ്ങളും പുറപ്പെടുവിച്ചിരുന്നത് മുസ്ലീം രാജാക്കന്മാരോ അല്ലെങ്കിൽ അവരുടെ നാമത്തിലോ ആയിരുന്നെങ്കിലും ഇവപോലും ഹിന്ദുക്കളുടെ വികാരങ്ങളെ സംബോധനചെയ്യാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കും ഒരുപോലെ നഷ്ടപ്പെടാനോ അല്ലെങ്കിൽ നേടാനോ ഉള്ള ഒരു യുദ്ധമായിട്ടാണ് കലാപത്തെ അവർ കണ്ടിരുന്നത്. ഈ അറിയിപ്പുകൾ *(ishtahars)* ബ്രിട്ടീഷുകാർക്ക് മുമ്പുള്ള ഹിന്ദു മുസ്ലീം ഭൂതകാലത്തിലേക്ക് തിരിഞ്ഞു നോക്കുകയും മുഗൾ സാമ്രാജ്യത്തിനു കീഴിൽ നിലനിന്ന വിവിധ സമുദായങ്ങളുടെ സഹവർത്തിത്വത്തെ പ്രകീർത്തിക്കുകയും ചെയ്തു. ബഹദൂർഷായുടെ പേരിൽ പുറപ്പെടുവിച്ച ഒരു വിളംബരത്തിൽ മുഹമ്മദിന്റെയും മഹാവീരന്റെയും ആദർശങ്ങളിൽ ഊന്നിക്കൊണ്ട് പോരാട്ടത്തിൽ പങ്കെടുക്കാൻ ജനങ്ങളോട് അഭ്യർഥിച്ചു. കലാപസമയത്ത് ഹിന്ദു മുസ്ലീം വിഭജനങ്ങൾ സൃഷ്ടിക്കാൻ ബ്രിട്ടീഷുകാർ ശ്രമിച്ചിരുന്നെങ്കിലും അവർക്കിടയിൽ ഒരിക്കലും മതപരമായ ഭിന്നതകളൊന്നും തന്നെ പ്രകടമായിരുന്നില്ല എന്നത് ശ്രദ്ധേയമായിരുന്നു. 1857 ഡിസംബറിൽ പടിഞ്ഞാറൻ ഉത്തർപ്രദേശിലെ ബറേലിയിൽ ഹിന്ദുക്കളെ മുസ്ലീങ്ങൾക്കെതിരെ തിരിക്കാൻ ബ്രിട്ടീഷുകാർ 50,000 രൂപ ചെലവഴിക്കുകയുണ്ടായി. എന്നാൽ ആ ശ്രമം പരാജയപ്പെട്ടു.

*സ്രോതസ്സ് 5*

## അസംഗാർ പ്രഖ്യാപനം, ആഗസ്റ്റ് 25, 1857 (The Azamgarh Proclamation, 25 August 1857)

കലാപകാരികളുടെ ആവശ്യങ്ങളെക്കുറിച്ചുള്ള നമ്മുടെ അറിവിന്റെ പ്രധാനപ്പെട്ട സ്രോതസ്സുകളിൽ ഒന്നാണിത്:

ഈ യുഗത്തിൽ ഹിന്ദുസ്ഥാനിലെ, ഹിന്ദുക്കളും മുഹമ്മദീയരുമായ ജനങ്ങൾ അവിശ്വാസികളും ചതിയന്മാരുമായ ഇംഗ്ലീഷുകാരുടെ ദുർഭരണത്തിലും അടിച്ചമർത്തലിലും നശിപ്പിക്കപ്പെടുന്നുവെന്നത് ഏവർക്കും അറിയാവുന്ന കാര്യമാണ്. അതിനാൽ ഇന്ത്യയിലെ എല്ലാ സമ്പന്നരും, പ്രത്യേകിച്ച് മുഹമ്മദൻ രാജകുടുംബാംഗങ്ങളുമായി ഏതെങ്കിലും തരത്തിലുള്ള ബന്ധം പുലർത്തുന്നവരും, അവരുടെ ജനങ്ങളുടെ ഉപദേശികളും യജമാനന്മാരുമായി കണക്കാക്കപ്പെടുന്നവരും അവരുടെ ജീവനും സ്വത്തും പൊതുജനക്ഷേമത്തിനായി പണയപ്പെടുത്തുക എന്നുള്ളത് അവശ്യം നിർവഹിക്കേണ്ട കടമയാണ്...

ഹിന്ദു - മുസൽമാൻ മുഖ്യരിൽ പലരും, തങ്ങളുടെ മതസംരക്ഷണത്തിനായി പണ്ട് മുതലേ അവരവരുടെ വീടുകൾ ഉപേക്ഷിച്ച് ഇന്ത്യയിലെ ഇംഗ്ലീഷുകാരെ വേരോടെ പിഴുതെറിയാൻ പരമാവധി ശ്രമിക്കുന്നവർ, എന്റെയടുത്ത് സന്നിഹിതരായി, ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ഇന്ത്യയുടെ വിശുദ്ധ യുദ്ധത്തിന്റെ ഭാഗഭാക്കാവുകയാണ്. കൂടാതെ പടിഞ്ഞാറ്നിന്ന് അധികം വൈകാതെ എനിക്ക് സഹായങ്ങൾ ലഭിക്കുന്നതിനുള്ള സാധ്യതകൾ ഏറെയാണ്. അതിനാൽ പൊതുജനങ്ങളുടെ അറിവിലേക്കായി, നിരവധി ഭാഗങ്ങൾ ഉൾക്കൊള്ളുന്ന *ഈ ഇഷ്തഹാർ* (അറിയിപ്പ്) പ്രചാരണത്തിനായി ഇടുകയാണ്. ഇതിനെ ശ്രദ്ധാപൂർവം പരിഗണിക്കേണ്ടതും എല്ലാവരും തങ്ങളുടെ അനിവാര്യമായ കടമയായി കരുതേണ്ടതും കർശനമായി പാലിക്കേണ്ടതുമാണ്. പൊതുവായ ലക്ഷ്യത്തിനുവേണ്ടി അണിചേരാൻ ഉത്സുകരാണെങ്കിലും സ്വന്തമായി ഉപജീവനത്തിനായി ഒരു മാർഗവുമില്ലാത്തവർക്ക്, അവരുടെ ദൈനംദിന ഉപജീവനം എന്നിൽ നിന്നും സ്വീകരിക്കാവുന്നതാണ്. കൂടാതെ എല്ലാവരും അറിഞ്ഞിരിക്കുക, ഹിന്ദുക്കളുടെയും മുഹമ്മദീയരുടെയും പുരാതന ഗ്രന്ഥങ്ങളും ദിവ്യശക്തിയുള്ളവരുടെ രചനകളും ജ്യോതിഷികളുടെയും പണ്ഡിറ്റുകളുടെയും കണക്കുകൂട്ടലുകളും... ഇംഗ്ലീഷുകാർക്ക് ഇനി കൂടുതൽകാലം ഇന്ത്യയിലോ മറ്റെവിടെയെങ്കിലുമോ നിലനിൽപ്പില്ലാ എന്ന്, ഉറപ്പിക്കുന്നതിൽ യോജിക്കുന്നു. അതിനാൽ, ബ്രിട്ടീഷ് ഭരണത്തുടർച്ച ഉണ്ടാകുമെന്ന പ്രതീക്ഷ എല്ലാവരും ഉപേക്ഷിക്കേണ്ടതും എന്നോടൊപ്പം ചേർന്ന്, ബാദ്ഷാഹി അല്ലെങ്കിൽ രാജഭരണത്തിന്റെ പരിഗണനയ്ക്ക് അർഹമാവുകയും അത് പിടിച്ചു പറ്റാനായി പൊതു നന്മയ്ക്കു വേണ്ടിയുള്ള ലക്ഷ്യത്തിൽ ഊന്നിക്കൊണ്ട് വ്യക്തിപരമായ കഠിനപ്രയത്നം നടത്തേണ്ടതും അങ്ങനെ അവരവരുടെ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കേണ്ടതും എല്ലാവരുടെയും മേൽ അർപ്പിക്കപ്പെട്ട കടമയാണ്. അങ്ങനെയല്ലാതെ ഈ സുവർണാവസരം തെന്നിമാറിയാൽ, തങ്ങളുടെ വിഢ്ഢിത്തത്തെ ഓർത്ത് അവർ പശ്ചാത്തപിക്കേണ്ടി വരും...

(തുടരും)

സ്രോതസ്സ് 5 (തുടർച്ച)

***ഭാഗം I – സെമീന്ദാർമാരെ സംബന്ധിക്കുന്നത്.*** ബ്രിട്ടീഷ് ഗവൺമെന്റ് സെമീന്ദാരി സമ്പ്രദായം ആവിഷ്കരിച്ചപ്പോൾ ഭീമമായ *ജുമ* (നികുതി നിരക്ക്) അടിച്ചേൽപ്പിച്ചിട്ടുണ്ടെന്നും വാടകക്കുടിശ്ശിക ഈടാക്കാൻ അവരുടെ എസ്റ്റേറ്റുകൾ പൊതുലേലത്തിനു വച്ച്കൊണ്ട്, നിരവധി സെമീന്ദാർമാരെ അപമാനിക്കുകയും തകർക്കുകയും ചെയ്തിട്ടുണ്ടെന്നുമുള്ളത് വ്യക്തമാണ്, എത്രത്തോളം എന്നുവച്ചാൽ ഒരു സാധാരണ കർഷകനോ, ഒരു ജോലിക്കാരിയോ, ഒരു അടിമയോ നിയമവ്യവസ്ഥയിൽ ഹർജി കൊടുത്താൽ, ബഹുമാന്യരായ സെമിന്ദാർമാരെ കോടതിയിലേക്ക് വിളിപ്പിക്കുകയും തടവിലാക്കുകയും ജയിലിലടയ്ക്കുകയും അപമാനിക്കുകയും ചെയ്തിരുന്നു. സെമീന്ദാരികളെ സംബന്ധിക്കുന്ന വ്യവഹാരങ്ങളിൽ, സ്റ്റാമ്പുകളുടെ അമിത വിലയും സിവിൽ കോടതികളിലെ മറ്റ് അനാവശ്യച്ചെലവുകളും... എല്ലാം വ്യവഹാരിയെ ദരിദ്രനാക്കാൻ ലക്ഷ്യംവച്ചുകൊണ്ടുള്ളതായിരുന്നു. ഇതിനു പുറമേ, സ്കൂളുകൾ, ആശുപത്രികൾ, റോഡുകൾ തുടങ്ങിയവയ്ക്കുള്ള വരിസംഖ്യയായി സെമീന്ദാർമാരുടെ ഖജനാവിന്റെ മേൽ വർഷം തോറും നികുതി ചുമത്തിയിരുന്നു. ഇത്തരം പിടിച്ചുപറികൾ ബാദ്ഷാഹി സർക്കാറിന്റെ കാലത്ത് ഒരു തരത്തിലും നിലനിൽക്കുമായിരുന്നില്ല; മറിച്ച്, *ജുമ* (നികുതി) ലഘുവായിരിക്കുകയും സെമീന്ദാർമാരുടെ അന്തസ്സും ആദരവും സുരക്ഷിതമായിരിക്കുകയും സ്വന്തം സെമീന്ദാരികളിൽ ഓരോ സെമീന്ദാറിനും തങ്ങളുടെ പൂർണ അധികാരം ഉണ്ടാവുകയും ചെയ്യുമായിരുന്നു...

***ഭാഗം II – വ്യാപാരികളെ സംബന്ധിക്കുന്നത്.*** അവിശ്വാസികളും ചതിയൻമാരുമായ ബ്രിട്ടീഷ് ഗവൺമെന്റ്, മികവുറ്റതും മേന്മയേറിയതുമായ നീലം, വസ്ത്രം, കപ്പൽ വ്യാപാരത്തിനുള്ള സാധനങ്ങൾ തുടങ്ങിയ എല്ലാ ചരക്കുകളുടെയും വ്യാപാരം കുത്തകയാക്കുകയും നിസ്സാര വസ്തുക്കളുടെ കച്ചവടം മാത്രം ജനങ്ങൾക്ക് വിട്ടുകൊടുക്കുകയും ചെയ്തുവെന്നത് വ്യക്തമാണ്, .... ഇതിനു പുറമേ, വ്യാപാരികളുടെ ലാഭവിഹിതത്തിൽ നിന്ന് തപാൽക്കൂലി, ചുങ്കം, സ്കൂളുകൾക്കുള്ള വരിസംഖ്യ എന്നീ ഇനങ്ങളിൽ നികുതി പിരിച്ചിരുന്നു. ഈ അടവുകളെല്ലാം ഉണ്ടായിട്ടും നിസ്സാരനായ ഒരു വ്യക്തിയുടെ അപേക്ഷയിലോ, പരാതിയിലോ വ്യാപാരികൾ തടവിനും അപമാനത്തിനും വിധേയരാക്കപ്പെടുകയും ചെയ്യും. ബാദ്ഷാഹി ഗവൺമെന്റ് നിലവിൽ വന്നാൽ മേൽപ്പറഞ്ഞ ഈ തട്ടിപ്പുകളെയെല്ലാം ഇല്ലാതാക്കുകയും കരയും ജലവും വഴിയുള്ള എല്ലാ സാധനങ്ങളുടെയും വ്യാപാരം, ഒന്നൊഴിയാതെ ഇന്ത്യയിലെ തദ്ദേശിയരായ വ്യാപാരികൾക്ക് തുറന്നുകൊടുക്കുകയും ചെയ്യും.... അതിനാൽ ആളാലും അർഥത്താലും ബാദ്ഷാഹി ഗവൺമെന്റിനെ സഹായിക്കേണ്ടതും യുദ്ധത്തിൽ പങ്കെടുക്കേണ്ടതും ഓരോ വ്യാപാരിയുടെയും കടമയാണ്, ...

***ഭാഗം III – സർക്കാർ ഉദ്യോഗസ്ഥരെ സംബന്ധിക്കുന്നത്.*** ബ്രിട്ടീഷ് ഗവൺമെന്റിനു കീഴിൽ സേവനമനുഷ്ഠിക്കുന്ന തദ്ദേശീയരായ ഉദ്യോഗസ്ഥർക്കും സൈനികർക്കും അനാദരവും കുറഞ്ഞ വേതനവുമാണ്, കൂടാതെ യാതൊരു വിധത്തിലുള്ള അധികാരങ്ങളും ഇല്ലെന്നുള്ളത് രഹസ്യമായ കാര്യമല്ല; രണ്ടു വകുപ്പുകളിലെയും അന്തസ്സുറ്റ പദവികളും ഉയർന്ന പ്രതിഫലത്തുകയും എല്ലാം ഇംഗ്ലീഷുകാർക്ക് മാത്രമാണ് നൽകുന്നത്.... അതിനാൽ ബ്രിട്ടീഷ് സേവനത്തിൻ കീഴിലുള്ള എല്ലാ തദ്ദേശീയരും അവരുടെ മതത്തിലും താൽപ്പര്യത്തിലും ബോധവാന്മാരായിരിക്കണമെന്നും ഇംഗ്ലീഷുകാരോടുള്ള കൂറ് വർജിക്കുകയും ബാദ്ഷാഹി സർക്കാരുമായി ചേരുകയും നിലവിലുള്ള തസ്തികയിൽ ഇപ്പോൾ 200 മുതൽ 300 രൂപ വരെ പ്രതിഫലം പറ്റുകയും ഭാവിയിൽ ഉയർന്ന തസ്തികകൾക്ക് അർഹതപ്പെട്ടവരാവുകയും ചെയ്യണം...

***ഭാഗം IV – കൈത്തൊഴിലുകാരെ സംബന്ധിക്കുന്നത്.*** ഇന്ത്യയിലേക്ക് ഇംഗ്ലീഷ് സാധനങ്ങൾ കൊണ്ടു വന്ന യൂറോപ്യർ, നെയ്ത്തുകാർ, പരുത്തി വസ്ത്രം തുന്നുന്നവർ, ആശാരിമാർ, കൊല്ലപ്പണിക്കാർ, ചെരുപ്പുണ്ടാക്കുന്നവർ തുടങ്ങിയവരെ തൊഴിൽ രഹിതരാക്കി എന്നത് വ്യക്തമാണ്. അവരുടെ തൊഴിലുകൾ അപഹരിക്കപ്പെട്ടു; തദ്ദേശീയ കൈത്തൊഴിൽ മേഖലയിലെ ഓരോ കൈത്തൊഴിലുകാരനും ഭിക്ഷക്കാരുടെ നിലയിലേക്ക് താണു. എന്നാൽ ബാദ്ഷാഹി ഗവൺമെന്റിനു കീഴിലുള്ള രാജാക്കന്മാരുടെയും രാജമാരുടേയും ധനികരുടെയും കീഴിൽ തദ്ദേശീയരായ കൈത്തൊഴിലുകാർ മാത്രമേ നിയമിക്കപ്പെടുകയുള്ളൂ, ഇത് അവരുടെ സമ്പന്നത സംശയരഹിതമായി ഉറപ്പാക്കും. അതിനാൽ ഈ കൈത്തൊഴിലുകാർ ഇംഗ്ലീഷുകാർക്കുവേണ്ടി ചെയ്യുന്ന സേവനം പരിത്യജിക്കണം, ...

***ഭാഗം V – പണ്ഡിറ്റുകൾ, ഫക്കീർമാർ, മറ്റ് പണ്ഡിതന്മാർ എന്നിവരെ സംബന്ധിക്കുന്നത്.*** പണ്ഡിറ്റുകളും ഫക്കീറുകളും യഥാക്രമം ഹിന്ദു, മുഹമ്മദൻ മതങ്ങളുടെ സംരക്ഷകരായിരിക്കെ, യൂറോപ്യർ *രണ്ട്* മതങ്ങളുടെയും ശത്രുക്കളാണെന്നിരിക്കെ, നിലവിൽ മതത്തിന്റെ പേരിൽ ഇംഗ്ലീഷുകാർക്കെതിരെ ഒരു യുദ്ധം രൂക്ഷമായിക്കൊണ്ടിരിക്കുകയുമാണെന്നിരിക്കെ, പണ്ഡിറ്റുകളും ഫക്കീറുകളും എന്നോടൊപ്പം ചേരേണ്ടതും വിശുദ്ധയുദ്ധത്തിൽ അവരുടെ പങ്ക് വഹിക്കേണ്ടതുമാണ്...

➲ ഈ പ്രഖ്യാപനത്തിൽ ബ്രിട്ടീഷ് ഭരണത്തിനെതിരായി എടുത്തുകാണിക്കപ്പെട്ട പ്രശ്നങ്ങൾ എന്തൊക്കെയാണ്? ഓരോ സാമൂഹ്യ വിഭാഗത്തെ സംബന്ധിക്കുന്ന ഭാഗവും ശ്രദ്ധാപൂർവം വായിക്കുക. ഈ പ്രഖ്യാപനം തയാറാക്കിയ ഭാഷ ശ്രദ്ധിക്കുക; അത് ആരുടെയൊക്കെ വൈവിധ്യമാർന്ന വൈകാരികതകളോടാണ് അഭ്യർഥന നടത്തുന്നതെന്ന് പരിശോധിക്കുക.

സ്രോതസ്സ് 6

### ശിപായിമാർ ചിന്തിച്ചിരുന്നത് എന്താണ് (What the sepoys thought)

കലാപകാരികളായ ശിപായിമാരുടെ *അഴ്സികളിൽ* (പരാതി അഥവാ അപേക്ഷ) ഇന്നു അവശേഷിക്കുന്ന ഒന്നാണിത്:

ഒരു നൂറ്റാണ്ടുമുൻപ് ബ്രിട്ടീഷുകാർ ഹിന്ദുസ്ഥാനിൽ എത്തിച്ചേരുകയും ക്രമേണ സൈനികരെ അവരുടെ സേവനത്തിൽ ഉൾപ്പെടുത്തുകയും ഓരോ നാടിന്റെയും യജമാനൻമാരായിത്തീരുകയും ചെയ്തു . ഞങ്ങളുടെ പൂർവികർ എല്ലായ്പ്പോഴും അവരെ സേവിച്ചിരുന്നു; ഞങ്ങളും അവരുടെ സേവനത്തിൻകീഴിൽ പ്രവേശിക്കുകയും ചെയ്തു.... ദൈവകൃപയാലും ഞങ്ങളുടെ സഹായത്തോടെയും ബ്രിട്ടീഷുകാർ അവർ ഇഷ്ടപ്പെടുന്ന എല്ലാ സ്ഥലങ്ങളും പിടിച്ചടക്കി. അതിൽ ഞങ്ങളിൽ ആയിരക്കണക്കിന് പേർ, ഹിന്ദുസ്ഥാനികൾ, ബലിയർപ്പിക്കപ്പെട്ടു. പക്ഷേ, ഞങ്ങൾ ഒരിക്കലും ഒഴിവ് കഴിവുകളോ നാട്യങ്ങളോ കലാപങ്ങളോ നടത്തിയില്ല...

എന്നാൽ 1857 ൽ ഇംഗ്ലണ്ടിൽ നിന്നുമെത്തിയ പുതിയ തിരകളും തോക്കുകളും നൽകാൻപോകുന്നുവെന്ന് ബ്രിട്ടീഷുകാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി; അതിൽ ആദ്യത്തേതിൽ പശുക്കളുടെയും പന്നികളുടെയും കൊഴുപ്പ് ചേർത്തിരുന്നു; അതോടൊപ്പം എല്ലുപൊടി കലർത്തിയ ഗോതമ്പ് കൊണ്ടുള്ള *ആട്ട* കഴിക്കണമായിരുന്നു, കാലാൾപ്പട, കുതിരപ്പട, പീരങ്കിപ്പട എന്നിവയുടെ എല്ലാ സൈനികവ്യൂഹങ്ങളിലും അവ വിതരണംനടത്തുകപോലും ചെയ്തു...

മൂന്നാം ലഘു കുതിരപ്പടയിലെ *സവാർമാർക്ക്* (കുതിരപ്പടയാളികൾ) അവർ ഈ തിരകൾ നൽകുകയും അത് കടിക്കാൻ ഉത്തരവിടുകയും ചെയ്തു; കുതിരപ്പടയാളികൾ അതിനെ എതിർത്തു; അത് തങ്ങൾ ഒരിക്കലും കടിക്കില്ലെന്ന് പറയുകയും ചെയ്തു. കാരണം അവർ അങ്ങനെ ചെയ്താൽ, അവരുടെ മതവും വിശ്വാസവും നശിപ്പിക്കപ്പെടും.... ഇങ്ങനെയായപ്പോൾ, ബ്രിട്ടീഷ് ഉദ്യോഗസ്ഥർ മൂന്ന് സൈനിക വ്യൂഹത്തിലുള്ളവരെയും പരേഡ് ചെയ്യിപ്പിച്ച്, 1400 ഇംഗ്ലീഷ് സൈനികരെ സജ്ജരാക്കി യൂറോപ്യൻ സൈനികരുടെ മറ്റ് സേനാവിഭാഗങ്ങളെയും അശ്വപീരങ്കിപ്പടയെയും അവർക്ക് ചുറ്റും വലയം ചെയ്തു നിർത്തി, ഓരോ കാലാൾപ്പട സൈനികവ്യൂഹത്തിനു മുന്നിലും കറക്കി വെടിയുതിർക്കാൻ കഴിയുന്ന ആറു നിറതോക്കുകൾ സ്ഥാപിച്ച്, 84 പുതിയ സൈനികരെ തടവുകാരാക്കുകയും ഇരുമ്പ് ചങ്ങല അണിയിച്ച് അവരെ ജയിലിലടയ്ക്കുകയും ചെയ്തു... തിരകൾ കടിക്കാൻ വിസമ്മതിക്കുന്ന ഞങ്ങളെ ഭയപ്പെടുത്തി ചെയ്യിക്കുന്നതിനു വേണ്ടിയായിരുന്നു പട്ടാളത്താവളത്തിലെ സവാറുകളെ ജയിലിൽ അടച്ചത്. ഇക്കാരണത്താൽ ഞങ്ങളും ഞങ്ങളുടെ മുഴുവൻ ദേശവാസികളും ഒറ്റക്കെട്ടായി, ഞങ്ങളുടെ വിശ്വാസം സംരക്ഷിക്കുന്നതിനായി ബ്രിട്ടീഷുകാരോട് പോരാടുകയും ചെയ്തു... രണ്ടുവർഷക്കാലം യുദ്ധം ചെയ്യാൻ ഞങ്ങൾ നിർബന്ധിതരായി. വിശ്വാസത്തിനും മതത്തിനും വേണ്ടി നമ്മോടണിചേർന്ന രാജാക്കന്മാരും മുഖ്യന്മാരും ഇപ്പോഴും അങ്ങനെ തന്നെ; അവർ എല്ലാത്തരം ക്ലേശങ്ങളും അനുഭവിക്കുകയും ചെയ്തു. നമ്മുടെ വിശ്വാസവും മതവും കളങ്കപ്പെടാതിരിക്കാൻ വേണ്ടി ഞങ്ങൾ രണ്ടു വർഷങ്ങളായി പോരാടി. ഒരു ഹിന്ദുവിന്റെയോ മുസൽമാന്റെയോ മതം നഷ്ടപ്പെട്ടാൽ, പിന്നെ എന്താണ് ലോകത്തിൽ അവശേഷിക്കുന്നത്?

➲ *അഴ്സിയിൽ* പറഞ്ഞിട്ടുള്ള കലാപത്തിന്റെ കാരണങ്ങൾ *റാഗ്യൂക്ക്ദാർ* പരാമർശിച്ച കാര്യങ്ങളുമായി (സ്രോതസ്സ് 3) താരതമ്യം ചെയ്യുക. ചർച്ച ചെയ്യുക.

## 3.2 അടിച്ചമർത്തലിന്റെ പ്രതീകങ്ങൾക്കെതിരെ (Against the symbols of oppression)

*ഫിരങ്കിരാജ്* എന്ന് അവർ വിളിച്ചിരുന്ന ബ്രിട്ടീഷ് ഭരണവുമായി ബന്ധപ്പെട്ട എല്ലാത്തിനെയും ഈ പ്രഖ്യാപനങ്ങൾ പൂർണമായും തള്ളിക്കളഞ്ഞു. ബ്രിട്ടീഷുകാർ നടത്തിയ സംയോജനങ്ങൾക്കും ലംഘിച്ച കരാറുകൾക്കും അവർ ബ്രിട്ടീഷുകാരെ കുറ്റപ്പെടുത്തി. ബ്രിട്ടീഷുകാർ വിശ്വസിക്കാൻ കൊള്ളാത്തവരാണെന്ന് കലാപനേതാക്കൾ അഭിപ്രായപ്പെട്ടു.

ബ്രിട്ടീഷുകാരുടെ ഭൂനികുതിവ്യവസ്ഥകൾ വലുതും ചെറുതുമായ ഭൂവുടമകളെ കുടിയിറക്കിയ രീതിയും വിദേശവാണിജ്യം കൈത്തൊഴിലാളികളെയും നെയ്ത്തുകാരെയും തകർച്ചയിലേക്ക് നയിച്ചതും ജനങ്ങളെ രോഷാകുലരാക്കി. ബ്രിട്ടീഷ് ഭരണത്തിന്റെ ഓരോവശവും ആക്രമിക്കപ്പെടുകയും തങ്ങൾക്ക് പരിചിതവും പരിപോഷിതവുമായ ഒരു ജീവിതരീതിയെ *ഫിരങ്കികൾ* (വിദേശികൾ) തകർത്തു കളഞ്ഞെന്ന് ആരോപിക്കുകയും ചെയ്തു. ആ ലോകം വീണ്ടെടുക്കാൻ കലാപകാരികൾ ആഗ്രഹിച്ചു.

ബ്രിട്ടീഷുകാർ ഹിന്ദുക്കളുടെയും മുസ്ലീങ്ങളുടെയും ജാതിയെയും മതങ്ങളെയും നശിപ്പിക്കുന്നതിനും അവരെ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം നടത്തുന്നതിനും തീരുമാനിച്ചുറപ്പിച്ചിരിക്കയാണെന്നുമുള്ള വ്യാപകമായ ഭയമാണ് ഈ പ്രഖ്യാപനങ്ങളെല്ലാം വെളിപ്പെടുത്തിയത്. അക്കാലത്ത് പ്രചരിച്ച പല കിംവദന്തികളും വിശ്വസിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചത് ഈ ഭയമായിരുന്നു. ജനങ്ങൾ ഒന്നിച്ച് അണിചേരാനും തങ്ങളുടെ ഉപജീവനമാർഗം, വിശ്വാസം, ആത്മാഭിമാനം, സ്വത്വബോധം എന്നിവയെ സംരക്ഷിക്കുന്നതിനായി പോരാടാനും ഉദ്ബോധിപ്പിക്കപ്പെട്ടു – "കൂടുതൽ മഹത്തരമായ പൊതുജനനന്മയ്ക്ക്" വേണ്ടിയുള്ള ഒരു പോരാട്ടമായിരുന്നു അത്.

നേരത്തെ സൂചിപ്പിച്ചതു പോലെ, ബ്രിട്ടീഷുകാർക്കെതിരെയുള്ള കലാപം പലയിടത്തും ബ്രിട്ടീഷുകാരുടെ കൂട്ടാളികളെന്ന് തോന്നിക്കുന്ന എല്ലാവരെയും അഥവാ എല്ലാ പ്രാദേശിക മർദകരെയും ആക്രമിക്കുന്നതിലേക്ക് വളർന്നു. പലപ്പോഴും നഗരങ്ങളിലെ വരേണ്യവർഗക്കാരെ അപമാനിക്കാൻ കലാപകാരികൾ ബോധപൂർവം ശ്രമിച്ചു. ഗ്രാമങ്ങളിൽ അവർ കണക്കു പുസ്തകങ്ങൾ കത്തിക്കുകയും ഹുണ്ടികക്കാരുടെ വീടുകൾ *കൊള്ളയടിക്കുകയും* ചെയ്തു. പരമ്പരാഗത അധികാര ശ്രേണികളെ തകിടം മറിക്കാനുള്ള ശ്രമമായും *എല്ലാ* മർദകർക്കുമെതിരെയുള്ള പോരാട്ടമായും ഇത് പ്രതിഫലിച്ചു. ഒരു പക്ഷേ, കൂടുതൽ സമത്വാധിഷ്ഠിതമായ ഒരു സമൂഹം എന്ന ഒരു ബദൽ വീക്ഷണത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. *ഫിരംഗിരാജി*നെതിരായ പോരാട്ടത്തിൽ എല്ലാ സാമൂഹിക വിഭാഗങ്ങളെയും ഒന്നിപ്പിക്കാൻ ശ്രമിച്ചിരുന്ന പ്രഖ്യാപനങ്ങളിൽ അത്തരം വീക്ഷണങ്ങൾ സ്പഷ്ടമാക്കപ്പെട്ടിരുന്നില്ല.

## 3.3 ബദൽ ശക്തിക്കു വേണ്ടിയുള്ള അന്വേഷണം (The search for alternative power)

ബ്രിട്ടീഷ്ഭരണം തകർന്നു എന്നായപ്പോൾ ഡൽഹിയിലെയും ലഖ്നൗവിലെയും കാൺപൂരിലെയും മറ്റും കലാപകാരികൾ ഏതെങ്കിലും തരത്തിലുള്ള അധികാരഘടനയും ഭരണവ്യവസ്ഥയും സ്ഥാപിക്കാൻ ശ്രമിച്ചു. ഇത്, തീർച്ചയായും അൽപ്പായുസ്സായിരുന്നെങ്കിലും ബ്രിട്ടീഷുകാർക്ക് മുമ്പുള്ള പതിനെട്ടാം നൂറ്റാണ്ടിലെ ലോകത്തെ പുനസൃഷ്ടിക്കാനാണ് കലാപനേതൃത്വം ശ്രമിച്ചതെന്ന് വ്യക്തമാകുന്നു. നേതാക്കൾ രാജസദസ്സിന്റെ സംസ്കാരത്തിലേക്ക് തിരിച്ചു പോയി. വിവിധ തസ്തികകളിലേക്ക് നിയമനം നടത്തുകയും ഭൂനികുതി പിരിക്കാനും സൈനികർക്ക് ശമ്പളം നൽകാനുമുള്ള ക്രമീകരണങ്ങൾ ഉണ്ടാക്കുകയും കവർച്ചയും പിടിച്ചുപറിയും നിർത്താനുള്ള ഉത്തരവുകൾ ഇറക്കുകയും ചെയ്തു. ഇതിനോടൊപ്പം ബ്രിട്ടീഷുകാർക്കെതിരെ പോരാട്ടങ്ങൾ നടത്താനുള്ള പദ്ധതികളും ആസൂത്രണം ചെയ്തു. സൈന്യത്തിൽ ആജ്ഞാധികാര ശൃംഖല നടപ്പിലാക്കി. ഇക്കാര്യങ്ങളിലെല്ലാം കലാപകാരികൾ പതിനെട്ടാം നൂറ്റാണ്ടിലെ മുഗൾ കാലഘട്ടത്തിലേക്ക് തിരിച്ചു പോയി – നഷ്ടപ്രതാപത്തിന്റെ പ്രതീകമായിത്തീർന്ന ഒരു ലോകത്തിലേക്ക്.

കലാപകാരികൾ സ്ഥാപിച്ച ഭരണവ്യവസ്ഥ പ്രാഥമികമായും യുദ്ധത്തിന്റെ ആവശ്യങ്ങൾ ലക്ഷ്യം വച്ചായിരുന്നു പ്രവർത്തിച്ചിരുന്നത്. എന്നിരുന്നാലും മിക്കയിടങ്ങളിലും ഈ ഭരണസംവിധാനത്തിന് ബ്രിട്ടീഷ് കടന്നാക്രമണങ്ങളെ അതിജീവിക്കാനായില്ല. എന്നാൽ ബ്രിട്ടീഷുകാർക്കെതിരെയുള്ള പ്രതിരോധം ഏറ്റവുമധികകാലം നീണ്ടുനിന്ന അവധിൽ പ്രത്യാക്രമണത്തിനുള്ള പദ്ധതികൾ ലഖ്നൗ ഭരണകേന്ദ്രം തയാറാക്കുകയും സൈന്യത്തിന്റെ വിവിധ ശ്രേണികൾ 1857ന്റെ അവസാന മാസങ്ങളിലും 1858 ന്റെ തുടക്കത്തിലും വരെ യഥാസ്ഥാനങ്ങളിൽ പ്രവർത്തിക്കുകയും ചെയ്തു.

**ചർച്ച ചെയ്യുക...**

കലാപകാരികളുടെ കാഴ്ചപ്പാടുകൾ പുനർനിർമ്മിക്കുന്നതിൽ ചരിത്രകാരന്മാർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തൊക്കെയാണെന്നാണ് നിങ്ങൾ കരുതുന്നത്?

## 4. അടിച്ചമർത്തൽ (REPRESSION)

1857 ലെ കലാപത്തെക്കുറിച്ച് നമുക്ക് ലഭ്യമായ എല്ലാ വിവരണങ്ങളിൽനിന്നും കലാപത്തെ അടിച്ചമർത്താൻ ബ്രിട്ടീഷുകാർക്ക് അത്ര എളുപ്പം കഴിഞ്ഞിരുന്നില്ല എന്നുള്ളത് വ്യക്തമാണ്.

ഉത്തരേന്ത്യ തിരിച്ചുപിടിക്കുന്നതിനുവേണ്ടി സൈന്യത്തെ അയയ്ക്കുന്നതിനുമുമ്പ് ബ്രിട്ടീഷുകാർ കലാപത്തെ അടിച്ചമർത്തുന്നതിന് സഹായകമാകുന്ന നിരവധി നിയമങ്ങൾ പാസ്സാക്കുകയുണ്ടായി. 1857 മെയിലും ജൂണിലും പാസ്സാക്കിയ നിരവധി നിയമങ്ങളിലൂടെ ഉത്തരേന്ത്യ മുഴുവനും പട്ടാള നിയമത്തിനുകീഴിൽ കൊണ്ടുവരുക മാത്രമല്ല സൈനിക ഉദ്യോഗസ്ഥർക്കും സാധാരണ ബ്രിട്ടീഷുകാർക്കു പോലും കലാപകാരികളെന്നു സംശയിക്കുന്ന ഇന്ത്യാക്കാരെ വിചാരണ ചെയ്യാനും ശിക്ഷിക്കാനുമുള്ള അധികാരം നൽകുകയും ചെയ്തു. മറ്റൊർഥത്തിൽ പറഞ്ഞാൽ, നിയമത്തിന്റെയും വിചാരണയുടെയും സാധാരണ നടപടികൾ നിർത്തി വയ്ക്കുകയും കലാപത്തിൽ ഏർപ്പെടുന്നവർക്ക് ഒരു ശിക്ഷ - മരണശിക്ഷ - മാത്രമെ ലഭിക്കുകയുള്ളൂവെന്ന് പ്രഖ്യാപിക്കുകയും ചെയ്തു.

പുതുതായി നടപ്പിലാക്കിയ ഈ പ്രത്യേക നിയമങ്ങളുടെയും ബ്രിട്ടനിൽ നിന്ന് എത്തിച്ചേർന്ന അധിക സൈനികശക്തിയുടെയും ബലത്തിൽ സജ്ജരായ ബ്രിട്ടീഷുകാർ കലാപത്തെ അടിച്ചമർത്താനുള്ള ശ്രമങ്ങൾ ആരംഭിച്ചു. അവരും കലാപകാരികളെപ്പോലെ, ഡൽഹിയുടെ പ്രതീകാത്മകമായ പ്രാധാന്യം തിരിച്ചറിഞ്ഞിരുന്നു. ബ്രിട്ടീഷുകാർ ശക്തമായ ഒരു ദ്വിമുഖ ആക്രമണത്തിന് തുടക്കമിട്ടു. കൽക്കത്തയിൽ നിന്ന് ഒരു സൈന്യവും വളരെ സമാധാനപരമായി

*സ്രോതസ്സ് 7*

### കലാപകാരികളായി ഗ്രാമീണർ (Villagers as rebels)

ഗ്രാമീണ അവധിൽ (ഇനിപ്പറയുന്ന വിവരണങ്ങളിൽ ഔധ് (Oude) എന്നാണ് എഴുതിയിരിക്കുന്നത്) നിന്ന് റിപ്പോർട്ട് ചെയ്യുന്ന ഒരു ഉദ്യോഗസ്ഥൻ ഇങ്ങനെ കുറിച്ചു:

> വടക്ക് പ്രദേശങ്ങളിൽ നിന്നുള്ള ആശയവിനിമയമാർഗങ്ങളിൽ ഔധിലെ ജനങ്ങൾ ക്രമേണ സമ്മർദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്... ഔധിലെ ജനങ്ങൾ ഗ്രാമീണരാണ്..... ഈ ഗ്രാമീണർ യൂറോപ്യൻമാർക്ക് അടുത്തിടപഴകുവാൻ കഴിയാത്തവരും അവരെ കാണുന്ന മാത്രയിൽ അവരുടെ മുന്നിൽ നിന്നും അപ്രത്യക്ഷരാവുകയും പിന്നീട് വീണ്ടും ഒരുമിച്ചു കൂടുകയും ചെയ്യുന്നവരുമാണ്. ധാരാളം തോക്കുകൾ കൈവശമുള്ള ഒരു വലിയ പുരുഷാരമെന്നാണ് സിവിൽ അധികൃതർ ഈ ഗ്രാമീണരെക്കുറിച്ച് റിപ്പോർട്ട് ചെയ്യുന്നത്.

➲ ഈ വിവരണം അനുസരിച്ച് ബ്രിട്ടീഷുകാർക്ക് ഈ ഗ്രാമീണരുമായി ഇടപെടുന്നതിൽ നേരിട്ടിരുന്ന പ്രശ്നങ്ങൾ എന്തൊക്കെയായിരുന്നു?




*ഭൂപടം 2*
*ഈ ഭൂപടം പ്രധാന കലാപകേന്ദ്രങ്ങളും കലാപകാരികൾക്കു നേരെയുള്ള ബ്രിട്ടീഷ് ആക്രമണങ്ങളുടെ വഴികളും കാണിക്കുന്നു.*



*ചിത്രം 11.8*
*ഡൽഹി റിഡ്ജ് എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന ഒരു പള്ളി, ഫെലിസ് ബിയാറ്റോ എടുത്ത ഒരു ക്യാമറാ ചിത്രം 1857–58*

1857 ന് ശേഷം വിജനതയുടെയും നാശത്തിന്റെയും അസംഖ്യം ചിത്രങ്ങൾ ബ്രിട്ടീഷ് ഫോട്ടോഗ്രാഫർമാർ എടുത്തിട്ടുണ്ട്.

രുന്ന പഞ്ചാബിൽ നിന്ന് മറ്റൊരു സൈന്യവും ഡൽഹി തിരിച്ചു പിടിക്കുന്നതിനായി ഉത്തരേന്ത്യയെ ലക്ഷ്യമാക്കി നീങ്ങി. 1857 ജൂൺ മാസാരംഭത്തിൽ ഡൽഹി വീണ്ടെടുക്കാനുള്ള ആത്മാർഥമായ ശ്രമം ബ്രിട്ടീഷുകാർ ആരംഭിച്ചെങ്കിലും സെപ്റ്റംബർ അവസാനത്തോടെ മാത്രമേ ആ നഗരം അന്തിമമായി പിടിച്ചെടുക്കാൻ കഴിഞ്ഞുള്ളു. ഇരുഭാഗത്തെയും പോരാട്ടവും നഷ്ടങ്ങളും കനത്തതായിരുന്നു. ഇതിന്റെ ഒരു കാരണം, ഉത്തരേന്ത്യയിൽ നിന്നുള്ള മുഴുവൻ കലാപകാരികളും തലസ്ഥാനത്തെ പ്രതിരോധിക്കാൻ ഡൽഹിയിലേക്ക് എത്തിച്ചേർന്നിരുന്നു എന്നതാണ്.

ഗംഗാ സമതലങ്ങളിലും ബ്രിട്ടീഷുകാർക്ക് തിരിച്ചുപിടിക്കലിന്റെ പുരോഗതി സാവധാനത്തിലായിരുന്നു. സൈന്യത്തിന് ഈ പ്രദേശം ഓരോരോ ഗ്രാമമായി തിരിച്ചു പിടിക്കേണ്ടി വന്നു. ഗ്രാമപ്രദേശവും അതിനു ചുറ്റുമുള്ള ജനവിഭാഗങ്ങളും കടുത്ത ശത്രുത പുലർത്തി. തങ്ങളുടെ കലാപവിരുദ്ധപ്രവർത്തനങ്ങൾ ആരംഭിച്ച ഉടൻതന്നെ, കേവലം ഒരു ലഹളയെയല്ല മറിച്ച് വൻ ജനപിന്തുണയുള്ള ഒരു കലാപത്തെയാണ് തങ്ങൾ നേരിടുന്നതെന്ന് ബ്രിട്ടീഷുകാർ തിരിച്ചറിഞ്ഞു. ഉദാഹരണമായി, അവധിൽ ജനസംഖ്യയിലെ പ്രായപൂർത്തിയായവരുടെ നാലിൽ മൂന്ന് ഭാഗവും കലാപത്തിൽ പങ്കെടുത്തുവെന്ന് ബ്രിട്ടീഷ് ഉദ്യോഗസ്ഥനായ ഫോർസിത്ത് കണക്കാക്കി. നീണ്ടുനിന്ന പോരാട്ടങ്ങൾക്കൊടുവിൽ 1858 മാർച്ചിൽ മാത്രമാണ് ഈ പ്രദേശം ബ്രിട്ടീഷുകാരുടെ നിയന്ത്രണത്തിൽ കൊണ്ടു വരാൻ കഴിഞ്ഞത്.

ബ്രിട്ടീഷുകാർ വളരെ വലിയ തോതിൽ സൈനികശക്തി ഉപയോഗിച്ചു. എന്നാൽ ഈ ഒരു ആയുധം മാത്രമായിരുന്നില്ല അവർ ഉപയോഗിച്ചിരുന്നത്. ഇന്നത്തെ ഉത്തർപ്രദേശിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും ഒറ്റക്കെട്ടായി പ്രതിരോധം തീർത്ത വലിയ ഭൂവുടമകളുടെയും കർഷകരുടെയും ഐക്യം തകർക്കുവാൻ, ബ്രിട്ടീഷുകാർ, വലിയ ഭൂവുടമകൾക്ക് അവരുടെ എസ്റ്റേറ്റുകൾ തിരികെ നൽകാമെന്ന് വാഗ്ദാനം ചെയ്തു കൊണ്ട് പരിശ്രമിച്ചു. കലാപകാരികളായ ഭൂവുടമകളെ പുറത്താക്കുകയും വിശ്വസ്തർക്ക് പാരിതോഷികങ്ങൾ നൽകുകയും ചെയ്തു. പല ഭൂവുടമകളും ബ്രിട്ടീഷുകാരോടു പടപൊരുതി മരണം വരിച്ചു, അല്ലെങ്കിൽ നേപ്പാളിലേക്ക് രക്ഷപ്പെടുകയും അവിടെ വച്ച് രോഗം മൂലമോ പട്ടിണി മൂലമോ മരണപ്പെടുകയും ചെയ്തു.



*ചിത്രം 11.9*
*ലഖ്നൗവിലെ സെക്കന്ദരാബാഗ്, ഫെലിസ് ബിയാറ്റോ എടുത്ത ഒരു ക്യാമറാ ചിത്രം, 1858*

വിജനമാക്കപ്പെട്ട ഒരു സ്ഥലത്ത് നാല് ഒറ്റപ്പെട്ട രൂപങ്ങൾ കാണാം. ഒരു കാലത്ത് നവാബ് വാജിദ് അലിഷാ ഉല്ലാസത്തിനായി നിർമ്മിച്ച ഉദ്യാനമായിരുന്നു ഇത്. ക്യാംബെല്ലിന്റെ നേതൃത്വത്തിലുള്ള ബ്രിട്ടീഷ് സേന 1857– ൽ 2000 ത്തോളം കലാപകാരികളെ ഈ സ്ഥലത്തുവച്ച് വധിക്കുകയുണ്ടായി. നിലത്തു വീണു കിടക്കുന്ന അസ്ഥികൂടങ്ങൾ കലാപത്തിന്റെ നിരർഥകതയെക്കുറിച്ചുള്ള ഒരു നിർദയമായ മുന്നറിയിപ്പാണ്.

## 5. കലാപത്തിന്റെ പ്രതിഛായ (IMAGES OF THE REVOLT)

ചർച്ചചെയ്തുകൊണ്ടിരിക്കുന്ന കലാപത്തെക്കുറിച്ചും കലാപകാരികളുടെ പ്രവർത്തന ങ്ങളെക്കുറിച്ചും അടിച്ചമർത്താൻ സ്വീകരിച്ച നടപടികളെക്കുറിച്ചും നമുക്ക് എങ്ങനെ അറിയാം?

നമ്മൾ കണ്ടതുപോലെ, കലാപകാരികളുടെ വീക്ഷണത്തിലുള്ള രേഖകൾ വളരെക്കുറച്ചു മാത്രമേ ലഭ്യമായിട്ടുള്ളൂ. ചില കലാപപ്രഖ്യാപനങ്ങളും അറിയിപ്പു കളും കലാപനേതാക്കൾ എഴുതിയ കുറച്ചു കത്തുകളുമാണ് ആകെ ലഭ്യമായിട്ടു ള്ളത്. എന്നാൽ ചരിത്രകാരർ ഇന്നും കലാപത്തെക്കുറിച്ച് ചർച്ച ചെയ്യുന്നത് പ്രാഥ മികമായും ബ്രിട്ടീഷുകാർ എഴുതിയ വിവരണങ്ങളിലൂടെയാണ്.

ഔദ്യോഗികവിവരണങ്ങൾ, തീർച്ചയായും ധാരാളമുണ്ട്: കൊളോണിയൽ ഭര ണാധികാരികളും സൈനികരും തങ്ങളുടെ വീക്ഷണഗതികൾ രേഖപ്പെടുത്തിയ കത്തുകളും ഡയറികളും ആത്മകഥകളും ഔദ്യോഗിക ചരിത്രങ്ങളും ലഭ്യമാണ്. എണ്ണമറ്റ കുറിപ്പുകൾ, വ്യഖ്യാനങ്ങൾ, സാഹചര്യങ്ങളെക്കുറിച്ചുള്ള വിലയിരുത്ത ലുകൾ, അവർ തയാറാക്കിയ റിപ്പോർട്ടുകൾ എന്നിവകളിലൂടെ ബ്രിട്ടീഷുകാരുടെ മാനസികാവസ്ഥയും മനോഭാവത്തിലെ മാറ്റങ്ങളും നമുക്ക് അളക്കുവാൻ കഴിയും. ഇവയിൽ പലതും ഇപ്പോൾ കലാപരേഖകളുടെ കൂട്ടത്തിൽ അനവധി വാല്യങ്ങളി ലായി ശേഖരിക്കപ്പെട്ടിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ ഭയത്തെക്കുറിച്ചും ഉത്കണ്ഠയെക്കു റിച്ചും കലാപകാരികളെക്കുറിച്ചുള്ള അവരുടെ ധാരണകളെപ്പറ്റിയും ഇവ നമ്മോട് പറയുന്നു. ബ്രിട്ടീഷ് വർത്തമാനപ്പത്രങ്ങളിലും ആനുകാലികങ്ങളിലും പ്രസിദ്ധീക രിക്കപ്പെട്ട കലാപത്തെക്കുറിച്ചുള്ള കഥകൾ കലാപകാരികളുടെ രക്തപങ്കിലമായ അക്രമങ്ങളെക്കുറിച്ച് വിശദമായി വിവരിക്കുന്നതാണ്- ഇത്തരം വാർത്തകൾ പൊതു വികാരം ആളിക്കത്തിക്കുകയും പ്രകോപിതരായ ജനങ്ങൾ തിരിച്ചടിച്ചു കൊണ്ട് പ്രതി കാരം വീട്ടാൻ ആവശ്യപ്പെടുകയും ചെയ്തു.

കലാപത്തെക്കുറിച്ചുള്ള ഒരു സുപ്രധാനരേഖ ബ്രിട്ടീഷുകാരുടെയും ഇന്ത്യക്കാ രുടെയും സൃഷ്ടികളായ ഛായാചിത്രങ്ങളാണ്: പെയിന്റിങ്ങുകൾ, പെൻസിൽ കൊണ്ട് വരച്ച ചിത്രങ്ങൾ, കോറി വരച്ച ചിത്രങ്ങൾ, പോസ്റ്ററുകൾ, കാർട്ടൂണുകൾ, കമ്പോള അച്ചടി ചിത്രങ്ങൾ. അവയിൽ ചിലത് പരിശോധിച്ചു കൊണ്ട് അവ നമ്മോട് എന്താണ് പറയുന്നതെന്ന് നോക്കാം.

### 5.1. രക്ഷകരെ പ്രശംസിക്കുന്നു (Celebrating the saviours)

ജനങ്ങളിൽ വ്യത്യസ്ത വികാരങ്ങളുടെയും പ്രതികരണങ്ങളുടെയും ഒരു നിരതന്നെ സൃഷ്ടിക്കാനുതകുന്ന വൈവിധ്യമാർന്ന അനേകം പ്രതിബിംബങ്ങൾ ബ്രിട്ടീഷ് ചിത്ര ങ്ങൾ നൽകുന്നു. കലാപകാരികളെ അടിച്ചമർത്തുകയും ഇംഗ്ലീഷുകാരെ രക്ഷിക്കു കയും ചെയ്ത ബ്രിട്ടീഷ് വീരയോദ്ധാക്കളുടെ ഓർമ്മയ്ക്കായാണ് അവയിൽ ചില ത്. തോമസ് ജോൺസ് ബാർക്കർ (Thomas Jones Barker) 1859 ൽ വരച്ച "റിലീഫ് ഓഫ് ലഖ്നൗ" ("Relief of Lucknow") ഇത്തരത്തിലുള്ള ചിത്രങ്ങൾക്ക് ഒരു ഉദാ ഹരണമാണ്. കലാപകാരികളുടെ സൈന്യം ലഖ്നൗ വളഞ്ഞപ്പോൾ, ലഖ്നൗവിലെ കമ്മീഷണറായിരുന്ന ഹെൻറി ലോറൻസ് ക്രിസ്തുമത വിശ്വാസികളായ ജന ങ്ങളെക്കൂട്ടി കോട്ടകളാൽ സുശക്തമായ റസിഡൻസിയിൽ അഭയം തേടുകയുണ്ടാ യി. ലോറൻസ് കൊല്ലപ്പെട്ടുവെങ്കിലും റസിഡന്റിന്റെ ഔദ്യോഗിക വസതി കേണൽ ഇൻഗ്ലിസിന്റെ നേതൃത്വത്തിൽ പ്രതിരോധിക്കുന്നത് തുടർന്നു. സെപ്റ്റംബർ 25-ാം തീയതി ജയിംസ് ഔട്ട്റാം, ഹെൻറി ഹാവ്ലോക്ക് എന്നിവർ എത്തിച്ചേരുകയും കലാപകാരികളെ മുറിച്ചു കടന്നുകൊണ്ട് ബ്രിട്ടീഷ് സൈനിക ശക്തി വർധിപ്പിക്കു കയും ചെയ്തു. ഇരുപതു ദിവസം കഴിഞ്ഞ്, ഇന്ത്യയിലെ ബ്രിട്ടീഷ് സേനകളുടെ പുതിയ കമാൻഡറായി നിയമിക്കപ്പെട്ട കോളിൻ ക്യാംബെൽ തന്റെ സൈന്യത്തോ



*ചിത്രം 11.10*
*"റിലീഫ് ഓഫ് ലക്നൗ," തോമസ് ജോൺസ് ബാർക്കർ വരച്ചത്, 1859*

ടൊപ്പം എത്തിച്ചേരുകയും വളയപ്പെട്ട ബ്രിട്ടീഷ് സൈന്യത്തെ രക്ഷപ്പെടുത്തുകയും ചെയ്തു. ബ്രിട്ടീഷ് വിവരണങ്ങളിൽ ലഖ്നൗ തിരിച്ചുപിടിച്ചത് അതിജീവനത്തിന്റെയും ധീരമായ ചെറുത്തു നിൽപ്പിന്റെയും ബ്രിട്ടീഷ് ശക്തിയുടെ ആത്യന്തിക വിജയത്തിന്റെയും കുറയായി മാറി.

ബാർക്കറുടെ ചിത്രം ക്യാംബെല്ലിന്റെ രംഗപ്രവേശനത്തിന്റെ നിമിഷത്തെയാണ് ആഘോഷിക്കുന്നത്. ക്യാൻവാസിന്റെ മധ്യത്തിലുള്ളത് ക്യാംബെൽ, ഔട്ട്റാം, ഹാവ്‌ലോക്ക് എന്നീ ബ്രിട്ടീഷ് വീരന്മാരാണ്. ചുറ്റുമുള്ളവരുടെ കൈകളുടെ ആംഗ്യങ്ങൾ കാഴ്ചക്കാരുടെ കണ്ണുകളെ ചിത്രത്തിന്റെ മധ്യത്തിലേക്ക് ആകർഷിക്കുന്നു. വീരന്മാർ നിലയുറപ്പിച്ച സ്ഥലം പ്രകാശപൂരിതമാണ്, മുൻവശത്ത് നിഴലുകളും പശ്ചാത്തലത്തിൽ റസിഡന്റിന്റെ നശിപ്പിക്കപ്പെട്ട ഔദ്യോഗിക വസതിയും കാണാം. കോട്ട ആക്രമിക്കപ്പെടുന്ന സമയത്തുണ്ടായ ദുരിതാനുഭവങ്ങളുടെ നേർ സാക്ഷ്യമാണ് മുൻഭാഗത്ത് കാണപ്പെടുന്ന മരണപ്പെട്ടവരുടെയും മുറിവേറ്റവരുടെയും ദൃശ്യങ്ങൾ. മധ്യത്തിൽ കാണുന്ന വിജയശ്രീലാളിതരായി നിൽക്കുന്ന കുതിരകളുടെ രൂപങ്ങൾ, ബ്രിട്ടീഷുകാർ തങ്ങളുടെ അധികാരവും നിയന്ത്രണവും പുനസ്ഥാപിച്ചു എന്ന വസ്തുത ഊന്നിപ്പറയുന്നു. ബ്രിട്ടീഷ് ജനതയ്ക്ക് അത്തരം ചിത്രങ്ങൾ ധൈര്യവും ആത്മവിശ്വാസവും നൽകുന്നതായിരുന്നു. വിഷമകാലം കഴിഞ്ഞെന്നും കലാപം അവസാനിച്ചെന്നും ബ്രിട്ടീഷുകാർ വിജയിച്ചുവെന്നുമുള്ള ഒരു ബോധം അവ സൃഷ്ടിച്ചു.

### 5.2. ഇംഗ്ലീഷ് വനിതകളും ബ്രിട്ടന്റെ ബഹുമതിയും (English women and the honour of Britain)

പത്രറിപ്പോർട്ടുകൾക്ക് ജനകീയ ചിന്തകൾക്കുമേൽ സ്വാധീനശക്തിയുണ്ട്; അവ സംഭവങ്ങളോടുള്ള വികാരവിചാരങ്ങൾ രൂപപ്പെടുത്തുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അക്രമങ്ങളുടെ കഥകൾ പ്രത്യേകിച്ചും ജനങ്ങളെ രോഷാകുലരാക്കുകയും ഇതിനെതിരെ പ്രതികാരവും തിരിച്ചടിയും നൽകണമെന്ന പൊതു ആവശ്യം ബ്രിട്ടണിൽ

ഉയർന്നുവരുകയും ചെയ്തു. ബ്രിട്ടീഷ് സർക്കാർ നിഷ്കളങ്കരായ സ്ത്രീകളുടെ മാനം സംരക്ഷിക്കണമെന്നും നിസ്സഹായരായ കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തണമെന്നും ആവശ്യം ഉയർന്നു. മാനസികാഘാതത്തിന്റെയും കഷ്ടപ്പാടുകളുടെയും ചിത്രം വരച്ചുകാട്ടിക്കൊണ്ട് ഈ വികാരങ്ങളെ കലാകാരന്മാർ ആവിഷ്കരിക്കുകയും രൂപപ്പെടുത്തുകയും ചെയ്തു.

കലാപത്തിന് രണ്ടു വർഷങ്ങൾക്ക് ശേഷം ജോസഫ് നോയൽ പാറ്റൺ (Joseph Noel Paton) വരച്ച ചിത്രമാണ് "ഇൻ മെമ്മോറിയം" (In Memoriam") (ചിത്രം 11.11) ഇതിൽ ഒരു സ്ഥലത്ത് ഇംഗ്ലീഷ് വനിതകളും കുട്ടികളും ഒരുമിച്ചുകൂടി ഇരിയ്ക്കുന്നതായി നിങ്ങൾക്ക് കാണാൻ കഴിയും. നിസ്സഹായരും നിഷ്കളങ്കരുമായി കാണപ്പെടുന്ന അവർ അനിവാര്യമായും തങ്ങൾ നേരിടേണ്ടതിനെ - അപമാനവും ആക്രമണവും മരണവും - കാത്തിരിക്കുന്നതു നിങ്ങൾക്കു കാണാം. "ഇൻ മെമ്മോറിയം" രക്തപങ്കിലമായ അക്രമങ്ങൾ കാണിക്കുന്നില്ല; അത് വ്യഞ്ജിപ്പിക്കുക മാത്രമേ ചെയ്യുന്നുള്ളു. അത് കാഴ്ചക്കാരന്റെ ഭാവനയെ ഉത്തേജിപ്പിക്കുകയും രോഷവും അമർഷവും ഇളക്കിവിടാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. ചിത്രത്തിൽ അദൃശ്യരാണെങ്കിലും കലാപകാരികളെ ആക്രമണകാരികളും ക്രൂരന്മാരുമായാണ് സൂചിപ്പിച്ചിരിക്കുന്നത്. പശ്ചാത്തലത്തിൽ ബ്രിട്ടീഷ് രക്ഷാസേനയെത്തുന്നതും നിങ്ങൾക്ക് കാണാൻ കഴിയും.



*ചിത്രം 11.11*
*"ഇൻ മെമ്മോറിയം," ജോസഫ് നോയൽ പാറ്റൺ വരച്ചത്, 1859*



ചിത്രം 11.12
കാൺപൂരിൽ ശിപായിമാർക്കെതിരെ സ്വയം പ്രതിരോധിക്കുന്ന മിസ്സ് വീലർ

മറ്റൊരു കൂട്ടം രേഖാചിത്രങ്ങളിലും ചിത്രങ്ങളിലും സ്ത്രീകളെ വ്യത്യസ്തമായ മറ്റൊരു തലത്തിലാണ് നമ്മൾ കാണുന്നത്. കലാപകാരികളുടെ ആക്രമണത്തെ സ്വയം പ്രതിരോധിക്കുന്ന ധൈര്യവതികളായി അവർ കാണപ്പെടുന്നു. ചിത്രം 11.12 ന്റെ മധ്യത്തിൽ കാണുന്നതുപോലെ, മിസ് വീലർ (Miss Wheeler) തന്റെ മാനം കാക്കാനായി, തന്നെ ആക്രമിക്കുന്ന കലാപകാരികളെ ഒറ്റയ്ക്ക് വധിക്കുകയും അചഞ്ചലയായി നിലകൊള്ളുകയും ചെയ്യുന്നു. അത്തരത്തിലുള്ള ബ്രിട്ടീഷുകാരുടെ ചിത്രീകരണങ്ങളിലെല്ലാം കാണുന്നതു പോലെ കലാപകാരികളെ പൈശാചികമായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. ഇവിടെ, നാലു കറുത്തരായ പുരുഷന്മാർ വാളുകളും തോക്കുകളും കൊണ്ട് ഒരു സ്ത്രീയെ ആക്രമിക്കുന്നതായി കാണിച്ചിരിക്കുന്നു. ഒരു സ്ത്രീ തന്റെ മാനവും ജീവനും രക്ഷിക്കാനായി നടത്തുന്ന പോരാട്ടത്തിന് വാസ്തവത്തിൽ, ഒരു മതപരമായ വ്യംഗ്യാർഥം കൂടിയുള്ളതരത്തിലാണ് ചിത്രം. അത് ക്രിസ്തുമതത്തിന്റെ അഭിമാനം സംരക്ഷിക്കുന്നതിനുള്ള പോരാട്ടം കൂടിയാണ്. തറയിൽകിടക്കുന്ന പുസ്തകം ബൈബിളാണ്.

### 5.3 പ്രതികാരവും തിരിച്ചടിയും (Vengeance and retribution)

ബ്രിട്ടനിൽ രോഷവും ഞെട്ടലും അലയടിച്ചപ്പോൾ പകരം വീട്ടാനുള്ള മുറവിളികൾ ശക്തിയാർജിച്ചു. കലാപത്തെക്കുറിച്ചുള്ള ദൃശ്യാവിഷ്കാരങ്ങളും വാർത്തകളും ക്രൂരമായ അടിച്ചമർത്തലും പകരം വീട്ടലും അനിവാര്യവും നീതിയുക്തവുമാണെന്നുള്ള പ്രതീതി സൃഷ്ടിച്ചു. ബ്രിട്ടീഷുകാരുടെ അഭിമാനത്തിനും അധികാരത്തിനും നേരെയുള്ള വെല്ലുവിളിയെ നിഷ്കരുണം നേരിടുന്നത് നീതിയുടെ ആവശ്യമായി കണക്കാക്കപ്പെട്ടു. കലാപം നൽകിയ ഭീതിയിൽ തങ്ങളുടെ അജയ്യത തെളിയിച്ചു കൊടുക്കണമെന്ന് ബ്രിട്ടീഷുകാർക്ക് തോന്നി. അത്തരമൊരു ചിത്രീകരണത്തിൽ (ചിത്രം 11.13) ഒരു കയ്യിൽ വാളും മറുകയ്യിൽ ഒരു പരിചയുമായി നീതിദേവത എന്ന് ആന്തരാർഥമുള്ള രീതിയിൽ ഒരു വനിത നിലയുറപ്പിച്ചിരിക്കുന്നതായി നമുക്ക് കാണാൻ കഴിയും. ആക്രമണോത്സുകയായാണ് അവൾ നിൽക്കുന്നത്; അവളുടെ മുഖത്ത് ക്രോധവും പ്രതികാരവാഞ്ഛയും പ്രതിഫലിക്കുന്നുണ്ട്. ശിപായിമാരെ അവൾ തന്റെ കാൽകീഴിലിട്ട് ചവിട്ടിമെതിക്കുന്ന സമയത്ത് ഭയന്നുവിറച്ചു കൊണ്ടു കുട്ടികളുമായി നിൽക്കുന്ന ഇന്ത്യക്കാരായ സ്ത്രീകളുടെ ഒരു കൂട്ടത്തെയും കാണാം.




*ചിത്രം 11.13*
*ജസ്റ്റിസ്, പഞ്ച്, 12 സെപ്റ്റംബർ 1857*
താഴെ കൊടുത്തിരിക്കുന്ന അടിക്കുറിപ്പ് ഇങ്ങനെയാണ്:
"കോൺപൂരി (കാൺപൂർ) ലെ ഭീകരമായ കൂട്ടക്കൊലയെക്കുറിച്ചുള്ള വാർത്തകൾ ഇംഗ്ലണ്ടിൽ ആകമാനം തീവ്രമായ ധാർമ്മിക രോഷവും പ്രതികാരവാഞ്ഛയും ജനിപ്പിച്ചു."




*ചിത്രം 11.14*
*ചിത്രത്തിനടിയിലുള്ള ശീർഷകം ഇപ്രകാരമാണ് : "ബംഗാൾ കടുവയ്ക്കു നേരെ ബ്രിട്ടീഷ് സിംഹത്തിന്റെ പ്രതികാരം" പഞ്ച്, 1857.*

➲ ഈ ചിത്രം മുന്നോട്ട് വയ്ക്കുന്ന ആശയം എന്താണ്? സിംഹത്തിന്റെയും കടുവയുടെയും ചിത്രങ്ങൾവഴി പ്രകടിപ്പിക്കുന്നത് എന്താണ്? സ്ത്രീയുടെയും കുട്ടിയുടെയും ചിത്രങ്ങൾ എന്താണ് കാണിക്കുന്നത്?

ക്രൂരമായ അടിച്ചമർത്തലിനും ഹിംസാത്മകമായ പ്രതികാരത്തിനും അനുമതി നൽകുന്ന തരത്തിലുള്ള എണ്ണമറ്റ ചിത്രങ്ങളും കാർട്ടൂണുകളും ബ്രിട്ടീഷ് പത്രങ്ങളിൽ ഉണ്ടായിരുന്നു.

### 5.4 ഭീതിയുടെ ആവിഷ്കാരം (The performance of terror)

കലാപകാരികളെ മൃഗീയമായി വധിച്ച രീതിയിലൂടെ പ്രതികാരത്തിനും പകരംവീട്ടലിനുമുള്ള അവരുടെ വ്യഗ്രത പ്രകടമായിരുന്നു. അവർ വെടിവച്ച് കൊല്ലപ്പെട്ടു, അല്ലെങ്കിൽ കഴുമരത്തിൽ തൂക്കിലേറ്റപ്പെട്ടു. വധശിക്ഷകളുടെ ഈ ചിത്രങ്ങൾ ജനകീയ ആനുകാലികങ്ങളിൽക്കൂടി വ്യാപകമായി പ്രചരിപ്പിക്കപ്പെട്ടു.



*ചിത്രം 11.15*
*പെഷവാറിൽ  കലാപകാരികളുടെ വധശിക്ഷ: വെടിയുതിർത്തുകൊണ്ട്, ഇല്ലസ്ട്രേറ്റഡ് ലണ്ടൻ ന്യൂസ്, 3 ഒക്ടോബർ 1857*

ഇവിടെ വധശിക്ഷ നടപ്പാക്കുന്ന രംഗം, നാടകം അവതരിപ്പിക്കുന്ന ഒരു വേദിപോലെ തോന്നിപ്പിക്കുന്നു – മൃഗീയ ശക്തിയുടെ രംഗാവിഷ്ക്കരണം. യൂണിഫോമിലുള്ള കുതിരപ്പടയാളികളും ശിപായിമാരുമാണ് ഈ രംഗത്ത് പ്രധാനികൾ. അവർ സഹശിപായിമാരുടെ വധശിക്ഷ നിരീക്ഷിക്കേണ്ടിവരുകയും  കലാപത്തിന്റെ വിറങ്ങലിപ്പിക്കുന്ന പരിണിതഫലങ്ങൾ അനുഭവിക്കേണ്ടി വരുകയും ചെയ്യുന്നു.



ചിത്രം 11.16

*പെഷവാറിൽ കലാപകാരികളുടെ വധശിക്ഷ, ഇല്ലസ്ട്രേറ്റഡ് ലണ്ടൻ ന്യൂസ്, 3 ഒക്ടോബർ 1857*

വധശിക്ഷ നടപ്പാക്കുന്ന ഈ രംഗത്തിൽ പീരങ്കികളാൽ ചുറ്റപ്പെട്ട് പന്ത്രണ്ട് കലാപകാരികൾ ഒറ്റനിരയായി തൂക്കിലേറ്റപ്പെടുന്നു. നിങ്ങൾ കാണുന്നത് നിത്യേനയുള്ള ശിക്ഷാരീതിയല്ല: അത് ഭീകരതയുടെ ആവിഷ്ക്കാരമാണ്. ജനങ്ങളിൽ അത് ഭീതി ഉണർത്തുന്നതിനായി, ശിക്ഷാവിധികൾ രഹസ്യമായി അടച്ചിട്ട ഇടങ്ങളിൽ നടപ്പാക്കാൻ പറ്റില്ലായിരുന്നു; അത് തുറന്ന സ്ഥലങ്ങളിൽ പ്രദർശനപരമായിട്ട് അവതരിപ്പിക്കണമായിരുന്നു.

### 5.5 കരുണ കാട്ടാനുള്ള സമയമല്ല (No time for clemency)

പ്രതികാരത്തിനുവേണ്ടി മുറവിളി കൂട്ടുന്ന സമയത്ത്, മൃദുസമീപനത്തിനു വേണ്ടിയുള്ള അഭ്യർഥനകൾ പരിഹസിക്കപ്പെട്ടു. അൽപ്പം ദാക്ഷിണ്യവും കരുണയും കാണിക്കുകയാണെങ്കിൽ ശിപായിമാരുടെ കൂറ് തിരിച്ചു പിടിക്കാൻ സാധിക്കുമെന്ന് ഗവർണർ ജനറലായ കാനിംഗ് പ്രസ്താവിച്ചപ്പോൾ, ബ്രിട്ടീഷ് പത്രമാധ്യമങ്ങൾ അദ്ദേഹത്തെ പരിഹസിക്കുകയാണുണ്ടായത്.

പഞ്ച് എന്ന ബ്രിട്ടീഷ് ആക്ഷേപ ഹാസ്യ ആനുകാലികത്തിന്റെ താളുകളിൽ പ്രസിദ്ധീകരിച്ച കാർട്ടൂണുകളിൽ ഒന്നിൽ, ഇരുകൈകളിലും രക്തം ഇറ്റു വീഴുന്ന ഊരിയ വാളും കഠാരയുമായി നിൽക്കുന്ന ഒരു ശിപായിയുടെ നെറുകയിൽ തന്റെ സംരക്ഷകരം അർപ്പിക്കുന്ന പിതൃതുല്യനായിട്ടാണ് കാനിങ്ങിനെ ചിത്രീകരിച്ചിരിക്കുന്നത് (ചിത്രം 11.17) അക്കാലത്തെ നിരവധി ബ്രിട്ടീഷ് ചിത്രങ്ങളിൽ ആവർത്തിച്ചിരുന്ന ഒരു ഭാവനയായിരുന്നു.




ചിത്രം 11.17

*"കാനിംഗിന്റെ കാരുണ്യം" പഞ്ച്, 24 ഒക്ടോബർ 1857*

ഈ കാർട്ടൂണിന്റെ അടിക്കുറിപ്പ് ഇപ്രകാരമാണ് : "ഗവർണർ ജനറൽ: 'നന്നായി, അപ്പോൾ അവർ അവനെ മോശമായ തോക്കുകളിൽ നിന്ന് വെടിവയ്ക്കില്ല; പക്ഷേ അവൻ ഒരു നല്ല ശിപായി ആയിരിക്കാമെന്ന് വാഗ്ദാനം ചെയ്യണം."

### 5.6 ദേശീയതാപരമായ ചിത്രീകരണങ്ങൾ (Nationalist imageries)

ഇരുപതാം നൂറ്റാണ്ടിലെ ദേശീയപ്രസ്ഥാനം 1857 ലെ സംഭവവികാസങ്ങളിൽ നിന്നുമാണ് പ്രചോദനമുൾക്കൊണ്ടത്. ദേശീയതാ സങ്കൽപ്പത്തിന്റെ ഒരു ലോകം തന്നെ ഈ കലാപത്തെ ചുറ്റിപ്പറ്റി നെയ്തെടുക്കപ്പെട്ടു. ഇന്ത്യയിലെ എല്ലാ ജനവിഭാഗങ്ങളും സാമ്രാജ്യത്വ ഭരണത്തിനെതിരെ പോരാടാൻ ഒത്തുചേർന്ന ഒന്നാം സ്വാതന്ത്ര്യസമരം എന്ന നിലയ്ക്ക് അത് ആഘോഷിക്കപ്പെട്ടു.

കലയും സാഹിത്യവും ചരിത്രരചനയുടെ അത്രയുംതന്നെ, 1857 ന്റെ സ്മരണ സജീവമായി നിലനിർത്താൻ സഹായിച്ചിട്ടുണ്ട്. രാജ്യത്തെ യുദ്ധത്തിലേക്ക് നയിക്കുകയും മർദക സാമ്രാജ്യത്വ ഭരണത്തിനെതിരെ ജനങ്ങളുടെ ധാർമ്മികരോഷം ഉണർത്തുകയും ചെയ്ത കലാപ നേതാക്കൾ വീരവ്യക്തിത്വങ്ങളായി അവതരിപ്പിക്കപ്പെട്ടു. ഒരു കയ്യിൽ വാളും മറുകയ്യിൽ കുതിരയുടെ കടിഞ്ഞാണുമായി മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനായി പോരാടിയ റാണിയുടെ ധീരതയെ വാഴ്ത്തിക്കൊണ്ട് വീരകവിതകൾ രചിക്കപ്പെട്ടു. ശത്രുക്കളെ പിന്തുടർന്നും ബ്രിട്ടീഷ് സൈനികരെ അരിഞ്ഞു വീഴ്ത്തിയും നിർഭയം അവരുടെ അന്ത്യംവരെ പോരാടിയ പൗരുഷത്തിന്റെ പ്രതിരൂപമായിട്ടാണ് ഝാൻസിയിലെ റാണി ചിത്രീകരിക്കപ്പെട്ടത്. ഇന്ത്യയിലെ പല ഭാഗങ്ങളിലുമുള്ള കുട്ടികൾ സുഭദ്രാകുമാരി ചൗഹാൻ എഴുതിയ വരികൾ വായിച്ചാണ് വളരുന്നത്. "അവൾ ഒരു പുരുഷനെപ്പോലെ പോരാടി, അവൾ ഝാൻസിയിലെ റാണിയായിരുന്നു." (*"ഖൂബ് ലഡി മർദാനീ വോ തോ ഝാൻസീ വാലീ റാണീ ഥീ"*) ജനകീയ അച്ചടി മാധ്യമങ്ങളിൽ യുദ്ധക്കളത്തിൽ പടച്ചട്ട അണിഞ്ഞ, ഒരു കൈയിൽ വാളുമേന്തി കുതിരപ്പുറത്തു സവാരി ചെയ്യുന്ന വിധത്തിലാണ് സാധാരണയായി റാണീ ലക്ഷ്മീഭായിയെ ചിത്രീകരിക്കുന്നത് – അനീതിയെയും വിദേശഭരണത്തെയും ചെറുക്കാനുള്ള ദൃഢനിശ്ചയത്തിന്റെ ഒരു പ്രതിരൂപം.




*ചിത്രം 11.18*
*ചലച്ചിത്രങ്ങളും പോസ്റ്ററുകളും റാണി ലക്ഷ്മീബായിയുടെ പുരുഷ യോദ്ധാവ് എന്ന ഖ്യാതിക്കുള്ള പ്രതിരൂപം സൃഷ്ടിക്കുന്നതിൽ സഹായിച്ചു*

അവ ചിത്രീകരിച്ച ചിത്രകാരർ ആ സംഭവങ്ങളെ എങ്ങനെ കണ്ടുവെന്നും അവർക്ക് എന്താണ് അനുഭവവേദ്യമായതെന്നും അവർ എന്താണ് നമ്മെ അറിയിക്കാൻ ശ്രമിച്ചതെന്നും ഈ ചിത്രങ്ങൾ വെളിവാക്കുന്നു. ഈ ചിത്രങ്ങളിലൂടെയും കാർട്ടൂണുകളിലൂടെയും അവയെ നോക്കി, പ്രശംസിക്കുകയോ വിമർശിക്കുകയോ ചെയ്യുകയും പകർപ്പുകളും പുനസൃഷ്ടികളും വീടുകളിൽ വയ്ക്കുന്നതിനായി വാങ്ങിക്കുകയും ചെയ്ത പൊതുജനങ്ങളെ നമുക്ക് അറിയാൻ കഴിയുന്നു.

Cu NrXa§ Ä A h cNp s¸ «I neL «- sâ hrNes§ sf b pw hri nes§ sf b pw{] Xn eq p ap anXaÃ¸k wth Z\ £ aX cq-s¸ Sp p I Stbp nbn{_ nk nÂ {] Neq p s¸ «NrX§ Ä a\-Ê nÂ \ rdª P\ § Ä I emI nen sf A S+ aÀ¯ p¶ Xn nbn arKo anb i n£ neXn Ä¡ pA A \ paXn\ Â I nF ¶ nÂ adp-i - yl em- nsâ tZi \ NrXo eW§ Ä tZi \ Xmk ¦ Â¸-§ sf cq s¸ Sp nÂ k I nbn p

## ➲ ചർച്ച ചെയ്യുക...

*ഈ ഭാഗത്തിലെ ഓരോ ദൃശ്യങ്ങളിലെയും ഘടകങ്ങൾ പരിശോധിക്കുകയും ചിത്രകാരന്റെ വീക്ഷണം തിരിച്ചറിയാൻ അവ നിങ്ങളെ എങ്ങനെ സഹായിക്കുന്നുവെന്ന് ചർച്ച നടത്തുകയും ചെയ്യുക.*

## കാലരേഖ (TIMELINE)

| | |
|---|---|
| 1801 | അവധിൽ വെല്ലസ്ലി സൈനിക സഹായ വ്യവസ്ഥ നടപ്പിലാക്കി |
| 1856 | നവാബ് വജിദ് അലി ഷാ സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു; അവധ് കൂട്ടിച്ചേർക്കപ്പെട്ടു |
| 1856 - 57 | സമ്മറി ഭൂനികുതി വ്യവസ്ഥ അവധിൽ ബ്രിട്ടീഷുകാർ നടപ്പിലാക്കുന്നു |
| 1857 മെയ് 10 | മീററ്റിൽ കലാപം ആരംഭിക്കുന്നു |
| മെയ് 11 -12 | ഡൽഹിയിലെ സൈനികവ്യൂഹങ്ങൾ കലാപം നടത്തുന്നു; ബഹദൂർഷാ നാമമാത്രമായ നേതൃത്വം സ്വീകരിക്കുന്നു |
| മെയ് 20-27 | അലിഗർ, ഇറ്റാവ, മെയിൻപുരി, ഈറ്റ എന്നിവിടങ്ങളിൽ സൈനിക കലാപം |
| മെയ് 30 | ലഖ്നൗവിൽ കലാപം |
| മെയ് – ജൂൺ | സൈനികകലാപം ജനകീയ കലാപമായി മാറുന്നു |
| ജൂൺ 30 | ചിൻഹട്ട് യുദ്ധത്തിൽ ബ്രിട്ടീഷുകാർ പരാജയം നേരിടുന്നു |
| സെപ്റ്റംബർ 25 | ഹാവ്ലോക്കിന്റെയും ഔട്ട്റാമിന്റെയും നേതൃത്വത്തിലുള്ള ബ്രിട്ടീഷ് സേന ലഖ്നൗവിലെ റസിഡന്റിന്റെ വസതിയിൽ പ്രവേശിക്കുന്നു |
| ജൂലൈ | യുദ്ധത്തിൽ ഷാമൽ കൊല്ലപ്പെടുന്നു |
| ജൂൺ 1858 | ഝാൻസിയിലെ റാണി യുദ്ധത്തിൽ കൊല്ലപ്പെടുന്നു |

ചിത്രം 11.19
കലാപകാരികളുടെ മുഖങ്ങൾ



### 100 മുതൽ 150 വരെ വാക്കുകളിൽ ഉത്തരമെഴുതുക (ANSWER IN 100 - 150 WORDS)

1. കലാപകാരികളായ ശിപായിമാർ പല സ്ഥലങ്ങളിലും കലാപത്തിന് നേതൃത്വം നൽകുവാനായി മുൻഭരണാധികാരികളെ സമീപിച്ചത് എന്തുകൊണ്ടാണ്?
2. കലാപകാരികളുടെ ഭാഗത്ത് ആസൂത്രണവും ഏകോപനവും ഉണ്ടായിരുന്നുവെന്ന് സൂചിപ്പിക്കുന്ന തെളിവുകളെക്കുറിച്ച് ചർച്ച ചെയ്യുക.
3. 1857 ലെ സംഭവങ്ങളെ രൂപപ്പെടുത്തുന്നതിൽ മതവിശ്വാസങ്ങൾ എത്രത്തോളം സഹായിച്ചെന്ന് ചർച്ച ചെയ്യുക.
4. കലാപകാരികൾക്കിടയിൽ ഐക്യം ഉറപ്പു വരുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമായിരുന്നു?
5. കലാപത്തെ അടിച്ചമർത്താൻ ബ്രിട്ടീഷുകാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്?

### ചുവടെ തന്നിരിക്കുന്നവയെക്കുറിച്ച് ഒരു ലഘുപന്യാസം (ഏകദേശം 250 മുതൽ 300 വരെ വാക്കുകളിൽ) എഴുതുക: (WRITE A SHORT ESSAY (250 - 300 WORDS) ON THE FOLLOWING:

6. എന്തുകൊണ്ടാണ് കലാപം അവധിൽ പ്രത്യേകമായി പരക്കെ വ്യാപിച്ചത്? കർഷകരെയും *താലൂക്ക്ദാർമാ*രെയും സെമീന്ദാർമാരെയും ഈ കലാപത്തിൽ പങ്കാളികളാകാൻ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തൊക്കെയാണ്?
7. കലാപകാരികളുടെ ആവശ്യം എന്തായിരുന്നു? വ്യത്യസ്ത സാമൂഹിക വിഭാഗങ്ങളുടെ കാഴ്ചപ്പാടുകൾ എത്രമാത്രം വ്യത്യാസപ്പെട്ടിരുന്നു?
8. 1857 ലെ കലാപത്തെക്കുറിച്ചുള്ള ദൃശ്യാവിഷ്കാരങ്ങൾ എന്തൊക്കെ വിവരങ്ങളാണ് നമ്മോട് പറയുന്നത്? ചരിത്രകാരന്മാർ ഈ ആവിഷ്കാരങ്ങളെ എങ്ങനെയാണ് വിശകലനം ചെയ്യുന്നത്?
9. അധ്യായത്തിൽ അവതരിപ്പിച്ചിരിക്കുന്ന ഏതെങ്കിലും രണ്ട് സ്രോതസ്സുകൾ, ഒരു ദൃശ്യാവിഷ്ക്കാരവും ഒരു വിവരണവും തെരഞ്ഞെടുത്ത് പരിശോധിച്ച് അവ വിജയികളുടെയും പരാജിതരുടെയും കാഴ്ചപ്പാടുകളെ എങ്ങനെ പ്രതിനിധീകരിക്കുന്നുവെന്ന് ചർച്ച ചെയ്യുക.

### ഭൂപട പ്രവർത്തനം (MAP WORK)

10. ഇന്ത്യയുടെ ഒരു രേഖാ ഭൂപടത്തിൽ 1857 ലെ ബ്രിട്ടീഷ് അധികാരത്തിന്റെ മൂന്ന് പ്രധാന കേന്ദ്രങ്ങളായ കൽക്കത്ത, (കൊൽക്കത്ത) ബോംബെ (മുംബൈ), മദ്രാസ് (ചെന്നൈ) എന്നിവ അടയാളപ്പെടുത്തുക. ഭൂപടം ഒന്നും രണ്ടും പരിശോധിക്കുകയും കലാപം ഏറ്റവുമധികം വ്യാപിച്ച പ്രദേശങ്ങൾ അടയാളപ്പെടുത്തുകയും ചെയ്യുക. ഈ പ്രദേശങ്ങൾ കൊളോണിയൽ നഗരങ്ങളിൽ നിന്ന് എത്രമാത്രം അടുത്തോ അല്ലെങ്കിൽ അകലെയോ ആയിരുന്നു?

### പ്രോജക്ടുകൾ (ഒന്ന് തിരഞ്ഞെടുക്കുക) PROJECTS (CHOOSE ONE)

11. 1857 ലെ കലാപത്തിൽ പങ്കെടുത്ത ഏതെങ്കിലുമൊരു നേതാവിന്റെ ജീവചരിത്രം വായിക്കുക. ജീവചരിത്ര കർത്താവ് ഉപയോഗിച്ചിരിക്കുന്ന സ്രോതസ്സുകൾ പരിശോധിക്കുക. ഇവയിൽ സർക്കാർ റിപ്പോർട്ടുകൾ, പത്രവിവരണങ്ങൾ, പ്രാദേശിക ഭാഷകളിലുള്ള കഥകൾ, ദൃശ്യവസ്തുക്കൾ, എന്നിവയോ മറ്റെന്തെങ്കിലുമോ, ഉൾപ്പെടുന്നുണ്ടോ? എല്ലാ സ്രോതസ്സുകളും ഒരേ കാര്യങ്ങളാണോ പറയുന്നത് അതോ അവയ്ക്ക് എന്തെങ്കിലും വ്യത്യാസങ്ങളുണ്ടോ? നിങ്ങളുടെ കണ്ടെത്തലുകളെക്കുറിച്ച് ഒരു റിപ്പോർട്ട് തയാറാക്കുക.

12. 1857 ലെ കലാപത്തെ ആസ്പദമാക്കിയുള്ള ഒരു ചലച്ചിത്രം കാണുകയും അത് കലാപത്തെ ചിത്രീകരിക്കുന്ന രീതിയെക്കുറിച്ച് എഴുതുകയും ചെയ്യുക. അത് ബ്രിട്ടീഷുകാരെയും വിപ്ലവകാരികളെയും ബ്രിട്ടീഷുകാരോട് വിശ്വസ്തത പുലർത്തുന്നവരെയും എങ്ങനെ ചിത്രീകരിക്കുന്നു? അത് കർഷകരെയും പട്ടണവാസികളെയും ഗോത്രവർഗക്കാരെയും സെമീന്ദാർമാരെയും *താലൂക്ക്ദാർമാരെയും* കുറിച്ച് എന്താണ് പറയുന്നത്? ഏത് തരത്തിലുള്ള പ്രതികരണം ഉളവാക്കുവാനാണ് ഈ ചലച്ചിത്രം ശ്രമിക്കുന്നത്?

**നിങ്ങൾക്ക് കൂടുതൽ അറിയണമെന്നുണ്ടെങ്കിൽ, വായിക്കുക:**

ഗൗതം ഭദ്ര. 1987.
*ഫോർ റെബൽസ് ഓഫ് എയിറ്റീൻ - ഫിഫ്റ്റി സെവൻ, സബാൾട്ടേൺ സ്റ്റഡീസ്, IV.*
ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്സ്, ഡൽഹി.

രുദ്രാംശു മുഖർജി. 1984.
*അവധ് ഇൻ റിവോൾട്ട്, 1857 - 58.*
ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്, ഡൽഹി.

താപ്തി റോയ്. 2006.
*രാജ് ഓഫ് ദി റാണി.*
പെൻഗ്വിൻ, ന്യൂഡൽഹി.

എറിക് സ്റ്റോക്സ്. 1980.
*ദി പെസന്റ് ആൻഡ് ദി രാജ്.*
ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്സ്, ഡൽഹി.

**നിങ്ങൾക്ക് സന്ദർശിക്കാം :**

http://books.google.com
(for accounts of 1857 by British officials)

www.copsey family.org/allenc/lakshmibai/links.html
(for letters of Rani Lakshmibai)

**പ്രമേയം പന്ത്രണ്ട്**

# മഹാത്മാഗാന്ധിയും ദേശീയവാദ പ്രസ്ഥാനവും

# (MAHATMA GANDHI AND THE NATIONALIST MOVEMENT)

## സിവിൽ നിയമലംഘനവും അതിനപ്പുറവും

## (CIVIL DISOBEDIENCE AND BEYOND)

E4F9U1

ദേശീയതയുടെ ചരിത്രത്തിൽ മിക്കപ്പോഴും ഒരൊറ്റ വ്യക്തിയെ ഒരു രാജ്യത്തിന്റെ നിർമ്മിതിയുമായി ബന്ധപ്പെടുത്തി കാണാറുണ്ട്. അത്തരത്തിൽ, ഉദാഹരണത്തിന്, ഇറ്റലിയുടെ നിർമ്മാണത്തിൽ നമ്മൾ ഗാരിബാൾഡിയെയും, അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിൽ ജോർജ് വാഷിങ്ടണെയും കൊളോണിയൽ ഭരണത്തിൽനിന്ന് വിയറ്റ്നാമിനെ മോചിപ്പിക്കാൻ നടത്തിയ പോരാട്ടങ്ങളിൽ ഹോ-ചി-മിൻ നെയും നമ്മൾ ബന്ധപ്പെടുത്തുന്നു. അതേ രീതിയിൽ, മഹാത്മാഗാന്ധിയെ ഇന്ത്യയുടെ 'രാഷ്ട്രപിതാവായി' നാം കണക്കാക്കുന്നു.

സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തിട്ടുള്ള എല്ലാ നേതാക്കളിലും വച്ച് ഏറ്റവുമധികം സ്വാധീനമുണ്ടായിരുന്നതും ആദരിക്കപ്പെട്ടതുമായ വ്യക്തിയാണ് ഗാന്ധിജി എന്നതിനാൽ ആ വിശേഷണം ഒരിക്കലും അസ്ഥാനത്തല്ല. എന്നിരുന്നാലും വാഷിങ്ടണെയും ഹോ-ചി-മിൻ നെയും പോലെ ഗാന്ധിജിയുടെയും രാഷ്ട്രീയജീവിതം രൂപപ്പെടുത്തിയതും നിയന്ത്രിച്ചതും അദ്ദേഹം ജീവിച്ച സമൂഹം തന്നെയാണ്. കാരണം വ്യക്തികൾ, മഹാൻമാർപോലും, അവർ ചരിത്രം സൃഷ്ടിക്കുമ്പോൾത്തന്നെ ചരിത്രത്തിന്റെ സൃഷ്ടികളുമാണ്.

1915 മുതൽ 1948 വരെയുള്ള നിർണായക കാലയളവിലെ ഗാന്ധിജിയുടെ ഇന്ത്യയിലെ പ്രവർത്തനങ്ങളെയാണ് ഈ അധ്യായം വിശകലനം ചെയ്യുന്നത്. ഇന്ത്യൻ സമൂഹത്തിലെ വ്യത്യസ്തവിഭാഗങ്ങളുമായുള്ള അദ്ദേഹത്തിന്റെ സമ്പർക്കങ്ങളെക്കുറിച്ചും അദ്ദേഹം പ്രേരണ ചെലുത്തിയതും നയിച്ചതുമായ നിരവധി ജനപ്രിയ സമരങ്ങളെക്കുറിച്ചും ഈ അധ്യായം പഠനം നടത്തുന്നു. ഒരു നേതാവിന്റെ ജീവിതഗതിയെയും അദ്ദേഹവുമായി ബന്ധപ്പെട്ട സാമൂഹ്യപ്രസ്ഥാനങ്ങളെയും പുനരാവിഷ്കരിക്കുന്നതിനു ചരിത്രകാരന്മാർ ഉപയോഗിക്കുന്ന പലതരത്തിലുള്ള സ്രോതസ്സുകളെയും ഇത് വിദ്യാർഥികൾക്ക് പരിചയപ്പെടുത്തുന്നു.



*ചിത്രം 12.1*
*1930 ൽ ഉപ്പ് സമരയാത്രയ്ക്ക് പുറപ്പെടും മുമ്പുള്ള ഗാന്ധിജിയുടെ പ്രസംഗം കേൾക്കാൻ സബർമതി നദിക്കരയിൽ ജനങ്ങൾ ഒത്തുചേരുന്നു*

## 1. ഒരു നേതാവിന്റെ വരവറിയിപ്പ്
## (A LEADER ANNOUNCES HIMSELF)

രണ്ട് ദശാബ്ദക്കാലത്തെ വിദേശവാസത്തിനുശേഷം 1915 ജനുവരിയിൽ മോഹൻദാസ് കരംചന്ദ് ഗാന്ധി മാതൃരാജ്യത്ത് മടങ്ങിയെത്തി. ഈ കാലയളവിന്റെ കൂടുതൽ ഭാഗവും താൻ അഭിഭാഷകനായെത്തിയ ദക്ഷിണാഫ്രിക്കയിൽ ചെലവഴിക്കുകയും കാലാന്തരത്തിൽ ആ പ്രദേശത്തെ ഇന്ത്യൻ സമൂഹത്തിന്റെ നേതാവായി മാറുകയും ചെയ്തിരുന്നു. ചരിത്രകാരനായ ചന്ദ്രൻ ദേവനേശൻ രേഖപ്പെടുത്തിയതുപോലെ "ആ മഹാത്മാവിനെ രൂപപ്പെടുത്തിയത്" ദക്ഷിണാഫ്രിക്കയാണ്. ദക്ഷിണാഫ്രിക്കയിൽ വച്ചാണ് മഹാത്മാഗാന്ധി തന്റെ സവിശേഷമായ സത്യഗ്രഹമെന്ന അക്രമരഹിത സമരമുറ രൂപപ്പെടുത്തിയതും, ആദ്യമായി വ്യത്യസ്ത മതങ്ങൾ തമ്മിലുള്ള ഒത്തൊരുമയ്ക്ക് പ്രോത്സാഹനം നൽകിയതും, ഉയർന്ന ജാതിക്കാരായ ഇന്ത്യക്കാർക്ക് അവർ താഴ്ന്ന ജാതിക്കാരോടും സ്ത്രീകളോടും കാണിക്കുന്ന വിവേചനത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകിയതും.

മഹാത്മാഗാന്ധി 1915 ൽ മടങ്ങിയെത്തുമ്പോഴുള്ള ഇന്ത്യയുടെ അവസ്ഥ 1893 ൽ അദ്ദേഹം വിദേശത്ത് പോകുമ്പോൾ നിലനിന്നിരുന്നതിൽനിന്നും വളരെ വ്യത്യസ്തമായിരുന്നു. അപ്പോഴും ബ്രിട്ടീഷുകാരുടെ കോളനി തന്നെയായിരുന്നുവെങ്കിലും രാഷ്ട്രീയമായി ഇന്ത്യ മുമ്പത്തെക്കാൾ സജീവമായിരുന്നു. ഈ സമയം ഇന്ത്യയിലെ മിക്ക നഗരങ്ങളിലും പട്ടണങ്ങളിലും ഇന്ത്യൻ നാഷണൽ കോൺഗ്രസിന് ശാഖകൾ ഉണ്ടായിരുന്നു. 1905-07 ലെ സ്വദേശി പ്രസ്ഥാനത്തോടെ മധ്യവർഗക്കാരുടെ ഇടയിലേക്കും ഇത് സ്വാധീനം വളരെയധികം വ്യാപിപ്പിച്ചിരുന്നു. ആ പ്രസ്ഥാനം, നെടുംതൂണുകളായി ചില നേതാക്കന്മാരെ മുൻനിരയിലേക്ക് കൊണ്ടു വന്നിരുന്നു. മഹാരാഷ്ട്രയിൽ നിന്നുള്ള ബാലഗംഗാധര തിലകനും ബംഗാളിൽ നിന്നുള്ള ബിപിൻ ചന്ദ്രപാലും പഞ്ചാബിൽ നിന്നുള്ള ലാലാ ലജ്പത്റായിയുമായിരുന്നു അവരിൽ പ്രധാനികൾ. ഈ മൂന്നുപേർ "ലാൽ, ബാൽ, പാൽ" എന്നറിയപ്പെട്ടു. ഇവരോരോരുത്തരുടെയും ജന്മസ്ഥലങ്ങൾ പരസ്പരം വളരെ അകലെ ആയിരുന്നതുകൊണ്ട് തന്നെ ഈ അനുപ്രാസം അവരുടെ പോരാട്ടത്തിന്റെ ദേശീയസ്വഭാവം വിളിച്ചറിയിക്കുന്നതായിരുന്നു. കോളനിഭരണത്തിനെതിരെ തീവ്രമായ വിരോധ സമീപനം ഇവർ സ്വീകരിച്ചപ്പോൾ, മൃദുസമീപനവും അനുനയരീതിയും പിന്തുടർന്ന "മിതവാദികൾ" എന്നൊരു വിഭാഗവും ഇവിടെയുണ്ടായിരുന്നു. ഈ മിതവാദികളുടെ കൂട്ടത്തിൽ ഉൾപ്പെട്ടവരായിരുന്നു ഗാന്ധിജിയുടെ രാഷ്ട്രീയ മാർഗദർശിയായി അംഗീകരിക്കപ്പെടുന്ന ഗോപാലകൃഷ്ണ ഗോഖലെയും ഗുജറാത്തിൽ ജനിച്ച് ലണ്ടനിൽ പരിശീലനം നേടിയ അഭിഭാഷകനായ മുഹമ്മദ് അലി ജിന്നയും.

ഗോഖലെയുടെ ഉപദേശപ്രകാരം ഇന്ത്യയുടെ മണ്ണിനെയും മനുഷ്യരെയും മനസ്സിലാക്കാൻ ഗാന്ധിജി ഒരു വർഷക്കാലം ബ്രിട്ടീഷ് ഇന്ത്യയിൽ ചുറ്റിസഞ്ചരിച്ചു. 1916 ഫെബ്രുവരിയിൽ ബനാറസ് ഹിന്ദു സർവകലാശാലയുടെ ഉദ്ഘാടന വേദിയായിരുന്നു അദ്ദേഹം ആദ്യമായി പ്രത്യക്ഷപ്പെട്ട പൊതുപരിപാടി. ഈ പരിപാടിയിലെ ക്ഷണിതാക്കളിൽ ബനാറസ് ഹിന്ദു സർവകലാശാലയുടെ സ്ഥാപനത്തിന് സംഭാവനകൾ നൽകിയ നാട്ടുരാജാക്കന്മാരും മനുഷ്യസ്നേഹികളുമുണ്ടായിരുന്നു. ആനി ബസന്റിനെപ്പോലെയുള്ള, കോൺഗ്രസിലെ ചില പ്രധാനപ്പെട്ട നേതാക്കളും അവിടെയുണ്ടായിരുന്നു. സന്നിഹിതരായിരുന്ന വിശിഷ്ട വ്യക്തികളുമായി താരതമ്യം ചെയ്യുമ്പോൾ ഗാന്ധിജി അത്രത്തോളം അറിയപ്പെടുന്നയാൾ ആയിരുന്നില്ല. ഇന്ത്യയിൽ അദ്ദേഹത്തിന്റെ നിലവിലെ പദവിയെക്കാൾ ദക്ഷിണാഫ്രിക്കയിലെ പ്രവർത്തനങ്ങളാണ് അദ്ദേഹത്തെ ഈ ചടങ്ങിലേക്ക് ക്ഷണിക്കാൻ കാരണം.

ചിത്രം 12.2
മഹാത്മാഗാന്ധി ജോഹന്നാസ്ബർഗിൽ, ദക്ഷിണാഫ്രിക്ക, ഫെബ്രുവരി 1908



സംസാരിക്കാൻ അദ്ദേഹത്തിന്റെ ഊഴമെത്തിയപ്പോൾ നിർധനരായ തൊഴിലാളിവർഗത്തിനുനേരെയുള്ള ഇന്ത്യൻ പ്രമാണിവർഗത്തിന്റെ അവഗണനയെ ഗാന്ധിജി കുറ്റപ്പെടുത്തി. ബനാറസ് ഹിന്ദു സർവകലാശാലയുടെ ഉദ്ഘാടനച്ചടങ്ങിനെ "ഏറ്റവും ആകർഷകമായ പരിപാടി" എന്ന് അദ്ദേഹം വിശേഷിപ്പിച്ചു. പക്ഷേ, "ധനികരായ പ്രഭുക്കന്മാരുടെ" സാന്നിധ്യവും "ദശലക്ഷക്കണക്കിനുള്ള പാവപ്പെട്ടവരുടെ" അസാന്നിധ്യവും തമ്മിലുള്ള അന്തരത്തിൽ അദ്ദേഹം ആശങ്ക പ്രകടിപ്പിച്ചു. ക്ഷണിക്കപ്പെട്ട കുലീനരോടായി അദ്ദേഹം പറഞ്ഞു, "നിങ്ങളണിഞ്ഞിരിക്കുന്ന ആടയാഭരണങ്ങൾ സ്വയം പൊട്ടിച്ച് അവ നിങ്ങളുടെ സ്വദേശീയർക്കായി ചേർത്തുവയ്ക്കുംവരെ ഇന്ത്യക്ക് മോചനം ലഭിക്കില്ല." "കർഷകരിൽ നിന്ന് അവരുടെ കഠിനാധ്വാനത്തിന്റെ ഗുണഫലത്തിന്റെ ഭൂരിഭാഗവും നമ്മൾ കൈക്കലാക്കുകയോ കൈക്കലാക്കാൻ മറ്റുള്ളവരെ അനുവദിക്കുകയോ ചെയ്യുകയാണെങ്കിൽ, നമ്മളിൽ സ്വയംഭരണത്തിന്റെ വീര്യമുണ്ടാവുകയില്ല" എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. "നമ്മുടെ മോചനം കർഷകനിലൂടെ മാത്രമേ സാധ്യമാവുകയുള്ളൂ. അഭിഭാഷകരോ, ഡോക്ടർമാരോ സമ്പന്നരായ ഭൂവുടമകളോ അത് നേടിത്തരാൻ പോകുന്നില്ല," അദ്ദേഹം പറഞ്ഞു.

ഇന്ത്യക്കാരുടെ പണമുപയോഗിച്ച് ഇന്ത്യക്കാരുടെ സംരംഭകത്വത്തിൽ ആരംഭിച്ച ദേശീയ സർവകലാശാല എന്ന് രേഖപ്പെടുത്തിയ ബനാറസ് ഹിന്ദു സർവകലാശാലയുടെ ഉദ്ഘാടനം ഒരു ആഘോഷവേളയായിരുന്നു. പക്ഷേ, അതിൽ സ്വയം അഭിനന്ദിക്കുന്നതിനപ്പുറം ഇന്ത്യൻ ജനസംഖ്യയിൽ ഭൂരിഭാഗം വരുന്ന കർഷകരുടെയും തൊഴിലാളികളുടെയും സദസ്സിലെ പ്രാതിനിധ്യമില്ലായ്മയെ, അവരുടെ അസാന്നിധ്യത്തെ അവിടെ സന്നിഹിതരായിരുന്നവരുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഗാന്ധിജി ശ്രമിച്ചത്.

ബനാറസിൽ, 1916 ഫെബ്രുവരിയിൽ ഗാന്ധിജി നടത്തിയ പ്രസംഗം ഒരു തലത്തിൽ, ഇന്ത്യൻ ദേശീയത പ്രമാണിമാരുടെ മാത്രം ഒരു പ്രതിഭാസമാണെന്നും അഭിഭാഷകരുടെയും ഡോക്ടർമാരുടെയും ഭൂപ്രഭുക്കന്മാരുടെയും സൃഷ്ടിയാണെന്നുമുള്ള വസ്തുതയുടെ പ്രസ്താവമായിരുന്നു. എന്നാൽ മറ്റൊരു തലത്തിൽ, ഇത് കൃത്യതയാർന്ന ലക്ഷ്യത്തോടെയുള്ള പ്രസ്താവനയുമായിരുന്നു. ഇന്ത്യൻ ദേശീയതയെ ശരിക്കും എല്ലാ വിഭാഗം ഇന്ത്യക്കാരുടെയും പ്രാതിനിധ്യമുള്ള ഒന്നാക്കി മാറ്റണം എന്ന തന്റെ ആഗ്രഹം ആദ്യമായി ഗാന്ധിജി വിളംബരം ചെയ്യുക കൂടിയായിരുന്നു. ആ വർഷത്തിലെ അവസാന മാസം അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾ പ്രായോഗികമാക്കാനുള്ള അവസരം ഗാന്ധിജിക്ക് ലഭിച്ചു. 1916 ഡിസംബറിൽ ലക്നൗവിൽ വച്ച് നടന്ന കോൺഗ്രസിന്റെ വാർഷിക സമ്മേളനത്തിൽ, ബീഹാറിലെ ചമ്പാരനിൽ നിന്നുള്ള ഒരു കർഷകൻ അദ്ദേഹത്തെ സമീപിക്കുകയും ബ്രിട്ടീഷുകാരായ നീലം തോട്ടമുടമകളിൽനിന്ന് കർഷകർ അനുഭവിക്കുന്ന കഠിനദുരിതത്തെ അറിയിക്കുകയും ചെയ്തു.

ചിത്രം 12.3
മഹാത്മാഗാന്ധി കറാച്ചിയിൽ, മാർച്ച് 1916



## 2. നിസ്സഹകരണത്തിന്റെ നിർമ്മാണവും അപനിർമ്മാണവും (THE MAKING AND UNMAKING OF NON-COOPERATION)

കർഷകർക്ക് പാട്ടവ്യവസ്ഥയിൽ സംരക്ഷണം ഉറപ്പാക്കുന്നതിനും അവർ ഇഷ്ടാനുസരണം തിരഞ്ഞെടുക്കുന്ന വിളകൾ കൃഷി ചെയ്യുന്നതിനുമുള്ള സ്വാതന്ത്ര്യത്തിനും വേണ്ടി ഏതാണ്ട് 1917 മുഴുവനും ഗാന്ധി ചമ്പാരനിൽ ചെലവഴിച്ചു. അതിന്റെ തൊട്ടടുത്ത വർഷം, 1918-ൽ, സ്വന്തം നാടായ ഗുജറാത്തിൽത്തന്നെ രണ്ട് പ്രക്ഷോഭങ്ങളിൽ ഗാന്ധിജി ഏർപ്പെട്ടു. അഹമ്മദാബാദിലെ തുണിമിൽത്തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിൽസാഹചര്യം ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു തൊഴിലാളി സമരത്തിലാണ് ആദ്യമായി അദ്ദേഹം ഇടപെട്ടത്. പിന്നീട്, ഖേദയിലെ കർഷകർക്ക് കൃഷിനാശമുണ്ടായപ്പോൾ ഗവൺമെന്റിനോട് നികുതിയിളവ് ആവശ്യപ്പെട്ടുകൊണ്ട് നടത്തിയ സമരത്തിൽ ഗാന്ധിജി പങ്കുചേർന്നു.

ചമ്പാരനിലെയും അഹമ്മദാബാദിലെയും ഖേദയിലെയും സമരനേതൃത്വം ഗാന്ധിജിയെ പാവപ്പെട്ടവരോട് അഗാധമായ അനുകമ്പയുള്ള ഒരു ദേശീയവാദിയായി എടുത്തുകാണിച്ചു. അതേ സമയം, ഇവയെല്ലാം തന്നെ പ്രാദേശിക സമരങ്ങൾ മാത്രമായിരുന്നു. എന്നാൽ, 1919 ൽ വിശാലമായ സമരമുന്നേറ്റങ്ങൾ നടത്താനുതകിയ ഒരു വിഷയം കോളനി ഭരണാധികാരികൾ ഗാന്ധിജിയുടെ മടിത്തട്ടിലേക്കിട്ടുകൊടുത്തു. 1914-18 ലെ മഹായുദ്ധകാലത്ത് ബ്രിട്ടീഷ് ഗവൺമെന്റ് പത്രങ്ങളുടെ മേൽ സെൻസർഷിപ്പ് ഏർപ്പെടുത്തുകയും വിചാരണ കൂടാതെ ആരെയും തടവിൽ വയ്ക്കാനുള്ള അനുമതി നൽകുകയും ചെയ്തിരുന്നു. ഇപ്പോൾ, സർ സിഡ്നി റൗലത്ത് (Sir Sidney Rowlatt) ചെയർമാനായുള്ള കമ്മിറ്റിയുടെ ശുപാർശപ്രകാരം ഈ കടുത്ത നടപടികൾ തുടരുകയും ചെയ്തു. ഇതിനോട് പ്രതികരിച്ചുകൊണ്ട് റൗലത്ത് ആക്റ്റിന് എതിരെ ഒരു രാജ്യവ്യാപകപ്രക്ഷോഭത്തിന് ഗാന്ധിജി ആഹ്വാനം ചെയ്തു. ബന്ദ് ആഹ്വാനത്തെ തുടർന്ന് ഇന്ത്യയുടെ വടക്കും പടിഞ്ഞാറുമുള്ള നഗരങ്ങളിലുടനീളം കടകമ്പോളങ്ങളും സ്കൂളുകളും അടച്ചിടുകയും ജനജീവിതം നിശ്ചലമാവുകയും ചെയ്തു. യുദ്ധകാലത്ത് ബ്രിട്ടീഷുകാരുടെ ഭാഗത്തുനിന്നുകൊണ്ട് പോരാടിയതിന്, ധാരാളം പേർ പ്രതിഫലം കാത്തിരുന്ന പഞ്ചാബിൽ ഈ പ്രക്ഷോഭം അതിതീക്ഷ്ണമായി പ്രതിഫലിച്ചു. പകരം അവർക്ക് നൽകിയത് റൗലത്ത് ആക്ടായിരുന്നു. പഞ്ചാബിലേക്ക് പോകുന്ന വഴിയിൽ ഗാന്ധിജിയെ ബ്രിട്ടീഷുകാർ തടഞ്ഞുവച്ചു, പ്രമുഖരായ പ്രാദേശിക കോൺഗ്രസുകാർ പോലും അറസ്റ്റ് ചെയ്യപ്പെട്ടു. ഈ പ്രവിശ്യയിലെ സ്ഥിതി കൂടുതൽ കൂടുതൽ പ്രക്ഷുബ്ധമായി മാറുകയും അമൃത്സറിൽ, 1919 ഏപ്രിലിൽ ദേശീയവാദികളുടെ യോഗത്തിനു നേരെ ഒരു ബ്രിട്ടീഷ് ബ്രിഗേഡിയർ, വെടിവയ്ക്കാൻ ഉത്തരവിട്ടതിലൂടെ രക്തരൂക്ഷിതമായി കലാശിക്കുകയും ചെയ്തു. ജാലിയൻവാലാബാഗ് കൂട്ടക്കൊല എന്നറിയപ്പെടുന്ന ഈ ദുരന്തത്തിൽ നാനൂറിലധികംപേർ കൊലചെയ്യപ്പെട്ടു.

റൗലത്ത് സത്യഗ്രഹമായിരുന്നു ഗാന്ധിജിയെ ശരിക്കും ഒരു *ദേശീയ* നേതാവാക്കി മാറ്റിയത്. ആ വിജയത്തിൽ നിന്ന് ഊർജം ഉൾക്കൊണ്ടുകൊണ്ട് ബ്രിട്ടീഷ് ഭരണത്തിനോട് ഒരു "നിസ്സഹകരണ"ത്തിന് ഗാന്ധിജി ആഹ്വാനം ചെയ്തു. കോളനിവാഴ്ചയുടെ അവസാനമാഗ്രഹിക്കുന്ന ഇന്ത്യക്കാർ സ്കൂളുകളും കോളേജുകളും കോടതികളും ബഹിഷ്കരിക്കാനും നികുതി നിഷേധിക്കാനും ആവശ്യപ്പെട്ടു. മൊത്തത്തിൽ, "ബ്രിട്ടീഷ് സർക്കാരുമായി സ്വമേധയായുള്ള എല്ലാ ബന്ധങ്ങളിൽ നിന്നും വിട്ടുനിൽക്കൽ" മുറുകെപ്പിടിക്കു

**➲ ചർച്ച ചെയ്യുക...**

1915 ന് മുൻപുള്ള ഇന്ത്യൻ ദേശീയപ്രസ്ഥാനത്തെക്കുറിച്ച് കൂടുതൽ കണ്ടെത്തുക, ഒപ്പം മഹാത്മാഗാന്ധിയുടെ അഭിപ്രായങ്ങൾ സാധൂകരിക്കപ്പെടുന്നുണ്ടോ എന്നും നോക്കുക.

വാൻ അദ്ദേഹം ആവശ്യപ്പെട്ടു. നിസ്സഹകരണം നല്ലരീതിയിൽ മുന്നോട്ടുകൊണ്ടുപോയാൽ ഇന്ത്യ ഒരു വർഷത്തിനുള്ളിൽ സ്വയംഭരണം നേടുമെന്ന് ഗാന്ധിജി ഉറപ്പിച്ച് പറഞ്ഞു. ഈ പ്രക്ഷോഭം കൂടുതൽ വിപുലപ്പെടുത്തുന്നതിനായി, തുർക്കി ഭരണാധികാരിയായ കെമാൽ അത്താതുർക്ക് പിൽക്കാലത്ത് ഇല്ലാതാക്കിയ, ഇസ്ലാമികതയുടെ മുഴുവൻ പ്രതീകമായ ഖലീഫാ ഭരണവ്യവസ്ഥ (Caliphate) പുനസ്ഥാപിക്കാൻ വേണ്ടി പ്രവർത്തിക്കുന്ന ഖിലാഫത്ത് പ്രസ്ഥാനവുമായി ഗാന്ധിജി കൈകോർത്തു.

## 2.1 ഒരു ജനകീയ പ്രസ്ഥാനത്തെ തുന്നിച്ചേർക്കുന്നു (Knitting a popular movement)

നിസ്സഹരണപ്രസ്ഥാനത്തെ ഖിലാഫത്ത് പ്രസ്ഥാനവുമായി കൂട്ടിയിണക്കുന്നതിലൂടെ ഇന്ത്യയിലെ രണ്ട് പ്രബല മതസമൂഹങ്ങളായ ഹിന്ദുക്കളും മുസ്ലീങ്ങളും ഒന്നിച്ച് ചേർന്ന് ബ്രിട്ടീഷ് ഭരണത്തിന്റെ അന്ത്യം കുറിക്കുവാനാകുമെന്ന് ഗാന്ധിജി വിശ്വസിച്ചു. ഈ പ്രസ്ഥാനങ്ങൾ കോളനിവൽകൃത ഇന്ത്യയിൽ തീർച്ചയായും നാളിതുവരെ കാണാത്തതരത്തിലുള്ള ആവേശതരംഗങ്ങൾ അഴിച്ചുവിട്ടു.

ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകളിലും കോളേജുകളിലും വിദ്യാർഥികൾ പോകാതെയായി. അഭിഭാഷകർ കോടതികളിൽ ഹാജരാകുവാൻ വിസമ്മതിച്ചു. പല നഗരങ്ങളിലും പട്ടണങ്ങളിലും തൊഴിലാളികൾ പണിമുടക്കി. ഔദ്യോഗിക കണക്കുകൾപ്രകാരം 1921 ൽ 70 ദശലക്ഷം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുത്തിയ, ആറ് ലക്ഷത്തോളം തൊഴിലാളികൾ പങ്കെടുത്ത 396 പണിമുടക്കുകൾ നടന്നു. ഗ്രാമപ്രദേശങ്ങളും അസംതൃപ്തിയിൽ തിളച്ചു മറിയുകയായിരുന്നു. വടക്കൻ ആന്ധ്രയിലെ ഗിരിവർഗക്കാർ വനനിയമങ്ങൾ ലംഘിച്ചു. അവധിലെ കർഷകർ നികുതികൾ നൽകിയില്ല. കുമയൂണിലെ കർഷകർ കോളനി അധികൃതരുടെ സാധനങ്ങൾ ചുമക്കാൻ വിസമ്മതിച്ചു. ചിലപ്പോഴൊക്കെ പ്രാദേശിക നേതാക്കളുടെ എതിർപ്പുപോലും അവഗണിച്ചുകൊണ്ട് ഈ പ്രതിഷേധ പ്രക്ഷോഭങ്ങൾ മുന്നോട്ടുപോയി. കർഷകരും തൊഴിലാളികളും മറ്റുള്ളവരും മുകളിൽനിന്നുള്ള ആജ്ഞകൾക്ക് കാത്തുനിൽക്കുന്നതിനേക്കാൾ, ബ്രിട്ടീഷ് ഭരണത്തോട് "നിസ്സഹകരണം" എന്ന ആഹ്വാനത്തെ തങ്ങളുടെ താൽപ്പര്യങ്ങൾക്ക് ഏറ്റവും അനുയോജ്യമായ രീതിയിൽ വ്യാഖ്യാനിക്കുകയും പ്രതികരിക്കുകയും ചെയ്തു.

മഹാത്മാഗാന്ധിയുടെ അമേരിക്കൻ ജീവചരിത്രകാരനായ ലൂയി ഫിഷർ (Louis Fischer) എഴുതി, "നിസ്സഹകരണം ഇന്ത്യയുടെയും മഹാത്മഗാന്ധിയുടെ ജീവിതത്തിന്റെയും ഐതിഹാസികമായ ഒരു യുഗമായി മാറി. സമാധാനത്തെ സംബന്ധിച്ചിടത്തോളം നിസ്സഹകരണം നിഷേധാത്മകം ആയിരുന്നുവെങ്കിലും കാര്യക്ഷമമായിരുന്നു എന്നത് സംശയാതീതമാണ്. നിഷേധം, ത്യാഗം, ആത്മനിയന്ത്രണം എന്നിവയെ ആ പ്രക്ഷോഭം സാധൂകരിച്ചു. സ്വയംഭരണത്തിന്റെ പരിശീലനമായിരുന്നു അത്." 1857-ലെ കലാപത്തിനുശേഷം ആദ്യമായി, നിസ്സഹകരണ പ്രസ്ഥാനത്തിന്റെ ഫലമായി ബ്രിട്ടീഷ് ഭരണത്തിന്റെ അടിത്തറയുലഞ്ഞു. പിന്നീട്, 1922 ഫെബ്രുവരിയിൽ യുണൈറ്റഡ് പ്രൊവിൻസിൽ (ഇന്ന്, ഉത്തർപ്രദേശും ഉത്തരാഖണ്ഡും) ഒരു സംഘം കർഷകർ ചൗരി-ചൗര എന്ന ചെറുഗ്രാമത്തിലെ പോലീസ് സ്റ്റേഷൻ ആക്രമിക്കുകയും തീയി

### എന്തായിരുന്നു ഖിലാഫത്ത് പ്രസ്ഥാനം? (What was the Khilafat Movement?)

മുഹമ്മദ് അലിയും ഷൗക്കത്ത് അലിയും നയിച്ച ഇന്ത്യൻ മുസ്ലിങ്ങളുടെ ഒരു പ്രസ്ഥാനമായിരുന്നു ഖിലാഫത്ത് പ്രസ്ഥാനം (1919–1920). അത് ഉന്നയിച്ച ആവശ്യങ്ങളാണ് ചുവടെ;

പഴയ ഒട്ടോമൻ സാമ്രാജ്യത്തിന്റെ പരിധിയിൽ വരുന്ന മുസ്ലീം പുണ്യസ്ഥലങ്ങൾ മുൻപത്തെപ്പോലെ തുർക്കി സുൽത്താന്റെ, അഥവാ ഖലീഫയുടെ നിയന്ത്രണത്തിൻകീഴിൽ നിലനിർത്തണം; അറേബ്യ, സിറിയ, ഇറാഖ്, പാലസ്തീൻ എന്നിവ ഉൾപ്പെടുന്ന *ജസീറത്ത്-ഉൽ-അറബ്* (അറേബ്യ, സിറിയ, ഇറാഖ്, പലസ്തീൻ) നിർബന്ധമായും മുസ്ലീം പരമാധികാരത്തിൻകീഴിൽ നിൽക്കണം; ഖലീഫയ്ക്ക് ഇസ്ലാമിക വിശ്വാസം സംരക്ഷിക്കുന്നതിനാവശ്യമായ മതിയായ പ്രദേശങ്ങൾ അനുവദിക്കണം എന്നിവയായിരുന്നു അവ. കോൺഗ്രസ് ഈ പ്രസ്ഥാനത്തെ പിന്തുണയ്ക്കുകയും ഗാന്ധിജി ഇതിനെ നിസ്സഹകരണ പ്രസ്ഥാനവുമായി സംയോജിപ്പിക്കുവാൻ ആഗ്രഹിക്കുകയും ചെയ്തു.



*ചിത്രം 12.4*
*നിസ്സഹകരണ പ്രസ്ഥാനം,*
*ജൂലായ് 1922*
കൂട്ടിയിട്ട് കത്തിക്കുവാനായി ശേഖരിക്കപ്പെട്ട വിദേശവസ്ത്രങ്ങൾ

ടുകയും ചെയ്തു. നിരവധി കോൺസ്റ്റബിൾമാർ ആവൻ തീപിടുത്തത്തിൽ എരിഞ്ഞടങ്ങി. ഈ അക്രമ സംഭവം നിസ്സഹകരണപ്രസ്ഥാനത്തെത്തന്നെ പിൻവലിക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ചു. "പ്രതിരോധമില്ലാത്തവരായിത്തീരുകയും ജനക്കൂട്ടത്തിന്റെ കാരുണ്യത്തിലേക്ക് സ്വയം എടുത്തെറിയുകയും ചെയ്ത മനുഷ്യരെ കൊലപ്പെടുത്തിയത് ഒരു പ്രകോപനത്തിനും ന്യായീകരിക്കാൻ കഴിയില്ല" - ഗാന്ധിജി ഊന്നിപ്പറഞ്ഞു.

നിസ്സഹകരണ പ്രസ്ഥാനത്തിനിടെ ആയിരക്കണക്കിന് ഇന്ത്യക്കാർ ജയിലിലടയ്ക്കപ്പെട്ടു. 1922 മാർച്ചിൽ, രാജ്യദ്രോഹക്കുറ്റം ചുമത്തി ഗാന്ധിജിയെ അറസ്റ്റ് ചെയ്തു. അദ്ദേഹത്തിന്റെ വിചാരണനടപടികൾക്ക് നേതൃത്വം നൽകിയ ജഡ്ജിയായിരുന്ന ജസ്റ്റിസ് സി.എൻ. ബ്രൂംഫീൽഡ് (C.N.Broomfield) വിധിപ്രസ്താവം നടത്തിക്കൊണ്ട് ഒരു ശ്രദ്ധേയമായ പ്രസംഗം നടത്തി. "ഞാൻ ഇന്നുവരെ വിചാരണ ചെയ്ത വ്യക്തികളിൽനിന്നും, വിചാരണ ചെയ്യാൻ സാധ്യതയുള്ള വ്യക്തികളിൽ നിന്നും വളരെ വ്യത്യസ്തനാണ് താങ്കൾ എന്ന വസ്തുത അവഗണിക്കാനാവുന്നില്ല. താങ്കളുടെ നാട്ടുകാരായ ലക്ഷങ്ങളുടെ കണ്ണിൽ താങ്കൾ ഒരു മഹാനായ രാജ്യസ്നേഹിയും സമുന്നതനായ നേതാവുമാണ് എന്ന വസ്തുതയും അവഗണിക്കാനാവുന്നില്ല. രാഷ്ട്രീയത്തിൽ താങ്കളെ എതിർക്കുന്നവർപോലും ഉന്നതമായ ആദർശം പുലർത്തുന്ന, പുണ്യാത്മജീവിതം പോലും നയിക്കുന്ന ആളായിട്ടാണ് താങ്കളെ കാണുന്നത്." എന്നിരുന്നാലും, ഗാന്ധിജി നിയമം ലംഘിച്ചതിനാൽ ആറു വർഷത്തെ തടവുശിക്ഷയ്ക്ക് വിധിക്കേണ്ടത് നീതിപീഠത്തിന്റെ ബാധ്യതയായിരുന്നു. "ഒരുപക്ഷേ, ഇന്ത്യയിലെ വരുംകാല സംഭവവികാസങ്ങൾ ഗവൺമെന്റിന് താങ്കളുടെ ശിക്ഷയുടെ കാലാവധി കുറയ്ക്കാനും താങ്കളെ മോചിപ്പിക്കാനും അനുവദിക്കുന്ന തരത്തിലുള്ളവയാണെങ്കിൽ അതിൽ മറ്റാരെക്കാളും ഏറ്റവുമധികം സന്തോഷിക്കുന്നത് ഞാനായിരിക്കും", എന്ന് വിധി പ്രസ്താവിച്ചുകൊണ്ടു ജഡ്ജി ബ്രൂംഫീൽഡ് പറഞ്ഞു.

### 2.2 ജനങ്ങളുടെ നേതാവ് (A people's leader)

1922 ആയപ്പോഴേക്കും, 1916 ഫെബ്രുവരിയിൽ ബനാറസ് ഹിന്ദു സർവകലാശാലയിൽ നടത്തിയ പ്രസംഗത്തിലെ വാക്ക് പാലിച്ചുകൊണ്ട് ഗാന്ധിജി ഇന്ത്യൻ ദേശീയപ്രസ്ഥാനത്തെ മാറ്റിമറിച്ചിരുന്നു. അത് ഇനിമേൽ ബുദ്ധിജീവികളുടെയും ഉദ്യോഗസ്ഥരുടെയും പ്രസ്ഥാനമല്ല, മറിച്ച് ഇപ്പോൾ നൂറായിരക്കണക്കിന് കർഷകരും തൊഴിലാളികളും കൈവേലക്കാരും അതിൽ പങ്കെടുക്കുന്നുണ്ടായിരുന്നു. അവരിൽ പലരും ഗാന്ധിജിയെ "മഹാത്മ" എന്ന് വിശേഷിപ്പിച്ചുകൊണ്ട് ആരാധിക്കുവാൻ തുടങ്ങി. അദ്ദേഹം തങ്ങളെപ്പോലെ വസ്ത്രം ധരിക്കുന്നു, തങ്ങളെപ്പോലെ ജീവിക്കുന്നു, തങ്ങളുടെ ഭാഷകൾ സംസാരിക്കുന്നു എന്ന വസ്തുത അവർ ആസ്വദിച്ചു. മറ്റ് നേതാക്കളിൽ നിന്ന് വ്യത്യസ്തനായി പൊതുജനങ്ങളിൽനിന്ന് അകലം പാലിക്കാതെ അദ്ദേഹം അവരോട് സഹാനുഭൂതി കാണിക്കുകയും അവരിലൊരാളായി മാറുകയും ചെയ്തു.

ഈ വ്യക്തിത്വസവിശേഷത അദ്ദേഹത്തിന്റെ വസ്ത്രധാരണത്തിലും ദൃശ്യമായിരുന്നു. മറ്റ് ദേശീയ നേതാക്കൾ ഔപചാരികവേഷമായി പാശ്ചാത്യരുടെ കോട്ടും *ബന്ദ്ഗാല* പോലുള്ള മുന്തിയതരം വസ്ത്രങ്ങളും ധരിച്ചപ്പോൾ, ഒരു സാധാരണ *ധോത്തി*യോ അരവസ്ത്രമോ മാത്രം ധരിച്ചുകൊണ്ട് ഗാന്ധിജി ജനങ്ങൾക്കിടയിലേക്ക് ഇറങ്ങിച്ചെന്നു. അതിനിടെ, അദ്ദേഹം ഓരോ ദിവസവും നിശ്ചിതസമയം *ചർക്ക* (നൂൽ നൂൽപ് ചക്രം) ഉപയോഗിക്കുകയും മറ്റു ദേശീയ നേതാക്കന്മാരെ അതുപോലെ ചെയ്യാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഈ നൂൽ നൂൽക്കൽ പ്രക്രിയയിലൂടെ പരമ്പരാഗത ജാതിവ്യവസ്ഥയ്ക്കുള്ളിൽ നിലനിന്നിരുന്ന മാനസികാധ്വാനത്തിനും കായികാധ്വാനത്തിനും ഇടയിലുള്ള അതിർവരമ്പുകൾ ഇല്ലാതാക്കുവാൻ ഗാന്ധിജിക്ക് സാധിച്ചു.

*ചിത്രം 12.5*
*ചർക്കയോടൊത്തുള്ള മഹാത്മാഗാന്ധി ഇന്ത്യൻ ദേശീയതയുടെ ശക്തമായ പ്രതിനിധാനമായി മാറി.*

1921 ൽ ഒരു ദക്ഷിണേന്ത്യാ പര്യടനവേളയിൽ താൻ ദരിദ്രജനതയോടൊപ്പമാണെന്ന് സ്ഥാപിക്കുന്നതിനായി ഗാന്ധിജി തലമുണ്ഡനം ചെയ്യുകയും ഒരു അരവസ്ത്രം മാത്രം ധരിക്കാൻ ആരംഭിക്കുകയും ചെയ്തു. ആധുനിക ലോകത്തിന്റെ ഉപഭോക്തൃസംസ്കാരത്തോടുള്ള നിഷേധത്തിന്റെ പ്രതീകാത്മക ഗുണങ്ങളായ കഠിനവ്രതത്തിന്റെയും ഇന്ദ്രിയനിഗ്രഹത്തിന്റെയും ആഘോഷമായി അദ്ദേഹത്തിന്റെ ഈ പുതിയ വേഷം.

ചരിത്രകാരനായ ഷാഹിദ് അമീൻ പ്രാദേശിക പത്രങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ട റിപ്പോർട്ടുകളെയും കിംവദന്തികളെയും അടിസ്ഥാനപ്പെടുത്തി നടത്തിയ ആകർഷണീയമായ ഒരു പഠനത്തിൽ കിഴക്കൻ ഉത്തർപ്രദേശിലെ കർഷകർക്കിടയിൽ ഗാന്ധിജിക്കുണ്ടായിരുന്ന സ്ഥാനം കണ്ടെത്തുകയുണ്ടായി. 1921 ഫെബ്രുവരിയിൽ ഈ പ്രദേശങ്ങളിലൂടെ ഗാന്ധിജി നടത്തിയ യാത്രകളിലുടനീളം ആരാധനാനിർഭരരായ ജനാവലികളാണ് അദ്ദേഹത്തെ സ്വീകരിച്ചത്. അദ്ദേഹത്തിന്റെ പ്രസംഗസ്ഥലങ്ങളിലെ അന്തരീക്ഷത്തെക്കുറിച്ച് ഗൊരഖ്പുരിലെ ഒരു ഹിന്ദി പത്രം റിപ്പോർട്ട് ചെയ്തത് ഇപ്രകാരമാണ്;

*സ്രോതസ്സ് 1*

## *ചർക്ക (Charkha)*

യന്ത്രങ്ങൾ മനുഷ്യനെ അടിമകളാക്കുകയും തൊഴിലില്ലാതാക്കുകയും ചെയ്യുന്ന, ആധുനിക യുഗത്തിന്റെ ശക്തനായ വിമർശകനായിരുന്നു മഹാത്മാഗാന്ധി. യന്ത്രങ്ങളേയും സാങ്കേതികവിദ്യയേയും മഹത്വവൽക്കരിക്കാത്ത മനുഷ്യസമൂഹത്തിന്റെ പ്രതീകമായാണ് അദ്ദേഹം ചർക്കയെ കണ്ടത്. കൂടാതെ, പാവപ്പെട്ടവർക്ക് ചെറിയൊരു അധികവരുമാനവും സ്വയംപര്യാപ്തതയും നേടിക്കൊടുക്കുന്ന ഒന്നായിരുന്നു നൂൽപിരിക്കൽ യന്ത്രം.



*ചിത്രം 12.5*

അപ്പാടെ യന്ത്രങ്ങൾക്ക് പിന്നാലെ പോകുന്നതിനെയാണ് ഞാൻ എതിർക്കുന്നത്. ജോലിഭാരം കുറയ്ക്കാനുള്ള യന്ത്രങ്ങൾക്ക് പിന്നാലെയാണ് ഈ പരക്കംപാച്ചിൽ. ആയിരങ്ങൾ തൊഴിൽ രഹിതരായി പട്ടിണികിടന്ന് മരിക്കാൻ തെരുവോരങ്ങളിലേക്ക് എറിയപ്പെടുന്നതുവരെയും ആളുകൾ "ജോലിഭാരം കുറയ്ക്കുന്ന"തിന് പിന്നാലെ പാഞ്ഞുകൊണ്ടിരിക്കുന്നു. ഞാൻ സമയവും ജോലിയും ലാഭിക്കാൻ ആഗ്രഹിക്കുന്നു, മനുഷ്യരാശിയിലെ ഒരു വിഭാഗത്തിന് വേണ്ടിയല്ല, എല്ലാവർക്കും വേണ്ടി; ഞാൻ സ്വത്ത് കേന്ദ്രീകരണം ആഗ്രഹിക്കുന്നു, ഏതാനും ചിലരുടെ കൈകളിലല്ല, എല്ലാപേരുടെയും കൈകളിൽ.

*യങ് ഇന്ത്യ,* 13 നവംബർ 1924

യന്ത്രങ്ങളെയൊന്നാകെ ഇല്ലാതാക്കാനല്ല, അതിന്റെ ഉപയോഗം ക്രമീകരിക്കാനും ത്വരിതവ്യാപനത്തെ ചെറുക്കാനുമാണ് ഖദർ ശ്രമിക്കുന്നത്. അത് ഏറ്റവും ദരിദ്രരായവരുടെ സേവനത്തിനായി അവരുടെ സ്വന്തം കുടിലുകളിൽ യന്ത്രത്തെ ഉപയോഗിക്കുന്നു. ചക്രം തന്നെ ഒരു ഒന്നാന്തരം യന്ത്രമാണ്.

*യങ് ഇന്ത്യ,* 17 മാർച്ച് 1927

> ഭാട്നി പ്രദേശത്തെ ജനങ്ങളെ അഭിസംബോധന ചെയ്ത ശേഷം ഗാന്ധി ട്രെയിനിൽ ഗൊരഖ്പുരിലേക്ക് പുറപ്പെട്ടു. നൂംൻകാറിലും ദിയോറിയയിലും ഗൗരിബസാറിലും ചൗരി- ചൗരയിലും കുഷ്മിയിലുമെല്ലാം (സ്റ്റേഷനുകൾ) 15,000 ത്തിലും 20,000 ത്തിലും കുറയാത്ത ജനസഞ്ചയം ഗാന്ധിജിയെ കാത്തുനിന്നിരുന്നു. കാടിന് നടുവിലായിരുന്നിട്ടും കുഷ്മി എന്ന സ്റ്റേഷനിൽ 10000 ത്തിൽ കുറയാത്ത ജനാവലി തന്നെക്കാണാൻ എത്തിയ കാഴ്ച കണ്ട് മഹാത്മജി വളരെ സന്തുഷ്ടനായി. പലരും സ്നേഹാധിക്യത്താൽ കരയുന്നതായി കാണപ്പെട്ടു. ദിയോറിയയിൽ പലരും ഗാന്ധിജിക്ക് സംഭാവനകൾ നൽകുവാനെത്തി. എന്നാൽ അവയെല്ലാം ഗൊരഖ്പുരിൽ നൽകിയാൽ മതിയെന്ന് അദ്ദേഹം പറഞ്ഞു, പക്ഷേ, ചൗരി-ചൗരയിലെ മാന്യനായ ഒരു മാർവാഡി ഗാന്ധിജിക്ക് എന്തോ ഒന്ന് കൈമാറി. അതിനുശേഷം ഒന്നും തടഞ്ഞു നിർത്താനായില്ല. അവിടെ ഒരു തുണിവിരിച്ചതിൽ നോട്ടുകളും ചില്ലറകളും മഴപോലെ വീഴുകയായിരുന്നു. അതൊരു കാഴ്ച തന്നെയായിരുന്നു... ഗൊരഖ്പൂർ സ്റ്റേഷന് പുറത്ത് മഹാത്മ ഒരു ഉയർന്ന വാഹനത്തിൽ കയറിനിന്നു. അവിടെ കൂടി നിന്നവർക്ക് രണ്ടു മിനിട്ട് അദ്ദേഹത്തിന്റെ ദർശനം ലഭിച്ചു.

ഗാന്ധിജി പോകുന്നിടത്തെല്ലാം അദ്ദേഹത്തിന്റെ മായികശക്തിയെപ്പറ്റി കിംവദന്തികൾ പരന്നു. കർഷകരുടെ ദുരിതങ്ങൾ പരിഹരിക്കാൻ അദ്ദേഹത്തെ രാജാവ് അയച്ചതാണെന്നും എല്ലാ പ്രാദേശിക ഉദ്യോഗസ്ഥരെയും മറികടക്കുവാനുള്ള അധികാരം അദ്ദേഹത്തിനുണ്ടെന്നും ചിലയിടങ്ങളിൽ പ്രചരിക്കപ്പെട്ടു. മറ്റ് ചില സ്ഥലങ്ങളിൽ, ഇംഗ്ലീഷ് രാജാവിനെക്കാൾ മുകളിലാണ് ഗാന്ധിജിയുടെ അധികാരമെന്നും അദ്ദേഹത്തിന്റെ വരവോടെ കോളനി ഭരണാധികാരികൾ ആ ജില്ലയിൽ നിന്ന് പറക്കുമെന്നും ചിലർ അവകാശപ്പെട്ടു. അദ്ദേഹത്തെ എതിർക്കുന്നവർക്ക് കഠിനമായ ദുരനുഭവങ്ങൾ ഉണ്ടാകുമെന്ന കഥകളും പരന്നു. ഗാന്ധിജിയെ വിമർശിച്ചവരുടെ വീടുകൾ അജ്ഞാതമായ രീതിയിൽ തകർന്നുവീണെന്നും കൃഷി നശിച്ചെന്നുമുള്ള കിംവദന്തികളും പ്രചരിച്ചു.

"ഗാന്ധി ബാബ" എന്നും "ഗാന്ധിമഹാരാജ" എന്നും "മഹാത്മ" എന്നുമൊക്കെ അറിയപ്പെട്ട ഗാന്ധിജി കർഷകർക്ക്, ഉയർന്ന നികുതികളിൽ നിന്നും, അടിച്ചമർത്തുന്ന അധികാരകളിൽ നിന്നും തങ്ങളെ മോചിപ്പിക്കുന്നവനും തങ്ങളുടെ ജീവിതത്തിന് അന്തസ്സും സ്വയംഭരണാധികാരവും വീണ്ടെടുത്തു നൽകുന്നവനുമായ രക്ഷകനായിരുന്നു. ഗാന്ധിജിയുടെ ഋഷിതുല്യമായ ജീവിതരീതിയും, *ചർക്ക, ധോത്തി* എന്നീ ചിഹ്നങ്ങളുടെ കൃത്യമായ ഉപയോഗവും, പാവപ്പെട്ടവർക്കിടയിൽ, പ്രത്യേകിച്ച് കർഷകർക്കിടയിൽ, അദ്ദേഹത്തിനുള്ള മതിപ്പ് വർധിപ്പിച്ചു. മഹാത്മഗാന്ധി ജാതികൊണ്ട് വ്യാപാരിയും ഉദ്യോഗം കൊണ്ട് അഭിഭാഷകനും ആയിരുന്നു എങ്കിലും അദ്ദേഹത്തിന്റെ ലളിതമായ ജീവിതരീതിയും സ്വയം കൈത്തൊഴിൽ ചെയ്യുവാനുള്ള അദ്ദേഹത്തിന്റെ താൽപ്പര്യവും പാവപ്പെട്ട തൊഴിലാളികളുമായി താദാത്മ്യം പ്രാപിക്കുവാൻ അദ്ദേഹത്തെ സഹായിക്കുകയും തിരികെ അദ്ദേഹത്തോട് താദാത്മ്യം പ്രാപിക്കുവാൻ അവരെ പ്രാപ്തരാക്കുകയും ചെയ്തു. മറ്റ് രാഷ്ട്രീയ നേതാക്കൾ അവരോട് അങ്ങോട്ട് സംസാരിച്ചപ്പോൾ അതിൽ നിന്ന് വ്യത്യസ്തനായി ഗാന്ധിജി അവരെ മനസ്സിലാക്കുവാനും അവരുടെ ജീവിതങ്ങളുമായി ഇഴുകിച്ചേരുവാനുമാണ് ശ്രമിച്ചത്.

*സ്രോതസ്സ് 2*

### *അത്ഭുതകരവും അവിശ്വസനീയവും*
### (The miraculous and the unbelievable)

അക്കാലത്ത് പ്രചരിച്ചിരുന്ന നിരവധി കിംവദന്തികൾ യുണൈറ്റഡ് പ്രൊവിൻസിലെ പ്രാദേശിക ദിനപത്രങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മഹാത്മാഗാന്ധിയുടെ മായിക ശക്തി പരീക്ഷിക്കാൻ ശ്രമിച്ചവരൊക്കെയും അത്ഭുതപ്പെട്ടുപോയി എന്ന് കിംവദന്തികൾ പ്രചരിച്ചിരുന്നു:

1. ബസ്തിയിലെ ഒരു ഗ്രാമത്തിലെ സിക്കന്ദർ സാഹു എന്നയാൾ, തന്റെ *കാർഖാന (karkhana)* യിലെ (*ഗുർ* (ശർക്കര) ഉൽപ്പാദിപ്പിക്കുന്ന സ്ഥലം) കരിമ്പിൻ ചാറ് നിറച്ചു വച്ചിരിക്കുന്ന *കാര (kara)* (തിളപ്പിക്കുന്ന പാത്രം) രണ്ടായി പിളരുമെങ്കിൽ താൻ മഹാത്മജിയിൽ വിശ്വസിക്കുമെന്ന് ഫെബ്രുവരി 15 ന് പറഞ്ഞു. ഉടൻതന്നെ സത്യമായും ആ *കാര* നെടുകെ രണ്ടായി പിളർന്നു.

2. താൻ മഹാത്മജിയുടെ ആധികാരികതയിൽ വിശ്വസിക്കണമെങ്കിൽ, തന്റെ ഗോതമ്പ് വിതച്ച തോട്ടത്തിൽ എള്ള് മുളയ്ക്കണമെന്ന് അസംഗഡിലെ ഒരു കർഷകൻ പറഞ്ഞു. അടുത്ത ദിവസം തന്നെ ആ പാടത്തിലെ ഗോതമ്പെല്ലാം എള്ളായി മാറി.

*(തുടരും)*

*സ്രോതസ്സ് 2 (തുടർച്ച)*

മഹാത്മഗാന്ധിയെ തള്ളിപ്പറഞ്ഞവർക്ക് തീർച്ചയായും ദുരന്തങ്ങൾ നേരിടേണ്ടി വന്നതായും ചില കിംവദന്തികൾ പ്രചരിച്ചിരുന്നു.

1. ഗൊരഖ്പൂർ നഗരത്തിലെ ഒരു മാന്യൻ ചർക്കയിൽ ഇഴ നൂൽക്കുന്നതിന്റെ ആവശ്യകതയെ ചോദ്യം ചെയ്തു. അദ്ദേഹത്തിന്റെ വീട് അഗ്നിക്കിരയായി.

2. 1921 ഏപ്രിലിൽ, ഉത്തർപ്രദേശിലെ ഒരു ഗ്രാമത്തിൽ ചിലർ ചൂതുകളിക്കുകയായിരുന്നു. ആരോ ഒരാൾ അവരോട് കളി നിർത്താൻ പറഞ്ഞു. അതിൽ ഒരാൾ മാത്രം കളി നിർത്താൻ വിസമ്മതിക്കുകയും ഗാന്ധിജിയെ അധിക്ഷേപിക്കുകയും ചെയ്തു. അടുത്ത ദിവസം അദ്ദേഹത്തിന്റെ ആടിനെ അദ്ദേഹത്തിന്റെ തന്നെ നാല് പട്ടികൾ കടിച്ച് മുറിവേൽപ്പിച്ചു.

3. ഗൊരഖ്പൂരിലെ ഒരു ഗ്രാമത്തിൽ കർഷകർ മദ്യപാനം ഉപേക്ഷിക്കാൻ പ്രതിജ്ഞയെടുത്തു. അതിലൊരാൾ ആ വാഗ്ദാനം പാലിച്ചില്ല. അയാൾ മദ്യശാലയിലേക്ക് പുറപ്പെട്ട ഉടനെതന്നെ വഴി നീളെ ഇഷ്ടികകഷ്ണങ്ങൾ വർഷിക്കാൻ തുടങ്ങി. എന്നാൽ അദ്ദേഹം ഗാന്ധിജിയുടെ നാമം ഉച്ചരിച്ചതോടുകൂടി അത് അവസാനിച്ചു.

ഷാഹിദ് അമീൻ, "ഗാന്ധി ആസ് മഹാത്മ", *സബാൾട്ടേൺ സ്റ്റഡീസ് III*, ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്, ഡൽഹി എന്നതിൽ നിന്ന്.

➲ പ്രമേയം പതിനൊന്നിൽ നിങ്ങൾ കിംവദന്തികളെപ്പറ്റി വായിക്കുകയും കിംവദന്തികളുടെ വ്യാപനം അന്നത്തെ വിശ്വാസങ്ങളുടെ ഘടനയെക്കുറിച്ച് നമ്മോട് പറയുന്നു എന്ന് മനസ്സിലാക്കുകയും ചെയ്തു: അവ നമ്മോട് പറയുന്നത് കിംവദന്തികളിൽ വിശ്വസിക്കുന്ന ജനതയുടെ മാനസികാവസ്ഥയെക്കുറിച്ചും അതൊക്കെ വിശ്വസനീയമാക്കിയ സാഹചര്യങ്ങളെക്കുറിച്ചുമാണ്. ഗാന്ധിജിയെക്കുറിച്ചുള്ള ഈ കിംവദന്തികൾ എന്ത് പ്രതിഫലിപ്പിക്കുന്നുവെന്നാണ് നിങ്ങൾ ചിന്തിക്കുന്നത്?

മഹാത്മാഗാന്ധിക്ക് കിട്ടിയ ബഹുജനസമ്മതി സംശയാതീതമായ യാഥാർഥ്യമായിരുന്നു – ഇന്ത്യൻ രാഷ്ട്രീയത്തിൽ കീഴ്വക്കങ്ങൾക്കതീതമായി-ശ്രദ്ധാപൂർവമുള്ള സംഘാടനത്തിലൂടെയാണ് ദേശീയതയുടെ അടിത്തറ വിപുലപ്പെടുത്തുന്നതിൽ അദ്ദേഹം വിജയിച്ചതെന്നുകൂടി ഉറപ്പിച്ചു പറയേണ്ടതുണ്ട്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ കോൺഗ്രസിന്റെ പുതിയ ശാഖകൾ രൂപീകരിച്ചു. നാട്ടുരാജ്യങ്ങളിൽ ദേശീയബോധം പ്രോത്സാഹിപ്പിക്കാനായി "പ്രജാമണ്ഡലങ്ങൾ" സ്ഥാപിച്ചു. ഭരണാധികാരികളുടെ ഭാഷയായ ഇംഗ്ലീഷിനുപകരം ദേശീയതയുടെ സന്ദേശപ്രചാരണം മാതൃഭാഷയിലാക്കാൻ അദ്ദേഹം പ്രോത്സാഹനം നൽകി. അങ്ങനെ കോൺഗ്രസിന്റെ പ്രവിശ്യാകമ്മിറ്റികൾ ബ്രിട്ടീഷുകാരുടെ കൃത്രിമ സൃഷ്ടിയായ പ്രാദേശിക അതിർത്തികളെ അവഗണിച്ചുകൊണ്ട് പ്രാദേശിക ഭാഷാടിസ്ഥാനത്തിലുള്ളവയായിത്തീർന്നു. ഇങ്ങനെ വ്യത്യസ്ത വഴികളിലൂടെ ദേശീയത രാജ്യത്തിന്റെ ഓരോ മുക്കിലും മൂലയിലും നാളിതുവരെ സ്പർശിക്കപ്പെടാത്ത സാമൂഹിക വിഭാഗങ്ങൾക്കിടയിൽപോലും ചെന്നെത്തി.

ഈ കാലഘട്ടത്തിനുള്ളിൽ കോൺഗ്രസിനെ പിന്തുണയ്ക്കുന്നവരിൽ വളരെ സമ്പന്നരായ ചില വ്യാപാരികളും വ്യവസായികളും ഉണ്ടായിത്തീർന്നു. ഇന്ത്യ സ്വതന്ത്രമായാൽ ബ്രിട്ടീഷ് സംരംഭകർ അനുഭവിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ അവസാനിക്കുമെന്ന് ഇന്ത്യൻ സംരംഭകർ വളരെപ്പെട്ടെന്ന് മനസ്സിലാക്കി. ഇവരിൽ ജി.ഡി. ബിർളയെപ്പോലുള്ള സംരംഭകർ ദേശീയപ്രസ്ഥാനത്തെ പരസ്യമായി പിന്താങ്ങി, മറ്റു ചിലർ പരോക്ഷമായും. അങ്ങനെ പാവപ്പെട്ട കർഷകരെപ്പോലെ ധനികരായ വ്യവസായികളും ഗാന്ധിജിയുടെ ആരാധകരായി; പക്ഷേ കർഷകർ ഗാന്ധിജിയെ പിന്തുടർന്നതിന്റെ കാരണങ്ങൾ വ്യവസായികളുടേതിൽ നിന്നും വിഭിന്ന (പലപ്പോഴും എതിരായിട്ടുള്ളവ) മായിരുന്നു.

"ഗാന്ധിയൻ ദേശീയത" എന്ന് നമുക്ക് വിളിക്കാവുന്ന പ്രതിഭാസത്തിന്റെ വളർച്ച മഹാത്മഗാന്ധിയുടെ പ്രധാന പങ്കിനോടൊപ്പം അദ്ദേഹത്തിന്റെ അനുയായികളുടെ പങ്കിനെയും വലിയൊരളവ് വരെ ആശ്രയിച്ചിരുന്നു. 1917 നും 1922 നും മധ്യേ വളരെ പ്രതിഭാശാലികളായ നിരവധി ഇന്ത്യക്കാർ ഗാന്ധിജിയോടൊപ്പം ചേർന്ന് പ്രവർത്തിച്ചു. മഹാദേവ് ദേശായി, വല്ലഭ് ഭായ് പട്ടേൽ, ജെ.ബി. കൃപലാനി, സുഭാഷ് ചന്ദ്രബോസ്, അബുൾ കലാം ആസാദ്, ജവഹർലാൽ നെഹ്റു, സരോജിനി നായിഡു, ഗോവിന്ദ് ബല്ലഭ് പന്ത്, സി. രാജഗോപാലാചാരി എന്നിവർ അവരിൽപ്പെട്ടവരായിരുന്നു. പ്രധാനമായും ഗാന്ധിജിയുടെ ഈ അടുത്ത സഹചാരികൾ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നും വിവിധ മതപാരമ്പര്യങ്ങളിൽനിന്നും വന്നവരായിരുന്നു. അവർ, അസംഖ്യം ഇന്ത്യക്കാരെ കോൺഗ്രസിൽ അംഗമാകുവാനും അതുമായിച്ചേർന്ന് പ്രവർത്തിക്കുവാനും പ്രചോദിപ്പിച്ചു.

1924 ഫെബ്രുവരിയിൽ മഹാത്മാഗാന്ധി ജയിൽ മോചിതനാവുകയും, തുടർന്ന് വീടുകളിലുണ്ടാക്കുന്ന വസ്ത്രങ്ങളുടെ (*ഖാദി*യുടെ) പ്രചാരണത്തിലും അയിത്തോച്ചാടന പ്രവർത്തനങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. കാരണം, ഒരു രാഷ്ട്രീയക്കാരനെന്നതുപോലെ തന്നെ ഗാന്ധിജി ഒരു സാമൂഹ്യപരിഷ്കർത്താവുംകൂടി

ആയിരുന്നു. സ്വാതന്ത്ര്യത്തിന് അർഹതയുണ്ടാവണമെങ്കിൽ ഇന്ത്യക്കാർ സാമൂഹ്യതിന്മകളായ ശൈശവ വിവാഹത്തെയും തൊട്ടുകൂടായ്മയെയും പോലുള്ളവയെ ദൂരീകരിക്കണമെന്ന് അദ്ദേഹം വിശ്വസിച്ചു. ഒരു വിശ്വാസത്തിൽപ്പെട്ട ഇന്ത്യക്കാർ ഇതരവിശ്വാസികളായ ഇന്ത്യക്കാരോട് തികഞ്ഞ സഹിഷ്ണുതാ മനോഭാവം പുലർത്തണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. അതിനാൽത്തന്നെ ഹിന്ദു-മുസ്‌ലീം ഐക്യത്തിന് അദ്ദേഹം ഊന്നൽ നൽകി. അതേ സമയം, സാമ്പത്തിക കാര്യങ്ങളിൽ ഇന്ത്യക്കാർ സ്വാശ്രയത്വം നേടാൻ പഠിക്കണമെന്ന് അദ്ദേഹം നിർദേശിച്ചു. അതുകൊണ്ടാണ്, വിദേശത്തുനിന്ന് ഇറക്കുമതിചെയ്യുന്ന, മില്ലുകളിൽ ഉത്പാദിപ്പിച്ച വസ്ത്രങ്ങൾക്ക് പകരം *ഖാദി* ധരിക്കുന്നതിന്റെ പ്രാധാന്യത്തിന് അദ്ദേഹം ഊന്നൽ നൽകിയത്.

**➲ ചർച്ച ചെയ്യുക...**
എന്തായിരുന്നു നിസ്സഹകരണം? വ്യത്യസ്ത സാമൂഹികവിഭാഗങ്ങൾ ഇതിൽ പങ്കെടുത്ത വിവിധ രീതികൾ കണ്ടെത്തുക.

## 3. ഉപ്പുസത്യഗ്രഹം (The Salt Satyagraha)
### ഒരു വസ്തുതാപഠനം (A Case Study)

നിസ്സഹകരണ പ്രസ്ഥാനം അവസാനിച്ചതിനുശേഷം കുറേ വർഷങ്ങളോളം മഹാത്മാഗാന്ധി സാമൂഹികപരിഷ്കരണ പ്രവർത്തനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. എന്നാലും 1928 ൽ അദ്ദേഹം രാഷ്ട്രീയത്തിൽ മടങ്ങിയെത്തുന്നതിനെക്കുറിച്ച് ചിന്തിച്ചു തുടങ്ങി. ആ വർഷം കോളനിയുടെ അവസ്ഥകളെക്കുറിച്ച് അന്വേഷിക്കാൻ ഇംഗ്ലണ്ടിൽ നിന്നുമയച്ച വെള്ളക്കാർ മാത്രമുള്ള സൈമൺ കമ്മിഷന് (Simon Commission) എതിരായി അഖിലേന്ത്യാ പ്രക്ഷോഭം നടന്നു. ഇതിൽ ഗാന്ധിജി നേരിട്ടു പങ്കെടുത്തില്ല. എങ്കിലും ഇതേ വർഷം ബർദോളിയിൽ നടന്ന കർഷകരുടെ സത്യഗ്രഹത്തിന് നൽകിയതുപോലെ ഈ പ്രക്ഷോഭത്തിനും അദ്ദേഹത്തിന്റെ എല്ലാ അനുഗ്രഹാശിസ്സുകളും ഉണ്ടായിരുന്നു.

1929 ഡിസംബർ അവസാനം കോൺഗ്രസിന്റെ വാർഷികസമ്മേളനം ലാഹോർ നഗരത്തിൽ നടന്നു. ഈ സമ്മേളനം രണ്ടുകാര്യങ്ങളാൽ ശ്രദ്ധേയമായിരുന്നു; ജവഹർലാൽ നെഹ്റുവിനെ കോൺഗ്രസ്സിന്റെ പ്രസിഡന്റായി തിരഞ്ഞെടുത്തുകൊണ്ട് കോൺഗ്രസ് നേതൃത്വത്തിന്റെ ചെങ്കോൽ യുവതലമുറയിലേക്ക് കൈമാറുന്നതിനെ സൂചിപ്പിച്ചതും, "പൂർണസ്വരാജ്" അഥവാ പൂർണസ്വാതന്ത്ര്യത്തോടുള്ള പ്രതിജ്ഞാബദ്ധതയുടെ പ്രഖ്യാപനവും ആയിരുന്നു അവ. ഇതോടെ ഇന്ത്യൻ രാഷ്ട്രീയത്തിന് വീണ്ടും ആക്കം കൂടി. വിവിധ വേദികളിൽ ദേശീയ പതാക ഉയർത്തിക്കൊണ്ടും ദേശഭക്തിഗാനങ്ങൾ ആലപിച്ചുകൊണ്ടും 1930 ജനുവരി 26 സ്വാതന്ത്ര്യദിനമായി ആചരിച്ചു. സ്വാതന്ത്ര്യദിനാചരണം എങ്ങനെ ആയിരിക്കണമെന്ന് ഗാന്ധിജി നേരിട്ട് കൃത്യമായ നിർദേശങ്ങൾ നൽകി. "ഈ സ്വാതന്ത്ര്യപ്രഖ്യാപനം മുഴുവൻ ഗ്രാമങ്ങളിലും മുഴുവൻ നഗരങ്ങളിലും നടത്തിയാൽ അത് നന്നായിരിക്കും... എല്ലാ യോഗങ്ങളും എല്ലായിടങ്ങളിലും കൃത്യം ഒരേ സമയത്ത് തന്നെ കൂടിയാൽ അതും നന്നായിരിക്കും." അദ്ദേഹം പറഞ്ഞു.

ആ യോഗങ്ങളുടെ സമയം അറിയിക്കുന്നത് പരമ്പരാഗതരീതിയിൽ പെരുമ്പറ മുഴക്കി ആയിരിക്കണമെന്ന് ഗാന്ധിജി നിർദേശിച്ചു. ആഘോഷങ്ങൾ, ദേശീയപതാക ഉയർത്തിക്കൊണ്ടുതന്നെ ആരംഭിക്കണം. ആ ദിവസത്തെ ബാക്കി സമയം മുഴുവനും "നൂൽ നൂൽപ്പോ, 'അയിത്തജാതിക്കാരെ' സേവിക്കലോ, ഹിന്ദു-മുസ്ലീം ഒത്തുചേരലോ, മദ്യനിരോധന പ്രവർത്തനമോ അല്ലെ

ങ്കിൽ ഇതെല്ലാം ഒരുമിച്ചോ ആയി, ക്രിയാത്മകജോലികളിൽ ഏർപ്പെടണം; ഇതൊന്നും തന്നെ അസാധ്യമായതല്ല". പങ്കാളികൾ എല്ലാം ഒത്തുചേർന്ന് ഒരു ദൃഢപ്രതിജ്ഞ എടുക്കണം. "മറ്റേതൊരു ജനതയെയും പോലെ, സ്വാതന്ത്ര്യവും കഠിനാധ്വാനത്തിന്റെ ഫലവും അനുഭവിക്കുക എന്നത് ഇന്ത്യക്കാരുടെ അന്യാധീനപ്പെടുത്താനാവാത്ത അവകാശമാണ്, മാത്രമല്ല ഏതെങ്കിലും ഭരണകൂടം അവിടത്തെ ജനങ്ങൾക്ക് ഈ അവകാശങ്ങൾ നിഷേധിച്ച്, അവരെ അടിച്ചമർത്തുകയാണെങ്കിൽ ജനങ്ങൾക്ക് ആ സർക്കാരിനെ മാറ്റാനോ ഇല്ലാതാക്കാനോ ഉള്ള അവകാശവുമുണ്ട്".

### 3.1 ദണ്ഡി (Dandi)

ഈ "സ്വാതന്ത്ര്യദിനാ"ചരണം കഴിഞ്ഞയുടനെ, ബ്രിട്ടീഷ് ഇന്ത്യയിൽ ഏറ്റവുമധികം വെറുക്കപ്പെടുന്ന ഒരു നിയമം, ഉപ്പുണ്ടാക്കാനും വില്പന നടത്താനുമുള്ളകുത്തക, ഗവൺമെന്റിന് നൽകിയ നിയമം, ലംഘിക്കാനായി താൻ ഒരു സമരയാത്ര നടത്താൻ പോവുകയാണെന്ന് മഹാത്മാഗാന്ധി പ്രഖ്യാപിച്ചു. ഉപ്പിനുമേലുള്ള കുത്തക കേന്ദ്രപ്രശ്നമാക്കി ഉയർത്തിയെടുത്തത് ഗാന്ധിജിയുടെ പ്രായോഗിക ബുദ്ധിയുടെ ഒരു ഉദാഹരണമായിരുന്നു. ഓരോ ഇന്ത്യക്കാരന്റെ വീട്ടിലും ഒഴിച്ചുകൂടാനാകാത്ത ഒന്നായിരുന്നു ഉപ്പ്; എന്നിരുന്നിട്ടും അത് വീട്ടാവശ്യത്തിന് പോലും ഉൽപ്പാദിപ്പിക്കുന്നത് നിരോധിക്കുകയും അവർ കടകളിൽനിന്ന് ഉയർന്ന വിലകൊടുത്ത് വാങ്ങുവാൻ നിർബന്ധിതരാവുകയും ചെയ്തു. ഉപ്പിനുമേലുള്ള ഗവൺമെന്റിന്റെ കുത്തക അത്രമേൽ ജനപ്രീതിയില്ലാതായിത്തീർന്നു. ഇതിനെത്തന്നെ കേന്ദ്രപ്രശ്നമാക്കിക്കൊണ്ട് ബ്രിട്ടീഷ് ഭരണത്തിനെതിരെ ശക്തമായ ജനരോഷം ഇളക്കിവിടാനാകുമെന്ന് ഗാന്ധിജി പ്രതീക്ഷിച്ചു.

*ചിത്രം 12.6*
*ദണ്ഡിയാത്രയിൽ, മാർച്ച് 1930*



ഒട്ടുമിക്ക ഇന്ത്യക്കാർക്കും ഗാന്ധിജിയുടെ ഈ വെല്ലു വിളിയുടെ പ്രാധാന്യം മനസ്സിലായി, പക്ഷേ, ബ്രിട്ടീഷ് ഭരണകൂടത്തിന് ഇത് ശരിക്കും മനസ്സിലാക്കാനായില്ല. ഗാന്ധിജി “ഉപ്പ് സത്യഗ്രഹ”ത്തെക്കുറിച്ച് വൈസ്രോയി യായ ഇർവിൻ പ്രഭുവിന് (Lord Irwin) മുൻകൂർ നോട്ടീസ് നൽകിയിരുന്നുവെങ്കിലും ഈ പ്രവൃത്തിയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിൽ ഇർവിൻ പരാജയപ്പെ ട്ടു. 1930 മാർച്ച് 12 ന് ഗാന്ധിജി സബർമതി ആശ്രമത്തിൽ നിന്ന് കടലിനെ ലക്ഷ്യമാക്കി യാത്ര ആരംഭിച്ചു. മൂന്ന് ആഴ്ചയ്ക്കുശേഷം അദ്ദേഹം ലക്ഷ്യസ്ഥാനത്ത് എത്തി; ഒരു കൈനിറയെ ഉപ്പുണ്ടാക്കിക്കൊണ്ട് നിയമത്തിന്റെ മുന്നിൽ അദ്ദേഹം സ്വയം ഒരു കുറ്റവാളിയാവുകയായി രുന്നു. അതേസമയംതന്നെ രാജ്യത്തിന്റെ മറ്റു ഭാഗങ്ങ ളിലും സമാന്തര ഉപ്പുസമരയാത്രകൾ സംഘടിപ്പിക്ക പ്പെട്ടു.



*ചിത്രം 12.7*
*ഗാന്ധിജിയുടെ അനുയായികളായ സത്യാഗ്രഹികൾ പ്രകൃതിദത്തമായ ഉപ്പ് ശേഖരിക്കുന്നു. ഏപ്രിൽ 6, 1930.*

*സ്രോതസ്സ് 3*

## എന്തുകൊണ്ട് ഉപ്പുസത്യഗ്രഹം? (Why the Salt Satyagraha?)

ഉപ്പ് എന്തുകൊണ്ട് പ്രതിഷേധത്തിന്റെ പ്രതീകമായി? എന്തുകൊണ്ടെന്ന് മഹാത്മാഗാന്ധി എഴുതുന്നു:

ഓരോ ദിനവും ലഭിക്കുന്ന വൃത്താന്തങ്ങളുടെ വ്യാപ്തി കാണിക്കുന്നത് ഉപ്പിന്റെ നികുതി എത്ര ക്രൂരമായിട്ടാണ് രൂപക ല്പന ചെയ്തിരിക്കുന്നത് എന്നാണ്. അതിന്റെ വിലയുടെ പതിനാല് ഇരട്ടിവരെ ചുമത്തിയിരുന്ന നികുതി കൊടുക്കാത്ത ഉപ്പിന്റെ ഉപയോഗം തടയുന്നതിനായി, ലാഭകരമായി വിൽക്കാനാകാതെ വരുന്ന ഉപ്പ് ഗവൺമെന്റ് നശിപ്പിച്ചിരുന്നു. അങ്ങനെ രാജ്യത്തിന്റെ സുപ്രധാന ആവശ്യകതയുടെ മേൽ ഗവൺമെന്റ് നികുതി ചുമത്തുന്നു. പൊതുജനങ്ങൾ അതുണ്ടാക്കു ന്നത് തടയുകയും പ്രകൃതിയിൽ സ്വാഭാവികമായി ഉണ്ടായ ഉപ്പ് നശിപ്പിക്കുകയും ചെയ്യുന്നു. "നായയൊട്ട് തിന്നുകയുമില്ല മറ്റുള്ളവനെ തിന്നാൻ അനുവദിക്കുകയുമില്ല" എന്ന തരത്തിലുള്ള ഈ ദുഷ്ടനയം വരച്ചുകാട്ടാൻ ഒരു വിശേഷണവും മതിയാകില്ല. ഇന്ത്യയിലെ പല ഭാഗങ്ങളിലും രാജ്യത്തിന്റെ ഈ സമ്പത്ത് നീതിരഹിതമായി നശിപ്പിക്കുന്നതിന്റെ കഥകൾ പല വഴികളിലൂടെ ഞാൻ അറിയുന്നു. കൊങ്കൺ തീരത്ത് ടണ്ണുകളല്ല, കുന്നുകളോളം ഉപ്പ് ഇത്തരത്തിൽ നശിപ്പിക്ക പ്പെട്ടു എന്നാണ് പറയപ്പെടുന്നത്. ദണ്ഡിയിൽ നിന്നും ഇതേ കഥകൾ വരുന്നുണ്ട്. പ്രകൃതിദത്തമായി ഉപ്പ് ലഭിക്കുന്ന സ്ഥല ങ്ങളുടെ സമീപ പ്രദേശങ്ങളിൽ താമസിക്കുന്നവർ അവിടെ നിന്ന് അവർക്ക് സ്വന്തം ആവശ്യത്തിനുള്ള ഉപ്പ് ശേഖരിച്ചു കൊണ്ടുപോകാൻ സാധ്യതയുള്ളതിനാൽ, അവിടെയെല്ലാം ഉപ്പ് നശിപ്പിക്കുന്നത് തുടരുവാൻ വേണ്ടി മാത്രമായി ഉദ്യോഗ സ്ഥരെ ഏർപ്പാടാക്കിയിരിക്കുന്നു. അങ്ങനെ രാജ്യത്തിന്റെ വിലപ്പെട്ട സമ്പത്ത് രാജ്യത്തിന്റെ തന്നെ ചെലവിൽ നശിപ്പിക്കു കയും ജനങ്ങളുടെ വായിൽ നിന്ന് ഉപ്പ് തട്ടിത്തെറിപ്പിക്കുകയും ചെയ്യുന്നു.

ഉപ്പുകുത്തക അങ്ങനെ ചതുർമുഖ ശാപമാണ്. വിലപ്പെട്ട, ലളിതമായൊരു ഗ്രാമവ്യവസായത്തെ ഇത് ജനങ്ങൾക്ക് നിഷേ ധിക്കുന്നു, പ്രകൃതി സമൃദ്ധമായി കനിഞ്ഞു നൽകുന്ന സമ്പത്ത് നീതിരഹിതമായി നശിപ്പിക്കുന്നു, നശിപ്പിക്കുക എന്നതുതന്നെ കൂടുതൽ ദേശീയ ചെലവ് എന്നാണർഥം. നാലാമതായി, വിഡ്ഢിത്തരത്തിന് മകുടം ചാർത്തുമാറ്, കേട്ടു കേൾവിപോലുമില്ലാത്ത വിധത്തിൽ പട്ടിണി കിടക്കുന്ന ഒരു ജനതയിൽ നിന്ന് 1000 ശതമാനത്തിലേറെ വരുന്ന ഒരു നികുതി പിഴിഞ്ഞെടുക്കുന്നു.

പൊതുജനത്തിന്റെ ഉദാസീനത ഒന്നുകൊണ്ട് മാത്രമാണ് ഈ നികുതി ഇത്രയും കാലം നിലനിന്നത്. ഇപ്പോൾ വേണ്ടത്ര ഉണർന്നിരിക്കുന്നു, നികുതി അവസാനിക്കേണ്ട കാലം വന്നിരിക്കുന്നു. എത്ര വേഗം ഇത് ഇല്ലാതെയാകും എന്നത് ജന ങ്ങളുടെ ശക്തിയെ ആശ്രയിച്ചിരിക്കുന്നു.

*ദി കളക്റ്റഡ് വർക്ക്സ് ഓഫ് മഹാത്മാഗാന്ധി (സി.ഡബ്ള്യു.എം.ജി),* വാല്യം 49

➲ കൊളോണിയൽ ഭരണകൂടം ഉപ്പ് എന്തിനാണ് നശിപ്പിച്ചത്? ഉപ്പ് നികുതി മറ്റു നികുതികളെക്കാൾ ദുസ്സഹ മാണെന്ന് മഹാത്മാഗാന്ധി കരുതിയത് എന്തുകൊണ്ട്?

*സ്രോതസ്സ് 4*

## "നാളെ നമ്മൾ ഉപ്പ് നികുതിനിയമം ലംഘിക്കും" (Tomorrow we shall break the salt tax law")

1930 ഏപ്രിൽ 5 ന് മഹാത്മാഗാന്ധി ദണ്ഡിയിൽ സംസാരിച്ചു:

> സബർമതിയിൽ നിന്ന് എന്റെ സഹചാരികൾക്കൊപ്പം ദണ്ഡിയിലെ ഈ കടലോരഗ്രാമത്തിലേക്ക് പുറപ്പെട്ടപ്പോൾ, നമ്മെ ഇവിടെ എത്തിച്ചേരാൻ അനുവദിക്കുമെന്ന് ഒരു ഉറപ്പും എനിക്ക് മനസ്സിലുണ്ടായിരുന്നില്ല. സബർമതിയിൽ ആയിരുന്നപ്പോൾത്തന്നെ എന്നെ ചിലപ്പോൾ അറസ്റ്റ് ചെയ്തേക്കും എന്ന് ഒരു ശ്രുതിയുണ്ടായിരുന്നു. ഒരു പക്ഷേ, ഗവൺമെന്റ് എന്റെ സഹചാരികളെ ഇവിടെ എത്തിച്ചേരാൻ അനുവദിച്ചേക്കുമെങ്കിലും, എന്നെ ഇവിടെ എത്തിച്ചേരാൻ അനുവദിക്കുമെന്ന് ഞാൻ ഒരിക്കലും കരുതിയില്ല. ഇത് എന്റെ അപൂർണമായ വിശ്വാസത്തെയാണ് തുറന്നുകാണിക്കുന്നത് എന്ന് ആരെങ്കിലും പറഞ്ഞാൽ, ഞാനത് നിഷേധിക്കുകയുമില്ല. ഞാനിവിടെ എത്തിച്ചേർന്നതിൽ സമാധാനത്തിന്റെയും അഹിംസയുടെയും പങ്ക് തീരെ ചെറുതല്ല: ആ ശക്തി സാർവത്രികമായി അനുഭവപ്പെടുന്നുണ്ട്. ഒരു പക്ഷേ, ഗവൺമെന്റിന് അവർ ഇങ്ങനെ ചെയ്തതിന്, വേണമെങ്കിൽ സ്വയം അഭിനന്ദിക്കാം, കാരണം വേണമെങ്കിൽ അവർക്ക് നമ്മെ എല്ലാവരെയും അറസ്റ്റ് ചെയ്യാമായിരുന്നു. ഈ സമാധാന സേനയെ അറസ്റ്റ് ചെയ്യാനുള്ള ധൈര്യം ഗവൺമെന്റിന് ഇല്ലായിരുന്നു എന്ന് പറയുന്നതിനെ നമ്മൾ പ്രശംസിക്കുന്നു. ഇങ്ങനെയുള്ള ഒരു സേനയെ അറസ്റ്റു ചെയ്യുന്നത് ലജ്ജാകരമായി അവർക്ക് തോന്നിയിട്ടുണ്ടാവാം. തന്റെ അയൽക്കാർ അംഗീകരിക്കാത്ത എന്തെങ്കിലും ചെയ്യുന്നതിൽ ലജ്ജിക്കുന്നയാൾ സത്യത്തിൽ സംസ്കാരമുള്ളവനാണ്. ലോകാഭിപ്രായത്തെ ഭയന്ന് മാത്രമാണ് ഇതിൽ നിന്ന് അവർ പിൻമാറിയതെങ്കിൽ പോലും നമ്മെ അറസ്റ്റ് ചെയ്യാതിരുന്നതിൽ ഗവൺമെന്റ് അഭിനന്ദനമർഹിക്കുന്നു.
>
> നാളെ നമ്മൾ ഉപ്പ് നികുതി നിയമം ലംഘിക്കും. അത് ഗവൺമെന്റ് സഹിക്കുമോ എന്നത് മറ്റൊരു ചോദ്യം. ഒരു പക്ഷേ, ഇത് അവർ സഹിച്ചെന്നുവരില്ല, പക്ഷേ ഈ സംഘത്തോട് അവർ കാണിച്ച ക്ഷമയും സഹിഷ്ണുതയും അഭിനന്ദനാർഹമാണ്...
>
> ഞാനും ഗുജറാത്തിലെയും, രാജ്യത്തിലാകമാനവുമുള്ള പ്രമുഖ നേതാക്കന്മാരെല്ലാവരും അറസ്റ്റ് ചെയ്യപ്പെട്ടാൽ എന്താണ്? ഒരു രാജ്യം മുഴുവൻ ഉണർന്നെണീറ്റ് സമരത്തിന്റെ പാതയിലേക്കിറങ്ങുമ്പോൾ ഒരു നേതാവിന്റെയും ആവശ്യമില്ല എന്ന വിശ്വാസമാണ് ഈ പ്രസ്ഥാനത്തിന്റെ അടിസ്ഥാനം.

*CWMG*, VOL. 49

➲ ഗാന്ധിജി കൊളോണിയൽ ഭരണത്തെ എങ്ങനെ കണ്ടു എന്നതിനെക്കുറിച്ച് എന്താണ് ഈ പ്രസംഗം നമ്മോട് പറയുന്നത്?

നിസ്സഹകരണപ്രസ്ഥാനത്തെപ്പോലെ തന്നെ, ഔദ്യോഗികമായി അധികാരപ്പെടുത്തിയ ദേശീയ പ്രചരണ സമരങ്ങൾക്കു പുറമേ, എണ്ണമറ്റ മറ്റു പ്രക്ഷോഭങ്ങളുടെ പ്രവാഹങ്ങളും ഉണ്ടായി. ഒരിക്കൽ സ്വതന്ത്രമായി വിഹരിച്ചിരുന്ന കാടുകളിൽ പ്രവേശിക്കുന്നതിൽനിന്ന് തങ്ങളെയും തങ്ങളുടെ കന്നുകാലികളെയും വിലക്കിയ വെറുക്കപ്പെട്ട കൊളോണിയൽ വനനിയമം കർഷകർ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ലംഘിച്ചു. ചില പട്ടണങ്ങളിൽ ഫാക്ടറിത്തൊഴിലാളികൾ പണിമുടക്കുകയും അഭിഭാഷകർ ബ്രിട്ടീഷ് കോടതികളും വിദ്യാർഥികൾ സർക്കാർ നടത്തുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളും ബഹിഷ്കരിക്കുകയും ചെയ്തു. 1920–22 കാലയളവിൽ നടന്നതുപോലെ ഇപ്പോഴും ഗാന്ധിജിയുടെ ആഹ്വാനം എല്ലാ വിഭാഗം ഇന്ത്യക്കാരെയും കോളനിഭരണത്തിനെതിരെയുള്ള അവരുടെ രോഷം പ്രകടിപ്പിക്കാൻ പ്രോത്സാഹിപ്പിച്ചു. പ്രതിഷേധക്കാരെ ജയിലറയ്ക്കുള്ളിലാക്കിക്കൊണ്ടാണ് ബ്രിട്ടീഷ് ഭരണാധികാരികൾ ഇതിനെ നേരിട്ടത്. ഉപ്പുസത്യഗ്രഹത്തിന്റെ കാലയളവിൽ ഏതാണ്ട് 60,000 ഇന്ത്യക്കാർ അറസ്റ്റ് ചെയ്യപ്പെട്ടു; അതിൽ തീർച്ചയായും ഗാന്ധിജിയും ഉൾപ്പെട്ടിരുന്നു.

ഗാന്ധിജിയുടെ കടൽത്തീരത്തേക്കുള്ള സമരയാത്രയുടെ പുരോഗതിയെപ്പറ്റി അദ്ദേഹത്തിന്റെ നീക്കങ്ങൾ നിരീക്ഷിക്കാൻ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ രഹസ്യ റിപ്പോർട്ടുകളിൽ നിന്ന് മനസ്സിലാക്കാം. മാർഗമധ്യേയുള്ള ഗ്രാമങ്ങളിൽ അദ്ദേഹം നടത്തിയ പ്രസംഗങ്ങളിൽ പ്രാദേശിക ഉദ്യോഗസ്ഥരോട് ജോലി രാജിവച്ച് സ്വാതന്ത്ര്യസമരത്തിൽ പങ്കുചേരാൻ ആഹ്വാനം ചെയ്തതൊക്കെ ഈ രേഖകൾ പുനർനിർമ്മിക്കുന്നു. വാസ്ന എന്ന ഒരു ഗ്രാമത്തിൽ ഉയർന്ന ജാതിക്കാരോട് ഗാന്ധിജി പറഞ്ഞു, "നിങ്ങൾ സ്വരാജിന് വേണ്ടിയാണ് പ്രവർത്തിക്കുന്നതെങ്കിൽ, നിങ്ങൾ നിർബന്ധമായും അയിത്തജാതി

ക്കാരെ സേവിക്കണം. ഉപ്പുനികുതിയോ മറ്റു നികുതികളോ പിൻവലിച്ച തുകൊണ്ട് മാത്രം നിങ്ങൾക്ക് സ്വരാജ് നേടുവാനാകില്ല. സ്വരാജ് നേടണ മെങ്കിൽ അയിത്തജാതിക്കാരോട് നിങ്ങൾ ചെയ്ത തെറ്റുകൾ തിരുത്താൻ നിങ്ങൾ തയ്യാറാവണം. സ്വരാജ് ലഭിക്കാൻ ഹിന്ദുക്കളും മുസ്ലിങ്ങളും സിക്കുകാരും പാഴ്സികളും ഒന്നിക്കണം. ഇവയാണ് സ്വരാജിലേക്കുള്ള ചവിട്ടുപടികൾ." ഗാന്ധിജിയുടെ ഈ യോഗങ്ങളിൽ, എല്ലാ ജാതിയിലും പെട്ട ഗ്രാമീണരും സ്ത്രീകളും പുരുഷന്മാരും വൻതോതിൽ പങ്കെടുത്ത തായി പോലീസ് ചാരന്മാർ റിപ്പോർട്ട് ചെയ്തിരുന്നു. ആയിരക്കണക്കിന് വോളണ്ടിയർമാർ ദേശീയ പ്രസ്ഥാനത്തിലേക്ക് കൂട്ടത്തോടെ ഒഴുകിയെ ത്തിക്കൊണ്ടിരുന്നു എന്ന് അവർ പ്രസ്താവിക്കുന്നു. കോളനി ഭരണകൂട ത്തിന്റെ ഉദ്യോഗങ്ങളിൽ നിന്ന് രാജിവച്ച് ഇതിലേക്ക് വന്ന ധാരാളം ഉദ്യോ ഗസ്ഥരും ഉണ്ടായിരുന്നു. ജില്ലാ പോലീസ് സൂപ്രണ്ട് ഗവൺമെന്റിന് ഇങ്ങനെ എഴുതി, "മിസ്റ്റർ ഗാന്ധി ശാന്തനും നിയന്ത്രണമുള്ളവനുമായി കാണപ്പെടുന്നു. യാത്ര മുന്നേറുംതോറും അദ്ദേഹം കൂടുതൽ ശക്തി കൈവ രിക്കുകയാണ്."

ഉപ്പുസത്യഗ്രഹത്തിന്റെ പുരോഗതി മറ്റൊരു സ്രോതസ്സായ അമേരിക്കൻ വാർത്താമാസികയായ *ടൈം* ൽ നിന്നും മനസ്സിലാക്കാൻ കഴിയും. ഇത് തുടക്കത്തിൽ, ഗാന്ധിജിയുടെ ആകാരത്തെ പരിഹസിക്കുകയും "മെലിഞ്ഞ ശരീരവും", "ചിലന്തിവല" പോലത്തെ വസ്ത്രവും എന്ന് പുച്ഛിക്കു കയും ചെയ്തു. ഈ യാത്രയെക്കുറിച്ചുള്ള ആദ്യറിപ്പോർട്ടിൽ ദണ്ഡിയാത്ര (salt march) ലക്ഷ്യത്തിലെത്തുമോ എന്ന് *ടൈം* അത്യധികം സംശയിച്ചു. രണ്ടാം ദിവസത്തിന്റെ അവസാനം ഗാന്ധിജി "ക്ഷീണിതനായി നിലത്തു വീണെ"ന്നും "ആ ശോഷിച്ച സന്യാസിക്ക് അധികദൂരം ശാരീരികമായി മുന്നോട്ടുപോകാൻ കഴിയുമെന്ന് തങ്ങൾ വിശ്വസിക്കുന്നില്ലെ"ന്നും മാസിക എഴുതി. പക്ഷേ, ഒരാഴ്ചയ്ക്കുള്ളിൽ *ടൈമി*ന്റെ അഭിപ്രായം മാറി. ഈ മാർച്ച് സ്വരൂപിച്ച അതിഭീമമായ ജനപിന്തുണ കോളനി ഭരണാധികാരി കളെ "നിരാശാപൂർണമായ ഉത്കണ്ഠയിലാഴ്ത്തി" എന്ന് *ടൈം* എഴുതി. "ക്രിസ്ത്യൻ രീതികളെത്തന്നെ ക്രിസ്തീയ വിശ്വാസികളായ മനുഷ്യർക്കെ തിരെയുള്ള ആയുധമാക്കുന്ന" ഗാന്ധിജിയെ ഇപ്പോൾ "പുണ്യവാളൻ" എന്നും "രാജ്യതന്ത്രജ്ഞൻ" എന്നും വിശേഷിപ്പിച്ച് അവർ വണങ്ങി.

*ചിത്രം 12.8*
*1931 ജനുവരിയിൽ മഹാത്മാഗാന്ധി ജയിൽ മോചിതനായതിന് ശേഷം, ഭാവിപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കോൺഗ്രസ് നേതാക്കൾ അലഹബാദിൽ ഒത്തുചേർന്നു.*
(വലത്ത് നിന്ന് ഇടത്തേക്ക്) ജവ ഹർലാൽ നെഹ്റു, ജമ്നാലാൽ ബജാജ്, സുഭാഷ് ചന്ദ്രബോസ്, ഗാന്ധിജി, മഹാദേവ് ദേശായ് (മുന്നിൽ), സർദാർ വല്ലഭായ് പട്ടേൽ എന്നിവരെ നിങ്ങൾക്ക് കാണാം.



*സ്രോതസ്സ് 5*

**പ്രത്യേക നിയോജക മണ്ഡലങ്ങളുടെ പ്രശ്നം (The problem with separate electorates)**

വട്ടമേശസമ്മേളനത്തിൽ മഹാത്മാ ഗാന്ധി അധഃസ്ഥിത വിഭാഗങ്ങൾക്ക് പ്രത്യേക നിയോജകമണ്ഡലങ്ങൾ എന്നതിനെതിരെ തന്റെ വാദമുഖങ്ങൾ നിരത്തി :

"തൊട്ടുകൂടാത്തവർക്ക് പ്രത്യേക നിയോജകമണ്ഡലം എന്നത് അവരെ ശാശ്വതമായി അടിമത്തത്തിൽ തളച്ചിടും... "തൊട്ടുകൂടാത്തവർ" എന്നും തൊട്ടുകൂടാത്തവരായിത്തന്നെ തുടരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? കൊള്ളാം, പ്രത്യേക നിയോജകമണ്ഡലങ്ങൾ ഈ അപമാനത്തിന്റെ അടയാളത്തെ ശാശ്വതമായി നിലനിർത്തും. 'തൊട്ടുകൂടായ്മ' ഇല്ലാതാക്കുക എന്നതാണ് ആവശ്യം, അത് നിങ്ങൾ ചെയ്ത് കഴിയുമ്പോൾ, ധിക്കാരിയായ "ശ്രേഷ്ഠ" വർഗക്കാരൻ "കീഴ്" വർഗക്കാരന് മേൽ ചാർത്തിയിരിക്കുന്ന ദുഷിച്ച തടസ്സം ഇല്ലാതാക്കപ്പെടും. ആ തടസ്സത്തെ നിങ്ങൾ നശിപ്പിച്ചു കഴിയുമ്പോൾ പിന്നെ, പ്രത്യേക നിയോജകമണ്ഡലങ്ങൾ നിങ്ങൾ ആർക്ക് നൽകും?

### 3.2 സംവാദങ്ങൾ (Dialogues)

ഉപ്പുസത്യഗ്രഹം മൂന്ന് കാരണങ്ങളാലെങ്കിലും ശ്രദ്ധേയമായിരുന്നു. ഒന്നാമതായി, ഈ സംഭവമാണ് മഹാത്മാഗാന്ധിയെ ആദ്യമായി ലോകശ്രദ്ധയിലേക്ക് കൊണ്ടുവന്നത് എന്നതാണ്. ഈ യാത്ര യൂറോപ്പിലെയും അമേരിക്കയിലെയും പത്രങ്ങൾ വലിയ പ്രാധാന്യത്തോടെ റിപ്പോർട്ട് ചെയ്തു. രണ്ടാമതായി, സ്ത്രീകൾ വലിയ അളവിൽ പങ്കെടുത്ത ആദ്യത്തെ ദേശീയ സമരം എന്നുള്ളതാണ്. പ്രക്ഷോഭങ്ങളെ പുരുഷന്മാരിൽ മാത്രം ഒതുക്കാതിരിക്കാൻ സോഷ്യലിസ്റ്റ് പ്രവർത്തകയായ കമലാദേവി ചതോപാധ്യായ (Kamaladevi Chattopadhyay) ഗാന്ധിജിയെ പ്രേരിപ്പിച്ചിരുന്നു. ഉപ്പ് നിയമമോ മദ്യനിയമമോ ലംഘിച്ച് സ്വയം അറസ്റ്റ് വരിച്ച അസംഖ്യം വനിതകളിൽ ഒരാളായിരുന്നു കമലാദേവി. മൂന്നാമത്തേത്, ഒരു പക്ഷേ ഏറ്റവും പ്രധാനപ്പെട്ടത്, കോളനിഭരണം എന്നന്നേക്കുമായി നിലനിൽക്കില്ലെന്ന് തിരിച്ചറിയാൻ അധികാരികളെ നിർബന്ധിച്ചതും ചില അധികാരങ്ങൾ ഇന്ത്യക്കാർക്ക് നൽകേണ്ടി വരും എന്ന് ബോധ്യപ്പെടുത്തിയതും ഉപ്പുസത്യഗ്രഹമായിരുന്നു എന്നതാണ്.

ആ ലക്ഷ്യത്തോടെ ബ്രിട്ടീഷ് ഗവൺമെന്റ് ലണ്ടനിൽ അനുക്രമമായി "വട്ടമേശ സമ്മേളനങ്ങൾ" (Round Table Conferences) വിളിച്ചു ചേർത്തു. 1930 നവംബറിലാണ് ഒന്നാമത്തെ സമ്മേളനം നടന്നത്. ഇന്ത്യയിൽ നിന്നുള്ള ആ പ്രമുഖനായ നേതാവിന്റെ അഭാവത്തിൽ നടന്ന ഈ സമ്മേളനം അതിനാൽത്തന്നെ നിഷ്ഫലമായി അവസാനിച്ചു. 1931 ജനുവരിയിൽ ഗാന്ധിജി ജയിൽ മോചിതനായി. തൊട്ടടുത്ത മാസം അദ്ദേഹം വൈസ്രോയിയുമായി നീണ്ട കൂടിയാലോചനകൾ നടത്തി. ഈ കൂടിയാലോചനകൾ "ഗാന്ധി-ഇർവിൻ സന്ധി" (Gandhi-Irwin Pact) യിൽ എത്തിച്ചേർന്നു. ഈ സന്ധിപ്രകാരം സിവിൽ നിയമലംഘനം നിർത്തിവച്ചു; എല്ലാ തടവുകാരെയും മോചിപ്പിച്ചു; തീരദേശത്തുടനീളം ഉപ്പുനിർമിക്കാനുള്ള അനുമതിയും നൽകി. ഈ സന്ധി തീവ്രദേശീയവാദികളുടെ വിമർശനത്തിന് കാരണമായി. ഇന്ത്യക്കാർക്ക് രാഷ്ട്രീയ സ്വാതന്ത്ര്യത്തിനായുള്ള യാതൊരു ധാരണയും വൈസ്രോയിയുമായുള്ള കൂടിക്കാഴ്ചകളിൽ ഗാന്ധിജിക്ക് നേടാൻ കഴിഞ്ഞില്ലെന്നും ആ ലക്ഷ്യത്തിന് വേണ്ടിയുള്ള ചർച്ചകൾ നടത്താം എന്ന വെറുമൊരു ഉറപ്പ് മാത്രമേ അദ്ദേഹത്തിന് നേടാൻ കഴിഞ്ഞുള്ളു എന്നും തീവ്രദേശീയവാദികൾ ഈ സന്ധിയെ വിമർശിച്ചു.

രണ്ടാം വട്ടമേശസമ്മേളനം 1931 ന്റെ അവസാനം ലണ്ടനിൽ ചേരുകയുണ്ടായി. ഇതിൽ ഗാന്ധിജി കോൺഗ്രസിനെ പ്രതിനിധീകരിച്ചു. എന്നിരുന്നാലും തന്റെ പാർട്ടി ഇന്ത്യയെ ഒന്നാകെ പ്രതിനിധീകരിക്കുന്നു എന്ന അദ്ദേഹത്തിന്റെ അവകാശവാദം മൂന്ന് വിഭാഗങ്ങളിൽ നിന്നുള്ള വെല്ലുവിളി നേരിട്ടു; തങ്ങൾ മുസ്‌ലിം ന്യൂനപക്ഷത്തിന്റെ താൽപ്പര്യങ്ങൾക്ക് വേണ്ടി നിലകൊള്ളുന്നു എന്ന് അവകാശപ്പെട്ട് മുസ്‌ലീം ലീഗും, തങ്ങളുടെ പ്രദേശങ്ങളിൽ കോൺഗ്രസിന് യാതൊരു പങ്കുമില്ലെന്ന് പറഞ്ഞ് നാട്ടുരാജാക്കന്മാരും, ഗാന്ധിജിയും കോൺഗ്രസും ശരിക്ക് ഏറ്റവും താണജാതിക്കാരെ പ്രതിനിധീകരിക്കുന്നില്ല എന്ന് സമർഥനായ അഭിഭാഷകനും ചിന്തകനുമായ ബി.ആർ. അംബേദ്കറും വാദിച്ചു.

ലണ്ടനിലെ ഈ സമ്മേളനം ഒരു ധാരണയുമെത്താതെ അവസാനിക്കുകയും ഇന്ത്യയിൽ മടങ്ങിയെത്തിയ ഗാന്ധിജി, സിവിൽ നിയമലംഘന പ്രസ്ഥാനം പുനരാരംഭിക്കുകയും ചെയ്തു. പുതിയ വൈസ്രോയിയായി വന്ന വെല്ലിങ്ടൺ പ്രഭു (Lord Willingdon) ഇന്ത്യക്കാരുടെ ഈ നേതാവിനോട് യാതൊരു അനുഭാവവും ഇല്ലാത്തയാളായിരുന്നു. തന്റെ സഹോദരിക്ക് അയച്ച



*ചിത്രം 12.9*

*1931 നവംബറിൽ ലണ്ടനിൽ നടന്ന രണ്ടാം വട്ടമേശ സമ്മേളനത്തിൽ*
"താഴ്ന്ന ജാതികൾക്ക്" പ്രത്യേക നിയോജകമണ്ഡലമെന്ന ആവശ്യത്തെ ഗാന്ധിജി എതിർത്തു. ഇത് ഇവരെ മുഖ്യധാരാസമൂഹവുമായുള്ള കൂടിച്ചേരലിൽനിന്ന് തടയുകയും സവർണ ഹിന്ദുക്കളിൽനിന്ന് അവരെ എന്നെന്നേക്കുമായി അകറ്റിനിർത്തുകയും ചെയ്യുമെന്ന് അദ്ദേഹം വിശ്വസിച്ചു.

ഒരു സ്വകാര്യക്കത്തിൽ അദ്ദേഹം എഴുതി: "ഗാന്ധിജി ഇല്ലായിരുന്നുവെങ്കിൽ ഈ രാജ്യം വളരെ മനോഹരമായിരുന്നു. ദൈവപ്രേരിതമാണെന്ന് പറഞ്ഞ് അദ്ദേഹം നടത്തുന്ന ഓരോനീക്കത്തിലും രാഷ്ട്രീയ കൗശലം കണ്ടെത്തുവാൻ കഴിയും. എത്രമാത്രം അതിശയിപ്പിക്കുന്ന വ്യക്തിയാണദ്ദേഹം എന്ന് അമേരിക്കൻ പത്രങ്ങൾ പറയുന്നത് ഞാൻ കാണുന്നു... എന്നാൽ ഗാന്ധിയെ വിശുദ്ധമായ ഒന്നായി കാണുന്ന, യാഥാർഥ്യബോധം തീരെ ഇല്ലാത്ത, നിഗൂഢരായ, അന്ധവിശ്വാസികളായ ജനതയ്ക്കിടയിലാണ് നാം ജീവിക്കുന്നത് എന്നതാണ് വസ്തുത..."

ഇങ്ങനെയൊക്കെയാണെങ്കിലും 1935 ലെ പുതിയ "ഇന്ത്യാ ഗവൺമെന്റ് നിയമം", ഏതെങ്കിലും തരത്തിലുള്ള ഒരു പ്രാതിനിധ്യ സർക്കാർ രൂപീകരിക്കാനുള്ള വാഗ്ദാനം നൽകി. രണ്ട് വർഷങ്ങൾക്ക്ശേഷം നിയന്ത്രിത വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ നടന്ന ഒരു തിരഞ്ഞെടുപ്പിൽ കോൺഗ്രസ് സമഗ്രവിജയം നേടി. 11 ൽ എട്ട് പ്രവിശ്യകൾക്കും, ഒരു ബ്രിട്ടീഷ് ഗവർണറുടെ മേൽനോട്ടത്തിൻ കീഴിൽ പ്രവർത്തിക്കുന്ന കോൺഗ്രസ് പ്രധാനമന്ത്രിമാർ ഉണ്ടായി.

കോൺഗ്രസ് മന്ത്രിസഭകൾ അധികാരമേറ്റ് രണ്ട് വർഷങ്ങൾക്ക് ശേഷം, 1939 സെപ്തംബറിൽ, രണ്ടാം ലോകയുദ്ധം (Second World War) പൊട്ടിപ്പുറപ്പെട്ടു. മഹാത്മാഗാന്ധിയും ജവഹർലാൽ നെഹ്റുവും ഹിറ്റ്ലറുടെയും നാസികളുടെയും ശക്തരായ വിമർശകരായിരുന്നു. അതുകൊണ്ട് തന്നെ യുദ്ധം അവസാനിക്കുമ്പോൾ ഇന്ത്യക്ക് സ്വാതന്ത്ര്യം നൽകാം എന്ന് ബ്രിട്ടൻ വാഗ്ദാനം നൽകുകയാണെങ്കിൽ പകരം ബ്രിട്ടീഷുകാരുടെ യുദ്ധശ്രമങ്ങൾക്ക് കോൺഗ്രസ് പിന്തുണ

*സ്രോതസ്സ് 6*

## പ്രത്യേക നിയോജകമണ്ഡലങ്ങളെക്കുറിച്ച് അംബേദ്കർ (Ambedkar on separate electorates )

അധസ്ഥിത വിഭാഗങ്ങൾക്ക് പ്രത്യേക നിയോജകമണ്ഡലങ്ങൾ എന്ന ആവശ്യത്തിനോടുള്ള ഗാന്ധിജിയുടെ എതിർപ്പിന് മറുപടിയായി അംബേദ്കർ എഴുതി:

> നിലനിൽപ്പിനുവേണ്ടിയുള്ള സമരത്തിൽ നിസ്സംശയമായും സ്വയം പിടിച്ച് നിൽക്കാൻ കഴിവില്ലാത്ത ഒരു വിഭാഗം ഇവിടെയുണ്ട്. അവർ ബന്ധിക്കപ്പെട്ടിരിക്കുന്ന മതമാകട്ടെ, ബഹുമാന്യമായ ഒരു സ്ഥാനം അവർക്ക് നൽകുന്നതിന് പകരം, അവരെ സാധാരണ ഇടപാടുകൾ പോലും നടത്താൻ യോഗ്യരല്ലാത്ത കുഷ്ഠരോഗികൾ എന്ന് മുദ്ര കുത്തുന്നു. സാമ്പത്തികമായി, സ്വതന്ത്രമായ ഒരു ജീവിതമാർഗവും തുറക്കപ്പെടാത്ത, ദൈനംദിന ഭക്ഷണത്തിനുപോലും സമ്പൂർണമായും ഉയർന്ന ജാതി ഹിന്ദുക്കളെ ആശ്രയിച്ചു കഴിയുന്ന ഒരു വിഭാഗമാണവർ. ഹിന്ദുക്കളുടെ സാമൂഹിക മുൻവിധികൾ കാരണമല്ല അവർക്കു മുന്നിലെ എല്ലാ വഴികളും അടയ്ക്കപ്പെട്ടിരിക്കുന്നത്; പകരം, അധസ്ഥിതവർഗക്കാർ ജീവിതനിലവാരത്തിൽ ഉയർന്നുവരാനുള്ള ഒരവസരവും അവർക്ക് കിട്ടാതിരിക്കാനായി അവർക്കുമുന്നിലെ സാധ്യമായ സകലവാതിലുകളും താഴിട്ടടയ്ക്കുവാൻ കൃത്യമായ ശ്രമവും നമ്മുടെ ഹിന്ദു സമൂഹത്തിലുണ്ട്.
>
> ഈ സാഹചര്യങ്ങളിൽ സമൂഹത്തിൽ ഇത്രയേറെ വൈകല്യമുള്ളവരാക്കപ്പെട്ട ഒരു സമുദായത്തിന് സംഘടിത സ്വേച്ഛാധിപത്യത്തിനെതിരെയുള്ള അതിജീവനത്തിന്റെ സമരത്തിൽ വിജയിക്കാനുള്ള ഒരേ ഒരു മാർഗം എന്ന നിലയിൽ, അതിന് സ്വയം പരിരക്ഷിക്കാനായി, രാഷ്ട്രീയാധികാരത്തിൽ പങ്കാളിത്തം ഏറ്റവും വലിയ ആവശ്യമാണ് എന്ന് ന്യായമായി ചിന്തിക്കുന്ന എല്ലാ വ്യക്തികളും സമ്മതിക്കും.

ഡോ. ബാബാ സാഹേബ് അംബേദ്കർ "വാട്ട് കോൺഗ്രസ് ആൻഡ് ഗാന്ധി ഹാവ് ഡൺ റ്റു ദി അൺടച്ചബിൾസ്", *റൈറ്റിംഗ്സ് ആൻഡ് സ്പീച്ചസ്*, വാല്യം 9, പേജ് 312.



*ചിത്രം 12.10*
*മഹാത്മാഗാന്ധിയും രാജേന്ദ്രപ്രസാദും വൈസ്രോയി ലിൻലിത്‌ഗോ പ്രഭുവുമായുള്ള ഒരു കൂടിക്കാഴ്ചയ്ക്ക് പോകുന്നു, 13 ഒക്ടോബർ 1939*

**ഈ കൂടിക്കാഴ്ചയിൽ യുദ്ധത്തിൽ ഇന്ത്യയുടെ പങ്കാളിത്തത്തിന്റെ സ്വഭാവത്തെക്കുറിച്ച് ചർച്ച ചെയ്യപ്പെട്ടു. വൈസ്രോയിയുമായുള്ള കൂടിയാലോചന പരാജയപ്പെട്ടപ്പോൾ കോൺഗ്രസ് മന്ത്രിസഭകൾ രാജിവച്ചു.**

നൽകാം എന്ന് ഇവർ ഉറപ്പ്നൽകി. ആ നിർദേശം നിരസിക്കപ്പെട്ടു. പ്രതിഷേധമായി, 1939 ഒക്ടോബറിൽ കോൺഗ്രസ് മന്ത്രിസഭകൾ രാജിവച്ചു. യുദ്ധാനന്തരം സ്വാതന്ത്ര്യം നൽകാമെന്ന ഉറപ്പിനായി ഭരണാധികാരികളിൽ സമ്മർദം ചെലുത്താൻ 1940–1941 കാലയളവിൽ കോൺഗ്രസ് നിരവധി വ്യക്തിസത്യഗ്രഹങ്ങൾ സംഘടിപ്പിച്ചു.

ഇതിനിടയിൽ, 1940 മാർച്ചിൽ, ഉപഭൂഖണ്ഡത്തിലെ മുസ്‌ലീം ഭൂരിപക്ഷ പ്രദേശങ്ങൾക്ക് സ്വയംഭരണം നൽകണം എന്നാവശ്യപ്പെട്ടുകൊണ്ട് മുസ്‌ലീം ലീഗ് ഒരു പ്രമേയം പാസ്സാക്കി. അങ്ങനെ രാഷ്ട്രീയ ഭൂമിക കൂടുതൽ സങ്കീർണമാകാൻ തുടങ്ങി; ഇപ്പോൾ പ്രശ്നങ്ങൾ ഇന്ത്യക്കാരും ബ്രിട്ടീഷുകാരും തമ്മിലല്ല, മറിച്ച് കോൺഗ്രസും മുസ്‌ലീം ലീഗും ബ്രിട്ടീഷുകാരും തമ്മിലുള്ള ഒരു ത്രികോണ പോരാട്ടമായി മാറി. ഈ സമയം ബ്രിട്ടണിൽ ഒരു കൂട്ടുകക്ഷി ഗവൺമെന്റാണ് ഉണ്ടായിരുന്നത്. അതിലെ ലേബർപാർട്ടി അംഗങ്ങൾ ഇന്ത്യൻ അഭിലാഷങ്ങളോട് അനുകമ്പയുള്ളവരായിരുന്നു; എന്നാൽ, യാഥാസ്ഥിതികനായിരുന്ന പ്രധാനമന്ത്രി വിൻസ്റ്റൺ ചർച്ചിൽ (Winston Churchill) ഒരു തികഞ്ഞ സാമ്രാജ്യത്വവാദിയായിരുന്നു. ബ്രിട്ടീഷ് സാമ്രാജ്യം പിരിച്ചുവിടുന്നതിന് അധ്യക്ഷം വഹിക്കാനല്ല, തന്നെ രാജാവിന്റെ പ്രധാനമന്ത്രിയാക്കിയത് എന്ന് അദ്ദേഹം തീർത്ത് പറഞ്ഞു. പക്ഷേ 1942 മാർച്ചിൽ ഗാന്ധിജിയുമായും കോൺഗ്രസുമായും ഒരു ധാരണയ്ക്കായി പരിശ്രമിക്കുവാനായി, തന്റെ മന്ത്രിസഭയിലെ അംഗമായ സർ സ്റ്റാഫോർഡ് ക്രിപ്സിനെ (Sir Stafford Cripps) ഇന്ത്യയിലേക്ക് അയയ്ക്കാൻ ചർച്ചിൽ നിർബന്ധിതനായി. പക്ഷേ, ഇതെല്ലാം തന്നെ അച്ചുതണ്ടുശക്തികളിൽ (Axis Powers) നിന്നും ഇന്ത്യയെ പ്രതിരോധിക്കാൻ, ബ്രിട്ടനെ സഹായിക്കാൻ വേണ്ടിയാണെങ്കിൽ വൈസ്രോയി ഒരു ഇന്ത്യക്കാരനെ തന്റെ എക്സിക്യൂട്ടീവ് കൗൺസിലിലെ പ്രതിരോധ അംഗമായി നിയമിക്കണം എന്ന കോൺഗ്രസിന്റെ ആവശ്യത്തിൽത്തട്ടി ചർച്ച പരാജയപ്പെട്ടു.

*ചിത്രം 12.11*
*മഹാത്മാഗാന്ധി സ്റ്റാഫോർഡ് ക്രിപ്സിനൊപ്പം, മാർച്ച് 1942*



## ➲ ചർച്ച ചെയ്യുക...

സ്രോതസ്സ് 5 ഉം 6 ഉം വായിക്കുക. അധഃസ്ഥിത വർഗക്കാർക്ക് വേണ്ടി പ്രത്യേക നിയോജകമണ്ഡലങ്ങൾ എന്ന വിഷയത്തെപ്പറ്റി അംബേദ്കറും മഹാത്മാഗാന്ധിയും തമ്മിലുള്ള ഒരു സാങ്കല്പിക സംഭാഷണം എഴുതുക.

## 4. ക്വിറ്റ് ഇന്ത്യ (QUIT INDIA)

ക്രിപ്സ്ദൗത്യത്തിന്റെ പരാജയത്തെത്തുടർന്ന് മഹാത്മഗാന്ധി ബ്രിട്ടീഷ് ഭരണത്തിനെതിരായ തന്റെ മൂന്നാമത്തെ മഹാപ്രസ്ഥാനം ആരംഭിക്കാൻ തീരുമാനിച്ചു. 1942 ആഗസ്റ്റിൽ ആരംഭിച്ച "ക്വിറ്റ് ഇന്ത്യ" സമരമായിരുന്നു ഇത്. പെട്ടെന്നു തന്നെ ഗാന്ധിജി ജയിലിലായെങ്കിലും യുവാക്കളായ പ്രവർത്തകർ രാജ്യമെമ്പാടും പണിമുടക്കുകളും അട്ടിമറി പ്രവർത്തനങ്ങളും സംഘടിപ്പിച്ചു. ജയപ്രകാശ് നാരായണനെപ്പോലെയുള്ള കോൺഗ്രസിനുള്ളിലെ സോഷ്യലിസ്റ്റുകൾ ഒളിവിൽ നിന്നുകൊണ്ടുള്ള പ്രതിരോധ പ്രവർത്തനങ്ങളിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ചവരായിരുന്നു. പടിഞ്ഞാറ് സത്താറയും കിഴക്ക് മെദിനിപൂരും പോലെയുള്ള നിരവധി ജില്ലകളിൽ "സ്വതന്ത്ര" സർക്കാരുകൾ പ്രഖ്യാപിക്കപ്പെട്ടു. ബ്രിട്ടീഷുകാർ ഇതിനെതിരെ ശക്തമായി പ്രതികരിച്ചു. എങ്കിലും ഈ പ്രക്ഷോഭം അടിച്ചമർത്താൻ ഒരു വർഷത്തിലേറെ സമയമെടുത്തു.

നൂറായിരക്കണക്കിന് സാധാരണ ഇന്ത്യക്കാരെ പ്രക്ഷോഭത്തിന്റെ പ്രവർത്തനപരിധിയിലേക്ക് കൊണ്ടുവന്ന "ക്വിറ്റ് ഇന്ത്യ" ഒരു യഥാർഥ ബഹുജന പ്രസ്ഥാനമായിരുന്നു. ഇത്, പ്രത്യേകിച്ച് യുവജനതയെ ആവേശം കൊള്ളിച്ചു. അസംഖ്യം യുവജനങ്ങൾ കോളേജുകൾ ഉപേക്ഷിച്ച് ജയിലിലേക്ക് പോയി. എന്നാൽ കോൺഗ്രസ് നേതാക്കളെല്ലാം ജയിലിൽ തളയ്ക്കപ്പെട്ട ഈ അവസരത്തിൽ ജിന്നയും മുസ്‌ലീം ലീഗിലെ അദ്ദേഹത്തിന്റെ സഹപ്രവർത്തകരും തങ്ങളുടെ സ്വാധീനം വിപുലപ്പെടുത്താനുള്ള ശ്രമങ്ങളിൽ ക്ഷമയോടെ വ്യാപൃതരായിരുന്നു. ഈ വർഷങ്ങളിലാണ് മുൻകാലങ്ങളിൽ സാന്നിധ്യം തീരെക്കുറവായിരുന്ന പഞ്ചാബിലും സിന്ധിലും ലീഗ് വേരുറപ്പിക്കാൻ തുടങ്ങിയത്.

### സത്താറ, 1943 (Satara, 1943)

പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനം മുതൽ ജാതിവ്യവസ്ഥയെയും ഭൂപ്രഭുത്വത്തെയും എതിർത്ത ഒരു ബ്രാഹ്മണേതര പ്രസ്ഥാനം മഹാരാഷ്ട്രയിൽ വികാസം പ്രാപിച്ചിരുന്നു. 1930 കളിൽ ഈ പ്രസ്ഥാനം ദേശീയ പ്രസ്ഥാനവുമായി ബന്ധം സ്ഥാപിച്ചു.

1943 ൽ മഹാരാഷ്ട്രയിലെ സത്താറ ജില്ലയിലെ ചില യുവനേതാക്കന്മാർ സന്നദ്ധ പ്രവർത്തകരെയും (*സേബാ ദൾസ് - seba dals*) ഗ്രാമസംഘങ്ങളെയും (*തൂഫാൻ ദൾസ് - tufan dals*) ചേർത്തുകൊണ്ട് ഒരു സമാന്തര സർക്കാർ (*പ്രതി സർക്കാർ - prati sarkar*) രൂപീകരിച്ചു. അവർ ജനകീയ കോടതികൾ നടത്തുകയും ക്രിയാത്മക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. ഗവൺമെന്റിന്റെ അടിച്ചമർത്തലുകളെയും പിന്നീട് കോൺഗ്രസിന്റെ വിസമ്മതത്തെയും അതിജീവിച്ചുകൊണ്ട്, *കുൻബി (kunbi)* കർഷകരുടെ നേതൃത്വവും ദളിതരുടെ പിന്തുണയുമുള്ള, സത്താറയിലെ ഈ *പ്രതി സർക്കാർ* 1946 ലെ തിരഞ്ഞെടുപ്പുവരെ പ്രവർത്തിച്ചു.



ചിത്രം 12.12
*ക്വിറ്റ് ഇന്ത്യാ പ്രസ്ഥാന കാലത്ത് ബോംബെയിൽ നടന്ന സ്ത്രീകളുടെ പ്രകടനം*

1944 ജൂണിൽ, യുദ്ധത്തിന്റെ അവസാനം കണ്ടുതുടങ്ങിയപ്പോൾ ഗാന്ധിജി ജയിലിൽനിന്ന് മോചിപ്പിക്കപ്പെട്ടു. ആ വർഷാവസാനം കോൺഗ്രസും ലീഗും തമ്മിലുള്ള വിടവ് നികത്താനായി ജിന്നയുമായി ഗാന്ധിജി ഒരു ചർച്ചാപരമ്പര തന്നെ നടത്തുകയുണ്ടായി. 1945 ൽ ബ്രിട്ടണിൽ ഒരു തൊഴിലാളി സർക്കാർ അധികാരത്തിൽ വരികയും ഇന്ത്യക്ക് സ്വാതന്ത്ര്യം നൽകുന്നതിൽ അവർ സ്വയം പ്രതിജ്ഞാബദ്ധരാവുകയുമായിരുന്നു. അതേസമയം ഇന്ത്യയിൽ തിരികെ എത്തിയ വൈസ്രോയി വേവൽ പ്രഭു (Lord Wavell) കോൺഗ്രസിനെയും ലീഗിനെയും ചേർത്തുകൊണ്ട് നിരവധി ചർച്ചകൾ നടത്തി.

1946 ന്റെ ആരംഭത്തിൽ പ്രാദേശിക നിയമനിർമ്മാണസഭകളിലേക്കുള്ള തിരഞ്ഞെടുപ്പ് നടന്നു. "പൊതുവിഭാഗം" മുഴുവൻ കോൺഗ്രസ് തൂത്തുവാരി; പക്ഷേ മുസ്ലീങ്ങൾക്കായി പ്രത്യേകം സംവരണം ചെയ്യപ്പെട്ട മുഴുവൻ സീറ്റുകളിലും ലീഗ് അതിശക്തമായ ഭൂരിപക്ഷം നേടി. അതോടെ രാഷ്ട്രീയ ധ്രുവീകരണം പൂർത്തിയായി. പ്രവിശ്യകൾക്ക് ഒരുപരിധിവരെ സ്വയംഭരണം അനുവദിച്ചുകൊണ്ട്, ഇന്ത്യയെ ഒരു ഫെഡറൽ സംവിധാനത്തിൽ ഒന്നിച്ച് നിർത്തണമെന്നുള്ള വ്യവസ്ഥയിൻമേൽ കോൺഗ്രസും ലീഗും തമ്മിൽ ധാരണയിലെത്താത്തതിനാൽ 1946 ലെ വേനലിൽ ഇന്ത്യയിലേക്കയയ്ക്കപ്പെട്ട ക്യാബിനറ്റ് മിഷൻ (Cabinet Mission) പരാജയപ്പെട്ടു. ചർച്ചകൾ ഫലം കാണാതെ വന്നതോടെ, ലീഗിന്റെ പാക്കിസ്താൻ ആവശ്യത്തിൻമേൽ സമ്മർദം ചെലുത്താനായി ജിന്ന "പ്രത്യക്ഷ പ്രവർത്തനദിന"ത്തിന് (Direct Action Day)ആഹ്വാനം ചെയ്തു. നിർദേശിക്കപ്പെട്ട ആ ദിവസം, 1946 ആഗസ്റ്റ് 16 ന് കൽക്കത്തയിൽ രക്തരൂക്ഷിതമായ കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടു. അക്രമം ബംഗാളിലെ ഗ്രാമങ്ങളിലേക്കും പിന്നീട് ബിഹാറിലേക്കും പിന്നെ അവിടവും കടന്ന് യുണൈറ്റഡ് പ്രൊവിൻസിലേക്കും പഞ്ചാബിലേക്കും വ്യാപിച്ചു. ചിലയിടങ്ങളിൽ മുസ്ലീങ്ങൾ ആയിരുന്നു പ്രധാനമായും ദുരിതം പേറിയത്; മറ്റ് ചില സ്ഥലങ്ങളിൽ ഹിന്ദുക്കളും.

ചിത്രം 12.13
*മഹാത്മാഗാന്ധി ജവഹർലാൽ നെഹ്റുവിനെയും (അദ്ദേഹത്തിന്റെ വലത്) സർദാർ വല്ലഭ് ഭായ് പട്ടേലിനെയും (അദ്ദേഹത്തിന്റെ ഇടത്) കൂടിയാലോചന നടത്തുന്നു.*

നെഹ്റുവും പട്ടേലും കോൺഗ്രസ്സിനുള്ളിലെ സോഷ്യലിസ്റ്റ്, യാഥാസ്ഥിതികം എന്നീ രണ്ട് രാഷ്ട്രീയ പ്രവണതകളെ പ്രതിനിധീകരിച്ചു. മഹാത്മാഗാന്ധിക്ക് ഈ വിഭാഗങ്ങൾക്കിടയിൽ മിക്കപ്പോഴും മധ്യസ്ഥത വഹിക്കേണ്ടിവന്നു.

1947 ഫെബ്രുവരിയിൽ വേവലിന് പകരം മൗണ്ട്ബാറ്റൺ പ്രഭു (Lord Mountbatten) വൈസ്രോയിയായി ചുമതലയേറ്റു. മൗണ്ട്ബാറ്റൺ ഒരു അവസാനവട്ട ചർച്ച വിളിച്ചു കൂട്ടി; എന്നാൽ ഇതും വിഫലമാണെന്ന് തെളിഞ്ഞതോടെ ബ്രിട്ടീഷ് ഇന്ത്യ സ്വതന്ത്രമാക്കപ്പെടുമെന്നും എന്നാൽ വിഭജിക്കപ്പെടുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. ആഗസ്റ്റ് 15 ആണ് ഔദ്യോഗിക അധികാരക്കൈമാറ്റത്തിനായി നിശ്ചയിച്ചത്. ആ ദിനമെത്തിയപ്പോൾ വളരെ ആവേശത്തോടെയാണ് ഇതിനെ ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽ ആഘോഷിച്ചത്. ഡൽഹിയിൽ, രാഷ്ട്രപിതാവായ മോഹൻദാസ് കരംചന്ദ് ഗാന്ധിയുടെ നാമം സ്മരിച്ചുകൊണ്ട് ഇന്ത്യൻ നിയമനിർമ്മാണ സഭയുടെ പ്രസിഡന്റ് സമ്മേളനം ആരംഭിച്ചപ്പോൾ "സുദീർഘമായ കരഘോഷ"മായിരുന്നു. സഭയ്ക്ക് പുറത്ത്, ജനക്കൂട്ടം "മഹാത്മാഗാന്ധി കി ജയ്" എന്ന് ആർത്ത് വിളിച്ചുകൊണ്ടിരുന്നു.



## 5. വീരോചിതമായ അന്ത്യനാളുകൾ (THE LAST HEROIC DAYS)

ഇതൊക്കെ നടക്കുമ്പോൾ, 1947 ആഗസ്റ്റ് 15 ന് തലസ്ഥാനത്ത് നടന്ന ആഘോഷപരിപാടികളിൽ മഹാത്മാഗാന്ധി സന്നിഹിതനായിരുന്നില്ല. അദ്ദേഹം കൽക്കത്തയിലായിരുന്നു, പക്ഷേ അദ്ദേഹം അവിടെ ഒരു പരിപാടിയിൽ പോലും പങ്കെടുക്കുകയോ ഒരു പതാകയുയർത്തുകയോ ചെയ്തില്ല. 24 മണിക്കൂർ ഉപവാസമിരുന്നാണ് ഗാന്ധിജി ആ ദിനം അടയാളപ്പെടുത്തിയത്. അദ്ദേഹത്തിന്റെ ഇത്രയും കാലത്തെ പോരാട്ടത്തിനൊടുവിൽ സ്വാതന്ത്ര്യം എത്തിച്ചേർന്നത് ഹിന്ദുക്കളും മുസ്‌ലീങ്ങളും പരസ്പരം വാളോങ്ങിക്കൊണ്ട്, വിഭജിക്കപ്പെട്ട രാജ്യം എന്ന അസ്വീകാര്യമായ വിലയ്ക്കായിരുന്നു.

സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ, ഗാന്ധിജിയുടെ ജീവചരിത്രകാരനായ ഡി.ജി. തെണ്ടുൽക്കർ (D.G.Tendulkar) എഴുതുന്നു, ഗാന്ധിജി, "ദുരിതമനുഭവിക്കുന്ന ജനങ്ങളെ ആശ്വസിപ്പിച്ചുകൊണ്ട് ആശുപത്രികളും അഭയാർഥി ക്യാമ്പുകളും കയറിയിറങ്ങി." പോയകാല സംഭവങ്ങൾ മറന്ന്, അവരുടെ കഷ്ടതകളെക്കുറിച്ച് ചിന്തിക്കാതെ, പരസ്പര സഹായത്തിന്റെ വലംകൈ നീട്ടി, സമാധാനപരമായി ജീവിക്കുമെന്ന് ദൃഢനിശ്ചയം ചെയ്യണമെന്ന്... സിഖ്കാരോടും ഹിന്ദുക്കളോടും മുസ്‌ലീങ്ങളോടും അദ്ദേഹം അഭ്യർഥിച്ചു."

ഗാന്ധിജിയുടെയും നെഹ്റുവിന്റെയും ആഭിമുഖ്യത്തിൽ കോൺഗ്രസ് "ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ"ക്കായുള്ള ഒരു പ്രമേയം പാസ്സാക്കി. പാർട്ടി ഒരിക്കലും "ദ്വിരാഷ്ട്ര സിദ്ധാന്ത"ത്തെ അംഗീകരിച്ചിരുന്നില്ല: ആഗ്രഹത്തിന്ന് വിപരീതമായി വിഭജനത്തെ അംഗീകരിക്കാൻ പാർട്ടി നിർബന്ധിക്കപ്പെട്ടെങ്കിലും പല മതവിശ്വാസങ്ങളുടെയും പല വംശങ്ങളുടെയും നാടാണ് ഇന്ത്യയെന്നും അത് അങ്ങനെതന്നെ തുടരണമെന്നും പാർട്ടി ഇപ്പോഴും ഉറച്ച് വിശ്വസിച്ചു. പാകിസ്താനിലെ അവസ്ഥ എന്തായിരുന്നാലും ഇന്ത്യ തീർച്ചയായും "മതഭേദമേതുമില്ലാതെ എല്ലാ പൗരന്മാർക്കും സമ്പൂർണ അവകാശങ്ങളും സർക്കാർ സംരക്ഷണവും ഉറപ്പാക്കുന്ന ഒരു ജനാധിപത്യ മതേതരത്വ രാഷ്ട്രമായിരിക്കും എന്നും "ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾ തുടർന്നും സംരക്ഷിക്കപ്പെടുമെന്നും അവരുടെ പൗരാവകാശങ്ങൾ ആക്രമിക്കപ്പെടാതെ കഴിവിന്റെ പരമാവധി സംരക്ഷിക്കപ്പെടുമെന്നും" ഉറപ്പുനൽകാൻ കോൺഗ്രസ് ആഗ്രഹിച്ചു.

സ്വാതന്ത്ര്യത്തിന് ശേഷമുള്ള മാസങ്ങളെ ഗാന്ധിജിയുടെ "മഹത്തരമായ സമയം" എന്ന് പല പണ്ഡിതന്മാരും രേഖപ്പെടുത്തിയിട്ടുണ്ട്. ബംഗാളിലെ സമാധാനപുനസ്ഥാപന ശ്രമങ്ങൾക്ക് ശേഷം ഗാന്ധിജി ഡൽഹിയിലേക്ക് നീങ്ങി. അവിടെനിന്ന് പഞ്ചാബിലെ കലാപകലുഷിത ജില്ലകൾ സന്ദർശിക്കുവാനും പ്രത്യാശിച്ചു. ഖുറാനിൽ നിന്നുള്ള വചനങ്ങൾ ഉദ്ധരിക്കുന്നതിനെ എതിർത്തുകൊണ്ടും അല്ലെങ്കിൽ, ഇപ്പോഴും പാകിസ്താനിൽ കഴിയുന്ന ഹിന്ദുക്കളുടെയും സിഖ്കാരുടെയും ദുരിതങ്ങളെക്കുറിച്ച് അദ്ദേഹം എന്താണ് പ്രതികരിക്കാത്തതെന്ന് ചോദിച്ചുകൊണ്ടും മുദ്രാവാക്യം മുഴക്കിക്കൊണ്ട് അഭയാർഥികൾ അദ്ദേഹത്തിന്റെ സമ്മേളനങ്ങൾ തലസ്ഥാനത്ത് തടസ്സപ്പെടുത്തി. വാസ്തവത്തിൽ ഡി.ജി. തെണ്ടുൽക്കർ എഴുതിയതുപോലെ, ഗാന്ധിജി "പാകിസ്താനിലെ ന്യൂനപക്ഷ സമുദായങ്ങളുടെ ദുരിതങ്ങളെക്കുറിച്ചും സമാനമായി ആശങ്കാകുലനായിരുന്നു. അവരുടെ ആശ്വാസത്തിനായി അവിടേക്ക് പോകാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു. പക്ഷേ, ഡൽഹിയിലെ

ചിത്രം 12.14
ഒരു കലാപബാധിത ഗ്രാമത്തിലേക്ക്, 1947





*ചിത്രം 12.15*
*മഹാത്മയുടെ മരണം*
*ഒരു പ്രശസ്ത ചിത്രം*

**ജനപ്രിയ ചിത്രീകരണങ്ങളിൽ മഹാത്മാഗാന്ധിയെ ദേവത്വം കൽപ്പിച്ച്, ദേശീയ പ്രസ്ഥാനത്തിനുള്ളിലെ ഏകീകരണശക്തിയായി ചിത്രീകരിച്ചിരുന്നു. ഇവിടെ, ഗാന്ധിജിയുടെ ചിതയുടെ ഇരുവശങ്ങളിലുമായി, കോൺഗ്രസിലെ രണ്ട് സരണികളെ പ്രതിനിധാനം ചെയ്യുന്ന ജവഹർലാൽ നെഹ്റുവിനെയും സർദാർ വല്ലഭ് ഭായ് പട്ടേലിനെയും നിങ്ങൾക്ക് കാണാം. നടുവിൽ മഹാത്മഗാന്ധി സ്വർഗലോകത്തിരുന്ന് ഇരുവരെയും ആശീർവദിക്കുന്നു.**

മുസ്‌ലീങ്ങൾക്ക് സുരക്ഷ ഉറപ്പാക്കാൻ സാധിക്കാത്തപ്പോൾ ഏതു മുഖവുമായിട്ടാണ് അദ്ദേഹത്തിന് അവിടേക്ക് പോകാൻ കഴിയുക?"

1948 ജനുവരി 20-ാം തീയതി ഗാന്ധിജിയുടെ ജീവനപഹരിക്കാൻ ഒരു ശ്രമമുണ്ടായെങ്കിലും അദ്ദേഹം നിർഭയനായി മുന്നോട്ടു നീങ്ങി. ജനുവരി 26-ാം തീയതി അദ്ദേഹത്തിന്റെ പ്രാർഥനായോഗത്തിൽ എപ്രകാരമാണ് കഴിഞ്ഞ കാലങ്ങളിൽ ഈ ദിവസത്തെ സ്വാതന്ത്ര്യദിനമായി ആഘോഷിച്ചിരുന്നതെന്ന് അദ്ദേഹം സംസാരിക്കുകയുണ്ടായി. ഇപ്പോൾ സ്വാതന്ത്ര്യം ലഭിച്ചിരിക്കുന്നു, പക്ഷേ ഇതിന്റെ ആദ്യ കുറെ മാസങ്ങൾ തീർത്തും നിരാശപ്പെടുത്തുന്നതായിരുന്നു. എങ്കിലും, "ഏറ്റവും മോശമായ കാലം അവസാനിച്ചു" എന്നും അതുകൊണ്ട് തന്നെ ഇന്ത്യക്കാർ ഒത്തൊരുമിച്ച് "എല്ലാ വിഭാഗങ്ങളുടെയും വിശ്വാസങ്ങളുടെയും തുല്യതയ്ക്കായി പ്രവർത്തിക്കുമെന്നും, അംഗബലത്തിലും സ്വാധീനത്തിലും തീരെ ചെറുതാണെങ്കിലും ന്യൂനപക്ഷത്തിനുമേൽ ഭൂരിപക്ഷത്തിന്റെ മേധാവിത്വവും ആധിപത്യവും ഉണ്ടായിരിക്കില്ലെന്നും" അദ്ദേഹം വിശ്വസിച്ചു. "ഭൂമിശാസ്ത്രപരമായും രാഷ്ട്രീയപരമായും ഇന്ത്യ രണ്ടായി വിഭജിക്കപ്പെട്ടെങ്കിലും ഹൃദയംകൊണ്ട് നമ്മൾ എന്നും പരസ്പരം സഹായിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന സുഹൃത്തുക്കളും സഹോദരങ്ങളുമായിരിക്കുമെന്നും പുറംലോകത്ത് നമ്മൾ ഒന്നായിരിക്കുമെന്നും" അദ്ദേഹം പ്രത്യാശിച്ചു.

സ്വതന്ത്രവും അവിഭക്തവുമായ ഇന്ത്യയ്ക്കായാണ് ഗാന്ധിജി ജീവിതം മുഴുവൻ പോരാടിയത്; എന്നിട്ടും ഇന്ത്യ വിഭജിക്കപ്പെട്ടപ്പോൾ രണ്ട് വിഭാഗങ്ങളും പരസ്പരം ബഹുമാനിക്കുകയും സുഹൃത്തുക്കളായിരിക്കുകയും വേണം എന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു.

മറ്റ് ഇന്ത്യക്കാർ അത്ര ക്ഷമിക്കുന്നവരായിരുന്നില്ല. ജനുവരി 30 വൈകുന്നേരം അദ്ദേഹത്തിന്റെ ദൈനംദിന പ്രാർഥനായോഗത്തിൽ വച്ച് ഒരു യുവാവ് ഗാന്ധിജിയെ വെടിവച്ച് കൊന്നു. കൃത്യത്തിന്ശേഷം കീഴടങ്ങിയ ആ ഘാതകൻ ഒരു തീവ്രവാദ ഹിന്ദുപത്രത്തിന്റെ എഡിറ്ററും ഗാന്ധിജിയെ "മുസ്‌ലീം പ്രീണകൻ" എന്ന് അധിക്ഷേപിച്ച, പൂനെക്കാരനുമായ ബ്രാഹ്മണനായ നാഥുറാം ഗോഡ്സെ (Nathuram Godse) ആയിരുന്നു.

ഗാന്ധിജിയുടെ മരണം ഇന്ത്യയെ അനിതരസാധാരണമായ ദുഃഖത്തിലാഴ്ത്തി, രാജ്യത്തിന്റെ എല്ലാ രാഷ്ട്രീയ മേഖലകളിൽനിന്നും ശ്രദ്ധാഞ്ജലികൾ ഒഴുകി, ജോർജ് ഓർവൽ (George Orwell) ആൽബർട്ട് ഐൻസ്റ്റീൻ (Albert Einstein) തുടങ്ങിയ അന്താരാഷ്ട്രപ്രമുഖർ ഹൃദയസ്പർശിയായ ആദരാഞ്ജലികൾ അർപ്പിച്ചു. ഗാന്ധിജിയുടെ ശരീരപ്രകൃതത്തെയും യുക്തിസഹമല്ലെന്ന് തോന്നുന്ന ആശയങ്ങളെയും ഒരിക്കൽ പരിഹസിച്ച *ടൈം* മാഗസിൻ അദ്ദേഹത്തിന്റെ രക്തസാക്ഷിത്വത്തെ അബ്രഹാം ലിങ്കന്റെ (Abraham Lincoln) രക്തസാക്ഷിത്വവുമായാണ് താരതമ്യപ്പെടുത്തിയത്: വംശ-വർണഭേദമേതുമില്ലാതെ മനുഷ്യരെല്ലാം ഒന്നാണെന്ന് വിശ്വസിച്ചതിനാലാണ് ഒരു ഭ്രാന്തനായ അമേരിക്കക്കാരൻ ലിങ്കണെ കൊല ചെയ്തത്; ഇന്ത്യയിലെ വ്യത്യസ്ത മതവിഭാഗങ്ങൾ തമ്മിൽ സൗഹാർദം സാധ്യമാണെന്നും അത് അനിവാര്യമാണെന്നും വിശ്വസിച്ചതിനാലാണ് ഗാന്ധിജിയെ ഒരു ഹിന്ദു ഭ്രാന്തൻ കൊല ചെയ്തത്. ഇത്തരുണത്തിൽ *ടൈം* എഴുതിയതുപോലെ "ഈ ജഗത്തിനറിയാമായിരുന്നു, ഒരർഥത്തിൽ, ലോകത്തിനു മനസ്സിലാക്കാൻ കഴിയാത്ത അത്രയും ആഴത്തിൽ അത്രയും ലളിതമായി, ലിങ്കന്റെ മരണത്തിലെ രഹസ്യധാരണയെന്നപോലെ അദ്ദേഹത്തിന്റെ (ഗാന്ധിജിയുടെ) മരണത്തിലും ഈ രഹസ്യധാരണയുണ്ടായിരുന്നുവെന്ന്."

## 6. ഗാന്ധിയെ അറിയൽ (KNOWING GANDHI)

ഗാന്ധിജിയുടെ രാഷ്ട്രീയ ജീവിതവും ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെ ചരിത്രവും പുനർനിർമ്മിക്കുവാൻ നിരവധി വ്യത്യസ്തങ്ങളായ സ്രോതസ്സുകൾ നമുക്കുണ്ട്.

### 6.1 പൊതുപ്രസംഗങ്ങളും സ്വകാര്യ രചനകളും (Public voice and private scripts)

മഹാത്മാഗാന്ധിയുടെയും അദ്ദേഹത്തിന്റെ സമകാലീനരായ, സഹചാരികളുടെയും രാഷ്ട്രീയ എതിരാളികളുടെയും രചനകളും പ്രസംഗങ്ങളും ഒരു പ്രധാന സ്രോതസ്സാണ്. ഈ രചനകളിൽ, പൊതുജനങ്ങൾക്കായുള്ളതും അല്ലാത്തതുമായവയെ, നമ്മൾ വേർതിരിച്ചറിയേണ്ട ആവശ്യമുണ്ട്. പ്രസംഗങ്ങൾ, ഉദാഹരണത്തിന്, ഒരു വ്യക്തിയുടെ പൊതുവീക്ഷണത്തെ കേൾക്കാൻ നമ്മെ അനുവദിക്കുന്നു, എന്നാൽ സ്വകാര്യ കത്തുകൾ അയാളുടെ സ്വകാര്യചിന്തകളെക്കുറിച്ചുള്ള ഒരു ഏകദേശരൂപം നൽകുന്നു. പൊതു പ്രസ്താവനകളിലൂടെ പ്രകടിപ്പിക്കാത്ത രീതികളിൽ ജനങ്ങൾ അവരുടെ ദേഷ്യവും വേദനയും അവരുടെ നിരാശയും ഉൽക്കണ്ഠയും അവരുടെ ആശകളും നിരാശയും എല്ലാം കത്തുകളിലൂടെ പ്രകടിപ്പിക്കുന്നത് നമുക്ക് കാണുവാൻ കഴിയും. എന്നാൽ ഈ സ്വകാര്യ-പൊതു വ്യത്യാസം പലപ്പോഴും തകർന്നു വീഴാറുണ്ടെന്ന് നാം തീർച്ചയായും ഓർക്കണം. പല കത്തുകളും വ്യക്തികൾക്കാണ് എഴുതുന്നത്, അതുകൊണ്ട് അവ വ്യക്തിപരമാണ്, എന്നാൽ അത് പൊതുജനങ്ങൾക്ക് വേണ്ടിയുള്ളതുമാകാം. ഒരു ദിവസം ഈ കത്തുകൾ പ്രസിദ്ധീകരിക്കപ്പെടാം എന്ന അറിവാണ് പലപ്പോഴും ഈ കത്തുകളുടെ ഭാഷയെ രൂപപ്പെടുത്തിയിരിക്കുന്നത്. നേരെമറിച്ച് ഒരു ദിവസം ഈ കത്ത് അച്ചടിക്കപ്പെട്ടേക്കാം എന്ന ഭയം പലപ്പോഴും വ്യക്തിപരമായ കത്തുകളിൽ തങ്ങളുടെ അഭിപ്രായം തുറന്നെഴുതുന്നതിൽ നിന്നും ജനങ്ങളെ തടയുന്നു. മറ്റുള്ളവർ ഗാന്ധിജിക്ക് എഴുതിയ കത്തുകൾ അദ്ദേഹം തന്റെ ആനുകാലിക പ്രസിദ്ധീകരണമായ *ഹരിജനിൽ* സ്ഥിരമായി പ്രസിദ്ധീകരിച്ചിരുന്നു. സ്വാതന്ത്ര്യസമരകാലത്ത് തനിക്ക് ലഭിച്ച കത്തുകളെല്ലാം ചേർത്ത് എഡിറ്റ് ചെയ്ത് നെഹ്റു *എ ബഞ്ച് ഓഫ് ഓൾഡ് ലെറ്റേഴ്സ് (A Bunch of Old Letters)* എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

*സ്രോതസ്സ് 7*

**ഒരു സംഭവം കത്തുകളിലൂടെ (One event through letters)**

1920 കളിൽ ജവഹർലാൽ നെഹ്റുവിനെ സോഷ്യലിസം കൂടുതലായി സ്വാധീനിച്ചു വന്നു. 1928 ൽ അദ്ദേഹം യൂറോപ്പിൽ നിന്ന് തിരികെയെത്തിയത് സോവിയറ്റ് യൂണിയനോട് വളരെയേറെ മതിപ്പോടുകൂടിയായിരുന്നു. അദ്ദേഹം സോഷ്യലിസ്റ്റുകളോട് (ജയപ്രകാശ് നാരായണൻ, നരേന്ദ്ര ദേവ്, എൻ.ജി. രംഗ തുടങ്ങിയവർ) ചേർന്ന് പ്രവർത്തിക്കാൻ തുടങ്ങിയതോടെ കോൺഗ്രസ്സിനുള്ളിലെ സോഷ്യലിസ്റ്റുകളും യാഥാസ്ഥിതികരും തമ്മിലുള്ള അകൽച്ച ഉടലെടുത്തു. 1936 ൽ കോൺഗ്രസ് പ്രസിഡന്റ് ആയതിനുശേഷം നെഹ്റു ഫാസിസത്തിനെതിരെ തീവ്രവികാരത്തോടെ പ്രസംഗിക്കുകയും തൊഴിലാളികളുടെയും കർഷകരുടെയും ആവശ്യങ്ങൾ ഉയർത്തിപ്പിടിക്കുകയും ചെയ്തു.

നെഹ്റുവിന്റെ ഈ സോഷ്യലിസ്റ്റ് പ്രസംഗത്തിൽ അസ്വസ്ഥരായ, രാജേന്ദ്രപ്രസാദിന്റെയും സർദാർ പട്ടേലിന്റെയും നേതൃത്വത്തിലുള്ള യാഥാസ്ഥിതികർ പ്രവർത്തകസമിതിയിൽനിന്ന് രാജിവയ്ക്കുമെന്ന് ഭീഷണി മുഴക്കുകയും ബോംബെയിലെ ചില പ്രമുഖ വ്യവസായികൾ നെഹ്റുവിനെ ആക്രമിക്കുന്ന തരത്തിലുള്ള പ്രസ്താവന ഇറക്കുകയും ചെയ്തു. രാജേന്ദ്രപ്രസാദും നെഹ്റുവും മഹാത്മാഗാന്ധിയുടെ അടുക്കലേക്ക് പോവുകയും വാർധയിലെ ആശ്രമത്തിലെത്തി അദ്ദേഹത്തെ കാണുകയും ചെയ്തു. അദ്ദേഹം നേരത്തെ പലപ്പോഴും ചെയ്തതുപോലെ, ഒരു മധ്യസ്ഥനായി പ്രവർത്തിച്ചുകൊണ്ട്, നെഹ്റുവിന്റെ തീവ്രനിലപാടുകളെ നിയന്ത്രിക്കുകയും പ്രസാദിനെയും മറ്റുള്ളവരെയും നെഹ്റുവിന്റെ നേതൃത്വത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തിക്കൊടുക്കുകയും ചെയ്തു.

1958 ൽ *എ ബഞ്ച് ഓഫ് ഓൾഡ് ലെറ്റേഴ്സ്*-ൽ അക്കാലത്ത് കൈമാറിയിരുന്ന ഒരുപാട് കത്തുകൾ നെഹ്റു പുനപ്രസിദ്ധീകരിച്ചിട്ടുണ്ട്.

അവയിൽനിന്ന് അടർത്തിയെടുത്ത ചിലത് തുടർപേജുകളിൽ വായിക്കുക.

*സ്രോതസ്സ് 7 (തുടർച്ച)*

## *എ ബഞ്ച് ഓഫ് ഓൾഡ് ലെറ്റേഴ്സിൽ നിന്ന്* (From *A Bunch of Old Letters*)

***എന്റെ പ്രിയപ്പെട്ട ജവഹർലാൽജി,*** — ***വാർധ, ജൂലൈ 1, 1936***

നമ്മൾ ഇന്നലെ പിരിഞ്ഞതിനുശേഷം മഹാത്മജിയുമായി ഞങ്ങൾ ദീർഘനേരം സംഭാഷണം നടത്തുകയും പരസ്പരം ഏറെ നീണ്ടുനിന്ന കൂടിയാലോചനകൾ നടത്തുകയും ചെയ്തു. ഞങ്ങൾ കൈക്കൊണ്ട നടപടികൾ താങ്കൾക്ക് വേദനയുണ്ടാക്കി എന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. പ്രത്യേകിച്ച് ഞങ്ങളുടെ കത്തുകളുടെ ശൈലിയാണ് താങ്കളെ അത്യധികം വിഷമിപ്പിച്ചത്. താങ്കളെ വിഷമിപ്പിക്കുകയോ വേദനിപ്പിക്കുകയോ ചെയ്യുക എന്നതായിരുന്നില്ല ഞങ്ങളുടെ ഉദ്ദേശ്യം. അത് താങ്കളെ വേദനിപ്പിക്കുന്നു എന്ന് ഞങ്ങളെ ഓർമിപ്പിക്കുകയോ, ഒന്ന് സൂചിപ്പിക്കുകയോ ചെയ്തിരുന്നെങ്കിൽ ഒരു മടിയും കൂടാതെ ഞങ്ങൾ ആ കത്ത് ഭേദഗതി ചെയ്യുകയോ മാറ്റുകയോ ചെയ്യുമായിരുന്നു. എന്നാലും, മുഴുവൻ സാഹചര്യങ്ങളും പരിഗണിച്ചുകൊണ്ട് ആ കത്തും ഞങ്ങളുടെ രാജിയും പിൻവലിക്കാൻ ഞങ്ങൾ തീരുമാനിച്ചിരിക്കുന്നു.

താങ്കളുടേതായി പത്രങ്ങളിൽ പ്രസിദ്ധീകരിച്ച് വരുന്ന വാക്കുകളിൽ ഒന്നിലും കോൺഗ്രസിന്റെ പൊതുപരിപാടികളെക്കുറിച്ച് ഒന്നും പറയുന്നില്ല, അവയൊന്നും തന്നെ കോൺഗ്രസ് അംഗീകരിച്ചവയുമല്ല. ഇങ്ങനെ ചെയ്യുമ്പോൾ, ഞങ്ങൾ ആഗ്രഹിച്ചതുപോലെ കോൺഗ്രസ് പ്രസിഡന്റ് എന്ന നിലയിൽ ഭൂരിപക്ഷത്തിന്റെ വക്താവാകുന്നതിനെക്കാൾ താങ്കൾ പ്രവർത്തക സമിതിയിലെയും കോൺഗ്രസിലെയും നമ്മുടെ സഹപ്രവർത്തകരിലെ ന്യൂനപക്ഷത്തിന്റെ വക്താവായാണ് പ്രവർത്തിക്കുന്നതെന്ന് ഞങ്ങൾക്ക് തോന്നി.

ഞങ്ങൾ കാലഹരണപ്പെട്ടവരാണെന്നും വർത്തമാനകാലത്ത് ഒരു മൂല്യവുമില്ലാത്ത പഴഞ്ചൻ ആശയങ്ങൾ കൊണ്ടുനടക്കുന്നവരാണെന്നും രാജ്യത്തിന്റെ പുരോഗതിക്ക് തടസ്സമുണ്ടാക്കുന്നവരാണെന്നും, അതുകൊണ്ടുതന്നെ, അർഹതയില്ലാതെ അധികാരത്തിൽ തുടരുന്ന ഞങ്ങളെ സ്ഥാനഭ്രഷ്ടരാക്കണമെന്നുമുള്ള തുടർച്ചയായ പ്രചരണങ്ങൾ ഞങ്ങൾക്കെതിരെ നടക്കുന്നുണ്ട്. തികച്ചും അനീതിയാണ് മറ്റുള്ളവർ ഞങ്ങളോട് ചെയ്യുന്നതും ചെയ്തുകൊണ്ടിരിക്കുന്നതും എന്നും, സഹപ്രവർത്തകൻ എന്ന നിലയിലും ഞങ്ങളുടെ പ്രസിഡന്റ് എന്ന നിലയിലും താങ്കളിൽ നിന്ന് ഞങ്ങൾക്ക് ലഭിക്കേണ്ട സംരക്ഷണം ലഭിക്കുന്നില്ലെന്നും ഞങ്ങൾക്ക് തോന്നുന്നു.

***ആത്മാർഥതയോടെ***
***രാജേന്ദ്രപ്രസാദ്***

---

***എന്റെ പ്രിയപ്പെട്ട ബാപ്പു,*** — ***അലഹബാദ്, ജൂലൈ 5, 1936***

കഴിഞ്ഞ രാത്രി ഞാൻ ഇവിടെയെത്തി. ഞാൻ വാർധയിൽ നിന്ന് തിരിച്ചതുമുതൽ എനിക്ക് ശാരീരികമായ ക്ഷീണവും മാനസികമായ അസ്വസ്ഥതയും അനുഭവപ്പെടുകയാണ്.

... യൂറോപ്പിൽ നിന്ന് തിരികെവന്നതുമുതൽ പ്രവർത്തകസമിതി യോഗങ്ങൾ എന്നെ വല്ലാതെ തളർത്തുന്നു എന്ന് ഞാൻ കണ്ടു. അവ എന്നെ നിർജീവമാക്കുന്ന ഫലമുളവാക്കുന്നു, ഓരോരോ പുതിയ അനുഭവങ്ങൾ കഴിയുമ്പോഴും എനിക്ക് പ്രായം കൂടുന്നതുപോലെ അനുഭവപ്പെടുന്നു...

കാര്യങ്ങൾ സുഗമമായി കൊണ്ടുപോകാനും ഒരു പ്രതിസന്ധി ഒഴിവാക്കാനും താങ്കൾ നടത്തിയ എല്ലാ ശ്രമങ്ങൾക്കും ഞാൻ താങ്കളോട് നന്ദിയുള്ളവനാണ്.

രാജേന്ദ്രബാബു എനിക്ക് അയച്ച കത്തും (രണ്ടാമത്തേത്) അതിലെ എന്റെ നേർക്കുള്ള ശക്തമായ കുറ്റാരോപണങ്ങളും ഞാൻ വീണ്ടും വായിച്ചു...

കാരണം, കാര്യങ്ങൾ എത്ര സൗമ്യമായ രീതിയിലാണ് പറഞ്ഞിട്ടുള്ളതെങ്കിലും ഞാൻ സഹിക്കാൻ പറ്റാത്ത ശല്യമായി മാറിക്കൊണ്ടിരിക്കുന്നു എന്നും എന്നിലുള്ള ഗുണങ്ങൾ – എന്റെ കഴിവ്, ഊർജം, ആത്മാർഥത, അല്പം ആകർഷകത്വമുള്ള വ്യക്തിത്വം – അപകടകരമായി മാറിക്കൊണ്ടിരിക്കുന്നു, കാരണം ഇവയെല്ലാം സോഷ്യലിസം എന്ന തെറ്റായ ശകടത്തിനുപിന്നിലാണ് കെട്ടപ്പെട്ടത് എന്ന് പറയുന്നതിന് തുല്യമാണ്. ഇതിന്റെയൊക്കെ അനുമാനം സ്പഷ്ടമാണ്.

എന്റെ ഇപ്പോഴത്തെ ആശയങ്ങളെക്കുറിച്ച് ഞാൻ എന്റെ പുസ്തകത്തിലും അല്ലാതെയും വിശദമായി എഴുതിയിട്ടുണ്ട്. എന്നെ വിലയിരുത്താൻ സാമഗ്രികളുടെ യാതൊരു കുറവുമില്ല. ആ വീക്ഷണങ്ങൾ അവിചാരിതമല്ല. അവയൊക്കെ എന്റെ ഭാഗമാണ്, അവ ഒരു പക്ഷേ ഭാവിയിൽ ഞാൻ മാറ്റം വരുത്തുകയോ ഭേദഗതി വരുത്തുകയോ ചെയ്തേക്കാം. എങ്കിലും ഞാനവ ഉയർത്തിപ്പിടിക്കുന്നിടത്തോളം കാലം ഞാനവയ്ക്ക് ആവിഷ്കാരം നൽകുകതന്നെ വേണം. ഒരു വലിയ ഐക്യത്തിന് ഞാൻ പ്രാധാന്യം കൊടുക്കുന്നതിനാൽ ഒരു നിഗമനം എന്നതിനപ്പുറം ചിന്തയിലേക്കുള്ള ഒരു ക്ഷണമായി, കഴിയുന്നിടത്തോളം മൃദുവായ രീതിയിൽ അവ ആവിഷ്കരിക്കുവാൻ ഞാൻ ശ്രമിച്ചു. ഈ സമീപനത്തിലോ കോൺഗ്രസ് ചെയ്ത എതെങ്കിലും കാര്യത്തിലോ ഞാനൊരു സംഘർഷവും കാണുന്നില്ല. തിരഞ്ഞെടുപ്പുകളെ സംബന്ധിച്ച് നോക്കുകയാണെങ്കിൽ ജനങ്ങളെ ആവേശഭരിതരാക്കിയ എന്റെ ഈ സമീപനം നമുക്കൊരു മുതൽക്കൂട്ട് തന്നെയായിരിക്കും എന്നാണ് എനിക്ക് തോന്നിയത്. പക്ഷേ, വളരെ മൃദുവും അയവുള്ളതും ആയ എന്റെ സമീപനം അപകടകരമായും ദോഷകരമായുമാണ് എന്റെ സഹപ്രവർത്തകർ കാണുന്നത്. ഇന്ത്യയിലെ ദാരിദ്ര്യത്തിനും തൊഴിലില്ലായ്മയ്ക്കും ഞാൻ എപ്പോഴും ഊന്നൽ നൽകുന്നത് ബുദ്ധിമോശമായിട്ടും, അല്ലെങ്കിൽ ഞാൻ അത് ചെയ്ത രീതിയെങ്കിലും തെറ്റായിട്ടുമാണ് അവർ കാണുന്നത്...

എന്തോ ഒരു പ്രസ്താവന പുറപ്പെടുവിക്കാൻ ഉദ്ദേശിച്ചിരുന്നതായി അങ്ങ് എന്നോട് പറഞ്ഞിരുന്നു. എല്ലാ കാഴ്ചപ്പാടുകളും രാജ്യത്തിന് മുന്നിൽ അവതരിപ്പിക്കണമെന്നതിൽ ഞാൻ വിശ്വസിക്കുന്നതിനാൽ ഇതിനെ ഞാൻ സ്വാഗതം ചെയ്യും.

***സ്നേഹത്തോടെ***
***ജവഹർലാൽ***

*സ്രോതസ് 7 (തുടർച്ച)*

***സെഗാവ്, ജൂലൈ 15, 1936***

***പ്രിയപ്പെട്ട ജവഹർലാൽ,***

താങ്കളുടെ കത്ത് ഹൃദയസ്പർശിയാണ്. താങ്കൾ വളരെയേറെ ക്ഷതമേറ്റവനായി തോന്നുന്നു. താങ്കളുടെ സഹപ്രവർത്തകർക്ക് താങ്കളെപ്പോലെ ധൈര്യമോ തുറന്നുപറച്ചിലോ ഇല്ല എന്നതാണ് വാസ്തവം. അതിന്റെ അനന്തരഫലം ദുരന്തപൂർണമാണ്. താങ്കളോട് സ്വതന്ത്രമായും നിർഭയമായും സംസാരിക്കാൻ ഞാൻ എപ്പോഴും അവരോട് അഭ്യർഥിച്ചിട്ടുണ്ട്. പക്ഷേ, ധൈര്യമില്ലായ്മ കാരണം അവർ പലപ്പോഴും താങ്കളോട് സംസാരിക്കുമ്പോൾ അത് വികലമായി മാറി, അത് താങ്കളെ അലോരസപ്പെടുത്തുകയും ചെയ്തു. ഞാൻ പറയട്ടെ, താങ്കളുടെ പ്രകോപനപരമായ സമീപനവും അക്ഷമയുമാണ് അവർ താങ്കളെ ഭയക്കുവാൻ കാരണം. താങ്കളുടെ താക്കീതുകളും സ്വേച്ഛാപരമായ രീതികളും എല്ലാറ്റിനുമുപരി താങ്കളുടെ അപ്രമാദിത്തത്താലും ഉന്നതമായ അറിവാലും താങ്കൾക്കുണ്ടെന്ന് അവർ കരുതുന്ന ധാർഷ്ഠ്യവുമാണ് അവരെ പ്രകോപിതരാക്കുന്നത്. താങ്കൾ അവരോട് തീരെ മര്യാദയില്ലാതെയാണ് പെരുമാറിയതെന്നും സോഷ്യലിസ്റ്റുകളുടെ പരിഹാസത്തിൽനിന്നും തെറ്റായ പ്രചാരണങ്ങളിൽനിന്നും താങ്കൾ അവരെ ഒരിക്കലും സംരക്ഷിച്ചില്ല എന്നുമാണ് അവർക്ക് തോന്നുന്നത്.

ഈ സംഭവവികാസങ്ങളെ മൊത്തത്തിൽ ഒരു സന്തോഷ-സന്താപ സമ്മിശ്ര നാടകമായാണ് ഞാൻ കാണുന്നത്. അതുകൊണ്ട് തന്നെ താങ്കളും ഇതിനെയെല്ലാം അല്പം ഗൗരവം കുറച്ച് കാണണമെന്നാണ് ഞാനാഗ്രഹിക്കുന്നത്.

ആ മുൾക്കിരീടത്തിന് വേണ്ടി (കോൺഗ്രസിന്റെ പ്രസിഡന്റ് സ്ഥാനം) ഞാൻ താങ്കളുടെ പേര് നിർദേശിച്ചു. തലയിൽ ചെറിയ മുറിവുകൾ പറ്റിയാലും അത് തുടരുക. കമ്മറ്റിയോഗങ്ങളിൽ താങ്കളുടെ നർമ്മബോധം ഇനിയും തുടരുക. അതാണ് താങ്കളുടെ സഹജമായ രീതി, അല്ലാതെ ദുഖിച്ചിരിക്കലും ക്ഷോഭിക്കലും ചെറിയ കാര്യങ്ങൾക്ക് പോലും പൊട്ടിത്തെറിക്കുന്നതുമല്ല.

കഴിഞ്ഞ പുതുവൽസര ദിനത്തിൽ ലാഹോറിൽ വച്ച് താങ്കൾ ത്രിവർണപതാകയ്ക്ക് ചുറ്റും നൃത്തം വച്ചു എന്ന വാർത്ത വന്നതുപോലെ, എന്റെ ഈ കത്ത് വായിച്ച് കഴിയുമ്പോൾ താങ്കൾ സന്തോഷവാനായി മാറിയിരിക്കുന്നു എന്ന ടെലഗ്രാഫ് ഞാൻ പ്രതീക്ഷിക്കുന്നു.

താങ്കളുടെ കണ്ഠത്തിന് താങ്കൾ ഒരവസരം നൽകണം.

***സ്നേഹം***

***ബാപ്പു***

➲

(എ) കോൺഗ്രസിന്റെ ആദർശങ്ങൾ കാലാനുസൃതമായി വളർന്നുവന്ന മാർഗങ്ങളെപ്പറ്റി ഈ കത്തുകൾ നമ്മളോട് എന്താണ് പറയുന്നത്?

(ബി) ദേശീയ പ്രസ്ഥാനത്തിനുള്ളിൽ മഹാത്മഗാന്ധിയുടെ പങ്കിനെപ്പറ്റി ഇവ എന്താണ് വെളിപ്പെടുത്തുന്നത്?

(സി) കോൺഗ്രസിന്റെ പ്രവർത്തനങ്ങളെപ്പറ്റിയും ദേശീയ പ്രസ്ഥാനത്തിന്റെ സ്വഭാവത്തെപ്പറ്റിയും എന്തെങ്കിലും ഉൾക്കാഴ്ചകൾ ഈ കത്തുകൾ നമുക്ക് നൽകുന്നുണ്ടോ?



### 6.2 ഒരു ചിത്രം രൂപപ്പെടുത്തൽ (Framing a picture)

ആത്മകഥകൾ അതുപോലെ തന്നെ മനുഷ്യ വിവരങ്ങളാൽ സമ്പന്നമായ, ഭൂതകാലത്തെക്കുറിച്ചുള്ള ഒരു വിവരണം നമുക്ക് നൽകുന്നു. പക്ഷേ, ഇവിടെ വീണ്ടും, ആത്മകഥകൾ വായിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുന്ന രീതിയിൽ നമ്മൾ ശ്രദ്ധിക്കണം. പലപ്പോഴും ഓർമ്മകളിൽ നിന്നെടുക്കുന്ന പൂർവകാല വിവരങ്ങളുടെ വിവരണമാണ് ആത്മകഥ എന്ന് നമ്മൾ ഓർക്കേണ്ടതുണ്ട്. രചയിതാവിന് ഓർത്തെടുക്കാൻ കഴിയുന്നതോ, അയാൾ പ്രാധാന്യമുള്ളതെന്ന് കണ്ടതോ അല്ലെങ്കിൽ വീണ്ടും പറയാൻ ഉൽക്കടമായി ആഗ്രഹിക്കുന്നതോ അതുമല്ലെങ്കിൽ തന്റെ ജീവിതത്തെ മറ്റുള്ളവർ എങ്ങനെ കാണണം എന്ന് അയാൾ ആഗ്രഹിക്കുന്നതോ ആയ കാര്യങ്ങളാണ് ആത്മകഥകൾ നമ്മോട് പറയുന്നത്. ഒരു ആത്മകഥ എഴുതുന്നത് നിങ്ങളുടെ തന്നെ ചിത്രം രൂപപ്പെടുത്തുന്ന ഒരു രീതിയാണ്. അതുകൊണ്ട് തന്നെ, ഈ രചനകൾ വായിക്കുമ്പോൾ എഴുത്തുകാരൻ നമ്മോട് പറയാത്തത് എന്തൊക്കെയാണ് എന്ന് നമ്മൾ ശ്രമിച്ച് കണ്ടെത്തണം; മനപ്പൂർവമോ അറിയാതെയോ വിവരിക്കാൻ മറന്നുപോയ – ആ മൗനത്തിന്റെ കാരണങ്ങളും നമ്മൾ മനസ്സിലാക്കണം.

### 6.3 പോലീസ് ദൃഷ്ടികളിലൂടെ (Through police eyes)

കൊളോണിയൽ ഭരണാധികാരികൾ ഗവൺമെന്റിന്റെ വിമർശകർ എന്ന് കരുതിയിരുന്നവരുടെ കൃത്യമായ കണക്കുകൾ സൂക്ഷിച്ചിരുന്നത്കൊണ്ടുതന്നെ ഗവൺമെന്റ് രേഖകൾ മറ്റൊരു പ്രധാന സ്രോതസ്സാണ്. പോലീസുകാരും മറ്റ് ഉദ്യോഗസ്ഥരും എഴുതിയിരുന്ന കത്തുകളും റിപ്പോർട്ടുകളും അക്കാലത്ത് രഹസ്യമായിരുന്നു; പക്ഷേ ഇന്ന് അവയെല്ലാം പുരാരേഖാലയങ്ങളിൽ ലഭ്യമാണ്.

അത്തരത്തിലുള്ള ഒരു സ്രോതസ്സായ, ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ ആഭ്യന്തരവകുപ്പ് തയാറാക്കിയ, ദ്വൈവാര റിപ്പോർട്ടുകൾ (Fortnightly Reports) നമുക്ക് നോക്കാം. ഓരോ പ്രദേശത്തുനിന്നുമുള്ള പോലീസ് നൽകിയ വിവരങ്ങളെ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ടുകൾ ആയിരുന്നു അവ. പക്ഷേ, അത് പലപ്പോഴും മേലുദ്യോഗസ്ഥൻ കണ്ടതോ അവർ വിശ്വസിക്കാൻ ആഗ്രഹിച്ചതോ ആയ കാര്യങ്ങളെ പ്രകടിപ്പിച്ചിരുന്നതായിരുന്നു. രാജ്യദ്രോഹത്തിനും കലാപത്തിനുമുള്ള സാധ്യത ശ്രദ്ധയിൽപ്പെട്ടാൽ പോലും ഇത്തരം ആശങ്കകൾ അസ്ഥാനത്താണ് എന്ന് സ്വയം ഉറപ്പുവരുത്തുവാനാണ് അവർ ഇഷ്ടപ്പെട്ടിരുന്നത്. ഉപ്പുസമരയാത്രക്കാലത്തെ ഇത്തരം ദ്വൈവാര റിപ്പോർട്ടുകൾ പരിശോധിക്കുകയാണെങ്കിൽ മഹാത്മാഗാന്ധിയുടെ പ്രവർത്തനങ്ങൾ ജനങ്ങൾക്കിടയിൽ എന്തെങ്കിലും ആവേശകരമായ പ്രതികരണം ഉണ്ടാക്കിയിരുന്നതായി സമ്മതിക്കാൻ ആഭ്യന്തരവകുപ്പ് തയാറായിരുന്നില്ലെന്ന് കാണാൻ സാധിക്കും. ബ്രിട്ടീഷുകാർക്കെതിരെ പോരാടാനാഗ്രഹമില്ലാത്ത, സ്വന്തം ദൈനംദിനവൃത്തികളിൽ മുഴുകിയിരുന്ന, ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ സന്തോഷത്തോടെ കഴിഞ്ഞിരുന്ന ജനങ്ങളെ തങ്ങൾക്കെതിരെ സംഘടിപ്പിക്കാനുള്ള ഒരു നാടകമോ, കോമാളിത്തമോ, ഗതികെട്ട ശ്രമമോ ആയാണ് ഈ യാത്രയെ കണ്ടത്.

ചിത്രം 12.16
നിയമലംഘനപ്രസ്ഥാനത്തിന്റെ കാലത്ത് ബോംബെയിൽ കോൺഗ്രസ് വോളണ്ടിയർമാരുമായി പോലീസ് ഏറ്റുമുട്ടുന്നു.

➲ ഈ ചിത്രവും പോലീസിന്റെ ദ്വൈവാര റിപ്പോർട്ടുകളിൽ പ്രസിദ്ധപ്പെടുത്തിവന്നതും തമ്മിൽ എന്തെങ്കിലും വൈരുധ്യങ്ങൾ കാണാൻ നിങ്ങൾക്ക് കഴിയുമോ?



## ആഭ്യന്തരവകുപ്പിന്റെ ദ്വൈവാര റിപ്പോർട്ടുകൾ *(രഹസ്യമായത്)*
## (Fortnightly Reports of the Home Department) *(Confidential)*

### 1930 മാർച്ചിന്റെ ആദ്യപകുതിയിൽ (FOR THE FIRST HALF OF MARCH 1930)

ഗുജറാത്തിലെ ദ്രുതഗതിയിലുള്ള രാഷ്ട്രീയ വികാസങ്ങൾ ഇവിടെ സസൂക്ഷ്മം നിരീക്ഷിച്ച് വരികയാണ്. ഈ പ്രവിശ്യയിലെ രാഷ്ട്രീയാവസ്ഥയെ അത് ഏത് പരിധിവരെ ബാധിക്കുമെന്നോ ഏത് രീതിയിൽ ബാധിക്കുമെന്നോ ഇപ്പോൾ അനുമാനിക്കാൻ നിവൃത്തിയില്ല. കർഷകരൊക്കെ ഇപ്പോൾ നല്ലൊരു റാബി വിളവെടുപ്പിൽ ഏർപ്പെട്ടിരിക്കുകയാണ്; വിദ്യാർഥികൾ തങ്ങളുടെ ആസന്നമായ പരീക്ഷകൾക്ക് വേണ്ടിയുള്ള തയാറെടുപ്പിലാണ്.

### മധ്യപ്രവിശ്യകളും ബേരാറും (Central Provinces and Berar)

മി. വല്ലഭായ് പട്ടേലിന്റെ അറസ്റ്റ്, കോൺഗ്രസ് വൃത്തങ്ങളിലൊഴികെ, ഒരു വിഹ്വലതയും സൃഷ്ടിച്ചില്ല. എന്നാൽ, സമരയാത്രയുടെ ആരംഭത്തിന്റെ ഭാഗമായി ഗാന്ധിജിയെ അഭിനന്ദിക്കാൻ നാഗ്പൂർ നഗർ കോൺഗ്രസ് കമ്മിറ്റി (Nagpur Nagar Congress Committee) നാഗ്പൂരിൽ വിളിച്ചുചേർത്ത യോഗത്തിൽ 3000 ത്തിലേറെപ്പേർ പങ്കെടുത്തു.

### ബംഗാൾ (Bengal)

ഗാന്ധിയുടെ നിയമലംഘന സമരത്തിന്റെ പ്രചാരണത്തിന് തുടക്കമായി എന്നതാണ് ഇക്കഴിഞ്ഞ ദ്വൈവാരത്തെ ഏറ്റവും സവിശേഷമായ സംഭവം. മിസ്റ്റർ ജെ.എം. സെൻഗുപ്ത ആൾ ബംഗാൾ സിവിൽ ഡിസൊബീഡിയൻസ് കൗൺസിലിനും (All Bengal Civil Disobedience Council) ബംഗാൾ പ്രവിശ്യാ കോൺഗ്രസ് കമ്മിറ്റി ആൾ ബംഗാൾ കൗൺസിൽ ഓഫ് ഡിസൊബീഡിയൻസ് (All Bengal Council of Disobedience) നും രൂപം നൽകുകയും ചെയ്തു. കൗൺസിലുകൾ രൂപീകരിച്ചു എന്നതിനപ്പുറം ബംഗാളിലെ സിവിൽ നിയമലംഘന പരിപാടികൾക്കായുള്ള കാര്യമായ ചുവടുവയ്പുകളൊന്നും ഇതുവരെ നടന്നിട്ടില്ല.

അവിടെ നടന്ന യോഗങ്ങൾ ജനങ്ങളിൽ അൽപമെങ്കിലും ആവേശമോ താൽപര്യമോ ഉണ്ടാക്കുകയോ പൊതുജനങ്ങൾക്കിടയിൽ അധികം മതിപ്പുണ്ടാക്കുകയോ ചെയ്തിട്ടില്ല എന്നാണ് ജില്ലയിൽ നിന്നുള്ള റിപ്പോർട്ടുകൾ കാണിക്കുന്നത്. എന്നിരുന്നാലും വളരെയധികം സ്ത്രീകൾ ഇത്തരം യോഗങ്ങളിൽ പങ്കെടുക്കുന്നു എന്നത് ശ്രദ്ധേയമാണ്.

### ബീഹാറും ഒറീസയും (Bihar and Orissa)

ഇവിടത്തെ കോൺഗ്രസിന്റെ പ്രവർത്തനത്തെപ്പറ്റി റിപ്പോർട്ട് ചെയ്യാൻ ഇപ്പോഴും കാര്യമായൊന്നും തന്നെ ഇല്ല. ചൗക്കിദാരി നികുതി (Chaukidari tax) അടയ്ക്കുന്നത് തടഞ്ഞുവയ്ക്കാനുള്ള ഒരു പ്രവർത്തനത്തെക്കുറിച്ച് നല്ലൊരു സംസാരമുണ്ട്, പക്ഷേ, അത് പരീക്ഷിക്കാനായി ഒരു പ്രദേശവും ഇതുവരെ തിരഞ്ഞെടുത്തിട്ടില്ല. ഗാന്ധിയുടെ അറസ്റ്റിനെക്കുറിച്ചു പരക്കെ മുൻകൂട്ടി പ്രവചിക്കപ്പെടുന്നുണ്ട്. പക്ഷേ, ആ പ്രവചനം പൂർത്തീകരിക്കാതെപോയത് പദ്ധതികളെ തകരാറിലാക്കുന്നുണ്ടെന്നുള്ളതിനാണ് കൂടുതൽ സാധ്യത എന്ന് തോന്നുന്നു.

### മദ്രാസ് (Madras)

ഗാന്ധിയുടെ സിവിൽ നിയമലംഘന പ്രക്ഷോഭത്തിന്റെ ആരംഭം മറ്റെല്ലാ വിഷയങ്ങളെയും നിഷ്പ്രഭമാക്കിയിരിക്കുന്നു. അദ്ദേഹത്തിന്റെ ഈ സമരയാത്രയെ നാടകീയമെന്നും അദ്ദേഹത്തിന്റെ കർമ്മപരിപാടി അപ്രായോഗികമെന്നും കരുതണമെന്നായിരുന്നു പൊതുവെ അഭിപ്രായം. എന്നാൽ ഹൈന്ദവജനത അദ്ദേഹത്തെ വ്യക്തിപരമായി ആദരവോടെ കാണുന്നതിനാലും അദ്ദേഹം ബോധപൂർവം സ്വീകരിക്കുന്ന രീതിയിൽ, അറസ്റ്റ് നടക്കാനുള്ള സാധ്യതയും, രാഷ്ട്രീയ സാഹചര്യത്തിന്മേൽ അതിന്റെ പ്രത്യാഘാതവും വളരെ ആശങ്കയോടെയാണ് വീക്ഷിക്കപ്പെടുന്നത്. മാർച്ച് 12 സിവിൽ നിയമലംഘന പ്രക്ഷോഭത്തിന്റെ ആരംഭമായി ആഘോഷിക്കപ്പെട്ടു. ബോംബെയിൽ ആഘോഷങ്ങൾ രാവിലെ ദേശീയപതാകയെ അഭിവാദ്യം ചെയ്തുകൊണ്ടായിരുന്നു നടന്നത്.

### ബോംബെ (Bombay)

*കേസരി* (*Kesari*) പത്രം നിന്ദ്യമായ ഭാഷയിൽ, അതിന്റെ ചൂടും തണുപ്പും വീശുന്ന സ്ഥിരം രീതിയിൽ എഴുതി: "സത്യഗ്രഹത്തിന്റെ ശക്തി പരിശോധിക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നുവെങ്കിൽ, ഇതിന്റെ പ്രവർത്തനവും പ്രവർത്തനരാഹിത്യവും ഗവൺമെന്റിന് ദോഷം ചെയ്യും. ഗാന്ധിയെ അറസ്റ്റ് ചെയ്താൽ അത് രാജ്യത്തിന്റെ അസംതൃപ്തി നേരിടും. അങ്ങനെ ചെയ്യാതിരുന്നാൽ സിവിൽ നിയമലംഘനം വ്യാപിച്ചുകൊണ്ടേയിരിക്കും. അതുകൊണ്ട് തന്നെ ഞങ്ങൾ പറയുന്നു. ഗവൺമെന്റ് മി. ഗാന്ധിയെ ശിക്ഷിക്കുകയാണെങ്കിൽ രാഷ്ട്രം വിജയം നേടിയെന്നാകും. അദ്ദേഹത്തെ വെറുതെ വിട്ടാൽ വിജയം അതിലും വലുതായിരിക്കും".

അതേസമയം ഒരു മിതവാദപത്രമായ *വിവിധ് വൃത്ത്* *(Vividh Vritt)* പ്രസ്ഥാനത്തിന്റെ നിരർഥകത ചൂണ്ടിക്കാണിക്കുകയും മുന്നിൽക്കാണുന്ന വിജയം നേടാൻ അതിനാവില്ലെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. എന്നിരുന്നാലും അടിച്ചമർത്തൽ അവരുടെ ലക്ഷ്യത്തെ പരാജയപ്പെടുത്തുമെന്ന് ഇത് ഗവൺമെന്റിനെ ഓർമപ്പെടുത്തി.

(തുടരും)

*സ്രോതസ്സ് 8 (തുടർച്ച)*

## 1930 മാർച്ച് രണ്ടാം പകുതിയിൽ (FOR THE SECOND HALF OF MARCH 1930)

### ബംഗാൾ (Bengal)

ഗാന്ധിജിയുടെ കടപ്പുറത്തേക്കുള്ള സമരയാത്രയിലും ഒരു സിവിൽ നിയമലംഘന പ്രസ്ഥാനം ആരംഭിക്കാൻ അദ്ദേഹം നടത്തുന്ന ക്രമീകരണങ്ങളിലും ജനങ്ങളുടെ താൽപര്യം കേന്ദ്രീകരിക്കുന്നത് തുടരുന്നു. തീവ്രവാദ പത്രങ്ങൾ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെയും പ്രസംഗങ്ങളെയും സുദീർഘമായി റിപ്പോർട്ട് ചെയ്യുകയും ബംഗാളിലുടനീളം നടക്കുന്ന വിവിധ മീറ്റിംഗുകളെയും അവിടെ പാസ്സാക്കുന്ന പ്രമേയങ്ങളെയും മികച്ചരീതിയിൽ എടുത്തുകാണിക്കുകയും ചെയ്യുന്നു: പക്ഷേ, ഗാന്ധി മുന്നോട്ടുവച്ച നിയമലംഘന രീതിയോട് ജനങ്ങൾക്ക് താൽപര്യക്കുറവാണ്...

പൊതുവെ ഗാന്ധിക്ക് എന്ത് സംഭവിക്കുന്നു എന്ന് കാണാൻ ജനങ്ങൾ കാത്തിരിക്കുകയാണ്. അദ്ദേഹത്തിനെതിരെ എന്തെങ്കിലും നടപടി കൈക്കൊണ്ടാൽ തീപിടിക്കുന്ന സ്ഫോടകവസ്തുവിൽ തീപ്പൊരിവീഴുന്ന അവസ്ഥയാകും ബംഗാളിൽ സംജാതമാവുക. എന്നാൽ നിലവിൽ ഏതെങ്കിലും തരത്തിലുള്ള ഗുരുതരമായ ഏറ്റുമുട്ടലിന് സാധ്യത കുറവാണ്.

### മധ്യപ്രവിശ്യകളും ബേരാറും (Central Provinces and Berar)

നാഗ്പൂരിൽ ഇത്തരം സമ്മേളനങ്ങളിൽ ധാരാളം ജനങ്ങൾ പങ്കെടുത്തു. മാർച്ച് 12 ന് ഗാന്ധിജിയുടെ സമരയാത്രയുടെ ഉദ്ഘാടനം അടയാളപ്പെടുത്തിക്കൊണ്ട് മിക്ക സ്കൂളുകളും കോളേജുകളും അടഞ്ഞുകിടന്നു.

മദ്യശാല ബഹിഷ്കരണവും വനനിയമലംഘനവും ആയിരിക്കും ഏറ്റവും സാധ്യതയുള്ള ആക്രമണ രീതികൾ എന്നു തോന്നുന്നു.

### പഞ്ചാബ് (Punjab)

ഝലം ജില്ലയിൽ ഉപ്പുനിയമം ലംഘിക്കുന്നതിനുള്ള സംഘടിത ശ്രമങ്ങൾ അസംഭവ്യമല്ലെന്ന് തോന്നുന്നു. മുൾട്ടാനിൽ ജലനികുതി അടയ്ക്കാത്തതുമായി ബന്ധപ്പെട്ട പ്രക്ഷോഭം പുനരാരംഭിക്കും; ഒപ്പം ദേശീയ പതാകയുമായി ബന്ധപ്പെട്ട ചില സമരങ്ങൾ ചിലപ്പോൾ ഗുജ്റൻവാലയിൽ ആരംഭിക്കും.

### യുണൈറ്റഡ് പ്രൊവിൻസുകൾ (United Provinces)

കഴിഞ്ഞ രണ്ടാഴ്ചയ്ക്കുള്ളിൽ രാഷ്ട്രീയപ്രവർത്തനം നിസ്സംശയം ശക്തിയാർജിച്ചു. പൊതു താൽപര്യം നിലനിർത്താൻ ശ്രദ്ധേയമായ എന്തെങ്കിലും ചെയ്യണമെന്ന് തീർച്ചയായും കോൺഗ്രസ് പാർട്ടിക്ക് തോന്നുന്നുണ്ട്. സന്നദ്ധപ്രവർത്തകരെ ചേർക്കലും ഗ്രാമങ്ങളിലെ പ്രചാരണവും മി. ഗാന്ധിയുടെ നിർദേശം ലഭിച്ചാലുടൻ ഉപ്പുനിയമം ലംഘിക്കാനുള്ള തയാറെടുപ്പുകളും പല ജില്ലകളിൽ നിന്നും റിപ്പോർട്ട് ചെയ്യുന്നുണ്ട്.

## 1930 ഏപ്രിൽ ആദ്യപകുതിയിൽ (FOR THE FIRST HALF OF APRIL 1930)

### യുണൈറ്റഡ് പ്രൊവിൻസസ് (United Provinces)

ഇക്കഴിഞ്ഞ രണ്ടാഴ്ചയ്ക്കിടെ സംഭവങ്ങൾ കൂടുതൽ വേഗത പ്രാപിച്ചു. രാഷ്ട്രീയ യോഗങ്ങൾക്കും പ്രകടനങ്ങൾക്കും സന്നദ്ധ പ്രവർത്തകരെ സംഘടിപ്പിക്കലിനും പുറമെ ആഗ്രയിലും കാൺപൂരിലും ബനാറസിലും അലഹബാദിലും ലക്നൗവിലും മീററ്റിലും റായ്ബറേലിയിലും ഫറൂഖാബാദിലും എറ്റാവയിലും ബല്യയിലും മെയ്ൻപൂരിലും ഉപ്പുനിയമം പരസ്യമായി ലംഘിക്കപ്പെട്ടു.

യൂത്ത്‌ലീഗിന്റെ ഒരു യോഗത്തിൽ പങ്കെടുക്കാൻ സെൻട്രൽ പ്രൊവിൻസസിലേക്ക് പോകുംവഴി ഏപ്രിൽ 14 ന് പുലർച്ചെ ചിയോകി റെയിൽവേസ്റ്റേഷനിൽ വച്ച് പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ അറസ്റ്റ് ചെയ്തു. അവിടെ നിന്നും ഉടനെതന്നെ അദ്ദേഹത്തെ നേരിട്ട് നൈനി സെൻട്രൽ ജയിലിലേക്ക് കൊണ്ടുപോയി, അവിടെ അദ്ദേഹത്തെ കുറ്റവിചാരണ നടത്തുകയും 6 മാസത്തെ സാധാരണ ജയിൽശിക്ഷ വിധിക്കുകയും ചെയ്തു.

### ബീഹാറും ഒറീസയും (Bihar and Orissa)

ഇവിടെ കുറച്ച് സ്ഥലങ്ങളിൽ നിയമവിരുദ്ധമായി ഉപ്പുണ്ടാക്കുന്നതിനുള്ള ശ്രദ്ധേയമായ, എന്നാൽ ചെറിയതോതിലുള്ള, ശ്രമങ്ങൾ നടന്നിട്ടുണ്ട്, അഥവാ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു.

### മധ്യപ്രവിശ്യകൾ (Central Provinces)

ജബൽപൂരിൽ സേത്ത് ഗോവിന്ദ് ദാസ് ശുദ്ധമായ ഉപ്പിന്റെ കമ്പോളവിലയെക്കാൾ പല മടങ്ങ് അധിക ചെലവിൽ രാസ ഉപ്പ് നിർമ്മിക്കാൻ ശ്രമിച്ചു.

### മദ്രാസ് (Madras)

കടൽവെള്ളം വറ്റിച്ച് ഉണ്ടാക്കിയ ഉപ്പ് പിടിച്ചെടുക്കാൻ ശ്രമിച്ച പോലീസിനെതിരെ ശക്തമായ ചെറുത്തുനിൽപ്പുണ്ടായി. എന്നാൽ മറ്റിടങ്ങളിൽ നിയമവിരുദ്ധമായി നിർമ്മിച്ച ഉപ്പ് പിടിച്ചെടുക്കുന്നതിനെതിരെയുള്ള പ്രതിരോധം മനസ്സില്ലാമനസ്സോടെയായിരുന്നു.

### ബംഗാൾ (Bengal)

ഈ മുഫാസലിൽ നിയമവിരുദ്ധമായി ഉപ്പുണ്ടാക്കാനുള്ള ശ്രമങ്ങൾ നടന്നു. 24 ഫർഗാനകൾ, മിഡ്നാപൂർ ജില്ലകളായിരുന്നു പ്രധാന പ്രവർത്തനമേഖലകൾ.

വളരെക്കുറച്ച് ഉപ്പ് മാത്രമേ വാസ്തവത്തിൽ ഉൽപാദിപ്പിച്ചുള്ളൂ. അതിൽ ഭൂരിഭാഗവും പിടിച്ചെടുക്കപ്പെടുകയും അതുണ്ടാക്കാൻ ഉപയോഗിച്ച പാത്രങ്ങൾ നശിപ്പിക്കുകയും ചെയ്തു.

➲ ദൈ്വവാര റിപ്പോർട്ടുകൾ ശ്രദ്ധാപൂർവം വായിക്കുക. കൊളോണിയൽ ആഭ്യന്തര വകുപ്പിന്റെ രഹസ്യ റിപ്പോർട്ടുകളിൽ നിന്നെടുത്ത ഭാഗങ്ങളാണിവയെന്നോർക്കണം. വ്യത്യസ്ത പ്രദേശങ്ങളിൽ നിന്നുള്ള പോലീസ് റിപ്പോർട്ട് ചെയ്ത കാര്യങ്ങൾ എല്ലായ്പ്പോഴും ഈ റിപ്പോർട്ടുകൾ അംഗീകരിച്ചില്ല.

(1) ഈ റിപ്പോർട്ടുകളിൽ പ്രതിപാദിക്കുന്ന കാര്യങ്ങളെ സ്രോതസ്സിന്റെ സ്വഭാവം എങ്ങനെ സ്വാധീനിക്കുന്നു എന്നാണ് നിങ്ങൾ കരുതുന്നത്? മുകളിൽ തന്നിരിക്കുന്ന ഉദ്ധരണികളുടെ സഹായത്തോടെ നിങ്ങളുടെ വാദങ്ങൾ വിശദീകരിക്കുന്ന ഒരു ചെറിയ കുറിപ്പ് എഴുതുക.

(2) മഹാത്മഗാന്ധിയുടെ അറസ്റ്റിനുള്ള സാധ്യതയെക്കുറിച്ച് ജനങ്ങൾ എന്താണ് ചിന്തിക്കുന്നതെന്ന് ആഭ്യന്തരവകുപ്പ് തുടർച്ചയായി റിപ്പോർട്ട് ചെയ്തിരുന്നു എന്നതിൽ നിന്ന് നിങ്ങൾ എന്താണ് ചിന്തിക്കുന്നത്? 1930 ഏപ്രിൽ 5 ന് ദണ്ഡിയിൽ വച്ച്, അറസ്റ്റുകളെക്കുറിച്ചുള്ള ചോദ്യത്തിന് ഗാന്ധിജി പറഞ്ഞതെന്താണെന്ന് പുനർവായിക്കുക.

(3) മഹാത്മാഗാന്ധി അറസ്റ്റ് ചെയ്യപ്പെടാത്തത് എന്തുകൊണ്ടെന്നാണ് നിങ്ങൾ ചിന്തിക്കുന്നത്?

(4) ഈ സമരയാത്ര ഒരു പ്രതികരണവും ഉളവാക്കുന്നില്ലെന്ന് ആഭ്യന്തരവകുപ്പ് പറഞ്ഞുകൊണ്ടേയിരുന്നുതെന്തിനാണെന്നാണ് നിങ്ങൾ കരുതുന്നത്?

## 6.4 ദിനപ്പത്രങ്ങളിൽ നിന്ന് (From newspapers)

മഹാത്മഗാന്ധിയുടെ നീക്കങ്ങളെ പിന്തുടരുകയും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ റിപ്പോർട്ട് ചെയ്യുകയും അതോടൊപ്പം സാധാരണ ഇന്ത്യക്കാർ അദ്ദേഹത്തെക്കുറിച്ച് എന്താണ് ചിന്തിച്ചിരുന്നത് എന്ന് പറയുകയും ചെയ്തിരുന്ന, ഇംഗ്ലീഷിലും മറ്റ് വിവിധ ഇന്ത്യൻ ഭാഷകളിലും പ്രസിദ്ധീകരിച്ചിരുന്ന സമകാലീന ദിനപ്പത്രങ്ങളാണ് മറ്റൊരു പ്രധാന സ്രോതസ്സ്. എന്നിരുന്നാലും പത്രങ്ങളിലെ വിവരണങ്ങൾ നിഷ്പക്ഷമായവയാണെന്ന് കണക്കാക്കരുത്. തങ്ങളുടേതായ സ്വന്തം രാഷ്ട്രീയാശയങ്ങളും ലോകവീക്ഷണവുമുള്ള വ്യക്തികളാണ് അവ പ്രസിദ്ധീകരിച്ചിരുന്നത്. ഈ ആശയങ്ങൾ അവർ എന്താണ് പ്രസിദ്ധീകരിക്കുന്നത് എന്നതിനെയും സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുന്ന രീതിയെയും സ്വാധീനിച്ചിരുന്നു. ഒരു ലണ്ടൻ വൃത്താന്തപത്രത്തിൽ പ്രസിദ്ധീകരിക്കുന്ന വിവരണങ്ങൾ ഇന്ത്യൻ ദേശീയപത്രത്തിൽ പ്രസിദ്ധീകരിക്കുന്ന വിവരണങ്ങളിൽ നിന്ന് വളരെ വ്യത്യസ്തമായിരിക്കാം.

ഇത്തരം റിപ്പോർട്ടുകൾ നമ്മൾ വായിക്കണം, പക്ഷേ, അവ വ്യാഖ്യാനിക്കുമ്പോൾ വളരെയേറെ ശ്രദ്ധിക്കുകയും വേണം. അവയിൽ പറയുന്ന ഓരോ പ്രസ്താവനയും അക്ഷരാർഥത്തിൽ, അവിടെ നടന്ന സംഭവങ്ങളെ പ്രതിനിധാനം ചെയ്യുന്നു എന്ന് ഒരിക്കലും കരുതാനാവില്ല. ഒരു പ്രക്ഷോഭത്തെ നിയന്ത്രിക്കാൻ കഴിയാത്തവരും അതിന്റെ വ്യാപനത്തെക്കുറിച്ച് ചിന്താകുലരുമായ ഉദ്യോഗസ്ഥരുടെ ഭയമോ ഉത്കണ്ഠയോ ഒക്കെയാണ് പലപ്പോഴും ഇവ പ്രതിഫലിപ്പിക്കുന്നത്. മഹാത്മഗാന്ധിയെ അറസ്റ്റ് ചെയ്യണമോ, അല്ലെങ്കിൽ ഒരു അറസ്റ്റ് എന്ത് ഫലമാണ് ഉളവാക്കുക എന്നൊന്നും അവർക്ക് അറിയില്ലായിരുന്നു. കൊളോണിയൽ ഭരണകൂടം പൊതുജനത്തിന് മേലെയും അതിന്റെ പ്രവർത്തനങ്ങൾക്കുമേലെയും കൂടുതൽ നിരീക്ഷണം നടത്തുന്തോറും തങ്ങളുടെ ഭരണത്തിന്റെ അടിസ്ഥാനത്തെപ്പറ്റി അവർ കൂടുതൽ ആശങ്കാകുലരായിത്തീർന്നു.




*ചിത്രം 12.1/*
*ഇത്തരം ചിത്രങ്ങൾ മഹാത്മാഗാന്ധിയെ ജനങ്ങൾ എങ്ങനെയാണ് കണ്ടിരുന്നതെന്നും ജനപ്രിയ പ്രസിദ്ധീകരണങ്ങളിൽ അദ്ദേഹത്തെ എങ്ങനെയാണ് ചിത്രീകരിച്ചിരുന്നതെന്നും വെളിപ്പെടുത്തുന്നു.*

ദേശീയതാ വൃക്ഷത്തിനുള്ളിൽ, ചുറ്റും മറ്റു നേതാക്കളുടെയും സന്യാസിമാരുടെയും ചെറിയ ചിത്രങ്ങളാൽ ചുറ്റപ്പെട്ട തേജസ്സാർന്ന കേന്ദ്രബിംബമായി മഹാത്മാഗാന്ധി കാണപ്പെടുന്നു.

## കാലരേഖ (TIMELINE)

| | |
|---|---|
| 1915 | മഹാത്മഗാന്ധി ദക്ഷിണാഫ്രിക്കയിൽ നിന്ന് തിരികെയെത്തുന്നു |
| 1917 | ചമ്പാരൻ സമരം |
| 1918 | ഖേദ (ഗുജറാത്ത്) യിലെ കർഷകസമരവും അഹമ്മദാബാദിലെ തൊഴിലാളിസമരവും |
| 1919 | റൗലറ്റ് സത്യഗ്രഹം (മാർച്ച് – ഏപ്രിൽ) |
| 1919 | ജാലിയൻവാലാ ബാഗ് കൂട്ടക്കൊല (ഏപ്രിൽ) |
| 1921 | നിസ്സഹകരണ-ഖിലാഫത്ത് പ്രസ്ഥാനങ്ങൾ |
| 1928 | ബർദോളിയിലെ കർഷകസമരം |
| 1929 | ലാഹോർ സമ്മേളനത്തിൽ (ഡിസംബറിൽ) വച്ച് പൂർണ സ്വരാജ് കോൺഗ്രസിന്റെ ലക്ഷ്യമായി അംഗീകരിക്കുന്നു |
| 1930 | നിയമലംഘന പ്രസ്ഥാനം ആരംഭിക്കുന്നു; ദണ്ഡി സമരയാത്ര (മാർച്ച് – ഏപ്രിൽ) |
| 1931 | ഗാന്ധി-ഇർവിൻ സന്ധി (മാർച്ച്); രണ്ടാം വട്ടമേശ സമ്മേളനം (ഡിസംബർ) |
| 1935 | ഇന്ത്യാഗവൺമെന്റ് നിയമം, ചില തരത്തിലുള്ള ഒരു പ്രാതിനിധ്യ സർക്കാർ രൂപീകരിക്കാമെന്നുള്ള വാഗ്ദാനം നൽകുന്നു |
| 1939 | കോൺഗ്രസ് മന്ത്രിസഭകൾ രാജി വയ്ക്കുന്നു |
| 1942 | ക്വിറ്റ് ഇന്ത്യാ സമരം ആരംഭിക്കുന്നു (ആഗസ്റ്റ്) |
| 1946 | വർഗീയകലാപം അവസാനിപ്പിക്കാൻ ഗാന്ധിജി നവ്ഖാലിയും മറ്റ് കലാപബാധിത പ്രദേശങ്ങളും സന്ദർശിക്കുന്നു |

### 100 മുതൽ 150 വരെ വാക്കുകളിൽ ഉത്തരമെഴുതുക (ANSWER IN 100-150 WORDS)

1. മഹാത്മാഗാന്ധി സാധാരണക്കാരിൽ ഒരാളായിത്തീരാൻ ശ്രമിച്ചത് എങ്ങനെയാണ്?
2. മഹാത്മാഗാന്ധിയെ കർഷകർ എങ്ങനെയാണ് കണ്ടിരുന്നത്?
3. ഉപ്പുനിയമങ്ങൾ സമരത്തിനുള്ള ഒരു പ്രധാന വിഷയമായി മാറിയതെങ്ങനെ?
4. ദേശീയ പ്രസ്ഥാനത്തെക്കുറിച്ചുള്ള പഠനത്തിൽ വർത്തമാന പത്രങ്ങൾ ഒരു പ്രധാന സ്രോതസ്സായി മാറുന്നത് എന്തുകൊണ്ടാണ്?
5. ചർക്കയെ ദേശീയതയുടെ പ്രതീകമായി തിരഞ്ഞെടുത്തത് എന്തുകൊണ്ട്?

## ചുവടെ തന്നിരിക്കുന്നവയെക്കുറിച്ച് ഒരു ചെറു ഉപന്യാസം (250 മുതൽ 300 വരെ വാക്കുകളിൽ) എഴുതുക (WRITE A SHORT ESSAY (250-300 WORDS) ON THE FOLLOWING)

6. നിസ്സഹകരണം എങ്ങനെയാണ് ഒരു പ്രതിഷേധ രൂപമായത്?

7. വട്ടമേശ സമ്മേളനത്തിലെ സംഭാഷണങ്ങൾ തീരുമാനങ്ങളിലെത്താതെപോയത് എന്തുകൊണ്ട്?

8. മഹാത്മഗാന്ധി ദേശീയപ്രസ്ഥാനത്തിന്റെ സ്വഭാവത്തെ ഏത് വിധത്തിലാണ് മാറ്റിമറിച്ചത്?

9. സ്വകാര്യക്കത്തുകളും ആത്മകഥകളും ഒരു വ്യക്തിയെക്കുറിച്ച് നമ്മോട് എന്താണ് പറയുന്നത്? ഈ സ്രോതസ്സുകൾ ഔദ്യോഗിക വിവരണങ്ങളിൽ നിന്ന് വ്യത്യസ്തമാകുന്നതെങ്ങനെ?

## ഭൂപട പ്രവർത്തനം (MAP WORK)

10. ദണ്ഡിയാത്രയുടെ പ്രയാണപാത കണ്ടുപിടിക്കുക. ഗുജറാത്തിന്റെ ഭൂപടത്തിൽ സമരയാത്രയുടെ വഴി രേഖപ്പെടുത്തുക. ഇത് കടന്നുപോയ പ്രധാന പട്ടണങ്ങളും ഗ്രാമങ്ങളും അടയാളപ്പെടുത്തുക.

## പ്രോജക്ടുകൾ (ഏതെങ്കിലും ഒരെണ്ണം തിരഞ്ഞെടുക്കുക) (PROJECT (CHOOSE ONE))

11. ദേശീയ നേതാക്കളുടെ ഏതെങ്കിലും രണ്ട് ആത്മകഥകൾ വായിക്കുക. അതെഴുതിയവർ അവരുടെ ജീവിതത്തെയും കാലഘട്ടത്തെയും പ്രതിപാദിക്കുകയും ദേശീയ പ്രസ്ഥാനത്തെ വിശകലനം നടത്തുകയും ചെയ്ത വ്യത്യസ്ത രീതികൾ നോക്കുക. അവരുടെ വീക്ഷണങ്ങൾ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് കാണുക. നിങ്ങളുടെ പഠനത്തെ ആസ്പദമാക്കി ഒരു വിവരണം എഴുതുക.

12. ദേശീയ പ്രസ്ഥാനകാലത്ത് നടന്ന ഏതെങ്കിലും ഒരു സംഭവം തിരഞ്ഞെടുക്കുക. അക്കാലത്തെ നേതാക്കളുടെ കത്തുകളും പ്രസംഗങ്ങളും വായിക്കാൻ ശ്രമിക്കുക. അവയിൽ ചിലത് ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അദ്ദേഹം നിങ്ങളുടെ പ്രദേശത്തു നിന്നുള്ള ഒരു പ്രാദേശിക നേതാവുമാകാം. മുകൾത്തട്ടിലെ ദേശീയ നേതൃത്വത്തിന്റെ പ്രവർത്തനങ്ങളെ പ്രാദേശിക നേതാക്കൾ എങ്ങനെ നോക്കിക്കണ്ടു എന്ന് പരിശോധിക്കുക. നിങ്ങളുടെ വായനയുടെ അടിസ്ഥാനത്തിൽ പ്രസ്ഥാനത്തെക്കുറിച്ച് എഴുതുക.

**നിങ്ങൾക്ക് കൂടുതൽ അറിയണമെങ്കിൽ വായിക്കൂ:**


ശേഖർ ബന്ധോപാധ്യായ്. 2004.
*ഫ്രം പ്ലാസി ടു പാർട്ടിഷൻ: എ ഹിസ്റ്ററി ഓഫ് മോഡേൺ ഇന്ത്യ.*
ഓറിയന്റ് ലോങ്മാൻ, ന്യൂഡൽഹി

സർവേപള്ളി ഗോപാൽ. 1975.
*ജവഹർലാൽ നെഹ്റു: എ ബയോഗ്രഫി, വാല്യം 1, 1889 - 1947.*
ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്, ഡൽഹി.

ഡേവിഡ് ഹാർഡിമാൻ. 2003.
*ഗാന്ധി ഇൻ ഹിസ് ടൈം ആന്റ് അവേഴ്സ്.*
പെർമനന്റ് ബ്ലാക്ക്, ന്യൂഡൽഹി.

ഗ്യാനേന്ദ്ര പാണ്ഡെ. 1978.
*ദി അസെൻഡൻസി ഓഫ് ദി കോൺഗ്രസ് ഇൻ ഉത്തർപ്രദേശ്, 1926 - 34.*
ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്, ഡൽഹി.

സുമിത് സർക്കാർ. 1983.
*മോഡേൺ ഇന്ത്യ, 1885 - 1947.*
മാക്മില്ലൻ, ന്യൂഡൽഹി.


**നിങ്ങൾക്ക് സന്ദർശിക്കാം:**
**You could visit:**
http:/www.gandhiserve.org/cwmg/cwmg.html
(ഗാന്ധിയുടെ സമാഹൃത രചനകൾക്കായി)

# പ്രമേയം പതിമൂന്ന്

# വിഭജനത്തെ മനസ്സിലാക്കൽ
## (UNDERSTANDING PARTITION)
## രാഷ്ട്രീയം, ഓർമ്മകൾ, അനുഭവങ്ങൾ
## (POLITICS, MEMORIES, EXPERIENCES)



ചിത്രം 13.1
വിഭജനം ദശലക്ഷക്കണക്കിന് ജനങ്ങളെ പിഴുതെറിയുകയും, അവരെ അഭയാർത്ഥികളാക്കി മാറ്റുകയും [illegible] പുതിയ പ്രദേശങ്ങളിൽ ശൂന്യതയിൽ നിന്നും ജീവിതം കെട്ടിപ്പടുക്കാൻ നിർബന്ധിതരാക്കി.

1947 ലെ കൊളോണിയൽ ഭരണത്തിൽ നിന്നും നമ്മുടെ രാജ്യം സ്വാതന്ത്ര്യം നേടിയതിന്റെ സന്തോഷം വിഭജനം മൂലമുള്ള അക്രമവും ക്രൂരതയും കൊണ്ട് കളങ്കപ്പെട്ടുവെന്ന് നമുക്കറിയാം. ഇന്ത്യയും പാകിസ്താനു (അതിന്റെ പടിഞ്ഞാറും കിഴക്കും ഉള്ള ഭാഗങ്ങൾ)മെന്ന പരമാധികാര രാഷ്ട്രങ്ങളായുള്ള ബ്രിട്ടീഷ് ഇന്ത്യയുടെ വിഭജനം പെട്ടെന്ന് ധാരാളം സംഭവ വികാസങ്ങൾക്ക് വഴി തെളിച്ചു. ആയിരക്കണക്കിന് ജീവനുകൾ ഊതി കെടുത്തപ്പെടുകയും ഒട്ടേറെ ജീവിതങ്ങൾ നാടകീയമായി മാറിമറിയുകയും നഗരങ്ങൾ മാറുകയും ഇന്ത്യ മാറുകയും ഒരു പുതിയ രാജ്യം ജന്മംകൊള്ളുകയും ചെയ്തു. അവിടെ അഭൂതപൂർവമായ വംശഹത്യയും കുടിയേറ്റവും ഉണ്ടായി.

ഈ അധ്യായം, എന്തുകൊണ്ട്, എങ്ങനെ, വിഭജനം സംഭവിച്ചുവെന്നും 1946-50 കാലത്തും അതിന് ശേഷവുമുണ്ടായ സാധാരണക്കാരുടെ മർമ്മഭേദകമായ അനുഭവങ്ങളുമുൾക്കൊള്ളുന്ന വിഭജനത്തിന്റെ ചരിത്രമാണ് പരിശോധിക്കുന്നത്. വാമൊഴി

Q6S2L7

ചരിത്രം ഉപയോഗിച്ചു കൊണ്ട്, അതായത് ജനങ്ങളോട് സംസാരിച്ചും അവരുമായി അഭിമുഖ സംഭാഷണം നടത്തിയും, ഈ അനുഭവങ്ങളുടെ ചരിത്രത്തെ എങ്ങനെ പുനർനിർമ്മിക്കാമെന്നും ഈ അധ്യായം ചർച്ച ചെയ്യുന്നു. അതേസമയം, ഇത് വാമൊഴി ചരിത്രത്തിന്റെ ശക്തികളും ദൗർബല്യങ്ങളും ചൂണ്ടിക്കാണിക്കും. ഇതര സ്രോതസ്സുകളിൽ നിന്ന് ഒന്നും അറിയാൻ കഴിയാത്തതോ കുറച്ചു മാത്രം അറിയാൻ കഴിയുന്നതോ ആയ സമൂഹത്തിന്റെ ഭൂതകാലത്തെക്കുറിച്ചുള്ള ചില വിവരങ്ങൾ, അഭിമുഖങ്ങൾ നമുക്ക് പറഞ്ഞുതരും. എന്നാൽ പല കാര്യങ്ങളെക്കുറിച്ചും അഭിമുഖങ്ങൾ കാര്യമായൊന്നും വെളിപ്പെടുത്തണമെന്നില്ല, അതിന്റെ ചരിത്രം നാം മറ്റു സ്രോതസ്സുകളിൽ നിന്ന് നിർമ്മിച്ചെടുക്കേണ്ടി വരും. ഈ അധ്യായത്തിന്റെ അവസാന ഭാഗത്ത് ഈ പ്രശ്നത്തിലേക്ക് നാം മടങ്ങി വരും.



ചിത്രം 13.2
അക്കാലത്തെ ആക്രമണങ്ങളുടെ ഒരു കാഴ്ച ദർശനം ചിത്രങ്ങൾ നമുക്ക് നൽകുന്നു

## 1. ചില വിഭജനാനുഭവങ്ങൾ (Some Partition Experiences)

ഈ ദുരിത കാലത്തിലൂടെ കടന്നുപോയ ജനങ്ങൾ ഒരു ഗവേഷകനോട് 1993 ൽ വിവരിച്ച മൂന്ന് സംഭവങ്ങൾ ഇവിടെ ചേർക്കുന്നു: വിവരം നൽകിയത് പാകിസ്താനികളും ഗവേഷകൻ ഇന്ത്യാക്കാരനുമായിരുന്നു. തലമുറകളായി സാമാന്യം സ്വരച്ചേർച്ചയോടെ ജീവിച്ചിരുന്നവർ 1947 ൽ പരസ്പരം ഇത്രയധികം അക്രമങ്ങൾ അടിച്ചേൽപ്പിച്ചത് എങ്ങനെയെന്ന് മനസ്സിലാക്കുക എന്നതായിരുന്നു ഗവേഷകന്റെ ചുമതല.

*സ്രോതസ്സ് 1*

### "എന്റെ പിതാവിന്റെ കർസ്, അദ്ദേഹത്തിന്റെ കടം വീട്ടുക മാത്രമാണ് ഞാൻ" ("I am simply returning my father's *Karz*, his debt")

ഗവേഷകൻ രേഖപ്പെടുത്തിയത് ഇതാണ്;

1992 ലെ ശൈത്യകാലത്ത് ലാഹോറിലെ പഞ്ചാബ് സർവകലാശാലയിലെ ചരിത്രവിഭാഗത്തിന്റെ ഗ്രന്ഥശാലയിലെ എന്റെ സന്ദർശനവേളകളിൽ, ദൈവവിശ്വാസിയും മധ്യവയസ്കനുമായ, അബ്ദുൽ ലത്തീഫ് എന്ന ലൈബ്രേറിയൻ എന്നെ വളരെയധികം സഹായിക്കാറുണ്ട്. അദ്ദേഹത്തിന്റെ ജോലി ആവശ്യപ്പെടുന്നതിനുമപ്പുറം, നടപടിക്രമങ്ങൾ മറികടന്ന് ആവശ്യമായ സാമഗ്രികൾ ലഭ്യമാക്കും. അടുത്ത ദിവസം രാവിലെ ഞാനെത്തിച്ചേരുന്നതിനു മുമ്പു തന്നെ ഞാൻ ആവശ്യപ്പെട്ടിരുന്ന രേഖകളുടെ പകർപ്പുകൾ അതീവ ശ്രദ്ധയോടെ തയാറാക്കി വയ്ക്കുകയും ചെയ്യും. എന്റെ ജോലിയോടുള്ള അദ്ദേഹത്തിന്റെ മനോഭാവം വളരെയേറെ അസാധാരണമായിരുന്നതിനാൽ എനിക്ക് ഒരു ദിവസം അദ്ദേഹത്തോട് ഇങ്ങനെ ചോദിക്കാതിരിക്കാൻ കഴിഞ്ഞില്ല. "ലത്തീഫ് സാഹിബ്, എന്നെ ഇത്രയേറെ സഹായിക്കാൻ നിങ്ങൾ നടപടിക്രമങ്ങൾ മറികടക്കുന്നതെന്തിനാണ്? ലത്തീഫ് സാഹിബ് തന്റെ വാച്ചിൽ കണ്ണോടിച്ച്, തന്റെ *നമസ്കാരത്തൊപ്പി* എടുത്തുകൊണ്ട് പറഞ്ഞു. "എനിക്ക് ഇപ്പോൾത്തന്നെ *നമസ്കാരത്തിനാ*യി പോകണം, പക്ഷേ, ഞാൻ തിരിച്ചുവന്ന് നിങ്ങളുടെ ചോദ്യത്തിനുള്ള ഉത്തരം നൽകും." അരമണിക്കൂർ കഴിഞ്ഞ് ഓഫീസിൽ വന്നതിനുശേഷം, അദ്ദേഹം തുടർന്നു:

"അതെ, നിങ്ങളുടെ ചോദ്യം... ഞാൻ വിശദീകരിക്കാം. എന്റെ പിതാവ് ജമ്മുവിൽ, ജമ്മു ജില്ലയിലെ ഒരു ചെറുഗ്രാമത്തിൽ നിന്നുള്ളയാളായിരുന്നു. ഒരു സമുദായത്തിന് ആധിപത്യമുള്ള ഗ്രാമമായിരുന്ന ഈ പ്രദേശത്തെ കലാപകാരികൾ, 1947 ആഗസ്റ്റിൽ ഗ്രാമത്തിലെ ഒരു വിഭാഗം ജനങ്ങളെ കൊടും ക്രൂരതയ്ക്ക് വിധേയമാക്കി. ഒരു സായാഹ്നത്തിൽ, ഒരുജനക്കൂട്ടം അടക്കാനാവാത്ത കോപത്തിന്റെ അവസ്ഥയിലായിരുന്നപ്പോൾ, ഗ്രാമത്തിൽ ജീവനോടെ അവശേഷിക്കുന്ന തന്റെ സമുദായത്തിലെ ഒരേയൊരു യുവാവ് ഒരു പക്ഷെ താൻ മാത്രമാണെന്ന്

എന്റെ പിതാവ് മനസ്സിലാക്കി. കലാപകാലത്ത് തന്റെ കുടുംബത്തെ മുഴുവൻ ഇതിനകം നഷ്ടപ്പെട്ടിരുന്ന അദ്ദേഹം രക്ഷപ്പെടാനുള്ള മാർഗങ്ങൾ നോക്കുകയായിരുന്നു. തന്റെ അയൽവാസിയായ ദയാശീലയായ ഒരു വൃദ്ധ സ്ത്രീയെ ഓർമ്മിച്ച അദ്ദേഹം അവരുടെ സ്ഥലത്ത് അഭയംനൽകി തന്നെ രക്ഷിക്കണമെന്ന് അവരോട് അഭ്യർഥിച്ചു. പിതാവിനെ സഹായിക്കാമെന്ന് സ്ത്രീ സമ്മതിച്ചെങ്കിലും, അവർ പറഞ്ഞു. 'മകനേ, നിന്നെ ഇവിടെ ഒളിവിൽ പാർപ്പിക്കുകയാണെങ്കിൽ, അവർ നമ്മൾ രണ്ടുപേരെയും പിടികൂടും. അതുകൊണ്ട് പ്രയോജനമില്ല. അവർ ശവങ്ങൾ കൂട്ടിയിട്ടിരിക്കുന്ന സ്ഥലത്തേക്ക് നീ എന്റെ കൂടെ വരിക, അവിടെ നീ മരിച്ചതുപോലെ കിടക്കുക. ഞാൻ കുറച്ച് മൃതദേഹങ്ങൾ നിന്റെ മേൽ കൂട്ടിവയ്ക്കും. മകനെ, രാത്രി മുഴുവനും മരണപ്പെട്ടതുപോലെ മൃതദേഹങ്ങൾക്കിടയിൽ നീ കിടക്കുക. നാളത്തെ പ്രഭാതത്തിന്റെ ആരംഭത്തിൽ സിയാൽക്കോട്ടിലേക്ക് നിന്റെ ജീവനും കൊണ്ട് ഓടിപ്പോകുക.'

'എന്റെ പിതാവ് ഈ നിർദേശം അംഗീകരിച്ചു. അവർ ആ സ്ഥലത്തേക്കുപോവുകയും, പിതാവ് നിലത്തു കിടക്കുകയും വൃദ്ധയായ സ്ത്രീ നിരവധി മൃതദേഹങ്ങൾ അദ്ദേഹത്തിനു മേൽ കൂട്ടിയിടുകയും ചെയ്തു. ഒരു മണിക്കൂറോ അതിലധികമോ സമയത്തിനുശേഷം ഒരു കൂട്ടം സായുധരായ അക്രമികൾ പ്രത്യക്ഷപ്പെട്ടു. അവരിലൊരാൾ 'ആരിലെങ്കിലും അൽപ്പമെങ്കിലും ജീവൻ അവശേഷിക്കുന്നുണ്ടോ എന്ന് ആക്രോശിച്ചു. കൂടെയുള്ളവർ അവരുടെ പരുക്കനായ ദണ്ഡും തോക്കും കൊണ്ട് ആ കൂമ്പാരത്തിൽ ജീവന്റെ എന്തെങ്കിലും സൂചനകൾ ഉണ്ടോയെന്ന് തൊട്ടറിയാനുള്ള ശ്രമങ്ങൾ തുടങ്ങി. 'ആ മൃതശരീരത്തിൽ ഒരു വാച്ച് ഉണ്ട്' എന്ന് ആരോ ഒരാൾ ആക്രോശിച്ചു. ഒപ്പം എന്റെ പിതാവിന്റെ വിരലിൽ തോക്കിന്റെ തലകൊണ്ട് ഇടിച്ചു. താൻ ധരിച്ചിരുന്ന വാച്ചിനു താഴെയുള്ള തന്റെ നീട്ടി വച്ച കൈത്തലം പൂർണമായും നിശ്ചലമാക്കി വയ്ക്കാൻ എത്ര പാടുപെട്ടു എന്ന് പിതാവ് ഞങ്ങളോട് പറയാറുണ്ടായിരുന്നു. 'ഓ ഇത് വെറുമൊരു വാച്ചല്ലേ, ഇരുട്ടാകുന്നു, വരൂ നമുക്ക് പോകാം' എന്ന് അവരിൽ ഒരാൾ പറയുന്നതുവരെയുള്ള ഏതാനും നിമിഷങ്ങൾ അദ്ദേഹം ഒരുവിധത്തിൽ പിടിച്ചു നിന്നു. അബ്ബാജിയുടെ ഭാഗ്യംമൂലം അവർ പോവുകയും എന്റെ പിതാവ് രാത്രി മുഴുവനും ആ പരിതാപകരമായ അവസ്ഥയിൽ കിടക്കുകയും ചെയ്തു. പ്രകാശത്തിന്റെ ആദ്യ കിരണം പതിച്ചപ്പോൾ തന്നെ അദ്ദേഹം അക്ഷരാർഥത്തിൽ തന്റെ പ്രാണനും കൊണ്ട് ഓടി രക്ഷപ്പെട്ടു. സിയാൽക്കോട്ട് എത്തുന്നതുവരെ അദ്ദേഹം നിന്നില്ല."

"ആ *അമ്മ* എന്റെ പിതാവിനെ സഹായിച്ചതുകൊണ്ടാണ് ഞാൻ നിങ്ങളെ സഹായിക്കുന്നത്. എന്റെ പിതാവിന്റെ കർസ്, കടം, ഞാൻ വീട്ടുകയാണ്."

"എന്നാൽ ഞാനൊരു ഹിന്ദുവല്ല", ഞാൻ പറഞ്ഞു, "കൂടി വന്നാൽ എന്റേതൊരു ഹിന്ദു–സിക്ക് മിശ്ര കുടുംബമാണ്"

"നിങ്ങളുടെ മതം എന്താണെന്ന് എനിക്ക് കൃത്യമായി അറിയില്ല. നിങ്ങളിൽ മുറിക്കാത്ത തലമുടി കാണാത്തതുകൊണ്ട് നിങ്ങൾ എന്റെ സമുദായത്തിലെ ആളല്ല. അതിനാൽ, എന്നെ സംബന്ധിച്ചിടത്തോളം നിങ്ങൾ ഒരു ഹിന്ദുവാണ്, ഒരു ഹിന്ദു *അമ്മ* എന്റെ പിതാവിന്റെ പ്രാണൻ രക്ഷിച്ചതിനാൽ എന്നെക്കൊണ്ടാകുന്ന ചെറിയ ഉപകാരം ഞാൻ നിങ്ങൾക്കു ചെയ്യുന്നു."

*സ്രോതസ്സ് 2*

**"ഇപ്പോൾ, കുറച്ച് വർഷങ്ങളായി, ഞാൻ ഒരു പഞ്ചാബി *മുസൽമാനെ* കണ്ടിട്ടില്ല"**
**("For quite a few years now, I have not met a Punjabi *Musalman*")**

ഗവേഷകന്റെ രണ്ടാമത്തെ കഥ ലാഹോറിലെ ഒരു യൂത്ത് ഹോസ്റ്റലിലെ മാനേജരെ കുറിച്ചാണ്.

ഞാൻ താമസസൗകര്യമന്വേഷിച്ച് ഹോസ്റ്റലിൽ ചെല്ലുകയായിരുന്നു: എന്റെ പൗരത്വം കൃത്യമായി പ്രഖ്യാപിക്കുകയും ചെയ്തു. "നിങ്ങൾ ഒരു ഇന്ത്യക്കാരനാണ്, അതുകൊണ്ട് നിങ്ങൾക്ക് ഒരു മുറി അനുവദിക്കാൻ എനിക്ക് കഴിയില്ല, പക്ഷേ എനിക്ക്, നിങ്ങൾക്ക് ചായയും ഒരു കഥയും നൽകാൻ കഴിയും" മാനേജർ പറഞ്ഞു. അത്തരത്തിൽ പ്രലോഭിപ്പിക്കുന്ന ഒരു വാഗ്ദാനം നിരസിക്കാൻ എനിക്ക് കഴിഞ്ഞില്ല. "1950 കളുടെ തുടക്കത്തിൽ എനിക്ക് ഡൽഹിയിൽ ആയിരുന്നു നിയമനം", മാനേജർ പറഞ്ഞു തുടങ്ങി. ഞാൻ അദ്ദേഹത്തെ പൂർണമായും കേട്ടു:

"ഞാൻ അവിടുത്തെ പാകിസ്താനി ഹൈകമ്മീഷനിൽ ഗുമസ്തനായി ജോലി ചെയ്യുകയായിരുന്നു. ഒരു ലാഹോരി സുഹൃത്ത് ഡൽഹിയിലെ പഹാഡ്ഗഞ്ചിൽ ഇപ്പോൾ താമസിക്കുന്ന അദ്ദേഹത്തിന്റെ മുൻ അയൽവാസിക്ക് ഒരു *രുക്ക* (ഒരു ചെറിയ കൈയെഴുത്ത് കുറിപ്പ്) എത്തിക്കുവാൻ എന്നോട് ആവശ്യപ്പെട്ടു. ഒരു ദിവസം ഞാൻ എന്റെ സൈക്കിളിൽ പഹാഡ്ഗഞ്ചിലേക്ക് പുറപ്പെടുകയും സെൻട്രൽ സെക്രട്ടറിയേറ്റിലുള്ള പള്ളി (ക്രിസത്യൻ) കടന്നയുടനെ, ഒരു സിക്ക് സൈക്കിൾ യാത്രക്കാരനെ കാണുകയും 'സർദാർജി പഹാഡ്ഗഞ്ചിലേക്കുള്ള വഴി ഏതാണ്?' എന്ന് ഞാൻ പഞ്ചാബിയിൽ അദ്ദേഹത്തോട് ചോദിക്കുകയും ചെയ്തു.

'നിങ്ങൾ ഒരു അഭയാർഥിയാണോ?' അദ്ദേഹം ചോദിച്ചു.

'അല്ല, ഞാൻ ലാഹോറിൽ നിന്നുമാണ് വരുന്നത്, ഞാൻ ഇക്ബാൽ അഹമ്മദാണ്'.

'ലാഹോറിൽ നിന്നുള്ള, ... ഇക്ബാൽ അഹമ്മദ്! നിർത്തൂ!'

"ആ, 'നിർത്തു'! എനിക്ക് ഒരു നിർദയമായ ഉത്തരവായി അനുഭവപ്പെടുകയും, ഇപ്പോൾത്തന്നെ ഞാൻ മരിക്കുമെന്നു തോന്നുകയും ചെയ്തു. ആ സിക്കുകാരൻ എന്നെ തീർത്തുകളയും. രക്ഷപ്പെടാൻ ഒരു വഴിയും കാണാത്ത സാഹചര്യത്തിൽ ഞാൻ സൈക്കിൾ നിർത്തി. ബലിഷ്ഠനായ സിക്കുകാരൻ എന്റെ അടുത്തേക്ക് ഓടിവന്നുകൊണ്ട് ശക്തിയോടെ എന്നെ ആലിംഗനം ചെയ്തു. ഈറനണിഞ്ഞ കണ്ണുകളോടെ അദ്ദേഹം പറഞ്ഞു. കുറച്ച് വർഷങ്ങളായി ഞാൻ ഒരു പഞ്ചാബി *മുസൽമാനെ* കണ്ടിട്ടില്ല. ഒരാളെ കാണാൻ കൊതിച്ചിരിക്കുകയായിരുന്നു. എങ്കിലും പഞ്ചാബി സംസാരിക്കുന്ന *മുസൽമാന്മാരെ* ഇവിടെ കാണാൻ കഴിയില്ല."



*ചിത്രം 13.3*
*10 ദശലക്ഷത്തിലധികം ജനങ്ങൾ അവരുടെ മാതൃ രാജ്യങ്ങളിൽ നിന്ന് പിഴുതെറിയപ്പെടുകയും കുടിയേറാൻ നിർബന്ധിതരാവുകയും ചെയ്തു.*

*സ്രോതസ്സ് 3*

## "ഇല്ല ഇല്ല! നിങ്ങൾക്ക് ഒരിക്കലും ഞങ്ങളുടേത് ആകാൻ കഴിയില്ല". ("No, no! You can never be ours")

ഗവേഷകൻ വിവരിച്ച മൂന്നാമത്തെ കഥയാണിത്:

1992 ൽ ലാഹോറിൽ വച്ച് കണ്ടുമുട്ടിയ ഒരാളെ ഞാൻ ഇപ്പോഴും കൃത്യമായി ഓർക്കുന്നുണ്ട്. വിദേശത്ത് പഠിക്കുന്ന ഒരു പാകിസ്താനിയാണ് ഞാനെന്ന് അദ്ദേഹം തെറ്റിദ്ധരിച്ചു. എന്തുകൊണ്ടോ അദ്ദേഹത്തിന് എന്നെ ഇഷ്ടപ്പെട്ടു. *കൗമിനെ* (രാഷ്ട്രത്തെ) സേവിക്കുന്നതിനായി എന്റെ പഠനം പൂർത്തിയാക്കിയതിനുശേഷം നാട്ടിലേക്ക് മടങ്ങാൻ അദ്ദേഹം എന്നെ പ്രേരിപ്പിച്ചു. അങ്ങനെ തന്നെ ചെയ്യുമെന്ന് ഞാൻ അദ്ദേഹത്തോട് പറഞ്ഞു. പക്ഷേ സംഭാഷണത്തിന്റെ ഒരു ഘട്ടത്തിൽ, ഞാൻ എന്റെ പൗരത്വം ഇന്ത്യനാണെന്ന് കൂട്ടിച്ചേർത്തു. പെട്ടെന്ന് അയാളുടെ സ്വരം മാറി. ആത്മനിയന്ത്രണം പാലിക്കാൻ പരിശ്രമിച്ചുകൊണ്ട്, അദ്ദേഹം ആലോചിക്കാതെ പറഞ്ഞു.

" ഓ ഇന്ത്യക്കാരൻ! ഞാൻ കരുതിയത് നിങ്ങൾ പാകിസ്താനിയാണെന്നാണ്." ഞാൻ എപ്പോഴും ഒരു തെക്കേ ഏഷ്യക്കാരനായാണ് സ്വയം കാണുന്നതെന്നു പറഞ്ഞ് അദ്ദേഹത്തിന് എന്നിൽ മതിപ്പ് തോന്നിപ്പിക്കുവാൻ ഞാൻ പരമാവധി ശ്രമിച്ചു. "ഇല്ല, ഇല്ല! നിങ്ങൾക്ക് ഒരിക്കലും ഞങ്ങളുടേത് ആവാൻ കഴിയില്ല. 1947 ൽ നിങ്ങളുടെ ആളുകൾ എന്റെ ഗ്രാമത്തെ പൂർണമായും ഉൻമൂലനം ചെയ്തു, നമ്മൾ ബദ്ധശത്രുക്കളാണ്, അത് എപ്പോഴും അങ്ങനെ തന്നെ തുടരുകയും ചെയ്യും."

➲

(1) പരസ്പരം സംഭാഷണത്തിലേർപ്പെട്ടിരിക്കുന്ന ആ വ്യക്തികളുടെ മനോഭാവത്തെക്കുറിച്ച് ഈ സ്രോതസുകൾ ഓരോന്നും എന്താണ് വെളിപ്പെടുത്തുന്നത്?

(2) വിഭജനത്തെക്കുറിച്ച് ജനങ്ങളിലുള്ള വ്യത്യസ്തമായ *ഓർമ്മകളെക്കുറിച്ച്* ഈ കഥകൾ വെളിപ്പെടുത്തുന്നത് *എന്താണെന്നാണ് നിങ്ങൾ കരുതുന്നത്?*

(3) ഇവർ സ്വയവും പരസ്പരവും എങ്ങനെ തിരിച്ചറിഞ്ഞു?

### ➲ ചർച്ച ചെയ്യുക...

വിഭജനത്തെക്കുറിച്ച് എഴുതുന്നതിൽ ഇത്തരം കഥകൾക്കുള്ള മൂല്യം വിലയിരുത്തുക.

## 2. ഒരു ചരിത്രപധാനമായ അടയാളപ്പെടുത്തൽ (A Momentous Marker)

### 2.1. വിഭജനമോ കൂട്ടക്കൊലയോ? (Partition or holocaust?)

മുകളിൽ അവതരിപ്പിച്ച വിവരണങ്ങൾ വിരൽ ചൂണ്ടുന്നത് വിഭജനത്തിന്റെ സവിശേഷതയായ, പടർന്നു പിടിച്ച അക്രമത്തിലേക്കാണ്. ലക്ഷക്കണക്കിന് ആളുകൾ കൊല്ലപ്പെടുകയും എണ്ണമറ്റ സ്ത്രീകൾ തട്ടിക്കൊണ്ടു പോകപ്പെടുകയും ബലാൽസംഗത്തിന് ഇരയാക്കപ്പെടുകയും ചെയ്തു. ദശലക്ഷകണക്കിനാളുകൾ സ്വദേശങ്ങളിൽ നിന്ന് പിഴുതെറിയപ്പെടുകയും അന്യദേശങ്ങളിൽ അഭയാർഥികളായി മാറുകയും ചെയ്തു. മരണപ്പെട്ടവരുടെ എണ്ണത്തെക്കുറിച്ചുള്ള പണ്ഡിതമതങ്ങൾ 2,00,000 മുതൽ 5,00,000 വരെയാണെന്നിരിക്കെ കൃത്യമായ ഒരു സംഖ്യയിൽ എത്തിച്ചേരുക തികച്ചും അസാധ്യമാണ്. ഇന്ത്യയെയും പാകിസ്താനെയും വേർതിരിച്ചു കൊണ്ട് തിടുക്കത്തിൽ നിർമ്മിച്ച അതിർത്തിയെ ഏതാണ്ട് പതിനഞ്ചു ദശലക്ഷം പേർക്ക് ഒരു വശത്തുനിന്നും മറുവശത്തേയ്ക്ക് മുറിച്ചുകടക്കേണ്ടി വന്നു. ഔപചാരിക സ്വാതന്ത്ര്യത്തിന് ശേഷം രണ്ടു ദിവസം കഴിഞ്ഞാണ് ഇരുരാജ്യങ്ങളുടെയും അതിർത്തികൾ ഔദ്യോഗികമായി പ്രഖ്യാപിച്ചത്; എന്നതിനാൽ അവ്യക്തമായ ഈ "നിഴലതിരുകളിലൂടെ" ഇടറി നീങ്ങിയ ആ ജനത തങ്ങളുടെ സകല സ്ഥാവരജംഗമ സ്വത്തുക്കളും സത്വരം നഷ്ടപ്പെട്ട്, തങ്ങളുടെ ബന്ധുക്കളിൽ നിന്നും സുഹൃത്തുക്കളിൽ നിന്നും വേർപെടുത്തപ്പെട്ട്, തങ്ങളുടെ സ്ഥിരവാസകേന്ദ്രങ്ങളിൽ നിന്നും പറിച്ചെറിയപ്പെട്ട്, വീടുകളും പാടങ്ങളും സൗഭാഗ്യങ്ങളും നഷ്ടപ്പെട്ട് ആവാസരഹിതരാക്കപ്പെട്ടു. തങ്ങളുടെ പ്രാദേശികവും പ്രവിശ്യാപരവുമായ

*ചിത്രം 13.4*
*കുടുംബങ്ങളും ജംഗമസ്വത്തുക്കളുമായി കാളവണ്ടികളിൽ, 1947*



സംസ്കാരങ്ങൾ ഉരിഞ്ഞു മാറ്റപ്പെട്ട്, അവർ ഒന്നുമില്ലായ്മയിൽ നിന്നും ജീവിതം പെറുക്കിയെടുക്കാൻ നിർബന്ധിതരായിത്തീർന്നു.

ഇത് ഏറെക്കുറെ ചിട്ടയോടുകൂടിയ ഒരു ഭരണഘടനാപരമായ ക്രമീകരണവും പരസ്പരസമ്മതത്തോടു കൂടിയ അതിർത്തികളുടെയും ആസ്തികളുടെയും വീതംവയ്പുമായ, ലളിതമായ ഒരു വിഭജനം മാത്രമായിരുന്നോ? അതോ ഇരുപക്ഷത്തും സുസംഘടിതമായ ശക്തികളും ജനതകളെ ശത്രുക്കളായി കണ്ടുകൊണ്ട് മുഴുവനായും തുടച്ചു നീക്കുന്നതിനുള്ള ആസൂത്രിത ശ്രമങ്ങളും ഉൾപ്പെട്ട പതിനാറു മാസക്കാലം നീണ്ടുനിന്ന ഒരു ആഭ്യന്തര യുദ്ധമായിരുന്നോ അത്? ``*മാഷൽ - ലാ*'' (പട്ടാള നിയമം) ``*മാരാ മാരി*'' (കൊലപാതകങ്ങൾ) ``*റൗലി*'' അല്ലെങ്കിൽ ``*ഹുല്ലർ*'' (അസ്വാസ്ഥ്യം, ബഹളം, ലഹള) തുടങ്ങിയ മറ്റു പദങ്ങളിലൂടെയാണ് അതിജീവിച്ചവർ 1947 നെക്കുറിച്ച് പലപ്പോഴും പറഞ്ഞിട്ടുള്ളത്. വിഭജനത്തിന്റെ ഭാഗമായുണ്ടായ കൊലപാതകങ്ങൾ, ബലാൽസംഗം, തീവയ്പ്, കവർച്ച എന്നിവയെക്കുറിച്ച് സംസാരിക്കുമ്പോൾ സമകാലിക നിരീക്ഷകരും പണ്ഡിതരും ചിലപ്പോഴൊക്കെ വൻതോതിലുള്ള നാശം അഥവാ കൂട്ടക്കൊല എന്ന അർഥത്തിൽ ``ഹോളോകാസ്റ്റ്'' എന്ന പദം ഉപയോഗിച്ചിട്ടുണ്ട്.

ഈ പ്രയോഗം ഉചിതമാണോ?

നിങ്ങൾ ഒമ്പതാം ക്ലാസ്സിൽ നാസികളുടെ കീഴിലെ ജർമ്മൻ കൂട്ടക്കൊലയെക്കുറിച്ച് വായിച്ചിട്ടുണ്ടാകുമല്ലോ. വിഭജനം എന്ന മൃദുപദം ഉപഭൂഖണ്ഡത്തിൽ 1947 ൽ സംഭവിച്ച കാര്യങ്ങളുടെ ഗൗരവത്തെ മറച്ചു പിടിക്കുമ്പോൾ ``ഹോളോകോസ്റ്റ്'' എന്ന പദം അതിനെ വ്യക്തമായി ഉൾക്കൊള്ളുന്നു. എന്തുകൊണ്ടാണ്, ജർമ്മനിയിലെ കൂട്ടക്കൊല പോലെ വിഭജനവും നമ്മുടെ സമകാലിക പരിഗണനകളിൽ ഇത്രയധികം ഓർമ്മിക്കപ്പെടുകയും പരമാർശിക്കപ്പെടുകയും ചെയ്യുന്നത് എന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും ഇത് സഹായിക്കുന്നു. എന്നിരുന്നാലും, ഈ രണ്ടു സംഭവങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ കാണാതെപോകരുത്. നിയന്ത്രണത്തിന്റെയും സംഘാടനത്തിന്റെയും ആധുനിക സങ്കേതങ്ങൾ ഉപയോഗിച്ചു കൊണ്ട് ജർമ്മനിയിലെ നാസികൾ ചെയ്തത് പോലെയുള്ള ഒരു ഭരണകൂടപ്രേരിതമായ ഉൻമൂലനത്തിന് 1947 – 48 ൽ ഉപഭൂഖണ്ഡം സാക്ഷ്യം വഹിച്ചില്ല. ഇന്ത്യാവിഭജനത്തിന്റെ സവിശേഷമായ രീതിയിലുള്ള ``വംശീയ ശുദ്ധീകരണം'' നിർവഹിച്ചത് രാഷ്ട്രത്തിന്റെ പ്രതിനിധികളായിരുന്നില്ല. മറിച്ച് മതസമുദായങ്ങളുടെ പ്രതിനിധികളായി സ്വയം അവരോധിച്ചവരായിരുന്നു.

## 2.2. വാർപ്പു മാതൃകകളുടെ ശക്തി (The power of stereotypes)

വിഭജനത്തിന്റെ രണ്ട് ഉൽപ്പന്നങ്ങളാണ് ഇന്ത്യയെ വെറുക്കുന്ന പാകിസ്താനികളും പാകിസ്താനെ വെറുക്കുന്ന ഇന്ത്യക്കാരും. ചിലപ്പോഴൊക്കെ, ഇന്ത്യൻ മുസ്ലീങ്ങളുടെ കൂറ് പാകിസ്ഥാനോടാണെന്ന് ചിലർ തെറ്റിദ്ധരിക്കുന്നു. ഹിന്ദുക്കൾ ദയയും ഉദാരമനസ്കതയും ശുദ്ധിയുമുള്ളവരും അവർ ആക്രമിക്കപ്പെട്ടവരുടെ സന്തതികളാണെന്നും, മുസ്ലീങ്ങൾ ക്രൂരരും മതഭ്രാന്തരും അശുദ്ധരും ആക്രമണകാരികളുടെ പിന്തുടർച്ചക്കാരുമാണെന്നുമുള്ള അങ്ങേയറ്റം എതിർക്കപ്പെടേണ്ട ആശയങ്ങളുമായി മുസ്ലീങ്ങളുടെ, രാഷ്ട്രാതിർത്തികളെയും കടന്നുള്ള ഇസ്ലാമിക വിശ്വാസം എന്ന വാർപ്പു മാതൃക, കൂട്ടിക്കുഴയ്ക്കപ്പെടുന്നു. സമാനമായ വാർപ്പു മാതൃകകൾ പാകിസ്താനിലും പൊട്ടി മുളച്ചിട്ടുള്ളതായി പത്രപ്രവർത്തകനായ ആർ.എം. മർഫി ചൂണ്ടിക്കാണിക്കുന്നുണ്ട്. ഹിന്ദുക്കൾ കറുത്തവരും ഭീരുക്കളും ബഹുദൈവ വിശ്വാസികളും സസ്യാഹാരികളുമാണെന്നും, എന്നാൽ മുസ്ലീങ്ങൾ വെളുത്തവരും ധീരരും

ഏക ദൈവവിശ്വാസികളും മാംസാഹാരികളുമാണെന്നും ചില പാകിസ്താനികൾ കരുതുന്നുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. ഇവയിൽ ചില വാർപ്പു മാതൃകകൾ വിഭജനത്തിന് മുമ്പുണ്ടായിരുന്നതാണെങ്കിലും, അവ 1947 ന്റെ ഫലമായി അത്യന്തം ശക്തി പ്രാപിച്ചു എന്നതിൽ യാതൊരു സംശയവുമില്ല. ഈ നിർമ്മിതികളിലെ ഓരോ കെട്ടുകഥയും ചരിത്രകാരന്മാർ ചിട്ടയോടെ വിമർശന വിധേയമാക്കിയിട്ടുണ്ട്. എങ്കിലും ഇരുരാജ്യങ്ങളിലും വെറുപ്പിന്റെ ശബ്ദങ്ങൾ മൃദുവാകുന്നില്ല.

അതിർത്തിയുടെ ഇരുഭാഗങ്ങളിലുമുള്ള ജനങ്ങളുടെ ചരിത്രത്തിന്റെ രൂപീകരണത്തെ ഇപ്പോഴും സ്വാധീനിക്കുന്ന ഓർമ്മകൾ, വെറുപ്പുകൾ, വാർപ്പു മാതൃകകൾ, സ്വത്വങ്ങൾ എന്നിവയെല്ലാം വിഭജനത്തിലൂടെ ഉണ്ടായവയാണ്. ഈ വെറുപ്പുകൾ സമുദായങ്ങൾ തമ്മിലുള്ള സംഘർഷങ്ങളിലൂടെ പുറത്തേക്ക് വരുമ്പോൾ, മറുവശത്ത് വർഗീയസംഘടനങ്ങൾ ഭൂതകാല ആക്രമണങ്ങളുടെ ഓർമ്മകളെ വീണ്ടും സജീവമായി നിലനിർത്തുകയും ചെയ്യുന്നു. ജനങ്ങളുടെ മനസ്സുകളിൽ സംശയത്തിന്റെയും അവിശ്വാസത്തിന്റെയും വികാരങ്ങൾ സൃഷ്ടിച്ചു കൊണ്ടും വർഗീയ വാർപ്പു മാതൃകകളുടെ കരുത്ത് ഉറപ്പിച്ചു കൊണ്ടും ഹിന്ദു, സിക്ക്, മുസ്‌ലീം എന്നിങ്ങനെ വ്യക്തമായി നിർവചിക്കപ്പെട്ട അതിർ വരമ്പുകളും, അടിസ്ഥാനപരമായി വിപരീത താൽപ്പര്യങ്ങളുള്ള സമുദായങ്ങളാണെന്ന അങ്ങേയറ്റം പ്രശ്നപൂർണമായ ആശയങ്ങൾ സൃഷ്ടിച്ചു കൊണ്ടും, വർഗീയ സംഘങ്ങൾ, സമുദായങ്ങൾ തമ്മിലുള്ള വിടവ് വർധിപ്പിക്കാനായി, വിഭജനകാലത്തെ അക്രമത്തിന്റെ കഥകൾ ആവർത്തിച്ചു പറഞ്ഞു കൊണ്ടേയിരിക്കുന്നു.

ഇന്ത്യയും പാകിസ്താനും തമ്മിലുള്ള ബന്ധത്തെ ആഴത്തിൽ രൂപപ്പെടുത്തിയത് വിഭജനത്തിന്റെ ഈ പൈതൃകമാണ്. ഇരുവശത്തുമുള്ള സമുദായങ്ങളുടെ കാഴ്ചപ്പാടുകൾ ആ സുപ്രധാന കാലത്തെക്കുറിച്ചുള്ള പരസ്പര വിരുദ്ധമായ ഓർമ്മകളാലാണ് രൂപീകൃതമായിരിക്കുന്നത്.

**ചർച്ച ചെയ്യുക...**

നിങ്ങൾ കേട്ടിരിക്കാനിടയുള്ള ചില വിഭജനകഥകൾ ഓർമ്മിക്കുക. വ്യത്യസ്ത സമുദായങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ ധാരണയെ ഇവ രൂപപ്പെടുത്തിയ രീതികളെക്കുറിച്ച് ചിന്തിക്കുക. അതേ കഥകൾ വ്യത്യസ്ത സമുദായങ്ങൾ എങ്ങനെ വിവരിക്കുമെന്ന് സങ്കല്പിക്കാൻ ശ്രമിക്കുക.

*ചിത്രം 13.5*
*ശരീരം കൊണ്ട് ചുമക്കാൻ കഴിയുന്ന സാധനങ്ങൾ മാത്രമാണ് ആളുകൾ കൂടെ കൊണ്ടു പോയത്.*
അപാരമായ നഷ്ടബോധത്തെയും തലമുറകളായി ജീവിക്കുന്ന സ്ഥലത്തോടുള്ള വേർപാടിനെയുമാണ് പിഴുതെറിയപ്പെടൽ സൂചിപ്പിക്കുന്നത്.



## 3. വിഭജനം എന്തുകൊണ്ട്, എങ്ങനെ സംഭവിച്ചു? (WHY AND HOW DID PARTITION HAPPEN?)

### 3.1. ഒരു നീണ്ട ചരിത്രത്തിന്റെ പരിസമാപ്തി? (Culminating point of a long history?)

കൊളോണിയൽ ഇന്ത്യയിലെ ഹിന്ദുക്കളും മുസ്ലീങ്ങളും രണ്ടു പ്രത്യേക രാജ്യങ്ങളാണെന്ന മുഹമ്മദ് അലി ജിന്നയുടെ സിദ്ധാന്തം, മധ്യകാല ചരിത്രത്തിൽത്തന്നെ തെളിഞ്ഞു കാണാൻ കഴിയുമെന്ന് ഇന്ത്യയിലും പാകിസ്താനിലുമുള്ള ചില ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നുണ്ട്. 1947 ലെ സംഭവങ്ങൾക്ക് മധ്യ, ആധുനിക കാലങ്ങളിലാകമാനമുള്ള ഹിന്ദു-മുസ്ലീം ഏറ്റുമുട്ടലിന്റെ ചരിത്രവുമായി വളരെ അടുത്ത ബന്ധമുണ്ടെന്ന് അവർ ഊന്നിപ്പറയുന്നുണ്ട്. എന്നാൽ സമുദായങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലിന്റെ ചരിത്രത്തിനോടൊപ്പം, പങ്കിടലിന്റെയും പരസ്പരമുള്ള സാംസ്കാരിക കൈമാറ്റത്തിന്റെയും ഒരു നീണ്ട ചരിത്രം സഹവർത്തിച്ചിരുന്നു എന്നതിനെ ഇത്തരത്തിലുള്ള വാദം അംഗീകരിക്കുന്നില്ല. ജനങ്ങളുടെ ചിന്തയെ രൂപപ്പെടുത്തുന്ന സാഹചര്യങ്ങളുടെ മാറ്റത്തെയും ഇത് കണക്കിലെടുക്കുന്നില്ല.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ വികസിക്കാനാരംഭിച്ച വർഗീയ രാഷ്ട്രീയത്തിന്റെ പരിസമാപ്തിയായി വിഭജനത്തെ ചില പണ്ഡിതർ വീക്ഷിക്കുന്നു. 1909 ൽ കൊളോണിയൽ ഗവൺമെന്റ് സൃഷ്ടിക്കുകയും 1919 ൽ വിപുലീകരിക്കുകയും ചെയ്ത മുസ്ലീങ്ങൾക്കായുള്ള പ്രത്യേക നിയോജക മണ്ഡലങ്ങൾ, വർഗീയ രാഷ്ട്രീയത്തിന്റെ സ്വഭാവം രൂപപ്പെടുത്തുന്നതിൽ നിർണായകമായ പങ്ക് വഹിച്ചിട്ടുണ്ടെന്ന് അവർ സൂചിപ്പിക്കുന്നു. മുസ്ലീങ്ങൾക്ക് അവരുടെ സ്വന്തം പ്രതിനിധികളെ നിശ്ചിത മണ്ഡലങ്ങളിൽ നിന്ന് തിരഞ്ഞെടുക്കാൻ കഴിയുമെന്നതാണ് പ്രത്യേക നിയോജക മണ്ഡലങ്ങൾ അർഥമാക്കുന്നത്. വിഭാഗീയപരമായ മുദ്രാവാക്യങ്ങൾ ഉപയോഗിക്കാനും തങ്ങളുടേതായ മതവിഭാഗങ്ങൾക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്ത് അനുയായികളെ സംഘടിപ്പിക്കുവാനും ഈ സംവിധാനത്തിനുള്ളിൽ പ്രവർത്തിക്കുന്ന രാഷ്ട്രീയക്കാരെ ഇത് പ്രലോഭിപ്പിച്ചു. അങ്ങനെ, ഒരു ആധുനിക രാഷ്ട്രീയ സംവിധാനത്തിനുള്ളിൽ മതസ്വത്വം, നിർവഹണപരമായ ഒരു ഉപയോഗം നേടുകയും തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിന്റെ യുക്തി ഈ സ്വത്വങ്ങളെ ആഴപ്പെടുത്തുകയും ദൃഢീകരിക്കുകയും ചെയ്തു. അതോടെ സമുദായിക സ്വത്വങ്ങൾ എന്നത് മതവിശ്വാസങ്ങളിലുള്ള സരളവ്യത്യാസങ്ങളെ മാത്രം സൂചിപ്പിക്കുന്നതല്ലാത്തതായി തീരുകയും സമുദായങ്ങൾ തമ്മിലുള്ള സജീവമായ എതിർപ്പിനെയും ശത്രുതയെയും അർഥമാക്കാൻ ആരംഭിക്കുകയും ചെയ്തു. എന്നിരുന്നാലും, പ്രത്യേക നിയോജകമണ്ഡലങ്ങൾ ഇന്ത്യൻ രാഷ്ട്രീയത്തിൽ ഗണ്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ടെങ്കിലും അവയുടെ പ്രാധാന്യത്തിൽ അമിതമായി ഊന്നാതിരിക്കാനും വിഭജനത്തെ അത്തരം പ്രവർത്തനത്തിന്റെ യുക്തിപരമായ പരിണത ഫലമായി കാണാതിരിക്കാനും നാം ശ്രദ്ധിക്കണം.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യകാലങ്ങളിൽ ഉണ്ടായ ഒരു കൂട്ടം മറ്റു സംഭവവികാസങ്ങൾ വർഗീയ സ്വത്വത്തെ ഏകീകരിക്കുകയായിരുന്നു. 1920-കളിലും 1930 കളുടെ ആദ്യവർഷങ്ങളിലും നടന്ന ഒട്ടേറെ പ്രശ്നങ്ങളെ കേന്ദ്രീകരിച്ച് സംഘർഷാവസ്ഥ ഉണ്ടായി. ഗോസംരക്ഷണപ്രസ്ഥാനം നടത്തിയ "മുസ്ലീം പള്ളികൾക്ക് മുന്നിലെ സംഗീതം," അക്കാലത്തിനടുത്ത് ഇസ്ലാമിലേക്ക് മതപരി

**ലക്നൗ ഉടമ്പടി**
**(The Lucknow Pact)**

1916 ഡിസംബറിലെ ലക്നൗ ഉടമ്പടി കോൺഗ്രസ്സും മുസ്ലീം ലീഗും (യു.പി ആസ്ഥാനമായുള്ള "യങ്പാർട്ടി" നിയന്ത്രണത്തിലുള്ള) തമ്മിലുള്ള ധാരണയായിരുന്നു, ഇതിലൂടെ കോൺഗ്രസ് പ്രത്യേക നിയോജകമണ്ഡലങ്ങൾ അംഗീകരിച്ചു. ഈ ഉടമ്പടി മിതവാദികൾക്കും പരിഷ്കരണവാദികൾക്കും മുസ്ലീം ലീഗിനും ഒരു സംയുക്ത രാഷ്ട്രീയ വേദി നൽകി.

**ആര്യസമാജ്**
**(Arya Samaj)**

പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലും പ്രത്യേകിച്ച്, പഞ്ചാബിൽ സജീവമായിരുന്ന ഈ ഉത്തരേന്ത്യൻ ഹിന്ദു പരിഷ്കരണ സംഘടന, വേദ പഠനം പുനരുജ്ജീവിപ്പിക്കാനും അതിനെ ശാസ്ത്രങ്ങളിലുള്ള ആധുനിക വിദ്യാഭ്യാസവുമായി സംയോജിപ്പിക്കുവാനും ശ്രമിച്ചു.

*മുസ്ലിം പള്ളിക്ക് മുൻപിലെ സംഗീതം:* നമസ്കാരത്തിന്റെ സമയത്ത് ഒരു മുസ്ലിം പള്ളിക്ക് പുറത്ത് മതഘോഷയാത്രയുടെ ഭാഗമായി സംഗീതം ആലപിക്കുന്നത് ഹിന്ദു മുസ്ലിം അക്രമത്തിലേക്ക് നയിച്ചേക്കാം. ദൈവവുമായുള്ള അവരുടെ സ്വസ്ഥമായ ആശയവിനിമയത്തിലുള്ള കടന്നുകയറ്റമായാണ് യാഥാസ്ഥിതിക മുസ്ലീങ്ങൾ ഇതിനെ കണ്ടത്.

വർത്തനം നടത്തിയവരെ തിരിച്ച് കൊണ്ടു വരുവാനുള്ള ആര്യ സമാജത്തിന്റെ (*ശുദ്ധി*) പരിശ്രമങ്ങൾ എന്നിവ മുസ്ലീങ്ങളെ കുപിതരാക്കി. 1923 ന് ശേഷം ദ്രുതഗതിയിൽ വ്യാപിച്ച *തബ്‌ലീഗ്* (പ്രചാരണം) *തൻസീം* (സംഘടന) എന്നിവ ഹിന്ദുക്കളെ രോഷാകുലരാക്കി. മധ്യവർഗത്തിൽപ്പെട്ട പ്രചാരകരും വർഗീയവാദികളായ പ്രവർത്തകരും മറ്റു സമുദായങ്ങൾക്കെതിരെ ജനങ്ങളെ ഒരുമിച്ചു കൂട്ടിക്കൊണ്ട്, സ്വന്തം സമുദായത്തിനുള്ളിൽ ഐക്യദാർഢ്യം വളർത്താൻ ശ്രമിച്ചതിന്റെ ഫലമായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ലഹളകൾ വ്യാപിച്ചു. ഓരോ വർഗീയ ലഹളയും അക്രമത്തെക്കുറിച്ചുള്ള അസ്വസ്ഥതപ്പെടുത്തുന്ന ഓർമ്മകൾ സൃഷ്ടിച്ചുകൊണ്ട് സമുദായങ്ങൾ തമ്മിലുള്ള ഭിന്നത ആഴപ്പെടുത്തി.

എന്നിരുന്നാലും, വിഭജനത്തെ, വർഗീയ സംഘർഷങ്ങളുടെ ഇതൾ വിരിയലിന്റെ ഒരു ലളിതമായ അനന്തര ഫലമായി കാണുന്നത് തെറ്റായിരിക്കും. വിഭജനത്തെക്കുറിച്ചുള്ള ചലച്ചിത്രമായ "*ഗരം ഹവ*" യിലെ മുഖ്യ കഥാപാത്രം പറഞ്ഞതുപോലെ "1947 ന് മുമ്പും വർഗീയ *ഹിംസ* ഉണ്ടായിട്ടുണ്ടെങ്കിലും അവയൊന്നും ഒരിക്കലും ദശലക്ഷണക്കിനാളുകളെ സ്വഗേഹങ്ങളിൽ നിന്നും പിഴുതെറിയുന്നതിലേക്ക് നയിച്ചിട്ടില്ല." മുൻകാല വർഗീയ രാഷ്ട്രീയത്തിൽ നിന്ന് തികച്ചും വ്യത്യസ്തമായ ഒരു പ്രതിഭാസമായിരുന്നു വിഭജനം. അതിനെ മനസ്സിലാക്കുന്നതിന് ബ്രിട്ടീഷ് ഭരണത്തിലെ അവസാന ദശകത്തിലെ സംഭവങ്ങളെ നാം ശ്രദ്ധാപൂർവ്വം പഠിക്കേണ്ടതുണ്ട്.

### എന്താണ് വർഗീയത? (What is communalism?)

നമ്മുടെ സ്വത്വത്തിന് നിരവധി മുഖങ്ങളുണ്ട്. നിങ്ങൾ ഒരു പെൺകുട്ടിയോ ആൺകുട്ടിയോ ആണ്, നിങ്ങൾ എല്ലാവരും യുവാക്കൾ ആണ്, നിങ്ങൾ ഒരു പ്രത്യേക ഗ്രാമത്തിന്റെയോ, നഗരത്തിന്റെയോ, ജില്ലയുടേയോ ഭാഗമായിരിക്കുന്നവരും പ്രത്യേക ഭാഷകൾ സംസാരിക്കുന്നവരും ആണ്. നിങ്ങൾ ഇന്ത്യക്കാരാണ്, പക്ഷേ നിങ്ങൾ ലോക പൗരരുമാണ്. വരുമാനത്തിന്റെ തലങ്ങൾ കുടുംബം തോറും വ്യത്യാസപ്പെട്ടിരിക്കുന്നതിനാൽ നാമെല്ലാവരും ഓരോ പ്രത്യേക സാമൂഹിക വിഭാഗത്തിന്റെ ഭാഗവുമായിരിക്കും. നമ്മളിൽ ഭൂരിഭാഗം പേർക്കും ഒരു മതമുണ്ട്, ജാതിയും. ഇത് നമ്മുടെ ജീവിതത്തിൽ ഒരു പ്രധാന പങ്കു വഹിച്ചേക്കാം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നമ്മുടെ സ്വത്വങ്ങൾക്ക് നിരവധി സവിശേഷതകൾ ഉണ്ട്, അവ സങ്കീർണവുമാണ്. എന്നിരുന്നാലും, ചില സമയങ്ങളിൽ തങ്ങളുടെ സ്വത്വങ്ങളിലെ മതംപോലെയുള്ള ചില സവിശേഷതകൾക്ക്, ആളുകൾ കൂടുതൽ പ്രാധാന്യം നൽകുന്നു. ഇതിനെത്തന്നെ വർഗീയമെന്ന് വിശേഷിപ്പിക്കാൻ കഴിയുകയില്ല.

മറ്റൊരു സമുദായത്തോടുള്ള ശത്രുതാപരമായ എതിർപ്പിൽ, ഒരു മതസ്വത്വത്തിനു ചുറ്റും ഒരു സമുദായത്തെ ഏകീകരിക്കുന്ന രാഷ്ട്രീയമാണ് വർഗീയത എന്നതുകൊണ്ട് പരാമർശിക്കുന്നത്. ഈ സാമുദായിക സ്വത്വത്തെ മൗലികമെന്നും സ്ഥിരമെന്നും നിർവചിക്കാൻ ഇത് ശ്രമിക്കുന്നു. ജനങ്ങൾ ഇത്തരം സ്വത്വങ്ങളിലേക്ക് ജനിച്ചതാണെന്നും, അവ ചരിത്രപ്രക്രിയയുടെ ഫലമായി ഉരുത്തിരിഞ്ഞു വന്നതല്ല എന്നുമുള്ള മട്ടിൽ ഈ സ്വത്വങ്ങളെ സ്വാഭാവികമായവയായി അവതരിപ്പിക്കാനും ഏകീകരിച്ച് ദൃഢീകരിക്കാനും അത് ശ്രമിക്കുന്നു. സമുദായത്തെ ഏകീകരിക്കുന്നതിനായി, സമുദായത്തിനുള്ളിലെ വ്യത്യാസങ്ങളെ വർഗീയത അടിച്ചമർത്തുകയും മറ്റ് സമുദായങ്ങൾക്കെതിരായ, സമുദായത്തിന്റെ അനിവാര്യമായ ഐക്യത്തിന് ഊന്നൽ നൽകുകയും ചെയ്യുന്നു.

മുസ്ലീം വർഗീയത "ഹിന്ദുക്കൾ" എന്നും, ഹിന്ദുവർഗീയത "മുസ്ലീങ്ങൾ" എന്നുമുള്ള "അപര"ത്വങ്ങളെ കണ്ടെത്തിക്കൊണ്ട് വർഗീയത വെറുപ്പിന്റെ രാഷ്ട്രീയം വളർത്തുന്നു എന്ന് ഒരാൾക്കു പറയാൻ കഴിയും. ഈ വിദ്വേഷം അക്രമത്തിന്റെ രാഷ്ട്രീയത്തെ വളർത്തുന്നു.

അപ്പോൾ, മതപരമായ സ്വത്വത്തിന്റെ ഒരു പ്രത്യേകതരം രാഷ്ട്രീയവൽക്കരണമാണ് വർഗീയത, മതസമുദായങ്ങൾക്കിടയിൽ സംഘർഷം വളർത്താൻ ശ്രമിക്കുന്ന പ്രത്യയശാസ്ത്രമാണിത്. ഒരു ബഹുമത രാഷ്ട്രത്തിന്റെ പശ്ചാത്തലത്തിൽ, "മതദേശീയത" എന്ന വാക്ക് സമാനമായ അർഥം ആർജിക്കുവാൻ സാധ്യതയുണ്ട്. അത്തരമൊരു രാജ്യത്ത്, ഒരു മതസമുദായത്തെ രാഷ്ട്രമായി കാണാനുള്ള ഏതൊരു ശ്രമവും മറ്റേതെങ്കിലും മതത്തിനോ/മതങ്ങൾക്കോ എതിരായ ശത്രുതയുടെ വിത്തുകൾ വിതയ്ക്കുന്നതിന് തുല്യമാകും.

### 3.2 1937 ലെ പ്രവിശ്യാ തിരഞ്ഞെടുപ്പുകളും കോൺഗ്രസ് മന്ത്രിസഭകളും (The provincial elections of 1937 and the Congress ministries)

1937 ൽ ആദ്യമായി പ്രവിശ്യാ നിയമസഭകളിലേക്കുള്ള തിരഞ്ഞെടുപ്പുകൾ നടന്നു. ജനസംഖ്യയുടെ 10 മുതൽ 12 വരെ ശതമാനത്തിന് മാത്രമെ വോട്ടവകാശമുണ്ടായിരുന്നുള്ളു. കോൺഗ്രസ് തിരഞ്ഞെടുപ്പിൽ നല്ല പ്രകടനം നടത്തുകയും പതിനൊന്ന് പ്രവിശ്യകളിൽ അഞ്ചിടത്ത് വ്യക്തമായ ഭൂരിപക്ഷം നേടി വിജയിക്കുകയും ഏഴിടങ്ങളിൽ ഗവൺമെന്റ് രൂപീകരിക്കുകയും ചെയ്തു. എന്നാൽ മുസ്ലീങ്ങൾക്കുവേണ്ടി സംവരണം ചെയ്തിരുന്ന നിയോജക മണ്ഡലങ്ങളിൽ കോൺഗ്രസിന്റെ പ്രകടനം മോശമായിരുന്നു. അതുപോലെ മുസ്ലീം ലീഗും മോശം പ്രകടനമാണ് നടത്തിയത്. തിരഞ്ഞെടുപ്പിൽ രേഖപ്പെടുത്തിയ ആകെ മുസ്ലീം വോട്ടിന്റെ 4.4 ശതമാനം മാത്രമേ അവർക്ക് നേടാൻ കഴിഞ്ഞുള്ളു. വടക്കു പടിഞ്ഞാറൻ അതിർത്തി പ്രവിശ്യകളിൽ (NWFP) ഒരു സീറ്റെങ്കിലും വിജയിക്കുന്നതിൽ ലീഗ് പരാജയപ്പെട്ടു. പഞ്ചാബിൽ സംവരണം ചെയ്തിരുന്ന 84 ൽ രണ്ട് എണ്ണവും സിന്ധിലെ 33 ൽ മൂന്നെണ്ണവും മാത്രമെ ലീഗിന് പിടിച്ചെടുക്കാൻ കഴിഞ്ഞുള്ളു.

ഐക്യ പ്രവിശ്യകളിൽ (യുണൈറ്റഡ് പ്രവിശ്യകൾ) മുസ്ലീം ലീഗ് കോൺഗ്രസുമായി ചേർന്ന് ഒരു സംയുക്ത ഗവൺമെന്റ് രൂപീകരിക്കണമെന്ന് ആഗ്രഹിച്ചു. പ്രവിശ്യയിൽ കോൺഗ്രസ് വ്യക്തമായ ഭൂരിപക്ഷം നേടിയിരുന്നതിനാൽ, ഈ നിർദേശം അവർ നിരാകരിച്ചു. ഇന്ത്യ ഒരൊറ്റ രാഷ്ട്രമായി നിലനിൽക്കുകയാണെങ്കിൽ മുസ്ലീങ്ങൾ ന്യൂനപക്ഷമായിരിക്കുമെന്നതിനാൽ അവർക്ക് രാഷ്ട്രീയാധികാരം നേടിയെടുക്കാൻ ബുദ്ധിമുട്ടായിരിക്കും എന്ന് ഈ നിരാകരണം ലീഗിനെ ബോധ്യപ്പെടുത്തിയെന്ന് ചില പണ്ഡിതർ വാദിക്കുന്നു. ഒരു മുസ്ലീം പാർട്ടിക്കു മാത്രമേ മുസ്ലീം താൽപര്യങ്ങളെ പ്രതിനിധീകരിക്കാൻ കഴിയൂ എന്നും കോൺഗ്രസ് അടിസ്ഥാനപരമായും ഒരു ഹിന്ദു പാർട്ടിയാണെന്നും ലീഗ് അനുമാനിച്ചു. എന്നാൽ മുസ്ലീങ്ങളുടെ "ഒരേയൊരു വക്താവായി" ലീഗിനെ അംഗീകരിക്കണമെന്ന ജിന്നയുടെ ശാഠ്യം അക്കാലത്ത് ആർക്കും തന്നെ ബോധ്യപ്പെട്ടില്ല. ഐക്യ പ്രവിശ്യകൾ, ബോംബെ, മദ്രാസ് എന്നിവിടങ്ങളിൽ ജനകീയാടിത്തറ ഉണ്ടായിരുന്നെങ്കിലും പത്തുവർഷങ്ങൾക്കു ശേഷം പാകിസ്താന് രൂപം നൽകിയ മൂന്നു പ്രവിശ്യകളിൽ (ബംഗാൾ, വടക്ക് പടിഞ്ഞാറൻ അതിർത്തി പ്രവിശ്യകൾ (NWFP), പഞ്ചാബ്) ലീഗിന്റെ സാമൂഹിക പിന്തുണ അപ്പോഴും സാമാന്യം ദുർബലമായിരുന്നു. സിന്ധിൽപ്പോലും ഗവൺമെന്റ് രൂപീകരിക്കുന്നതിൽ അവർ പരാജയപ്പെട്ടു. ഈ ഘട്ടം മുതലാണ് ലീഗ്, തങ്ങളുടെ സാമൂഹിക പിന്തുണ വർധിപ്പിക്കുവാനുള്ള പരിശ്രമങ്ങൾ ഇരട്ടിയാക്കിയത്.

വിള്ളൽ വ്യാപിക്കുന്നതിന് കോൺഗ്രസ് മന്ത്രിസഭകളും സംഭാവന ചെയ്തു. ഐക്യ പ്രവിശ്യകളിൽ മുസ്ലീം ലീഗിന്റെ കൂട്ടുകക്ഷി സർക്കാർ എന്ന നിർദേശം പാർട്ടി തള്ളിക്കളഞ്ഞിരുന്നു, കാരണം കോൺഗ്രസ്, ഇല്ലാതാക്കുവാൻ ആഗ്രഹിച്ച ഭൂപ്രഭുത്വത്തെ ലീഗ് പിന്തുണച്ചിരുന്നു. എന്നിരുന്നാലും ഇതുമായി ബന്ധപ്പെട്ട വിഷയത്തിൽ കോൺഗ്രസ് അതുവരെ ഒരു ഉറച്ച നടപടിയും എടുത്തിട്ടുണ്ടായിരുന്നില്ല. കോൺഗ്രസ് ആരംഭിച്ച "മുസ്ലീം ജനസമ്പർക്ക" പരിപാടിക്കും ഗണ്യമായ നേട്ടമുണ്ടാക്കാനായില്ല. ഒടുവിൽ, കോൺഗ്രസിന്റെ മതനിരപേക്ഷതയും ഉൽപ്പതിഷ്ണുത്വവും

**മുസ്ലീം ലീഗ്**
**(The Muslim League)**

1906 ന്റെ തുടക്കത്തിൽ ധാക്കയിൽ തുടങ്ങിയ മുസ്ലീം ലീഗിനെ യു.പി അടിസ്ഥാനമാക്കിയ മുസ്ലീം വരേണ്യ വർഗം പെട്ടെന്ന് ഏറ്റെടുത്തു. 1940 കളിൽ ഉപഭൂഖണ്ഡത്തിലെ മുസ്ലീം ഭൂരിപക്ഷപ്രദേശങ്ങൾക്ക് സ്വയം ഭരണാവകാശമായപ്പോൾ ആ പ്രദേശങ്ങളോ, പാകിസ്താനോ അല്ലെങ്കിൽ രണ്ടും കൂടിയോ വേണമെന്ന് പാർട്ടി ആവശ്യപ്പെട്ടു തുടങ്ങി.

**ഹിന്ദു മഹാസഭ**
**(Hindu Mahasabha)**

1915 ൽ സ്ഥാപിതമായ ഹിന്ദുമഹാസഭ വടക്കേ ഇന്ത്യയിൽ മാത്രം ഒതുങ്ങി നിന്ന ഒരു ഹിന്ദു പാർട്ടിയായിരുന്നു. ജാതിയുടെയും വിഭാഗത്തിന്റെയും ഭിന്നതകളെ അതിജീവിക്കാൻ ഹിന്ദുക്കളെ പ്രോത്സാഹിപ്പിച്ചുകൊണ്ട് ഹിന്ദു സമൂഹത്തെ ഏകീകരിക്കുകയായിരുന്നു ഇതിന്റെ ലക്ഷ്യം. മുസ്ലീം സ്വത്വത്തെ എതിർത്തുകൊണ്ട് ഹിന്ദു സ്വത്വത്തെ നിർവചിക്കാൻ ഇത് ശ്രമിച്ചു.

സംബന്ധിച്ച വാചാടോപം മുസ്‌ലീം ബഹുജനങ്ങളെ നേടുന്നതിൽ പരാജയപ്പെട്ടതിനൊപ്പം യാഥാസ്ഥിതിക മുസ്‌ലീങ്ങളെയും മുസ്‌ലീം വരേണ്യ ഭൂവുടമകളെയും ഭയപ്പെടുത്തുകയും ചെയ്തു.

മാത്രമല്ല, മതേതരത്വത്തിന്റെ ആവശ്യതകയെക്കുറിച്ച് 1930 കളുടെ അന്ത്യത്തിൽ മുൻനിരയിലുള്ള കോൺഗ്രസ് നേതാക്കൾ മുമ്പത്തെക്കാളും ശാഠ്യം പിടിച്ചപ്പോൾ, ഈ ആശയങ്ങൾ ഏതെങ്കിലും രീതിയിൽ പാർട്ടിശ്രേണിയുടെ താഴെതട്ടിലുള്ളവരോ എല്ലാ കോൺഗ്രസ് മന്ത്രിമാർ പോലുമോ സാർവത്രികമായി പങ്കുവച്ചിരുന്നില്ല. കോൺഗ്രസ് അംഗങ്ങൾക്ക് ലീഗിൽ അംഗത്വമെടുക്കാൻ അനുവാദമില്ലെന്ന് 1937 ൽ പ്രധാന കോൺഗ്രസ് നേതാവായിരുന്ന മൗലനാ ആസാദ് ചൂണ്ടിക്കാണിച്ചിരുന്നെങ്കിലും കുറഞ്ഞത് മധ്യപ്രവിശ്യകളിലെങ്കിലും (ഇന്നത്തെ മധ്യപ്രദേശ്) കോൺഗ്രസുകാർ ഹിന്ദുമഹാസഭയിൽ സജീവമായിരുന്നു. 1938 ഡിസംബറിൽ മാത്രമാണ് കോൺഗ്രസ് അംഗങ്ങൾക്ക് മഹാസഭയുടെ അംഗങ്ങളാകാൻ കഴിയില്ലെന്ന് കോൺഗ്രസ് പ്രവർത്തക സമിതി പ്രഖ്യാപിച്ചത്. സന്ദർഭവശാൽ, ഹിന്ദു മഹാസഭയും രാഷ്ട്രീയ സ്വയം സേവക് സംഘും (ആർ.എസ്.എസ്.) ശക്തി പ്രാപിക്കുന്ന കാലവും ഇതു തന്നെയായിരുന്നു. 1930 കളിൽ ആർ.എസ്.എസ്. അതിന്റെ അടിത്തറയായ നാഗ്പൂരിൽ നിന്നും ഐക്യപ്രവിശ്യകൾ, പഞ്ചാബ് എന്നിവിടങ്ങളിലേക്കും രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിലേക്കും വ്യാപിച്ചു. 1940 ആയപ്പൊഴേക്കും ഇന്ത്യ ഹിന്ദുക്കളുടെ ഭൂമിയാണെന്ന് ഉറച്ച് വിശ്വസിക്കുകയും ഹിന്ദു ദേശീയതയുടെ പ്രത്യയശാസ്ത്രത്തോട് പ്രതിജ്ഞാബദ്ധരാവുകയും ചെയ്ത ഒരു ലക്ഷത്തിലേറെ പരിശീലനം സിദ്ധിച്ച അച്ചടക്കമുള്ളവരായ പ്രവർത്തകർ ആർ.എസ്.എസിനുണ്ടായിരുന്നു.

*കോൺഫെഡറേഷൻ (രാഷ്ട്രങ്ങളുടെ കൂട്ടായ്മ):* നിയന്ത്രിതമായ അധികാരങ്ങളുള്ള ഒരു കേന്ദ്ര ഭരണകൂടത്തോടു കൂടിയ, സ്വയം ഭരണാധികാരവും പരമാധികാരവും ഉള്ള സംസ്ഥാനങ്ങളുടെ ഒരു കൂട്ടായ്മയെയാണ് ആധുനിക രാഷ്ട്രതന്ത്ര ഭാഷ കോൺഫെഡറേഷൻ' എന്നു പരാമർശിക്കുന്നത്.

## 3.3 "പാകിസ്താൻ" പ്രമേയം (The "Pakistan" Resolution)

ക്രമേണ പാകിസ്താന് വേണ്ടിയുള്ള അവകാശവാദം ഔപചാരികമായിത്തീർന്നു. 1940 മാർച്ച് 23ന് ഉപഭൂഖണ്ഡത്തിലെ മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങളിൽ ഒരു പരിധിവരെ സ്വയം ഭരണം ആവശ്യപ്പെട്ടു കൊണ്ട് ഒരു പ്രമേയം ലീഗ് കൊണ്ടു വന്നു. ഈ അവ്യക്തമായ പ്രമേയം ഒരിക്കലും വിഭജനത്തെയോ പാകിസ്താനെയോ സൂചിപ്പിച്ചില്ല. യഥാർഥത്തിൽ പഞ്ചാബിലെ പ്രധാനമന്ത്രിയും യൂണിയനിസ്റ്റ് പാർട്ടിയുടെ നേതാവും പ്രമേയത്തിന്റെ രൂപരേഖ തയാറാക്കിയ ആളുമായ സിക്കന്തർ ഹയാത്ത് ഖാൻ, 1941 മാർച്ച് ഒന്നിന് പാകിസ്താന് താൻ എതിരാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് പഞ്ചാബ് അസംബ്ലിയിൽ ഇങ്ങനെ പ്രസംഗിച്ചു; "ഇവിടെ മുസ്‌ലീം ഭരണവും മറ്റിടങ്ങളിൽ ഹിന്ദു ഭരണവും... പാകിസ്താനെന്നാൽ പഞ്ചാബിൽ കലർപ്പില്ലാത്ത മുസ്‌ലീം ഭരണം എന്നാണർഥമെങ്കിൽ എനിക്കതുമായി യാതൊരു ബന്ധവുമില്ല." അംഗങ്ങളായ പ്രവിശ്യകൾക്ക് ഗണ്യമായ സ്വയം ഭരണാവകാശമുള്ളതും അയവ് ഉള്ളതുമായ ഒരു പ്രവിശ്യ കൂട്ടായ്മയാണ് (കോഫെഡറേഷൻ) താൻ അഭ്യർഥിക്കുന്നതെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു.

"*സാരെ ജഹാൻസെ അച്ഛാ ഹിന്ദുസ്താൻ ഹമാരാ*" എഴുതിയ ഉറുദു കവിയായ മുഹമ്മദ് ഇക്ബാലിലും പാകിസ്താൻ വാദത്തിന്റെ ഉത്ഭവം കണ്ടെത്താറുണ്ട്. 1930 ൽ മുസ്‌ലീം ലീഗിൽ നടത്തിയ അദ്ദേഹത്തിന്റെ അധ്യക്ഷ പ്രസംഗത്തിൽ കവി "വടക്കുപടിഞ്ഞാറേ ഇന്ത്യൻ മുസ്‌ലീം രാഷ്ട്ര"ത്തിന്റെ ആവശ്യം ഉന്നയിച്ചു. എന്നാൽ

### "പാകിസ്താൻ" എന്ന പേര് (The name "Pakistan")

1933 നും 1935 നും ഇടയിൽ എഴുതിയ ലഘുലേഖകളിൽ കേംബ്രിഡ്ജിലെ ഒരു പഞ്ചാബി മുസ് ലിം വിദ്യാർഥിയായിരുന്ന ചൗധരി റഹ്മത്ത് അലിയാണ് പാകിസ്താൻ അല്ലെങ്കിൽ **പാക്–സ്താൻ** (**പ**ഞ്ചാബ്, **അ**ഫ്ഗാൻ, **കാ**ശ്മീർ, **സി**ന്ധ്, ബലൂചി**സ്ഥാൻ** എന്നിവയിൽ നിന്നും) എന്ന പേര് കണ്ടുപിടിക്കുകയും, ഈ സ്വത്വത്തിന് ഒരു പ്രത്യേക ദേശീയ പദവി വേണമെന്ന് ആഗ്രഹിക്കുകയും ചെയ്തത്. 1930 കളിൽ ആരും റഹ്മത്ത് അലിയെ ഗൗരവമായി എടുത്തില്ല, ലീഗും മറ്റ് മുസ്‌ലിം നേതാക്കളുമാകട്ടെ, അദ്ദേഹത്തിന്റെ ആശയത്തെ ഒരു വിദ്യാർഥിയുടെ സ്വപ്നം മാത്രമാണെന്ന തരത്തിൽ തള്ളിക്കളഞ്ഞു.

ഒരു പുതിയ രാജ്യത്തിന്റെ ഉദയമായിരുന്നില്ല, ഒരു അയഞ്ഞ ഘടനയുള്ള ഇന്ത്യൻ ഫെഡറേഷനുള്ളിൽ സ്വയംഭരണാധികാരത്തോടു കൂടിയ പ്രദേശമായി വടക്ക്പടിഞ്ഞാറൻ ഇന്ത്യയിലെ മുസ്ലീം ഭൂരിപക്ഷമേഖലകൾ രൂപം കൊള്ളുന്നതായിരുന്നു പ്രഭാഷണത്തിൽ ഇക്ബാൽ വിഭാവനം ചെയ്തത്.

### 3.4. വിഭജനത്തിന്റെ പെട്ടെന്നുള്ള വരവ് (The suddenness of Partition)

1940 ൽ സ്വന്തം ആവശ്യത്തെക്കുറിച്ച് ലീഗിന് തന്നെ വ്യക്തതയുണ്ടായിരുന്നില്ലെന്ന് നാം കണ്ടു. ഉപഭൂഖണ്ഡത്തിലെ മുസ്ലീം ഭൂരിപക്ഷ പ്രദേശങ്ങൾക്ക് സ്വയംഭരണാവകാശം വേണമെന്ന ആവശ്യം ആദ്യമായി ഔപചാരികമായി ഉന്നയിക്കപ്പെട്ടതിനും വിഭജനത്തിനുമിടയിൽ വെറും ഏഴു വർഷങ്ങൾ മാത്രം നീണ്ട വളരെ ചെറിയൊരു സമയം മാത്രമാണുണ്ടായിരുന്നത്. പാകിസ്താന്റെ രൂപീകരണം എന്താണ് അർത്ഥമാക്കിയതെന്നും അത് ഭാവിയിൽ ജനങ്ങളുടെ ജീവിതത്തെ എങ്ങനെ രൂപപ്പെടുത്തുമെന്നും ആർക്കും അറിയില്ലായിരുന്നു. 1947 ൽ ജന്മനാടുകളിൽ നിന്ന് കുടിയേറിയ പലരും, സമാധാനം പുനസ്ഥാപിക്കുമ്പോൾ ഉടനടി തങ്ങൾക്ക് മടങ്ങിയെത്താമെന്നാണ് കരുതിയിരുന്നത്.

തുടക്കത്തിൽ, മുസ്ലീം നേതാക്കൾ പോലും ഒരു പരമാധികാര രാഷ്ട്രമായി പാകിസ്താൻ വേണമെന്ന ആവശ്യത്തെ ഗൗരവമായി ഉയർത്തിയില്ല. തുടക്കത്തിൽ ജിന്ന പാകിസ്താൻ എന്ന ആശയം ഒരു വിലപേശൽതന്ത്രമായി കണ്ടിരിക്കാം. കോൺഗ്രസിന് ലഭിച്ചേക്കാവുന്ന ബ്രിട്ടീഷ് ആനുകൂല്യങ്ങൾ തടയുകയും മുസ്ലീങ്ങൾക്ക് അധികം ആനുകൂല്യങ്ങൾ നേടുകയും ചെയ്യുന്നതിനായിട്ടായിരിക്കാം അദ്ദേഹം ഇത് ഉപയോഗിച്ചത്. രണ്ടാം ലോകയുദ്ധം ബ്രിട്ടീഷുകാർക്ക് മേൽ ഉണ്ടാക്കിയ സമ്മർദം സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള ചർച്ചകൾക്ക് കുറച്ച് കാലതാമസം വരുത്തി. എങ്ങനെയായാലും, 1942 ൽ ആരംഭിക്കുകയും കടുത്ത അടിച്ചമർത്തലിനെ അതിജീവിച്ച് തുടരുകയും ചെയ്ത ക്വിറ്റ് ഇന്ത്യ പ്രസ്ഥാനമാണ് ബ്രിട്ടീഷ് ഭരണത്തെ മുട്ടുകുത്തിച്ചതും ഇന്ത്യൻ രാഷ്ട്രീയ കക്ഷികളുമായി അധികാരക്കൈമാറ്റ സാധ്യതയെ സംബന്ധിച്ച ചർച്ച ആരംഭിക്കാൻ അതിന്റെ ഉദ്യോഗസ്ഥരെ നിർബന്ധിതരാക്കിയതും.

### 3.5 യുദ്ധാനന്തര സംഭവവികാസങ്ങൾ (Post-War developments)

1945 ൽ വീണ്ടും ചർച്ചകളാരംഭിച്ചപ്പോൾ, പൂർണസ്വാതന്ത്ര്യത്തിലേയ്ക്കുള്ള ആദ്യനടപടി എന്ന നിലയ്ക്ക് വൈസ്രോയിയും മുഖ്യസൈന്യാധിപനും ഒഴികെ പൂർണമായും ഒരു ഇന്ത്യൻ കേന്ദ്ര എക്സിക്യൂട്ടീവ് സമിതി രൂപീകരിക്കുന്നതിന് ബ്രിട്ടീഷുകാർ സമ്മതിച്ചു. ലീഗിന് എക്സിക്യൂട്ടീവ് സമിതിയിലേക്കുള്ള മുഴുവൻ മുസ്ലീം അംഗങ്ങളെയും തിരഞ്ഞെടുക്കാനുള്ള പൂർണമായ അവകാശം നൽകണമെന്നും മുസ്ലീങ്ങൾക്ക് എതിർപ്പുള്ള തീരുമാനങ്ങളെടുക്കാൻ മൂന്നിൽ രണ്ട് ഭൂരിപക്ഷം വേണമെന്നുള്ള നിയമത്തിലൂടെ ഒരു രീതിയിലുള്ള വർഗീയ വീറ്റോ നൽകണമെന്നുള്ള ജിന്നയുടെ വിട്ടുവീഴ്ചയില്ലാത്ത നിലപാട് കാരണം അധികാര കൈമാറ്റത്തെക്കുറിച്ചുള്ള ചർച്ചകൾ തകർന്നു. അന്ന് നിലനിന്നിരുന്ന രാഷ്ട്രീയ സാഹചര്യത്തിൽ ലീഗിന്റെ ആദ്യത്തെ ആവശ്യം തികച്ചും അസാധാരണമായിരുന്നു. കാരണം വലിയ ഒരു വിഭാഗം ദേശീയ മുസ്ലീങ്ങൾ കോൺഗ്രസിനെയാണ് (ഈ ചർച്ചയ്ക്കുള്ള പ്രതിനിധി

*സ്രോതസ്സ് 4*

**1940ലെ ലീഗിന്റെ പ്രമേയം (The Muslim League resolution of 1940)**

1940 ലെ ലീഗിന്റെ പ്രമേയം ഇങ്ങനെ ആവശ്യപ്പെട്ടു:

ഇന്ത്യയുടെ വടക്കു പടിഞ്ഞാറൻ, കിഴക്കൻ മേഖലകൾ പോലുള്ള മുസ്ലിം ജനസംഖ്യാ ഭൂരിപക്ഷ പ്രദേശങ്ങൾ ഉൾപ്പെട്ട യൂണിറ്റുകൾക്ക് സ്വയം ഭരണാവകാശവും പരമാധികാരവുമുള്ള "സ്വതന്ത്ര സംസ്ഥാനങ്ങളുടെ" ഒരു കൂട്ടമായി രൂപീകരിക്കുന്നതിനാവശ്യമായ അതിർത്തി പുനഃക്രമീകരണങ്ങൾ നടത്തിക്കൊണ്ട്, ഭൂമിശാസ്ത്രപരമായ ഐകരൂപ്യമുള്ള യൂണിറ്റുകളെ പ്രദേശങ്ങളായി വേർതിരിക്കണം.

➲ ലീഗ് ആവശ്യപ്പെട്ടത് എന്തായിരുന്നു? ഇന്ന് നാം അറിയുന്ന പാകിസ്താനാണോ അത് ആവശ്യപ്പെട്ടത്?



ചിത്രം 13.6
1939 നവംബറിൽ കോൺഗ്രസിനിയുമായുള്ള കൂടിക്കാഴ്ചയ്ക്കുമുന്നി മഹാത്മാഗാന്ധി മുഹമ്മദാലി ജിന്നയ്ക്കൊപ്പം.

സംഘത്തിന് നേതൃത്വം നൽകിയത് മൗലാനാ ആസാദാണ്) പിന്തുണച്ചിരുന്നത്. കൂടാതെ പടിഞ്ഞാറൻ പഞ്ചാബിലെ യൂണിയനിസ്റ്റ് പാർട്ടിയിലെ അംഗങ്ങളിൽ ധാരാളം പേർ മുസ്‌ലീങ്ങൾ ആയിരുന്നു. പഞ്ചാബ് ഗവൺമെന്റിനെ അപ്പോഴും നിയന്ത്രിക്കുന്നതും എക്കാലവും ബ്രിട്ടീഷ്കാരോട് കൂറ് പുലർത്തിയിരുന്നവരുമായ യൂണിയനിസ്റ്റുകളെ അലോസരപ്പെടുത്തുന്നതിന് ബ്രിട്ടീഷുകാർക്ക് യാതൊരു ഉദ്ദേശ്യവുമുണ്ടായിരുന്നില്ല.

1946ൽ വീണ്ടും പ്രവിശ്യാ തിരഞ്ഞെടുപ്പുകൾ നടന്നു. പൊതു നിയോജക മണ്ഡലങ്ങളിൽ 91.3 ശതമാനം മുസ്‌ലീമിതര വോട്ട് നേടിക്കൊണ്ട് കോൺഗ്രസ് തൂത്തുവാരി. മുസ്‌ലീങ്ങൾക്കായി സംവരണം ചെയ്ത സീറ്റുകളിലെ ലീഗിന്റെ വിജയവും അത്രതന്നെ ഗംഭീരമായിരുന്നു. കേന്ദ്രത്തിൽ 86.6 ശതമാനം മുസ്‌ലീം വോട്ടുകൾ നേടിക്കൊണ്ട് സംവരണം ചെയ്തിട്ടുള്ള മുപ്പതിൽ മുപ്പത് മണ്ഡലങ്ങളിലും, പ്രവിശ്യകളിൽ 509 സീറ്റുകളിൽ 442 ലും അവർ വിജയിച്ചു. അതുകൊണ്ട് ഇന്ത്യൻ മുസ്‌ലീങ്ങളുടെ "ഏകവക്താവ്" എന്ന തങ്ങളുടെ അവകാശവാദം സ്ഥാപിച്ച് കൊണ്ട് മുസ്‌ലീം സമ്മതിദായകരുടെ പ്രബല പാർട്ടിയായി സ്വയം സ്ഥാപിക്കാൻ ലീഗിന് സാധിച്ചത് 1946ൽ മാത്രമായിരുന്നു. എന്നിരുന്നാലും വോട്ടവകാശം അങ്ങേയറ്റം പരിമിതമായിരുന്നു എന്ന കാര്യം നിങ്ങൾ ഓർമ്മിക്കുന്നുണ്ടാകും. ജനസംഖ്യയുടെ ഏകദേശം 10 മുതൽ 12 ശതമാനം വരെ ജനങ്ങൾക്കാണ് പ്രവിശ്യാതിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാനുള്ള അവകാശം ഉണ്ടായിരുന്നത്. അതേസമയം കേന്ദ്ര അസംബ്ലിയിലേക്കുള്ള തിരഞ്ഞെടുപ്പിൽ അത് ഒരു ശതമാനം മാത്രമായിരുന്നു.

### യൂണിയനിസ്റ്റ് പാർട്ടി
### (Unionist Party)

പഞ്ചാബിലെ ഹിന്ദു, മുസ്‌ലിം, സിക്ക് ഭൂവുടമകളുടെ താൽപര്യങ്ങളെ പ്രതിനിധീകരിക്കുന്ന ഒരു രാഷ്ട്രീയപാർട്ടി. 1923 മുതൽ 47 വരെയുള്ള കാലഘട്ടത്തിൽ പാർട്ടി ശക്തമായിരുന്നു.

### 3.6. വിഭജനത്തിന്, ഒരു സാധ്യമായ ബദൽ (A possible alternative to Partition)

ലീഗിന്റെ ആവശ്യം പരിശോധിക്കുന്നതിനും സ്വതന്ത്ര ഇന്ത്യയ്ക്ക് അനുയോജ്യമായ രാഷ്ട്രീയ ചട്ടക്കൂട് നിർദേശിക്കുന്നതിനും 1946 മാർച്ചിൽ ബ്രിട്ടീഷ് ക്യാബിനറ്റ് മൂന്നംഗങ്ങളുള്ള ദൗത്യസംഘത്തെ ഡൽഹിയിലേക്ക് അയച്ചു. ക്യാബിനറ്റ് മിഷൻ മൂന്നു മാസക്കാലം രാജ്യത്ത് പര്യടനം നടത്തുകയും സംസ്ഥാനങ്ങളുടെ ഒരു അയഞ്ഞ ത്രിതല കൂട്ടായ്മയെ (കോൺഫെഡറേഷൻ) ശുപാർശ ചെയ്യുകയും ചെയ്തു. ഇന്ത്യ ഒറ്റ രാജ്യമായിത്തന്നെ തുടരേണ്ടതാണ്. വിദേശ കാര്യം, പ്രതിരോധം, വാർത്താവിനിമയം എന്നിവ മാത്രം കൈകാര്യം ചെയ്യുന്ന ദുർബലമായ ഒരു കേന്ദ്രഗവൺമെന്റ് രൂപീകരിക്കും. ഭരണ ഘടനാനിർമ്മാണ സഭയുടെ തിരഞ്ഞെടുപ്പിന് നിലവിലുള്ള പ്രവിശ്യാ അസംബ്ലികളെ മൂന്ന് വിഭാഗങ്ങളായി തരംതിരിക്കും. വിഭാഗം എ: ഹിന്ദു ഭൂരിപക്ഷ പ്രവിശ്യകൾ, വിഭാഗം ബി: വടക്കുപടിഞ്ഞാറ് മുസ്‌ലിം ഭൂരിപക്ഷ പ്രവിശ്യകൾ, വിഭാഗം സി:വടക്കു കിഴക്കൻ (ആസ്സാമടക്കം) മുസ്‌ലിം ഭൂരിപക്ഷ പ്രവിശ്യകൾ. പ്രവിശ്യാ വിഭാഗങ്ങളിൽ പ്രാദേശിക യൂണിറ്റുകൾ ഉൾക്കൊള്ളും. അവയ്ക്ക് കേന്ദ്രത്തിനും പ്രവിശ്യയ്ക്കുമിടയിൽ ഉള്ള ഭരണനിർവഹണസമിതികളും നിയമസഭകളും രൂപീകരിക്കുന്നതിന് അധികാരമുണ്ടായിരിക്കും.

ഒരു സംഘത്തിൽ നിന്നോ സംഘടനയിൽ നിന്നോ ഉള്ള ഔദ്യോഗിക പിൻമാറ്റം എന്നാണ് *പിൻവാങ്ങ (Secede)* ലിന്റെ അർത്ഥം

തുടക്കത്തിൽ എല്ലാ പ്രമുഖ പാർട്ടികളും ഈ പദ്ധതി സ്വീകരിച്ചു. എന്നാൽ ഈ ഉടമ്പടി അൽപ്പായുസ്സായിരുന്നു. കാരണം, ഈ സ്വീകാര്യത പദ്ധതിയെക്കുറിച്ചുള്ള പരസ്പര വിരുദ്ധമായ വ്യാഖ്യാനങ്ങളിൽ അധിഷ്ഠിതമായിരുന്നു. പ്രവിശ്യകളുടെ വർഗീകരണം (grouping) നിർബന്ധമാക്കണമെന്നും ബി, സി, വിഭാഗങ്ങൾക്ക് ശക്തമായ അസ്തിത്വങ്ങളായി വികാസം പ്രാപിച്ചുകൊണ്ട് ഭാവിയിൽ യൂണിയനിൽ നിന്നു വിട്ടു പോകാനുള്ള അവകാശം ഉണ്ടായിരിക്കണമെന്നും ലീഗ് ആവശ്യപ്പെട്ടു. പ്രവിശ്യകൾക്കാണ് ഒരു ഗണത്തിൽ ചേരുന്നതിനുള്ള അവകാശം നൽകേണ്ടതെന്ന് കോൺഗ്രസ് ആവശ്യപ്പെട്ടു. വർഗീകരണം ആദ്യം നിർബന്ധമായിരിക്കണമെന്നും ഭരണഘടനയ്ക്ക് അന്തിമ രൂപം നൽകിയശേഷം തിരഞ്ഞെടുപ്പ് നടത്തിക്കഴിഞ്ഞ് താൽപ്പര്യപ്പെടുന്ന പ്രവിശ്യകൾക്ക് അതത് ഗണങ്ങളിൽ നിന്ന് വിട്ടു പോകാൻ അവകാശം ഉണ്ടായിരിക്കണമെന്നുമുള്ള മിഷന്റെ നിർദേശം കോൺഗ്രസ്സിന് തൃപ്തിയായില്ല. അതുകൊണ്ട് അവസാനം കോൺഗ്രസോ ലീഗോ ക്യാബിനറ്റ് മിഷൻ നിർദേശത്തെ അംഗീകരിച്ചില്ല. ഇത് ഏറ്റവും നിർണായകമായൊരു സന്ദിഗ്ധവിശേഷമായിരുന്നു, കാരണം ഇതിനു ശേഷം, വിഭജനത്തെ ഒഴിവാക്കാനാവാത്ത ഒരു ദുരന്തമായി കണ്ട കോൺഗ്രസ് നേതാക്കൾ മിക്കവരും അതിനെ അംഗീകരിച്ചതോടെ അത് അനിവാര്യമായിത്തീർന്നു. മഹാത്മാഗാന്ധിയും വടക്ക് പടിഞ്ഞാറൻ അതിർത്തി പ്രവിശ്യയിൽ (NWFP) നിന്നുള്ള ഖാൻ അബ്ദുൽ ഗാഫർ ഖാനും മാത്രമാണ് വിഭജനമെന്ന ആശയത്തിനെതിരെ ശക്തമായ എതിർപ്പ് തുടർന്നത്.



*ചിത്രം 13.7*
*1938 ഒക്ടോബറിൽ ഖാൻ അബ്ദുൽ ഗഫാർ ഖാൻ (അദ്ദേഹം അതിർത്തി ഗാന്ധി എന്നറിയപ്പെടുന്നു), സുശീല നയ്യാർ, അംതസ് സലാം എന്നിവർക്കൊപ്പം വടക്ക് പടിഞ്ഞാറൻ അതിർത്തി പ്രവിശ്യകളിൽ (NWFP) മഹാത്മാഗാന്ധി.*




*ഭൂപടം 1*
*ക്യാബിനറ്റ് മിഷൻ നിർദേശിച്ച മൂന്നു വിഭാഗങ്ങളോടുംകൂടിയ ഇന്ത്യൻ പ്രവിശ്യകൾ.*

*1941 ലെ മുസ്ലിം ഭൂരിപക്ഷ പ്രദേശങ്ങൾ*

*1941 ലെ ഹിന്ദു ഭൂരിപക്ഷ പ്രദേശങ്ങൾ*

*നിർദേശങ്ങളിൽ വ്യക്തമായി ഒന്നും പറഞ്ഞിട്ടില്ലാത്ത നാട്ടുരാജ്യങ്ങൾ*

*സ്രോതസ്സ് 5*

## "ഒരു വനരോദനം" ("A voice in the wilderness")

തന്റേത് ഒരു "വനരോദനമാണെന്ന്" അറിഞ്ഞിരുന്നിട്ടും മഹാത്മാഗാന്ധി വിഭജനമെന്ന ആശയത്തെ എതിർത്തു കൊണ്ടേയിരുന്നു.

> എന്നാൽ ഇന്ന് നാം കാണുന്നത് എത്ര ദാരുണമായ മാറ്റമാണ്. പരസ്പരം കൂടിയാലോചനയില്ലാതെ ഹിന്ദുക്കളും മുസ്ലീങ്ങളും ഒന്നും ചെയ്യില്ലാതിരുന്ന ആ കാലം വീണ്ടും വരുമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ആ ദിവസത്തിന്റെ വരവ് ത്വരിതമാക്കാൻ എനിക്ക് എന്ത് ചെയ്യാൻ കഴിയുമെന്ന ചോദ്യം രാവും പകലും എന്നെ പിടിച്ചിക്കുകയാണ്. ഒരു ഇന്ത്യക്കാരനെയും തങ്ങളുടെ ശത്രുവായി കണക്കാക്കരുതെന്ന് ഞാൻ ലീഗിനോട് അഭ്യർഥിക്കുന്നു... ഹിന്ദുക്കളും മുസ്ലീങ്ങളും ഒരേ മണ്ണിലാണ് ജനിച്ചത്. അവർക്ക് ഒരേ ചോരയാണുള്ളത്, അവർ ഒരേ ഭക്ഷണം കഴിക്കുകയും ഒരേ വെള്ളം കുടിക്കുകയും ഒരേ ഭാഷ സംസാരിക്കുകയും ചെയ്യുന്നു.
>
> പ്രാർഥനായോഗത്തിലെ പ്രസംഗം, സെപ്തംബർ 4, 1946,
> സി.ഡബ്ല്യൂ എം.ജി, വാല്യം... 92, പേജ്. 139

> എന്നാൽ മുസ്ലിം ലീഗ് മുന്നോട്ടു വച്ച പാകിസ്താൻ ആവശ്യം അനിസ്ലാമികമാണെന്ന് എനിക്ക് ഉറപ്പായും ബോധ്യമുണ്ട്, അതിനെ പാപകരമെന്നു വിളിക്കാൻ എനിക്ക് യാതൊരു മടിയുമില്ല. മാനവരാശിയുടെ ഐക്യത്തിനും സാഹോദര്യത്തിനും വേണ്ടിയാണ് ഇസ്ലാം നിലകൊള്ളുന്നത്, അല്ലാതെ മനുഷ്യ കുടുംബത്തിന്റെ ഐക്യത്തെ തകർക്കുവാനല്ല. അതിനാൽ ഇന്ത്യയെ സാധ്യമായ യുദ്ധഗ്രൂപ്പുകളായി വിഭജിക്കുവാൻ ആഗ്രഹിക്കുന്നവർ, ഒരുപോലെ ഇസ്ലാമിന്റെയും ഇന്ത്യയുടെയും ശത്രുക്കളാണ്. ഞാൻ തെറ്റെന്നു കരുതുന്നത് എന്നെക്കൊണ്ട് സ്വീകരിപ്പിക്കാൻ എന്നെ കഷണങ്ങളായി വെട്ടിമുറിച്ചാൽപ്പോലും അവർക്കു കഴിയില്ല.
>
> ഹരിജൻ, സെപ്തംബർ 26, സി.ഡബ്ല്യൂ എം.ജി, വാല്യം 92, പേജ്.229

➲ പാകിസ്താൻ എന്ന ആശയത്തെ എതിർക്കുന്നതിന് മഹാത്മാഗാന്ധി ഉന്നയിക്കുന്ന വാദങ്ങൾ എന്തെല്ലാമാണ്?



ചിത്രം 13.8.
1946 ആഗസ്റ്റിൽ കൽക്കത്തയുടെ തെരുവുകളിൽ ഇരുമ്പ് ദണ്ഡും ലാത്തിയും ഉൾപ്പെടെയുള്ള ആയുധങ്ങളുമായി കലാപകാരികൾ.

### 3.7. വിഭജനത്തിലേക്ക് (Towards Partition)

ക്യാബിനറ്റ് മിഷൻ പദ്ധതിക്കുള്ള പിന്തുണ പിൻവലിച്ചശേഷം, മുസ്ലീം ലീഗ്, തങ്ങളുടെ പാകിസ്താൻ ആവശ്യം വിജയിപ്പിക്കുന്നതിനായി "ഡയറക്ട് ആക്ഷൻ" നടത്താൻ തീരുമാനിച്ചു. 1946 ആഗസ്റ്റ് 16 "ഡയറക്ട് ആക്ഷൻ" ദിനമായി പ്രഖ്യാപിച്ചു. അന്ന് കൽക്കത്തയിൽ കലാപങ്ങൾ പൊട്ടിപ്പുറപ്പെടുകയും അത് നിരവധി ദിവസങ്ങൾ നീണ്ടു നിൽക്കുകയും ആയിരക്കണക്കിനാളുകൾ മരിക്കുകയും ചെയ്തു. 1947 മാർച്ചോട് കൂടി വടക്കേ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലേക്ക് അക്രമം വ്യാപിച്ചു.

1947 മാർച്ചിലാണ് മുസ്ലീം ഭൂരിപക്ഷമുള്ള ഒന്നും ഹിന്ദു/സിക്ക് ഭൂരിപക്ഷമുള്ള മറ്റൊന്നുമായി പഞ്ചാബിനെ വിഭജിക്കാൻ കോൺഗ്രസ് ഹൈക്കമാൻഡ് വോട്ട് ചെയ്തത്; സമാനമായ തത്ത്വം ബംഗാളിൽ നടപ്പിലാക്കാൻ അവർ ആവശ്യപ്പെടുകയും ചെയ്തു. അപ്പോഴേക്കും, വിഭജനം ഒരനിവാര്യമായ തിന്മയാണെന്നും അതുണ്ടായില്ലെങ്കിൽ തങ്ങൾ മുസ്ലീം ഭൂരിപക്ഷത്താൽ ചവിട്ടി താഴ്ത്തപ്പെടുമെന്നും മുസ്ലീം നേതാക്കളാകും വ്യവസ്ഥകൾ നിശ്ചയിക്കുകയെന്നും, കണക്കിലെ കളികളുടെ അടിസ്ഥാനത്തിൽ പഞ്ചാബിലെ സിക്കു നേതാക്കളും കോൺഗ്രസുകാരും മനസ്സിലാക്കി. ബംഗാളിലും രാഷ്ട്രീയാധികാരം തങ്ങളിൽ നിലനിർത്താൻ ആഗ്രഹിച്ച ഒരു വിഭാഗം *ഭദ്രലോക്* ബംഗാളി ഹിന്ദുക്കൾ, 'മുസ്ലീങ്ങളുടെ ശാശ്വത സംരക്ഷണ' (അവരുടെ ഒരു നേതാവ് പറഞ്ഞു വച്ചതു പോലെ)ത്തെ ഭയക്കാൻ തുടങ്ങി. തങ്ങൾ അംഗസംഖ്യകൊണ്ട് പിന്നിലായതിനാൽ പ്രവിശ്യാ വിഭജനത്തിലൂടെ മാത്രമെ തങ്ങളുടെ രാഷ്ട്രീയാധിപത്യം ഉറപ്പിക്കാൻ കഴിയൂ എന്ന് അവർ കരുതി.

**ചർച്ച ചെയ്യുക...**

ഭാഗം 3 ന്റെ വായനയിൽ നിന്ന്, നിരവധി ഘടകങ്ങൾ വിഭജനത്തിലേക്ക് നയിച്ചു എന്ന് വ്യക്തമാണ്. ഇവയിൽ ഏതാണ് ഏറ്റവും പ്രധാനപ്പെട്ടതെന്നാണ് നിങ്ങൾ കരുതുന്നത്? എന്തുകൊണ്ട്?

## 4. ക്രമസമാധാനം പിൻവലിയുന്നു (THE WITHDRAWAL OF LAW AND ORDER)




ചിത്രം 13.9
1946 ലെ കലാപത്തിൽ കുതിർന്ന ആ തെരുവുകളിലൂടെ, ആയിരങ്ങളെ കൊന്നൊടുക്കിക്കൊണ്ട് അക്രമവും തീവയ്പും പടർന്നു.

1947 മാർച്ച് മുതൽ ഒരു വർഷത്തോളം രക്തച്ചൊരിച്ചിൽ തുടർന്നു. ഇതിന്റെ ഒരു പ്രധാന കാരണം ഭരണ നിർവഹണസ്ഥാപനങ്ങളുടെ തകർച്ചയായിരുന്നു. 1947 മാർച്ചിൽ അമൃത്സറിൽ തീവയ്പ്പും കൊലകളും നടക്കുമ്പോൾ ഒരു വെടിപോലും ഉതിർക്കുന്നതിൽ പോലീസ് എങ്ങനെ പരാജയപ്പെട്ടു എന്ന് അക്കാലത്ത് ബഹവൽപൂരിൽ (ഇന്ന് പാകിസ്താനിൽ) സേവനം ചെയ്തിരുന്ന ഉദ്യോഗസ്ഥനായ പെൻഡറൽ മൂൺ സൂചിപ്പിക്കുന്നുണ്ട്.

നഗരത്തിലെ അധികാരം പൂർണമായും തകർന്നതോടെ, വർഷാവസാനം അമൃത്സർ, രക്തച്ചൊരിച്ചിലിന്റെ രംഗമായിത്തീർന്നു. ഈ സാഹചര്യത്തെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് ബ്രിട്ടീഷ് ഉദ്യോഗസ്ഥർക്ക് അറിയില്ലായിരുന്നു: അവർ തീരുമാനങ്ങൾ എടുക്കുന്നതിൽ വിമുഖത കാട്ടുകയും ഇടപെടുന്നതിൽ മടിച്ചു നിൽക്കുകയും ചെയ്തു. പരിഭ്രാന്തിയിലായ ജനങ്ങൾ സഹായം തേടിയപ്പോൾ, അവരോട് മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു, വല്ലഭായി പട്ടേൽ, അല്ലെങ്കിൽ എം.എ. ജിന്ന എന്നിവരെ ബന്ധപ്പെടാൻ ബ്രിട്ടീഷ് ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടു. അധികാരവും നിയന്ത്രണവും ആർക്കാണ് നിർവഹിക്കാൻ കഴിയുക എന്ന് ആർക്കും അറിയില്ലായിരുന്നു. കലാപബാധിതപ്രദേശങ്ങളിലെ സിവിൽ ഉദ്യോഗസ്ഥർ അവരവരുടെ ജീവനും സ്വത്തിനും വേണ്ടി ഭയന്നപ്പോൾ മഹാത്മാഗാന്ധിയൊഴികെയുള്ള ഉന്നത ഇന്ത്യൻ പാർട്ടി നേതാക്കൾ സ്വാതന്ത്ര്യത്തെ സംബന്ധിച്ച ചർച്ചകളിൽ മുഴുകിയിരിക്കുകയായിരുന്നു. ബ്രിട്ടീഷുകാരാകട്ടെ ഇന്ത്യവിടാനുള്ള തയാറെടുപ്പിന്റെ തിരക്കിലായിരുന്നു.

പ്രശ്നങ്ങൾ കൂടുതൽ സങ്കീർണമാകാനുള്ള കാരണം ഇന്ത്യൻ സൈനികരും പോലീസുകാരും അവരവരുടെ മതബോധത്തോടെ പ്രവർത്തിച്ചു തുടങ്ങിയതാണ്. വർഗീയ സംഘർഷം കൂടിക്കൂടി

*സ്രോതസ്സ് 6*

**"ഒരു വെടിയും ഉതിർക്കാതെ"**
**("Without a shot being fired")**

മൂൺ എഴുതിയത് ഇതാണ്:

> ഇരുപത്തിനാല് മണിക്കൂറിലധികം സമയം ലഹളക്കാരായ ജനക്കൂട്ടങ്ങൾ ഈ വാണിജ്യനഗരത്തിലൂടെ യാതൊരു നിയന്ത്രണവും എതിർപ്പുമില്ലാതെ വെറിപിടിച്ചു നടക്കാൻ അനുവദിക്കപ്പെട്ടു. തീവയ്ക്കുന്ന (അതായത് സംഘർഷത്തെ പ്രേരിപ്പിച്ചവർ) വരെ പിരിച്ചുവിടാൻ ഒരു വെടി പോലും ഉതിർക്കാത്തതുകൊണ്ട് ഏറ്റവും മികച്ച കമ്പോളങ്ങൾ കത്തിയമർന്നു... ജില്ലാ മജിസ്ട്രേറ്റ് അദ്ദേഹത്തിന്റെ സേനയെയും (വലിയ പോലീസ്) കൊണ്ട് നഗരത്തിൽ സൈനിക മാർച്ച് നടത്തിയെങ്കിലും അവയെ ഫലപ്രദമായി ഉപയോഗിക്കാതെ തിരിച്ചുകൊണ്ട് പോയി...

വന്നതോടെ യൂണിഫോമിലുള്ളവരുടെ തൊഴിലിനോടുള്ള പ്രതിബദ്ധതയെ ആശ്രയിക്കുവാൻ കഴിയാതെ വന്നു. പലയിടങ്ങളിലും പോലീസുകാർ തങ്ങളുടേതായ മതവിശ്വാസികളെ സഹായിക്കുക മാത്രമല്ല, മറ്റു സമുദായങ്ങളിലെ അംഗങ്ങളെ ആക്രമിക്കുകയും ചെയ്തു.

### 4.1. ഏകാംഗസൈന്യം (The one-man army)

ഈ ശബ്ദകോലാഹങ്ങളുടെ എല്ലാം ഇടയിലും സമുദായിക സൗഹാർദം പുനസ്ഥാപിക്കുവാനുള്ള ഒരു മനുഷ്യന്റെ ധീരമായ പരിശ്രമങ്ങൾ ഫലം കണ്ടു. തന്റെ ആജീവനാന്തതത്ത്വമായ അഹിംസയും ജനങ്ങളെ മാനസാന്തരപ്പെടുത്താനാകുമെന്ന ബോധ്യവും സമർഥിക്കുന്നതിനായുള്ള പരിശ്രമത്തിൽ എഴുപത്തിയേഴുകാരനായ ഗാന്ധിജി തന്റെ സർവസ്വവും അർപ്പിച്ചു. ന്യൂനപക്ഷസമുദായാംഗങ്ങളെ സമാശ്വസിപ്പിക്കാൻ എല്ലായിടത്തും ശ്രദ്ധിച്ചു കൊണ്ട് ഹിന്ദുക്കളെയും മുസ്‌ലീങ്ങളെയും പരസ്പരം കൊല്ലുന്നതിൽ നിന്നും പിന്തിരിപ്പിക്കാനുള്ള ധീര പരിശ്രമങ്ങളുമായി അദ്ദേഹം കിഴക്കൻ ബംഗാളിലെ (ഇന്നത്തെ ബംഗ്ലാദേശ്) നവ്ഖലിയിലെ ഗ്രാമങ്ങളിൽ നിന്ന് ബീഹാറിലെ ഗ്രാമങ്ങളിലേക്കും അവിടെനിന്ന് കൽക്കട്ടയിലെയും ഡൽഹിയിലെയും കലാപബാധിതമായ ചേരികളിലേക്കും സഞ്ചരിച്ചു. 1946 ഒക്ടോബറിൽ കിഴക്കൻ ബംഗാളിലെ മുസ്‌ലീങ്ങൾ ഹിന്ദുക്കളെ ലക്ഷ്യം വച്ചപ്പോൾ ഗാന്ധിജി ഈ പ്രദേശം സന്ദർശിക്കുകയും നഗ്നപാദനായി ഗ്രാമങ്ങളിൽ യാത്ര ചെയ്തു കൊണ്ട് പ്രാദേശിക മുസ്‌ലീങ്ങളോട് ഹിന്ദുക്കളുടെ സുരക്ഷ ഉറപ്പുവരുത്തു

ചിത്രം 13.10
മഹാത്മാഗാന്ധിയെ ഒരു നോക്കു കാണാനുള്ള പ്രതീക്ഷയോടെ കാത്തിരിക്കുന്ന നവ്ഖലി ഗ്രാമവാസികൾ.





ചിത്രം 13.11
കലാപം ബാധിച്ച ഗ്രാമത്തിലെ ഗ്രാമവാസികൾ മഹാത്മാഗാന്ധിയുടെ വരവ് കാത്തിരിക്കുന്നു.

വാൻ നിർബന്ധിക്കുകയും ചെയ്തു. അതുപോലെ, ഡൽഹി പോലുള്ള മറ്റു പ്രദേശങ്ങളിൽ രണ്ടു സമുദായങ്ങൾ തമ്മിലുള്ള പരസ്പര വിശ്വാസ്യതയുടെയും വിശ്വാസത്തിന്റെയും ഒരു മനോഭാവം വളർത്തുവാൻ അദ്ദേഹം ശ്രമിച്ചു. വൃത്തിഹീനവും ജനനിബിഡവുമായ പുരാന ഖിലയിലെ ക്യാമ്പിലേക്ക് പലായനം ചെയ്യാൻ നിർബന്ധിതനായ ഒരു ഡൽഹി മുസൽമാനായ ഷാഹിദ് അഹമ്മദ് ദഹ്‌ലവി, 1947, സെപ്റ്റംബർ ഒമ്പതിലെ ഗാന്ധിജിയുടെ ഡൽഹിയിലേക്കുള്ള ആഗമനത്തെ ''ദീർഘവും കഠിനവുമായ വേനൽക്കാലത്തിനു ശേഷം ഉള്ള മഴയുടെ ആഗമനവു''മായാണ് താരതമ്യം ചെയ്തത്. ഇനി ''ഡൽഹി, രക്ഷപ്പെടും''എന്നു മുസ്‌ലീങ്ങൾ പരസ്പരം പറഞ്ഞത് ദഹ്‌ലവി തന്റെ ഓർമ്മക്കുറിപ്പുകളിൽ അനുസ്മരിച്ചു.

1947 നവംബർ 28ന് ഗുരു നാനാക്കിന്റെ ജന്മദിനത്തിന്റെ അവസരത്തിൽ, ഗുരുദ്വാര സിസ്ഗഞ്ചിൽ സിക്കുകാരുടെ ഒരു സമ്മേളനത്തെ അഭിസംബോധന ചെയ്യാൻ ഗാന്ധിജിയെത്തിയപ്പോൾ, പഴയ ഡൽഹിയുടെ ഹൃദയഭാഗമായ ചാന്ദിനി ചൗക്ക് റോഡിൽ ഒരു മുസ്‌ലീമും ഇല്ലാതിരുന്നത് അദ്ദേഹം ശ്രദ്ധിച്ചു. ''ഒരു മുസ്‌ലീമിനെപ്പോലും ചാന്ദിനി ചൗക്കിൽ കാണാനാവുന്നില്ല എന്ന വസ്തുതയെക്കാൾ നമുക്ക് അപമാനകരമായി എന്താണ് ഉള്ളത്?'' അന്ന് വൈകുന്നേരത്തെ പ്രസംഗത്തിൽ അദ്ദേഹം ചോദിച്ചു. എല്ലാ മുസ്‌ലീങ്ങളെയും പാകിസ്താനികളായി കണ്ടുകൊണ്ട് അവരെ ഓരോരുത്തരെയായി നഗരത്തിൽ നിന്നും പുറത്താക്കാൻ ആഗ്രഹിച്ചവരുടെ മനോഭാവത്തിനെതിരായി പോരാടിക്കൊണ്ട് ഗാന്ധിജി ഡൽഹിയിൽ തുടർന്നു. ഒരു മനസ്സുമാറ്റം വരുത്താനായി അദ്ദേഹം ഉപവാസം ആരംഭിച്ചപ്പോൾ അദ്ഭുതകരമെന്നു പറയട്ടെ, പല ഹിന്ദു-സിക്ക് കുടിയേറ്റക്കാരും അദ്ദേഹത്തോടൊപ്പം ഉപവാസത്തിൽ പങ്കുചേർന്നു.

ഉപവാസത്തിന്റെ സ്വാധീനം ''ആവേശം ജ്വലിക്കുന്നതായിരുന്നു'' (electric) വെന്ന് മൗലാന ആസാദ് എഴുതി. നഗരത്തിലെ മുസ്‌ലീങ്ങളുടെ മേൽ തങ്ങൾ അഴിച്ചു വിട്ട അക്രമത്തിന്റെ വിഡ്ഢിത്തം ജനങ്ങൾ തിരിച്ചറിഞ്ഞു എങ്കിലും ഗാന്ധിജിയുടെ രക്തസാക്ഷിത്വത്തോട് കൂടി മാത്രമെ ഈ അക്രമത്തിന്റെ ഭീകര നാടകം അവസാനിച്ചുള്ളൂ. ''ലോകം യഥാർഥത്തിൽ മാറി'' ആ കാലത്തിലെ നിരവധി ഡൽഹി മുസ്‌ലീങ്ങൾ പിന്നീട് ഓർമ്മിച്ചു.

**➲ ചർച്ച ചെയ്യുക...**

ഇന്ത്യ വിട്ടുപോകുമ്പോൾ സമാധാനം നിലനിർത്താൻ ബ്രിട്ടീഷുകാർ എന്ത് ചെയ്തു? ആ പരീക്ഷണകാലത്ത് മഹാത്മഗാന്ധി എന്ത് ചെയ്തു?

## 5. വിഭജനത്തിന്റെ ലിംഗവൽക്കരണം (Gendering Partition)

### 5.1 സ്ത്രീകളെ "വീണ്ടെടുക്കൽ" ("Recovering" women)

കഴിഞ്ഞ ഒന്നര ദശകമായി വിഭജനകാലത്തെ സാധാരണ ജനങ്ങളുടെ അനുഭവങ്ങളെ ചരിത്രകാരന്മാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഈ അക്രമകാലത്തെ സ്ത്രീകളുടെ മഹാപീഡാനുഭവങ്ങളെക്കുറിച്ച് പണ്ഡിതർ എഴുതിയിട്ടുണ്ട്. സ്ത്രീകൾ പലവട്ടം ബലാൽസംഗം ചെയ്യപ്പെടുകയും തട്ടിക്കൊണ്ടു പോകപ്പെടുകയും വിൽക്കപ്പെടുകയും, പലപ്പോഴും, അപരിചിതമായ സാഹചര്യങ്ങളിൽ

അപരിചിതരുമായി ഒരു പുതിയ ജീവിതം സ്ഥാപിക്കുവാൻ നിർബന്ധിതരാവുകയും ചെയ്തു. തങ്ങളുടെ അനുഭവങ്ങളുടെ ആഘാതമേറ്റ ചിലർ മാറിയ സാഹചര്യങ്ങളിൽ പുതിയ കുടുംബബന്ധങ്ങൾ മെനഞ്ഞെടുക്കാൻ തുടങ്ങി. പക്ഷേ ഇന്ത്യ-പാകിസ്താൻ ഗവൺമെന്റുകൾക്ക് മനുഷ്യബന്ധങ്ങളുടെ സങ്കീർണതകളെക്കുറിച്ച് ഒട്ടും അവബോധമുണ്ടായിരുന്നില്ല. മേൽപ്പറഞ്ഞ സ്ത്രീകൾ അതിർത്തിയുടെ തെറ്റായ ഭാഗത്താണെന്ന് വിശ്വസിച്ചുകൊണ്ട്, അവരെ അവരുടെ പുതിയ ബന്ധുക്കളിൽ നിന്ന് മുറിച്ചു മാറ്റുകയും അവരുടെ പഴയ പ്രദേശങ്ങളിലേക്കും കുടുംബങ്ങളിലേക്കും മടക്കി അയക്കുകയും ചെയ്തു. ബന്ധപ്പെട്ട സ്ത്രീകളോട് ആലോചിക്കാതെ, തങ്ങളുടെ സ്വന്തം ജീവിതത്തെക്കുറിച്ച് തീരുമാനങ്ങളെടുക്കാനുള്ള അവരുടെ അവകാശത്തെ അട്ടിമറിച്ചു. 1954 വരെ നീണ്ട ശ്രമങ്ങളിലൂടെ ഇന്ത്യയിൽ നിന്ന് 22,000 മുസ്ലീം സ്ത്രീകളും പാകിസ്താനിൽ നിന്ന് 8000 ഹിന്ദു - സിക്ക് സ്ത്രീകളുമായി ആകെ 30,000 സ്ത്രീകളെ ഇങ്ങനെ "വീണ്ടെടുത്തു" എന്നാണ് ഒരു കണക്ക്.



ചിത്രം 13.12
കുടുംബത്തിന്റെ അംഗങ്ങളുടെ അഭിമാനാർത്ഥം പെട്ട് സ്ത്രീകൾ പലപ്പോഴും സമ്മാനപ്പെടുത്തുന്നു.

കലാപത്തിന്റെ അക്രമത്തിൽ പുരുഷന്മാരാണ് വലിയ തോതിൽ കൊല്ലപ്പെട്ടത്.

*സ്രോതസ്സ് 7*

## സ്ത്രീകളെ "വീണ്ടെടുക്കൽ' അർഥമാക്കുന്നത്.
## (What "recovering" women meant)

കൊളോണിയൽ പഞ്ചാബിലെ ഒരു ആത്മകഥാപരമായ സാമൂഹിക ചരിത്രമായ തന്റെ "പഞ്ചാബ് സെഞ്ച്വറി"യിൽ പ്രകാശ് ടണ്ടൻ വർണിച്ച ദമ്പതികളുടെ അനുഭവം ഇതാ:

> ഒരു സന്ദർഭത്തിൽ, വിഭജനകാലത്ത് ഭ്രാന്തമായി ഓടിയ ഒരു സിക്ക് യുവാവ്, സുന്ദരിയായ ഒരു മുസ്ലിം പെൺകുട്ടിയെ തന്നോടൊപ്പം കൂട്ടിക്കൊണ്ടു പോകുവാൻ അനുവദിക്കുന്നതിന്, കൂട്ടക്കൊല ചെയ്യുന്ന ഒരു ജനക്കൂട്ടത്തെ പ്രേരിപ്പിച്ചു. അവർ വിവാഹിതരാവുകയും ക്രമേണ പരസ്പരം പ്രണയത്തിലാവുകയും ചെയ്തു. ക്രമേണ തന്റെ കൊല്ലപ്പെട്ട മാതാപിതാക്കളെക്കുറിച്ചും മുൻകാല ജീവിതത്തെക്കുറിച്ചുമുള്ള അവളുടെ ഓർമ്മകൾ മങ്ങിമാഞ്ഞു. അവർ ഒരുമിച്ച് സന്തുഷ്ടരായിരുന്നു. ഒരു ആൺകുട്ടി ജനിക്കുകയും ചെയ്തു. എന്നാൽ തട്ടിക്കൊണ്ടു പോകപ്പെട്ട സ്ത്രീകളെ വീണ്ടെടുക്കാനുള്ള തീവ്രപരിശ്രമത്തിലേർപ്പെട്ടിരുന്ന സാമൂഹിക പ്രവർത്തകരും പോലീസും ദമ്പതികളെ പിന്തുടർന്നെത്താൻ തുടങ്ങി. സിക്കുകാരന്റെ സ്വദേശജില്ലയായ ജലന്ധറിൽ അവർ അന്വേഷണവും നടത്തി. അദ്ദേഹം അത് മണത്തറിഞ്ഞുകൊണ്ട്, കുടുംബവുമായി കൽക്കത്തയിലേക്ക് ഓടിപ്പോയി. സാമൂഹിക പ്രവർത്തകർ കൊൽക്കത്തയിലുമെത്തി. അതേസമയം, ദമ്പതികളുടെ സുഹൃത്തുക്കൾ കോടതിയിൽ നിന്നും ഒരു സ്റ്റേ ഉത്തരവ് നേടാൻ ശ്രമിച്ചെങ്കിലും നിയമം അതിന്റെ വിരസമായ പാത സ്വീകരിക്കുകയായിരുന്നു. പോലീസ് തങ്ങളെ പിന്തുടരുന്നതിൽ പരാജയപ്പെടുമെന്ന പ്രതീക്ഷയിൽ കൽക്കത്തയിൽ നിന്നും ദമ്പതികൾ പഞ്ചാബിലെ അറിയപ്പെടാത്ത ഏതോ ഗ്രാമത്തിലേക്ക് ഒളിച്ചോടി. എന്നാൽ പോലീസ് ഒപ്പമെത്തുകയും ചോദ്യം ചെയ്യാൻ തുടങ്ങുകയും ചെയ്തു. അയാളുടെ ഭാര്യ ഗർഭിണിയും പ്രസവത്തോട് അടുക്കുകയുമായിരുന്നു. സിക്കുകാരൻ മകനെ തന്റെ അമ്മയുടെ അടുത്തേക്ക് അയയ്ക്കുകയും ഭാര്യയെ ഒരു കരിമ്പിൻ പാടത്തേക്ക് കൊണ്ട് പോകുകയും ചെയ്തു. താൻ ജീവിച്ചിരിക്കുന്നിടത്തോളം ഭാര്യയെ കൈവിടില്ലെന്നു നിശ്ചയിച്ചുകൊണ്ട് അവളെ ഒരു കുഴിയിൽ തനിക്ക് കഴിയുന്നത്ര സുഖപ്രദമായി കിടത്തിയിട്ട് പോലീസിനെയും പ്രതീക്ഷിച്ച് കൈയിൽ തോക്കുമായി അദ്ദേഹം കിടന്നു. ആ കുഴിയിൽ സ്വന്തം കൈകൾ കൊണ്ട് അവൻ അവളുടെ പ്രസവമെടുത്തു. അടുത്ത ദിവസം അവൾക്ക് കടുത്ത പനി വന്നു, മൂന്നു ദിവസത്തിനുള്ളിൽ അവൾ മരണപ്പെട്ടു. അവളെ ആശുപത്രിയിൽ കൊണ്ടു പോകാൻ അദ്ദേഹം ധൈര്യപ്പെട്ടില്ല. സാമൂഹിക പ്രവർത്തകരും പോലീസും അവളെ കൊണ്ടുപൊയ്ക്കളയുമെന്ന് അദ്ദേഹം ഭയപ്പെട്ടു.

### 5.2 "അഭിമാനം" സംരക്ഷിക്കൽ (Preserving "honour")

അങ്ങേയറ്റം ശാരീരികവും മാനസികവുമായ അപകടങ്ങൾ നിറഞ്ഞ അക്കാലത്തും സമുദായ അഭിമാന സംരക്ഷണത്തിന്റെ ആശയങ്ങൾ പ്രവർത്തന നിരതമായതെങ്ങനെയെന്ന് പണ്ഡിതർ കാട്ടിത്തന്നിട്ടുണ്ട്. ഉത്തരേന്ത്യൻ കർഷക സമൂഹങ്ങളിൽ പണ്ടേ നിലവിലുള്ള പൗരുഷത്തെ, പെണ്ണിന്റെ (*Zan*) യും മണ്ണിന്റെ (*Zamin*) യും ഉടമസ്ഥതയായി നിർവചിക്കുന്ന ആശയ സംഹിതയിൽ നിന്നാണ് ഈ ധാരണ ഉരുത്തിരിഞ്ഞു വന്നത്. മറ്റുള്ളവരുടെ കയ്യേറ്റത്തിൽ നിന്ന് സ്വന്തം സ്വത്തായ പെണ്ണും മണ്ണും കാക്കാനുള്ള കഴിവിലാണ് ഒരുവന്റെ വീരത്വം കുടികൊള്ളുന്നതെന്ന് വിശ്വസിക്കപ്പെട്ടു. മിക്കപ്പോഴും ഈ രണ്ട് മുഖ്യ "സ്വത്തു"ക്കളുടെ പേരിലാണ് സംഘർഷങ്ങൾ ഉരുത്തിരിയുന്നത്, പലപ്പോഴും സ്ത്രീകളും ഈ മൂല്യങ്ങൾ സ്വാംശീകരിക്കുകയും ചെയ്തു.

ചില സമയങ്ങളിൽ അതുകൊണ്ട്, ഭാര്യമാർ, പെൺമക്കൾ, സഹോദരിമാർ തുടങ്ങിയ "തങ്ങളുടെ" സ്ത്രീകൾ "ശത്രുക്കളാൽ" അപമാനിക്കപ്പെടുമെന്ന് ഭയന്ന് പുരുഷന്മാർ തന്നെ ആ സ്ത്രീകളെ കൊന്നു കളഞ്ഞു. ഉർവശി ബൂട്ടാലിയ, അവരുടെ ഗ്രന്ഥമായ "*ദി അദർ സൈഡ് ഓഫ് സൈലൻസിൽ*" റാവൽ പിണ്ടി ജില്ലയിലെ തോവ ഖൽസ ഗ്രാമത്തിലുണ്ടായ ഇത്തരത്തിലുള്ള ഒരു ദാരുണസംഭവം വിവരിക്കുന്നുണ്ട്. വിഭജനകാലത്ത് "ശത്രുക്കളുടെ" കൈയിൽപ്പെടാതിരിക്കുന്നതിനായി ഈ സിക്ക് ഗ്രാമത്തിലെ തൊണ്ണൂറ് സ്ത്രീകൾ "സ്വമനസാ"ലെ ഒരു കിണറ്റിൽ ചാടി എന്നു പറയപ്പെടുന്നു. ആത്മഹത്യയല്ല, രക്തസാക്ഷിത്വമാണ് എന്ന് ഈ സംഭവത്തെ പരാമർശിച്ചു കൊണ്ട് ഈ ഗ്രാമങ്ങളിൽ നിന്നുള്ള കുടിയേറ്റക്കാരായ അഭയാർഥികൾ ഇപ്പോഴും ഡൽഹിയിലെ ഒരു ഗുരുദ്വാരയിൽ ഈ സംഭവം അനുസ്മരിക്കുന്നു. അക്കാലത്തെ പുരുഷൻമാർക്ക് സ്ത്രീകളുടെ ഈ തീരുമാനത്തെ ധീരമായി അംഗീകരിക്കേണ്ടിവന്നുവെന്നും ചിലപ്പോൾ സ്വയം വധിക്കാൻ സ്ത്രീകളെ പ്രേരിപ്പിക്കേണ്ടി വന്നിരുന്നുവെന്നും അവർ വിശ്വസിക്കുന്നു. ഓരോ വർഷവും മാർച്ച് 13ന് അവരുടെ "രക്തസാക്ഷിത്വം" ആഘോഷിക്കുമ്പോൾ പുരുഷന്മാരും സ്ത്രീകളും കുട്ടികളുമടങ്ങുന്ന സദസ്സിനോട് ഈ സംഭവമെല്ലാം വിവരിക്കപ്പെടുന്നു. തങ്ങളുടെ സഹോദരിമാരുടെ ത്യാഗത്തെയും ധീരതയെയും ഓർമ്മിക്കാനും ആ മാതൃകയിൽ സ്വയം രൂപപ്പെടുത്താനും സ്ത്രീകളെ ആഹ്വാനം ചെയ്യുന്നു.

അതിജീവിച്ച സമുദായംഗങ്ങളെ സംബന്ധിച്ചിടത്തോളം ഈ ഓർമ്മയാചരണം അവരുടെ ഓർമ്മകൾ സജീവമായി നിലനിർത്താൻ സഹായിക്കുന്നു. എന്നാൽ, മരിക്കാൻ ആഗ്രഹിക്കാതിരുന്നിട്ടും സ്വന്തം ഇച്ഛയ്ക്ക് വിപരീതമായി ജീവനൊടുക്കേണ്ടിവന്നവരുടെയെല്ലാം കഥകൾ ഈ ആചാരങ്ങളിൽ അനുസ്മരിക്കപ്പെടുന്നതേയില്ല.

**ചർച്ച ചെയ്യുക...**

വിഭജനകാലത്ത് നിരപരാധികളായ നിരവധി സ്ത്രീകളുടെ മരണത്തിലേക്കും കഷ്ടപ്പാടിലേക്കും നയിച്ച ആശയങ്ങൾ ഏവ?

ഇന്ത്യ, പാകിസ്താൻ ഗവൺമെന്റുകൾ "അവരുടെ" സ്ത്രീകളെ കൈമാറാൻ സമ്മതിച്ചത് എന്തുകൊണ്ട്?

അവർ അങ്ങനെ ചെയ്തത് ശരിയാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ?

## 6. പ്രാദേശിക വ്യത്യാസങ്ങൾ (REGIONAL VARIATIONS)

ഉപഭൂഖണ്ഡത്തിന്റെ വടക്കുപടിഞ്ഞാറൻ ഭാഗത്തെ സാധാരണ ജനങ്ങളുടെ അനുഭവങ്ങളാണ് ഇതുവരെ നാം ചർച്ചചെയ്തുകൊണ്ടിരുന്നത്. ബംഗാൾ, ഉത്തർപ്രദേശ്, ബീഹാർ, മധ്യഇന്ത്യ, ഡക്കാൻ എന്നീ പ്രദേശങ്ങളിൽ വിഭജനം ഏതു തരത്തിലാണ് അനുഭവപ്പെട്ടത്? 1946 ൽ കൂട്ടക്കൊല നടന്നത് കൽക്കത്തയിലും നവ്ഖലിയിലും ആയിരുന്നെങ്കിൽ വിഭജനം ഏറ്റവും രക്തരൂഷിതവും വിനാശകരുമായിരുന്നത് പഞ്ചാബിലായിരുന്നു. പടിഞ്ഞാറൻ പഞ്ചാബിൽ നിന്ന് ഏതാണ്ട് മുഴുവൻ ഹിന്ദുക്കളും സിക്കുകാരും കിഴക്കോട്ട് ഇന്ത്യയിലേക്കും പഞ്ചാബി സംസാരിക്കുന്ന ഏതാണ്ട് മുഴുവൻ മുസ്‌ലീങ്ങളും പാകിസ്താനിലേക്കും പറിച്ച് നടപ്പെട്ടത് താരതമ്യേന വളരെച്ചെറിയ കാലയളവായ 1946നും 1948നുമിടയിലുള്ള രണ്ടു വർഷം കൊണ്ടാണ്.

1950 കളിലും 1960 കളുടെ തുടക്കത്തിലും ഉത്തർപ്രദേശ്, ബീഹാർ, മധ്യപ്രദേശ്, ആന്ധ്രാപ്രദേശിലെ ഹൈദരാബാദ് എന്നിവിടങ്ങളിൽ നിന്ന് നിരവധി മുസ്‌ലീം കുടുംബങ്ങൾ പാകിസ്താനിലേക്ക് കുടിയേറുന്നത് തുടർന്നപ്പോഴും പലരും ഇന്ത്യയിൽ തന്നെ തുടരുവാൻ തീരുമാനിക്കുകയും ചെയ്തു. പാകിസ്താനിൽ *മുഹാജിറുകൾ* (കുടിയേറ്റക്കാർ) എന്നറിയപ്പെട്ട, ഉറുദുഭാഷ സംസാരിക്കുന്ന ഈ ജനങ്ങളിൽ ഭൂരിഭാഗവും സിന്ധിലെ കറാച്ചി ഹൈദരാബാദ് മേഖലയിലേക്കാണ് നീങ്ങിയത്.

നിശ്ചിതമല്ലാത്ത അതിർത്തികൾ മുറിച്ചു കടന്നുകൊണ്ട് ബംഗാളിൽ ജനങ്ങൾ നടത്തിയ കുടിയേറ്റം കൂടുതൽ നീണ്ടു നിൽക്കുന്നതായിരുന്നു. സാന്ദ്രത കുറഞ്ഞതെങ്കിലും തുല്യമായ ദുരിതം വിതയ്ക്കുന്നതായിരുന്നു ബംഗാളിന്റെ വിഭജനം എന്നാണ് ഇതിന്റെ അർഥം. കൂടാതെ പഞ്ചാബിൽ നിന്ന് വ്യത്യസ്തമായി, ബംഗാളി ജനതയുടെ കൈമാറ്റം പരിപൂർണമായിരുന്നില്ല. പല ബംഗാളി ഹിന്ദുക്കളും കിഴക്കൻ പാകിസ്താനിലും പല ബംഗാളി മുസ്‌ലീങ്ങളും പശ്ചിമബംഗാളിലും തുടർന്നും ജീവിച്ചു. അവസാനം ബംഗാളി മുസ്‌ലീങ്ങൾ (കിഴക്കൻ പാകിസ്താനികൾ) രാഷ്ട്രീയ പ്രവർത്തനത്തിലൂടെ ജിന്നയുടെ ദ്വിരാഷ്ട്ര സിദ്ധാന്തത്തെ തള്ളിക്കളയുകയും പാകിസ്താനിൽ നിന്നും വേർപിരിഞ്ഞ് 1971-72 ൽ ബംഗ്ലാദേശ് രൂപീകരിക്കുകയും ചെയ്തു. കിഴക്ക്, പടിഞ്ഞാറൻ പാകിസ്താനുകളെ ഒന്നിപ്പിച്ച് നിർത്താൻ ഒരു പൊതുവായ മതത്തിന് കഴിഞ്ഞില്ല.

ചിത്രം 13.13
*നിരാശയുടെ മുഖങ്ങൾ*
വിവിധ സ്ഥലങ്ങളിൽ നിന്നും കുടിയേറ്റക്കാർ ഒഴുകിയെത്തിയതിനാൽ 1947 ൽ പുരാണകിലയിൽ ഒരു വലിയ അഭയാർഥി ക്യാമ്പ് ആരംഭിച്ചു.

എന്നിരുന്നാലും, പഞ്ചാബ്, ബംഗാൾ അനുഭവങ്ങൾ തമ്മിൽ വലിയൊരു സമാനതയുണ്ട്. ഈ രണ്ട് സംസ്ഥാനങ്ങളിലും ഏറ്റവുമധികം പീഡിപ്പിക്കപ്പെട്ടത് സ്ത്രീകളും പെൺകുട്ടികളുമായിരുന്നു. കീഴടക്കപ്പെടേണ്ട പ്രദേശങ്ങൾ എന്നതുപോലെയാണ് സ്ത്രീകളുടെ ശരീരങ്ങളെ ആക്രമണകാരികൾ കൈകാര്യം ചെയ്തത്. ഒരു സമുദായത്തിലെ സ്ത്രീകളെ അപമാനിക്കുന്നത്, ആ സമുദായത്തെത്തന്നെ അപമാനിക്കുന്നതിന് തുല്യമായും, പ്രതികാരം ചെയ്യുന്ന ഒരു രീതിയായും നോക്കിക്കാണപ്പെട്ടു.



### സങ്കല്പകഥ, കവിതകൾ, സിനിമകൾ

### (Fiction, Poetry, Films)

വിഭജനത്തെക്കുറിച്ചുള്ള ചെറുകഥകൾ, നോവലുകൾ, കവിതകൾ അല്ലെങ്കിൽ സിനിമകൾ എന്നിവയിൽ ഏതെങ്കിലും നിങ്ങൾക്ക് പരിചയമുണ്ടോ? സാധാരണയായി, ചരിത്രകാരരുടെ സൃഷ്ടികളെക്കാൾ കൂടുതൽ ഉൾകാഴ്ചയോടുകൂടിയാണ് വിഭജന സാഹിത്യവും സിനിമകളും ഈ അത്യാപൽക്കരമായ സംഭവത്തെ പ്രതിനിധീകരിക്കുന്നത്. തങ്ങൾക്ക് യാതൊരു നിയന്ത്രണവുമില്ലാത്ത ഒരു വൻസംഭവത്താൽ തങ്ങളുടെ വിധികൾ നിശ്ചയിക്കപ്പെട്ട ഒരു വ്യക്തിയെയോ സാധാരണക്കാരായ ചെറുസംഘങ്ങളെയോ മുഖ്യകഥാപാത്രങ്ങളാക്കിക്കൊണ്ട്, അവരുടെ വേദനകളും യാതനകളും മനസ്സിലാക്കാനാണ് ഇവ പരിശ്രമിക്കുന്നത്. ആ കാലത്തിന്റെ കഠിനവേദനയും അവ്യക്തതയും, പലരും അഭിമുഖീകരിച്ച അജ്ഞേയമായ തിരഞ്ഞെടുക്കലുകളും അവർ രേഖപ്പെടുത്തി. അക്രമത്തിന്റെ അളവും വ്യാപ്തിയും മനുഷ്യന്റെ ദുഷ്ടസ്ഥിതിയും കൃത്രിമത്വവും സംബന്ധിച്ച് അവർ നടുക്കത്തിന്റെയും ഞെട്ടലിന്റെയും ഒരു അവബോധം രേഖപ്പെടുത്തി. ജനങ്ങൾ പ്രതികൂലസാഹചര്യങ്ങൾ കീഴടക്കിയതിന്റെ മാർഗങ്ങളെക്കുറിച്ചും പ്രത്യാശയെക്കുറിച്ചും അവ സംസാരിക്കുന്നു.

അനുഗൃഹീതനായ ഉറുദു ചെറുകഥാകൃത്തായ സാദത്ത് ഹസൻമാന്റോ തന്റെ കൃതിയെക്കുറിച്ച് ഇങ്ങനെ പറയുന്നു:

> രാജ്യത്തിന്റെ വിഭജനം മൂലം തുടക്കം കുറിക്കപ്പെട്ട വിപ്ലവത്തിന്റെ അനന്തരഫലങ്ങളെ അംഗീകരിക്കാൻ ഏറെക്കാലം ഞാൻ വിസമ്മതിച്ചു. എനിക്ക് ഇപ്പോഴും അങ്ങനെ തന്നെ തോന്നുന്നു. പക്ഷേ, ഒടുവിൽ ഈ ദുസ്വപ്ന യാഥാർഥ്യത്തെ സ്വയം നിരാശയില്ലാതെ നിർഭയം ഞാൻ സ്വീകരിച്ചിരിക്കുന്നു. ഈ പ്രക്രിയയിൽ, ഏകമനസ്സോടെ മനുഷ്യൻ മനുഷ്യനെ കൊന്ന അർപ്പണത്തെക്കുറിച്ചും, അവരിൽ ചിലർക്കു തോന്നിയ പശ്ചാത്താപത്തെക്കുറിച്ചും, എന്തിന് ഇപ്പോഴും ചില മാനുഷിക വികാരങ്ങൾ തങ്ങളിൽ അവശേഷിക്കുന്നു എന്ന് സ്വയം മനസ്സിലാക്കാതെ കൊലയാളികളിൽ ചിലർ ഒഴുക്കിയ കണ്ണീരിനെക്കുറിച്ചും എഴുതിക്കൊണ്ടാണ്. അപൂർവ നിറങ്ങളുള്ള മുത്തുകളെ ഈ മനുഷ്യനിർമിത രക്തക്കടലിൽ നിന്നും തിരിച്ചുപിടിക്കാൻ ഞാൻ പരിശ്രമം ചെയ്തത്. ഇവയും ഇവയിലധികവും എന്റെ ഗ്രന്ഥമായ *സിയ ഹാഷിയേ* (ബ്ലാക്ക് മാർജിൻസ്) യിൽ ഞാൻ ഉൾപ്പെടുത്തിയിട്ടുണ്ട്.

മുഖ്യമായും ഹിന്ദി, ഉറുദു, പഞ്ചാബി സിന്ധി, ബംഗാളി, ആസാമീസ്, ഇംഗ്ലീഷ് തുടങ്ങിയ വ്യത്യസ്ത ഭാഷകളിലാണ് വിഭജനസാഹിത്യവും സിനിമകളും നിലനിൽക്കുന്നത്. മാന്റോ, രജീന്ദർ സിംഗ് ബേദി (ഉറുദു), ഇൻതിസാർ ഹുസൈൻ (ഉറുദു) ഭിഷ്മ സാഹ്നി (ഹിന്ദി), കമലേശ്വർ (ഹിന്ദി), റാഹി മസൂം റാസ (ഹിന്ദി). നരൈൻ ഭാരതി (സിന്ധി), സാന്ത് സിംഗ് ശിഖോൺ. (പഞ്ചാബി), നരേന്ദ്രനാഥ് മിത്ര (ബംഗാളി), ലളിതാംബിക അന്തർജനം (മലയാളം), അമിതാവ് ഘോഷ് (ഇംഗ്ലീഷ്), ബപ്സി സിധ്വ (ഇംഗ്ലീഷ്) മുതലായ എഴുത്തുകാരെ വായിക്കാൻ നിങ്ങൾ ആഗ്രഹിച്ചേക്കാം. അമൃത പ്രീതം, ഫൈസ് അഹമ്മദ് ഫൈസ്, ദിനേഷ് ദാസ് എന്നിവർ യഥാക്രമം പഞ്ചാബി, ഉറുദു, ബംഗാളി ഭാഷകളിൽ വിഭജനത്തെക്കുറിച്ച് അവിസ്മരണീയമായ കവിതകൾ എഴുതിയിട്ടുണ്ട്. റിഥ്വിക് ഘട്ടക് (*മേഘ ധാക്ക താര, സുബർണരേഖ*), എം.എസ്. സത്യു (*ഗരംഹവ*), ഗോവിന്ദ് നിഹലാനി (*തമസ്*) എന്നിവരുടെ സിനിമകളും ഹബീബ് തൻവീർ സംവിധാനം ചെയ്ത *ജിസ് ലാഹോർ നഹിൻ ദേഖാ ഒ ജാമ്യ- ഇ- നായ്* (ഹി ഹു ഹാസ്നോട്ട് സീൻ ലാഹോർ, ഹാസ് നോട്ട് ബീൻ ബോൺ/ലാഹോറിനെ കാണാത്തവൻ, ജനിച്ചിട്ടേയില്ല) എന്ന നാടകവും കാണാൻ നിങ്ങൾ ആഗ്രഹിച്ചേക്കാം.

**➲ ചർച്ച ചെയ്യുക...**

നിങ്ങളുടെ സംസ്ഥാനമോ ഏതെങ്കിലും അയൽ സംസ്ഥാനമോ വിഭജനത്താൽ ബാധിക്കപ്പെട്ടിട്ടുണ്ടോ? പ്രദേശത്തെ സ്ത്രീപുരുഷന്മാരുടെ ജീവിതങ്ങളെ ഇത് എങ്ങനെ ബാധിച്ചു വെന്നും അവർ ഈ സാഹചര്യത്തെ എങ്ങനെ നേരിട്ടു വെന്നും കണ്ടെത്തുക.

## 7. സഹായം, മനുഷ്യത്വം, സൗഹാർദം (HELP, HUMANITY, HARMONY)

വിഭജനത്തിലെ അക്രമത്തിന്റെയും വേദനയുടെയും അവശിഷ്ടങ്ങൾക്കടിയിൽ കുഴിച്ചുമൂടപ്പെട്ട സഹായത്തിന്റെയും മാനുഷികതയുടെയും സൗഹാർദത്തിന്റെയും ഒരു മഹാചരിത്രമുണ്ട്. ആരംഭത്തിൽ നമ്മൾ കണ്ട അബ്ദുൽ ലത്തീഫിന്റെ ആഖ്യാനം പോലുള്ള ഹൃദയഭേദകങ്ങളായ സാക്ഷ്യങ്ങൾ ഇതുവെളിവാക്കുന്നുണ്ട്. വിഭജനകാലത്ത് ജനങ്ങൾ പരസ്പരം സഹായിച്ചതെങ്ങനെയെന്നതിന്റെയും, കരുതലിന്റെയും പങ്കുവയ്ക്കലിന്റെയും, പുതിയ അവസരങ്ങൾ തുറക്കുന്നതിന്റെയും ഭീതിയുടെ മേലുള്ള വിജയത്തിന്റെയും അസംഖ്യം കഥകൾ ചരിത്രകാരർ കണ്ടെടുത്തിട്ടുണ്ട്.

ഉദാഹരണത്തിന്, ഇന്നത്തെ ഹിമാചൽ പ്രദേശിലെ ധരംപുരിൽ നിയമിതനായ ക്ഷയരോഗ ചികിത്സാവിദഗ്ധനായ സിക്ക് ഡോക്ടർ ഖുശ്ദേവ് സിങ്ങിന്റെ പ്രവർത്തനത്തെ പരിഗണിക്കൂ. രാവും പകലും തന്റെ ജോലിയിൽ മുഴുകുന്നതോടൊപ്പം എണ്ണമറ്റ മുസ്ലീം, സിക്ക്, ഹിന്ദു കുടിയേറ്റക്കാർക്ക് ഒരു പോലെ വേദനമായ്ക്കുന്ന അപൂർവ സ്പർശം, ഭക്ഷണം, വാസസ്ഥലം, സ്നേഹം, സുരക്ഷ എന്നിവ ആ ഡോക്ടർ നൽകി. ഡൽഹി മുസ്ലീങ്ങൾക്കും മറ്റുള്ളവർക്കും ഗാന്ധിജിയിൽ ഉണ്ടായിരുന്നതുപോലെ, ധരംപുരിൽ അധിവസിക്കുന്നവർക്ക് അദ്ദേഹത്തിന്റെ മാനവികതയിലും ഉദാരമനസ്കതയിലും ഒരു തരത്തിലുള്ള വിശ്വാസവും ഉറപ്പും വളർന്നു വന്നു. അവരിലൊരാളായ മുഹമ്മദ് ഉമർ, ഖുശ്ദേവ് സിങ്ങിന് ഇങ്ങനെ എഴുതി. "അങ്ങയുടെ സംരക്ഷണത്തിലല്ലാതെ എനിക്ക് സുരക്ഷിതത്വം തോന്നുന്നില്ല എന്ന് വളരെ താഴ്മയോടുകൂടി ഞാൻ പറയട്ടെ. അതുകൊണ്ട് അങ്ങയുടെ ആശുപത്രിയിൽ എനിക്ക് ഒരു ഇടം അനുവദിക്കാൻ ദയവുണ്ടാകണം".

"*ലവ് ഈസ് സ്ട്രോങ്ങർ ദാൻ ഹേറ്റ്: എ റിമെംബറൻസ് ഓഫ് 1947*" എന്ന് അദ്ദേഹം നാമകരണം ചെയ്ത ഒരു ഓർമ്മക്കുറിപ്പിൽ നിന്ന് ഈ ഡോക്ടറുടെ കഠിനമായ ദുരിതാശ്വാസ പ്രവർത്തനങ്ങളെക്കുറിച്ച് നമുക്ക് അറിയാം. "ഒരു മനുഷ്യൻ എന്ന നിലയിൽ സഹമനുഷ്യരോട് എന്റെ കർത്തവ്യം നിർവഹിക്കുവാൻ ഞാൻ നടത്തിയ എളിയ ശ്രമം" എന്നാണ് ഇവിടെ സിങ് തന്റെ പ്രവർത്തനങ്ങളെ



*സ്രോതസ്സ് 8*

### ഒരു ചെറിയ കുട മുന്തിരി (A small basket of grapes)

1949 ലെ തന്റെ കറാച്ചി സന്ദർശനങ്ങളിലൊന്നിലെ അനുഭവത്തെ കുറിച്ച് കുശ്ദേവ സിംങ് എഴുതുന്നത് ഇങ്ങനെയാണ്.

> എന്റെ സുഹൃത്തുക്കൾ എന്നെ എയർപോർട്ടിലെ ഒരു മുറിയിലേക്ക് കൊണ്ടുപോവുകയും, അവിടെ ഞങ്ങൾ എല്ലാവരും ഇരിക്കുകയും സംസാരിക്കുകയും ചെയ്തു... (അങ്ങനെ) ഒരുമിച്ച് ഉച്ച ഭക്ഷണവും കഴിച്ചു. പുലർച്ചെ 2.30 ന് എനിക്ക് കറാച്ചിയിൽ നിന്നും ലണ്ടനിലേക്ക് യാത്ര ചെയ്യേണ്ടതുണ്ടായിരുന്നു. വൈകുന്നേരം 5.00 ആയപ്പോൾ ... സുഹൃത്തുക്കൾ അവരുടെ സമയം വളരെ ഉദാരമായി എനിക്ക് വേണ്ടി ചെലവഴിച്ചിട്ടുണ്ടെന്ന് ഞാൻ അവരോട് പറഞ്ഞു. രാത്രി മുഴുവനും അവർ എനിക്കു കൂട്ടിരിക്കുന്നത് വളരെ ബുദ്ധിമുട്ടായിരിക്കുമെന്നും അവർ ബുദ്ധിമുട്ടിൽ നിന്നും സ്വയം ഒഴിവാകണമെന്നും ഞാൻ നിർദേശിക്കുകയും ചെയ്തു. എന്നാൽ അത്താഴം വരെ ആരും പോയില്ല... അതിനുശേഷം, യാത്രയ്ക്കായി വിമാനത്തിൽ കയറുന്നതിനുമുമ്പ് എനിക്ക് അൽപം വിശ്രമം വേണമെന്നതിനാൽ അവർ പോകുകയാണെന്ന് എന്നോട് പറഞ്ഞു... പുലർച്ചെ ഏകദേശം 1.45 ന് ഞാൻ എഴുന്നേറ്റു, വാതിൽ തുറന്നപ്പോൾ അവരെല്ലാവരും അവിടെത്തന്നെ ഉണ്ടായിരുന്നതായി ഞാൻ കണ്ടു... അവരെല്ലാവരും വിമാനത്തിലേക്ക് എന്നെ അനുഗമിക്കുകയും, പിരിയുന്നതിനുമുമ്പായി, ഒരു ചെറിയ കുട മുന്തിരിപ്പഴം എനിക്ക് സമ്മാനിക്കുകയും ചെയ്തു. എന്നോട് കാണിച്ച അത്യധികമായ വാത്സല്യത്തിനും ഈ യാത്രാ ഇടവേളയിൽ എനിക്ക് നൽകിയ സന്തോഷത്തിനും നന്ദി പ്രകടിപ്പിക്കുവാൻ എനിക്ക് വാക്കുകളില്ലായിരുന്നു.

*ചിത്രം 13.14*
*ഭക്ഷണത്തിനും പാർപ്പിടത്തിനും പുറമെ സ്നേഹവും അനുകമ്പയും ആവശ്യമായിരുന്ന ജനങ്ങളെക്കൊണ്ട് ഓരോ അഭയാർഥി ക്യാമ്പും നിറഞ്ഞു കവിഞ്ഞു.*

**➲ ചർച്ച ചെയ്യുക...**

വിഭജനസമയത്ത് ജനങ്ങൾ പരസ്പരം പിന്തുണയ്ക്കുകയും, ജീവനുകൾ രക്ഷിക്കുകയും ചെയ്തത് ഏതൊക്കെത്തരത്തിലാണെന്ന് കണ്ടെത്തുക.

വിവരിക്കുന്നത്. 1949 ലെ കറാച്ചിയിലേക്കുള്ള രണ്ടു ഹ്രസ്വ സന്ദർശനങ്ങളെക്കുറിച്ച് അദ്ദേഹം വളരെ ഊഷ്മളതയോടെ സംസാരിക്കുന്നുണ്ട്. പഴയ സുഹൃത്തുക്കളും ധരംപുരിൽ അദ്ദേഹം സഹായിച്ചവരുമായി ഏതാനും പേർ അവിസ്മരണീയമായ ഏതാനും മണിക്കൂറുകൾ അദ്ദേഹത്തോടൊപ്പം കറാച്ചി വിമാനത്താവളത്തിൽ ചെലവഴിച്ചു. മുൻപരിചയക്കാരായ ആറ് പോലീസ് കോൺസ്റ്റബിൾമാർ അദ്ദേഹത്തെ വിമാനത്തിലേക്ക് അനുഗമിക്കുകയും അദ്ദേഹം അതിൽ കയറിയപ്പോൾ സല്യൂട്ട് ചെയ്യുകയും ചെയ്തു. ''വണങ്ങിയ കൈകളും നിറഞ്ഞ കണ്ണുകളുമായി ഞാൻ (ആ സല്യൂട്ട്) സ്വീകരിച്ചു.''

## 8. വാമൊഴി സാക്ഷ്യങ്ങളും ചരിത്രവും (Oral Testimonies and History)

ഈ അധ്യായത്തിൽ വിഭജനത്തിന്റെ ചരിത്രം നിർമ്മിച്ചിരിക്കുന്നത് ഏത് വസ്തുക്കളിൽ നിന്നാണ് എന്ന് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? വാമൊഴി വിവരണങ്ങൾ, ഓർമ്മക്കുറിപ്പുകൾ, ഡയറികൾ, കുടുംബചരിത്രങ്ങൾ, നേരിട്ടുള്ള അനുഭവങ്ങളുടെ വിവരണങ്ങൾ- ഇവയെല്ലാം രാജ്യത്തിന്റെ വിഭജനകാലത്തെ സാധാരണ ജനങ്ങളുടെ പരീക്ഷണങ്ങളും ദുരിതങ്ങളും മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നു. ആ കാലത്തെ ദുരിതങ്ങളുടെയും വെല്ലുവിളികളുടെയും അടിസ്ഥാനത്തിലാണ് ദശലക്ഷക്കണക്കിന് ആളുകൾ വിഭജനത്തെ കാണുന്നത്. അവരെ സംബന്ധിച്ച് അത് വെറും ഭരണഘടനാപരമായ വിഭജനമോ മുസ്ലീം ലീഗിന്റെയും കോൺഗ്രസിന്റെയും മറ്റുള്ളവരുടെയും കക്ഷി രാഷ്ട്രീയമോ ആയിരുന്നില്ല. അവർക്ക് 1946-50 നുമിടയിലും അതിനുമപ്പുറവും മനശാസ്ത്രപരവും വൈകാരികവും സാമൂഹികവുമായ ക്രമീകരണം അനിവാര്യമാക്കിത്തീർത്ത ആകസ്മികമായ തകിടം മറിച്ചിലുകളായിരുന്നു വിഭജനം. ജർമ്മനിയിലെ കൂട്ടക്കൊല (Holocaust) എന്ന പോലെ, വിഭജനത്തെ ലളിതമായ ഒരു രാഷ്ട്രീയ സംഭവമായി മാത്രമല്ല, അതുമായി ബന്ധപ്പെട്ട് ജീവിച്ചിരിക്കുന്നവർ നൽകിയ അർത്ഥങ്ങളിലൂടെയും നാം മനസ്സിലാക്കേണ്ടതുണ്ട്. ഓർമ്മക്കുറിപ്പുകളും അനുഭവങ്ങളും ഒരു സംഭവത്തിന്റെ യാഥാർഥ്യത്തെ രൂപപ്പെടുത്തുന്നു.

അനുഭവങ്ങളെയും ഓർമ്മകളെയും വിശദമായി മനസ്സിലാക്കാൻ സഹായിക്കുന്നു എന്നതാണ് വാമൊഴി സ്രോതസ്സുകളിൽ ഒന്നായ വ്യക്തിപരമായ ഓർമ്മക്കുറിപ്പിന്റെ ശക്തികളിൽ ഒന്ന്. വിഭജനം പോലുള്ള സംഭവങ്ങളുടെ ഘട്ടത്തിൽ ജനങ്ങൾക്ക് എന്ത് സംഭവിച്ചു എന്നതിനെ കുറിച്ച് സമഗ്രമായ രചനകളും വിശദമായ വിവരണങ്ങളും രേഖപ്പെടുത്താൻ ചരിത്രകാരന്മാരെ ഇത് പ്രാപ്തരാക്കുന്നു. ഭരണകൂടരേഖകളിൽ നിന്ന് ഇത്തരം വിവരങ്ങൾ വേർതിരിച്ചെടുക്കുന്നത് അസാധ്യമാണ്. നയങ്ങളും പാർട്ടിക്കാര്യങ്ങളും വിവിധ സർക്കാർ പദ്ധതികളുമാണ് അവ കൈകാര്യം ചെയ്യുന്നത്. വിഭജനത്തിന്റെ കാര്യത്തിൽ, സർക്കാർ റിപ്പോർട്ടുകൾ, ഫയലുകൾ, ഉന്നത ഉദ്യോഗസ്ഥരുടെ വ്യക്തിപരമായ കുറിപ്പുകൾ എന്നിവ ബ്രിട്ടീഷുകാരും പ്രധാന രാഷ്ട്രീയപ്പാർട്ടികളും തമ്മിൽ ഇന്ത്യയുടെ ഭാവിയെക്കുറിച്ചും അഭയാർഥികളുടെ പുനരധിവാസത്തെക്കുറിച്ചും നടത്തിയ ചർച്ചകളിലേക്ക് നല്ല വെളിച്ചം വീശുന്നുണ്ട്. എന്നിരുന്നാലും രാജ്യത്തെ വിഭജിക്കാനുള്ള ഭരണകൂടതീരുമാനം ബാധിച്ചവരുടെ ദൈനംദിന അനുഭവങ്ങളെക്കുറിച്ച് അവ നമ്മോട് ഒന്നും തന്നെ പറയുന്നില്ല.

അബ്ദുൽ ലത്തീഫിന്റെ അച്ഛൻ, തോവ ഖൽസയിലെ സ്ത്രീകൾ, മൊത്തവിലയ്ക്കുള്ള ഗോതമ്പ് ചില്ലറ വിൽപ്പന നടത്തിയ അഭയാർഥി, ഗോതമ്പ് കൊണ്ടു വന്ന ചാക്കു വിറ്റു കിട്ടുന്ന പണമുപയോഗിച്ച് സ്വയം

തുച്ഛജീവിതം നയിച്ചയാൾ, ബീഹാറിലെ റോഡുപണിക്കായി വളഞ്ഞുകുത്തി നിൽക്കേണ്ടി വന്ന ഒരു ബംഗാളി മധ്യവർഗ വിധവ; ഇന്ത്യയിലേക്ക് കുടിയേറി കഴിഞ്ഞാൽ കട്ടക്കിൽ ചെറിയൊരു ജോലി സംഘടിപ്പിക്കുന്നത് മഹാകാര്യമായിരിക്കും എന്നു വിശ്വസിച്ചിട്ട് "എവിടെയാണ് കട്ടക്ക്, ഹിന്ദുസഥാന്റെ മേലറ്റത്തോ, കീഴറ്റത്തോ, പെഷവാറിൽ അങ്ങനെയൊരു സ്ഥലത്തെക്കുറിച്ച് മുൻപ് ഞങ്ങൾ കേട്ടിട്ടേയില്ല" എന്നു പറഞ്ഞ ഒരു പെഷവാറി വ്യാപാരി എന്നിവരെപ്പോലുള്ള ദരിദ്രരും ദുർബലരുമായ ജനങ്ങളുടെ ജീവിതാനുഭവങ്ങൾ മറവിയിലേക്കാഴ്ന്നു പോകാതെ രക്ഷപ്പെടുത്തുക വഴി, തങ്ങളുടെ വിജ്ഞാന സീമകൾ വിശാലമാക്കുവാൻ വാമൊഴിചരിത്രം ചരിത്രകാരന്മാരെ അനുവദിക്കുന്നു.

അങ്ങനെ, സമ്പന്നരുടെയും പ്രശസ്തരുടെയും പ്രവൃത്തികൾക്കപ്പുറത്തേക്ക് സഞ്ചരിച്ചു കൊണ്ട് അന്നോളം അവഗണിക്കപ്പെടുകയോ ലഘൂകരിക്കപ്പെടുകയോ അല്ലെങ്കിൽ മുഖ്യധാരാചരിത്രത്തിൽ സാന്ദർഭികമായി മാത്രം പരാമർശിക്കപ്പെടുകയോ ചെയ്തിരുന്ന സ്ത്രീപുരുഷന്മാരുടെ നിലനിൽപ്പിനെത്തന്നെ അന്വേഷിക്കുന്നതിൽ വിഭജനത്തിന്റെ വാമൊഴി ചരിത്രം വിജയിച്ചു. നാം വായിക്കുന്ന ചരിത്രങ്ങൾ പലപ്പോഴും ഭൂതകാലത്തെ ബഹുജനങ്ങളുടെ ജീവിതവും പ്രവർത്തനങ്ങളും അപ്രാപ്യമെന്നോ അപ്രധാനമെന്നോ കണക്കാക്കുന്ന കാരണത്താൽത്തന്നെ ഇത് വളരെ പ്രധാനപ്പെട്ടതായിത്തീരുന്നു.

എന്നിരുന്നാലും, പല ചരിത്രകാരന്മാരും വാമൊഴി ചരിത്രത്തെക്കുറിച്ച് ഇപ്പോൾ സംശയാലുക്കളാണ്. വാമൊഴി വിവരണങ്ങളിൽ വ്യക്തതക്കുറവും കൃത്യതയില്ലാത്ത കാലഗണനയും കാണാൻ സാധ്യതയുള്ളതിനാൽ അവർ ഇതിനെ തള്ളിക്കളയുന്നു. വ്യക്ത്യാനുഭവങ്ങൾ അനന്യമായതിനാൽ അവയുടെ സാമാന്യവൽക്കരണം ദുഷ്കരമാണെന്നും അത്തരം സൂക്ഷ്മ വിവരണങ്ങളിൽ നിന്ന് ഒരു സമഗ്ര ചിത്രം നിർമ്മിക്കാനാവില്ലെന്നും, ഏകസാക്ഷി സാക്ഷിയേ അല്ലെന്നും ചരിത്രകാരന്മാർ വാദിക്കുന്നു. വാമൊഴി വിവരണങ്ങൾ അനുഭവപരമായ കാര്യങ്ങളെ സംബന്ധിച്ചുള്ളവയാണെന്നും വ്യക്തിയുടെ ഓർമ്മയിലിരിക്കുന്ന സൂക്ഷ്മാനുഭവങ്ങൾ ചരിത്രത്തിന്റെ വിപുലപ്രക്രിയയുടെ ഇതൾവിരിയലിനെ സംബന്ധിച്ചിടത്തോളം അപ്രസക്തമാണെും അവർ കരുതുന്നു.

എന്നിരുന്നാലും, ഇന്ത്യാവിഭജനം, ജർമ്മനിയിലെ ഹോളോകാസ്റ്റ് എന്നിവ പോലുള്ള സംഭവങ്ങളെ സംബന്ധിച്ചിടത്തോളം ധാരാളം ജനങ്ങൾ നേരിട്ട വ്യത്യസ്ത ദുരിതങ്ങളെക്കുറിച്ചുള്ള സാക്ഷ്യങ്ങൾക്ക് ഒരു ക്ഷാമവുമില്ല. അതുകൊണ്ട് പൊതുവായവ വേർതിരിച്ചറിയാനും അപൂർവമായവ ചൂണ്ടിക്കാട്ടാനും മതിയായ തെളിവുകൾ നമുക്കുണ്ട്. എഴുതപ്പെട്ടതോ വാഗ് രൂപത്തിലുള്ളതോ ആയ പ്രസ്താവനകളെ താരതമ്യപ്പെടുത്തിക്കൊണ്ടും അങ്ങനെ ലഭിക്കുന്ന തെളിവുകളെ ഇതര സ്രോതസുകളുമായി ഒത്തു നോക്കിയും, ആഭ്യന്തര വൈരുധ്യങ്ങളെക്കുറിച്ച് ജാഗ്രത പുലർത്തിക്കൊണ്ടും ചരിത്രകാരന്മാർക്ക് ഒരു തെളിവു ഖണ്ഡത്തിന്റെ വിശ്വാസ്യത വിലയിരുത്താവുന്നതാണ്. കൂടാതെ, ചരിത്രത്തിൽ സാധാരണക്കാർക്കും അശക്തർക്കും സാന്നിധ്യം ഉണ്ടെങ്കിൽ, വിഭജനത്തിന്റെ വാമൊഴി ചരിത്രം അനുഭവപരമായ കാര്യങ്ങളെക്കുറിച്ച് മാത്രമുള്ളതല്ല. വാമൊഴി ചരിത്രം വിവരിക്കുന്ന അനുഭവങ്ങൾ മുഖ്യാഖ്യാനത്തിന് വളരെയധികം പ്രധാനമായതിനാൽ മറ്റു സ്രോതസ്സുകളെ പരിശോധിക്കാൻ വാമൊഴിസ്രോതസ്സുകൾ ഉപയോഗിക്കേണ്ടതാണ്, മറിച്ചും. വ്യത്യസ്തങ്ങളായ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ വ്യത്യസ്തങ്ങളായ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തേണ്ടതുണ്ട്. ഉദാഹരണത്തിന്, ഗവൺമെന്റ് റിപ്പോർട്ടുകൾ, ഇന്ത്യയും പാകിസ്താനും കൈമാറിയ "വീണ്ടെടുക്കപ്പെട്ട" സ്ത്രീകളുടെ എണ്ണത്തെക്കുറിച്ച് നമ്മോട് പറയുമ്പോൾ, ആ സ്ത്രീകളാണ് അവരുടെ ദുരിതങ്ങളെക്കുറിച്ച് നമ്മോട് പറയുന്നത്.

വിഭജനത്തെക്കുറിച്ചുള്ള വാമൊഴി വിവരണം സ്വമേധയായോ എളുപ്പത്തിലോ ലഭ്യമല്ലെന്ന് നാം മനസ്സിലാക്കിയിരിക്കണം. സഹാനുഭൂതിയും നയവും ഒന്നിച്ചുപയോഗിക്കുന്ന അഭിമുഖങ്ങളിലൂടെ മാത്രമേ അവ നേടിയെടുക്കാൻ കഴിയുകയുള്ളൂ. വ്യക്തിപരമായ തീക്ഷ്ണാനുഭവങ്ങളെക്കുറിച്ച് സംസാരിക്കാൻ മുഖ്യകഥാപാത്രങ്ങളായ വ്യക്തികൾക്ക് താൽപ്പര്യം ഉണ്ടാവില്ലെന്നതാണ് ഈ സന്ദർഭത്തിൽ ആദ്യത്തെ ബുദ്ധിമുട്ടുകളിലൊന്ന്. ഉദാഹരണത്തിന് ബലാൽസംഗം ചെയ്യപ്പെട്ട ഒരു സ്ത്രീ തീർത്തും അപരിചിതനായ ഒരാളോട് തന്റെ ദുരന്തം എന്തിനു വെളിപ്പെടുത്തണം? അഭിമുഖം നടത്തുന്നയാൾ വ്യക്തിപരമായ വൈകാരിക ആഘാതങ്ങളെക്കുറിച്ച് അന്വേഷിക്കുന്നത് മിക്കപ്പോഴും ഒഴിവാക്കേണ്ടതാണ്. ആഴത്തിലുള്ളതും അർഥവത്തുമായ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ആദ്യം അവർ, പ്രതികരിക്കുന്നവരുമായി മികച്ച ബന്ധം ഉണ്ടാക്കിയെടുക്കണം. പിന്നെ വരുന്നത് ഓർമ്മയെ സംബന്ധിച്ച പ്രശ്നങ്ങൾ ആണ്. ഒരു സംഭവം നടന്ന് കുറച്ച് ദശാബ്ദങ്ങൾ കഴിഞ്ഞ് ഒരാളുമായി അതേക്കുറിച്ച് അഭിമുഖം നടത്തുമ്പോൾ ആ നീണ്ട ഇടവേളയിൽ ആ വ്യക്തിയുടെ അനുഭവങ്ങൾ എന്തായിരുന്നു എന്നതും അയാളുടെ രാഷ്ട്രത്തിനും സമൂഹത്തിനും ആ കാലയളവിൽ എന്തൊക്കെ സംഭവിച്ചു എന്നതും ആ സംഭവത്തെക്കുറിച്ചുള്ള അയാളുടെ *ഓർമ്മയെയും മറവിയെയും* ഭാഗികമായെങ്കിലും ബാധിക്കുന്നു. വിഭജനത്തിന്റെ ''യഥാർഥ'' അനുഭവങ്ങൾ "നിർമ്മിച്ച" ഓർമ്മകളുടെ ഒരു ശൃംഖലയിൽ നിന്നും വേർതിരിച്ചെടുക്കാനുള്ള ശ്രമകരമായ ദൗത്യമാണ് വാമൊഴി ചരിത്രകാരൻമാർ നേരിടുന്നത്.

അന്തിമ വിശകലനത്തിൽ, വിഭജനത്തിന്റെ ഒരു സമഗ്രമായ വിവരണം നിർമ്മിച്ചെടുക്കാൻ വ്യത്യസ്തങ്ങളായ അനേകം ഉപാധാനങ്ങൾ ഉപയോഗപ്പെടുത്തിയാലേ അത് ഒരു സംഭവമോ പ്രക്രിയയോ മാത്രമായി കാണാതെ ആ ഭീകര സമയങ്ങളിൽ ജീവിച്ചവരുടെ അനുഭവങ്ങൾ മനസ്സിലാക്കാൻ സാധിക്കൂ.



*ചിത്രം 13.15*
*എല്ലാവർക്കും വണ്ടിയിൽ യാത്രചെയ്യാൻ കഴിഞ്ഞില്ല, എല്ലാവർക്കും നടക്കുവാനും കഴിഞ്ഞില്ല.*

## കാലരേഖ (TIMELINE)

| | |
|---|---|
| 1930 | ഒരു അയഞ്ഞ ഇന്ത്യൻ ഫെഡറേഷനുള്ളിൽ സ്വയം ഭരണാധികാരമുള്ള ഒരു യൂണിറ്റ് എന്ന നിലയിൽ "വടക്കു പടിഞ്ഞാറൻ ഇന്ത്യൻ മുസ്‌ലിം രാഷ്ട്രത്തി"ന്റെ ആവശ്യകതയെക്കുറിച്ച് ഉറുദു കവിയായ മുഹമ്മദ് ഇക്ബാൽ സംസാരിക്കുന്നു |
| 1933 | കേംബ്രിഡ്ജിലെ പഞ്ചാബി മുസ്‌ലിം വിദ്യാർഥിയായ ചൗധരി റഹ്മത്ത് അലി, പാകിസ്താൻ അല്ലെങ്കിൽ *പാക്-സ്താൻ* എന്ന പേര് രൂപീകരിക്കുന്നു |
| 1937-1939- | ബ്രിട്ടീഷ് ഇന്ത്യയിലെ 11 പ്രവിശ്യകളിൽ ഏഴിലും കോൺഗ്രസ് മന്ത്രിസഭകൾ അധികാരത്തിൽ വരുന്നു |
| 1940 | മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങൾക്ക് ഒരളവുവരെ സ്വയം ഭരണാധികാരം ആവശ്യപ്പെട്ടുകൊണ്ട് മുസ്‌ലിം ലീഗ് ലാഹോറിൽ വച്ച് ഒരു പ്രമേയം കൊണ്ടു വരുന്നു |
| 1946 | പ്രവിശ്യകളിൽ തിരഞ്ഞെടുപ്പ് നടക്കുന്നു. പൊതു നിയോജകമണ്ഡലങ്ങളിൽ കോൺഗ്രസിന്റെ വമ്പൻ വിജയം. മുസ്‌ലിം സീറ്റുകളിലെ ലീഗിന്റെ വിജയവും അതിനൊപ്പം ഗംഭീരം |
| മാർച്ച് മുതൽ ജൂൺ വരെ | ബ്രിട്ടീഷ് ക്യാബിനറ്റ് മൂന്നംഗ ക്യാബിനറ്റ് മിഷനെ ഡൽഹിയിലേക്ക് അയയ്ക്കുന്നു. |
| ആഗസ്റ്റ് | പാകിസ്താൻ നേടിയെടുക്കുന്നതിന് മുസ്‌ലിം ലീഗ് "ഡയറക്റ്റ് ആക്ഷൻ" തീരുമാനിക്കുന്നു |
| ആഗസ്റ്റ് 16 | കൽക്കട്ടയിൽ ഹിന്ദു-സിക്ക് മതക്കാർക്കും മുസ്‌ലീങ്ങൾക്കുമിടയിൽ അക്രമം പൊട്ടിപ്പുറപ്പെടുന്നു, ഇത് ദിവസങ്ങളോളം നീണ്ടുനിൽക്കുകയും ആയിരക്കണക്കിന് ജനങ്ങൾ മരിക്കുകയും ചെയ്യുന്നു |
| 1947 മാർച്ച് | പഞ്ചാബിനെ മുസ്‌ലിം ഭൂരിപക്ഷം ഹിന്ദു-സിക്ക് ഭൂരിപക്ഷം എന്നിങ്ങനെ രണ്ടായി വിഭജിക്കാനും സമാനമായ തത്ത്വം ബംഗാളിൽ ബാധകമാക്കാനും കോൺഗ്രസ് ഹൈക്കമാന്റ് വോട്ട് ചെയ്യുന്നു; ബ്രിട്ടുഷുകാർ ഇന്ത്യ വിടാൻ ആരംഭിക്കുന്നു |
| 1947 ആഗസ്റ്റ് 14 മുതൽ 15 വരെ | പാകിസ്താൻ രൂപീകരിക്കപ്പെടുന്നു; ഇന്ത്യ സ്വാതന്ത്ര്യം നേടുന്നു. സാമുദായിക ഐക്യം പുനസ്ഥാപിക്കുന്നതിനായി മഹാത്മാഗാന്ധി കിഴക്കൻ ബംഗാളിലെ നവ്ഖലിയിൽ പര്യടനം നടത്തുന്നു |

### 100 മുതൽ 150 വരെ വാക്കുകളിൽ ഉത്തരമെഴുതുക (ANSWER IN 100-150 WORDS)

1. 1940 ലെ പ്രമേയത്തിലൂടെ മുസ്‌ലിം ലീഗ് എന്താണ് ആവശ്യപ്പെട്ടത്?
2. വിഭജനത്തെ വളരെ പെട്ടെന്നുള്ള സംഭവവികാസമായി ചിലർ കരുതിയത് എന്തുകൊണ്ട്?
3. സാധാരണ ജനങ്ങൾ വിഭജനത്തെ കണ്ടത് എങ്ങനെ?
4. വിഭജനത്തിനെതിരായ മഹാത്മാഗാന്ധിയുടെ വാദങ്ങൾ എന്തായിരുന്നു?
5. ദക്ഷിണേഷ്യൻ ചരിത്രത്തിലെ വളരെ പ്രധാനപ്പെട്ട അടയാളപ്പെടുത്തലായി വിഭജനത്തെ കാണുന്നത് എന്തുകൊണ്ട്?

**നിങ്ങൾക്ക് കൂടുതൽ അറിയണമെങ്കിൽ, വായിക്കുക.**


ജസോദര ബാഗ്ചി ആന്റ്
ശുഭോരഞ്ജൻ ദാസ് ഗുപ്ത (eds.).2003.
*ദി ട്രോമ ആന്റ് ട്രയംഫ്:
ജെൻഡർ ആന്റ് പാർട്ടിഷൻ ഇൻ
ഈസ്റ്റേൺ ഇന്ത്യ.*
സ്ട്രീ, കൊൽക്കത്ത.

അലോക് ഭല്ല (ed.) 1994.
*സ്റ്റോറീസ് എബൗട്ട് ദ പാർട്ടീഷൻ ഓഫ് ഇന്ത്യ,
വാല്യങ്ങൾI, II, III.*
ഇൻഡസ് (ഹാർപർ കോളിൻസ്), ന്യൂഡൽഹി.

ഉർവശി ഭുട്ടാലിയ. 1998.
*ദി അദർ സൈഡ് ഓഫ് സൈലൻസ്:
വോയ്സസ് ഫ്രം ദി പാർട്ടീഷൻ ഓഫ് ഇന്ത്യ.*
വൈക്കിങ് (പെൻഗ്വിൻ ബുക്സ്),
ന്യൂഡൽഹി.

മുഷിറുൽ ഹസൻ. (ed.). 1996.
*ഇന്ത്യാസ് പാർട്ടീഷൻ.
ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്സ്,*
ന്യൂഡൽഹി.

ഗ്യാനേന്ദ്ര പാണ്ഡെ. 2001.
*റിമംബറിങ് പാർട്ടീഷൻ :
വയലൻസ്, നാഷണലിസം ആന്റ്
ഹിസ്റ്ററി ഇൻ ഇന്ത്യ.*
കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രസ്സ്,
കേംബ്രിഡ്ജ്.

അനിത ഇന്ദർ സിംഗ്. 2006.
*ദി പാർട്ടീഷൻ ഓഫ് ഇന്ത്യ.*
നാഷണൽ ബുക്ക് ട്രസ്റ്റ്, ന്യൂഡൽഹി.


## ചുവടെ തന്നിരിക്കുന്നവയെക്കുറിച്ച് ഒരു ലഘു ഉപന്യാസം (250 മുതൽ 300 വരെ വാക്കുകളിൽ) എഴുതുക: (WRITE A SHORT ESSAY (250-300 WORDS) ON THE FOLLOWING:)

6. ബ്രിട്ടീഷ് ഇന്ത്യ വിഭജിക്കപ്പെട്ടത് എന്തുകൊണ്ടായിരുന്നു?
7. വിഭജനം സ്ത്രീകൾക്ക് അനുഭവപ്പെട്ടത് എങ്ങനെ?
8. വിഭജനത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് കോൺഗ്രസ് മാറ്റിയത് എങ്ങനെ?
9. വാമൊഴി ചരിത്രത്തിന്റെ ശക്തിയും പരിമിതിയും പരിശോധിക്കുക. വാമൊഴി – ചരിത്ര സങ്കേതങ്ങൾ വിഭജനത്തെക്കുറിച്ചുള്ള നമ്മുടെ അറിവ് എങ്ങനെ വർധിപ്പിച്ചു?

## ഭൂപട പ്രവർത്തനം (MAP WORK)

10. ദക്ഷിണേഷ്യയുടെ രൂപരേഖയിൽ, ക്യാബിനറ്റ്മിഷൻ നിർദേശങ്ങളായ എ.ബി.സി വിഭാഗങ്ങൾ അടയാളപ്പെടുത്തുക. ഇന്നത്തെ ദക്ഷിണേഷ്യയുടെ രാഷ്ട്രീയ ഭൂപടത്തിൽ നിന്ന് ഈ രൂപരേഖ എങ്ങനെയാണ് വ്യത്യാസപ്പെട്ടിരിക്കുന്നത്?

## പ്രോജക്ട് (ഒന്ന് തെരഞ്ഞെടുക്കുക) (PROJECT (CHOOSE ONE))

11. യുഗോസ്ലോവിയയുടെ വിഭജനത്തിലേക്ക് നയിച്ച വംശീയ അക്രമത്തെ കുറിച്ച് കണ്ടെത്തുക. ഈ അധ്യായത്തിൽ വിഭജനത്തെക്കുറിച്ച് നിങ്ങൾ വായിച്ച കാര്യങ്ങളുമായി നിങ്ങളുടെ കണ്ടെത്തലുകൾ താരതമ്യം ചെയ്യുക.
12. നിങ്ങളുടെ നഗരത്തിലേക്കോ പട്ടണത്തിലേക്കോ ഗ്രാമത്തിലേക്കോ സമീപത്തുള്ള ഏതെങ്കിലും സ്ഥലങ്ങളിലേക്കോ കുടിയേറിയ ഏതെങ്കിലും സമുദായങ്ങൾ ഉണ്ടോ എന്ന് കണ്ടെത്തുക. (വിഭജന സമയത്ത് നിങ്ങളുടെ പ്രദേശത്തേക്ക് കുടിയേറിയ ജനങ്ങൾ ഇപ്പോഴും ഉണ്ടായിരിക്കാം). അത്തരം സമുദായങ്ങളിലെ അംഗങ്ങളുമായി അഭിമുഖം നടത്തുകയും നിങ്ങളുടെ കണ്ടെത്തലുകൾ ഒരു റിപ്പോർട്ടിൽ സംഗ്രഹിക്കുകയും ചെയ്യുക. അവർ വന്ന സ്ഥലം, അവരുടെ കുടിയേറ്റത്തിന്റെ കാരണങ്ങൾ, അവരുടെ അനുഭവങ്ങൾ എന്നിവയെക്കുറിച്ച് ചോദിക്കുക. ഈ കുടിയേറ്റത്തിന്റെ ഫലമായി എന്ത് മാറ്റങ്ങൾക്കാണ് പ്രദേശം സാക്ഷ്യം വഹിച്ചതെന്ന് കണ്ടെത്തുക?

## ചിത്രങ്ങളുടെ കടപ്പാട് (Credits for Illustrations)

**സ്ഥാപനങ്ങൾ (Institutions)**

അൽകാസി ഫൗണ്ടേഷൻ ഫോർ ദി ആർട്സ്, ന്യൂഡൽഹി

(ചിത്രങ്ങൾ. 11.6; 11.8)

കളക്ഷൻ ജ്യോതിന്ദ്ര ആൻഡ് ജുത ജൈൻ, സിവിക് ആർക്കൈവ്സ്, ന്യൂഡൽഹി (ചിത്രം. 12.5)

ഫോട്ടോ ഡിവിഷൻ, ഗവൺമെന്റ് ഓഫ് ഇന്ത്യ, ന്യൂഡൽഹി (ചിത്രങ്ങൾ. 13.3; 13.10)

ദി ഓസിയാൻസ് ആർക്കൈവ് ആൻഡ് ലൈബ്രറി കളക്ഷൻ, മുംബൈ (ചിത്രങ്ങൾ. 11.9; 11.18; 13.17)

വിക്ടോറിയ മെമ്മോറിയൽ മ്യൂസിയം ആന്റ് ലൈബ്രറി, കൊൽക്കത്ത (ചിത്രങ്ങൾ. 10.6, 10.7)

**ജേണലുകൾ (Journals)**

പഞ്ച് (ചിത്രങ്ങൾ. 11.13; 11.14; 11.17)

ദി ഇലസ്ട്രേറ്റഡ് ലണ്ടൻ ന്യൂസ് (ചിത്രങ്ങൾ. 10.1; 10.10; 10.11; 10.12; 10.13; 10.14; 10.16; 10.17; 10.18; 10.19; 11.15; 11.16 )

**പുസ്തകങ്ങൾ (Books)**

ബെയ്‌ലി, സി.എ., *ദി രാജ് : ഇന്ത്യ ആൻഡ് ദി ബ്രിട്ടീഷ് 1600-1947* (ചിത്രങ്ങൾ. 10.4; 11.10; 11.11)

ഡാർബിബിൾ, വില്യം, *ദി ലാസ്റ്റ് മുഗൾ* (ചിത്രം. 11.1)

പബ്ലിക്കേഷൻ ഡിവിഷൻ, *മഹാത്മാഗാന്ധി* (അധ്യായം 14 ലെ നിരവധി ചിത്രങ്ങൾ)

റൂഹെ, പീറ്റർ ഗാന്ധി (ചിത്രങ്ങൾ 12.7 ; 12.11 ; 12.12)